എലപ്പുള്ളി ഗ്രാമ പഞ്ചായത്ത്

സമഗ്ര വികസന രേഖ



ഒന്നാം പദ്ധതി ജനകീയ പദ്ധതി


PRS

KGST No: 31131068
CST No: 31136068 Dt: 4.10.77
KFDL No: 174/76-77
RMIL No: 615/76-77

PREMIER MODERN RICE MILL

ERATTAYAL, KANJIRAMKUNNAM
KODUMBA P.O., PALAKKAD DIST.

✆ (0491) OFF: 534657, MILL: 535657, RESI: 535282



ELEPHANT BRAND

Super Quality Rice

ENNAPPADAM

Mfrs : ENNAPPADAM MODERN RICE MILL, Nalleppilly. P.O., Chittur
HANEEFA RICE MILL, Elappully . P.O.
NATTUKAL RICE MILL, Nattukal. P.O., Palakkad Dist.
Phone : Mill : 322211, 372217, Resi : 863233.

Visit : VEE VEE Stores, Alwaye , Sigma Traders, Kozhikode, Rice Bazaar, Thrissur, Jamal Super Shope, Palakkad

VIMAL
A RELIANCE PRODUCT

PHONE : 527659

ശകുന്തള

ശകുന്തള ജംഗ്ഷൻ പാലക്കാട്


HD-5

ഒമ്പതാം പദ്ധതി ജനകീയപദ്ധതി

എലപ്പുള്ളി ഗ്രാമപഞ്ചായത്ത് സമഗ്രവികസന രേഖ



കുമാരി അംബിളി
പ്രസിഡണ്ട്



സി. ഗോപാലകൃഷ്ണപിള്ള
സ്റ്റാൻൻറിങ്ങ് കമ്മറ്റി ചെയർമാൻ



എം. അബ്ദുൾ ഗഫൂർ
വൈസ് പ്രസിഡണ്ട്.

പഞ്ചായത്തിന്റെ മുൻ ഭരണസാരഥികൾ

ശ്രീ. എം. കെ. കൃഷ്ണമേനോൻ	1939-43
ശ്രീ. കുഞ്ഞിരാമമേനോൻ	1943 - 47
ശ്രീ. നടേശൻ പിള്ള	1953 - 79
ശ്രീ. സഹദേവൻ	1979 - 94

എലപ്പുള്ളി പഞ്ചായത്തിൽ ജനിച്ച് നിയമസഭയെ പ്രതിനിധീകരിച്ചവർ

ശ്രീ. എ. കെ. രാമൻകുട്ടി
ശ്രീ. വി. കൃഷ്ണദാസ്

പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	എലപ്പുള്ളി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	എലപ്പുള്ളി 1, എലപ്പുള്ളി 2
ബ്ലോക്ക് പഞ്ചായത്ത്	:	മലമ്പുഴ
ബ്ലോക്ക് ഡിവിഷൻ	:	എലപ്പുള്ളി, തേനാരി
ജില്ലാ പഞ്ചായത്ത്	:	പാലക്കാട്
ജില്ലാ പഞ്ചായത്ത് മണ്ഡലം	:	പുതുശ്ശേരി.
താലൂക്ക്	:	പാലക്കാട്

അസംബ്ലിമണ്ഡലം	:	മലമ്പുഴ
പാർലിമെൻറ് മണ്ഡലം	:	പാലക്കാട്
വിസ്തീർണ്ണം	:	49.07 ച. കി. മീ.

ജനസംഖ്യ	:	35509
പുരുഷൻമാർ	:	17431
സ്ത്രീകൾ	:	18078
കുട്ടികൾ-ആൺ	:	2121
പെൺ	:	2129
പട്ടികജാതി ആൺ	:	2805
പെൺ	:	2859
വാർഡ്	:	13

അതിരുകൾ

കിഴക്ക്	:	കൊഴിഞ്ഞാമ്പാറ, വടകരപ്പതി, നല്ലേപ്പിള്ളി പഞ്ചായത്തുകൾ
വടക്ക്	:	പുതുശ്ശേരി പഞ്ചായത്ത്
പടിഞ്ഞാറ്	:	പുതുശ്ശേരി, മരുതറോഡ്, കൊടുമ്പ്, പഞ്ചായത്തുകൾ
തെക്ക്	:	കൊടുമ്പ്, പൊൽപ്പുള്ളി, നല്ലേപ്പിള്ളി പഞ്ചായത്തുകൾ

പ്രസിഡണ്ട്	:	**കുമാരി. അംബിളി**
വൈ. പ്രസഡണ്ട്	:	**എം. അബ്ദുൾ ഗഫൂർ**
ചെയർമാൻ	:	**സി. ഗോപാലകൃഷ്ണപിള്ള.**

എലപ്പുള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതി



വേലായുധൻ



ശ്രീധരൻ



ശാന്തകുമാരി



സരസ്വതി



രേവതി ബാബു



മണി



വിജയരാഘവൻ



മോഹൻകുമാർ



ഉണ്ണാമല



ചെന്താമരാക്ഷൻ



സെക്രട്ടറി

കെ.എം. രാജഗോപാലൻ



ടി. ശിവദാസമേനോൻ
ധനകാര്യ വകുപ്പുമന്ത്രി

ഫോൺ { ഓഫീസ്: 67270, 67876, 67976
വസതി: 67882, 67842

തിരുവനന്തപുരം

തീയതി 6.12.96

സുചേതേ,

കലാപൂർണ്ണ പഞ്ചാംഗത്ത് സംഘടിപ്പിക്കുന്ന വികസനസെമിനാറിനും സ്മരണികക്കും എന്റെ ആശംസകൾ.

അഭിവാദനങ്ങളോടെ,

കെ.വി. വിജയദാസ്
പ്രസിഡണ്ട്
ജില്ലാ പഞ്ചായത്ത്, പാലക്കാട്.



ഫോൺ: 535909, 536638 (ഓഫീസ്)
63343 (വസതി)

ക്യാമ്പ്: [illegible]
തിയ്യതി: 16-12-16

ബഹുമാന്യരേ,

ദേശീയപാതയുടെ 73,74, കിലോമീറ്ററിലൂടെ കടന്നുപോകുന്നതിൽ വന്ന കാലതാമസത്തിന്റെയും വിധാനപരമായ കാരണങ്ങളിൽ വികസനകാര്യത്തിൽ ഒരു പുതിയവാതായനം തുറന്നിരിക്കുകയാണ്.

കേന്ദ്രീകൃതവും ഏകജാലകസ്വഭാവത്തിലുള്ളതുമായ ഒരു അനുമതിയാണ് കഴിഞ്ഞകാലങ്ങളിലെ പ്രധാന പോരായ്മ. അതുപരിഹരിക്കാൻ വികേന്ദ്രീകരണവും ഏകജാലകസംവിധാനത്തിലൂടെയുമായ ഒരു അനുമതിപ്രക്രിയയുണ്ടാകുമെന്നതിൽ അനുമതിപത്രങ്ങൾ കൈമാറുന്ന ചടങ്ങിൽ സംബന്ധിക്കുകയാണ്.

നമ്മുടെയെല്ലാം ആഗ്രഹമായിരുന്ന ഒരു പ്രവർത്തനത്തിലൂടെ വഴി തെളിക്കുന്നതിൽ സന്തോഷവും അഭിമാനവുമുണ്ട്. ഈ വികസന ലക്ഷ്യം ഒരുമയിലൂടെ പൂർത്തീകരിക്കാൻ കഴിയുമെന്ന വിശ്വാസത്തോടെ ആശംസകൾ നേരുന്നു.

സ്നേഹത്തോടെ

വിനയപൂർവ്വം

കെ.വി. വിജയദാസ്

എലപ്പുള്ളി ഗ്രാമ പഞ്ചായത്ത് ഭരണസമിതി

പ്രസിഡണ്ട് : കുമാരി അംബിളി

വൈ.പ്രസിഡണ്ട് : ശ്രീ. അബ്ദുൾ ഗഫൂർ .എം.

സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ബി. ഗോപാലകൃഷ്ണ പിള്ള.

മെമ്പർമാർ


1. ശ്രീ. വേലായുധൻ . എൻ
2. കെ. ശ്രീ. ശ്രീധരൻ
3. ശ്രീമതി. ശാന്തകുമാരി
4. ശ്രീമതി. സരസ്വതി പി.
5. ശ്രീമതി. രേവതി ബാബു
6. ശ്രീ. കെ. വിജയ രാഘവൻ
7. ശ്രീ. സി.മോഹൻ കുമാർ
8. ശ്രീ. കെ.. മണി
9. ശ്രീ. ആർ. ഉണ്ണാമല
10. കെ. ചെന്താമരാക്ഷൻ

ബ്ലോക്ക് മെമ്പർമാർ

1. ശ്രീ. സുരേഷ് കുമാർ
2. ശ്രീമതി. ശാന്ത കുമാരി

ജില്ലാ പഞ്ചായത്ത് മെമ്പർ

വിജയ ലക്ഷ്മി . പി. വി.


N
LEGEND
PWD. റോഡിൻ റോഡ്
ചെറിയ റോഡുകൾ
തോടുകൾ - പുഴകൾ
വാർഡിന്റെ അതിർത്തിരേഖ
പാലങ്ങൾ
I
II
III
IV
V
VI
VII
VIII
IX
X
XI
XII
XIII
വടക്കഞ്ചേരി പഞ്ചായത്ത്
പുതുക്കോട് പഞ്ചായത്ത്
കൊഴിഞ്ഞാമ്പാറ പഞ്ചായത്ത്
പൊൽപ്പുള്ളി പഞ്ചായത്ത്
നല്ലേപ്പിള്ളി പഞ്ചായത്ത്
തോണിപ്പാടം
പൊൽപ്പുള്ളി
നല്ലേപ്പിള്ളി
വണ്ടിത്താവളം
പൊള്ളാച്ചി

ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത് പൊതു വിവരണം
3. സാമൂഹ്യസാമ്പത്തിക ചരിത്രം
4. ഭൂപ്രകൃതി,ജനപ്രകൃതി,ജലപ്രകൃതി
5. സാമൂഹ്യ സാമ്പത്തിക മേഖലകൾ

    5.1 കൃഷിയും ജലസേചനവും

    5.2 മൃഗസംരക്ഷണവും
    മത്സ്യബന്ധനവും

    5.3 വ്യവസായം

    5.4 വിദ്യാഭ്യാസം

    5.5 പൊതുജനാരോഗ്യവും
    കുടിവെള്ളവും

    5.6 [illegible]

    5.7 സാമൂഹ്യക്ഷേമവും പാർപ്പിടവും

    5.8 സംസ്ക്കാരം

    5.9 വനിത

    5.10 സഹകരണം

    5.11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

    5.12 വിഭവസമാഹരണം

6. ഉപസംഹാരം

ആമുഖം

ഭാരതം സ്വതന്ത്രമായിട്ട് 49 വർഷങ്ങൾ കടന്നുപോയി. അധികാരം കയ്യാളിയ കരങ്ങൾ മാറി എന്നതല്ലാതെ ഭരണ രംഗത്തും വികസന രംഗത്തും ജനകീയ പുനഃസംവിധാനങ്ങൾ കാര്യ മായി നടപ്പിലാക്കാനായില്ല. " ഗ്രാമപഞ്ചായത്തുകൾ" നടപ്പാക്കനുള്ള " നിർദ്ദേശകത്വം" പേലും 47-ാം വർഷം മാത്രമാണ് നടപ്പാക്കാനായത്. "ജന ങ്ങൾക്കുവേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജന ങ്ങളുടെ സർക്കാർ" എന്ന ജനാധിപത്യസ്വപ്നം തിരഞ്ഞെടുപ്പ് എന്ന ഔപചാരിക പ്രക്രിയയിൽ ഒതുങ്ങിനിന്നു.

അധികാരവും ആസൂത്രണവും മുകളിൽനിന്ന് കീഴോട്ടൊഴുകി. അതോടൊപ്പം കുത്തി ഒലിച്ചത് ജനകീയാവശ്യങ്ങളായിരുന്നു. തീരുമാനങ്ങളെടു ക്കാനും, നടപ്പൊക്കുന്നതിൽ പങ്കുവഹിക്കാനും സാധാരണക്കാരന് അവസരം നൽകാൻ നിലവിലുള്ള ആസൂത്രണ പ്രക്രിയ തലകുത്തനെ നിർത്തിയെ തീരൂ. ആസൂത്രണം താഴെനിന്ന് തുടങ്ങാം.

കേരളത്തിൽനടപ്പിലാക്കുന്ന ജനകീയാസൂ ത്രണപ്രസ്ഥാനം താഴെനിന്നും മുകളിലോട്ട് ദിശമാറ്റം ചെയ്യപ്പെട്ട ആസൂത്രണ തന്ത്രമാണ് അവതരിപ്പിക്കുന്നത്.

ആസൂത്രണത്തിലും വികസനപ്രവർത്തന ത്തിലും തുല്യപങ്കാളിത്തം ജാതിമതരാഷ്ട്രീയ ഭിന്നതകൾക്ക് അതീതമായി ഉറപ്പുവരുത്തുവാൻ കഴിയുമെന്ന താണ് ഇതിന്റെ പ്രത്യേകത. ഒമ്പതാം പദ്ധതിജനകീയപദ്ധതിയായി പ്രഖ്യാപിച്ചിരിക്കുന്നു.

ഇത് വികസന ചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്. അധികാരത്തോടൊപ്പം സമ്പത്തും (40 % പദ്ധതി വിഹിതം) പഞ്ചായ ത്തുകൾക്കു നൽകുന്നതിനാൽ ജനതാല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന് സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിന്റെ സർക്കാർ വിഹിതം (40 %) കേരളസർക്കാരിന്റെ 60% ൽപ്പെട്ട ചില സ്കീമുകൾ, കേന്ദ്രസർക്കാർ ഫണ്ട്, ബാഹ്യ വികസന ഏജൻസികളിൽ നിന്ന് സന്നദ്ധ സംഘടന വഴി ലഭിക്കുന്ന വികസനഫണ്ടുകൾ, നികുതി വരുമാനം, എല്ലാറ്റിനും പുറമേ ജനകീയ സംഭാവനകൾ (പണം, വിഭവങ്ങൾ, അദ്ധ്വാനം) തുടങ്ങിയ വികസന പ്രക്രിയ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകൾ പലതാണ്. കേരളവും ഗ്രാമപഞ്ചായത്തുകളും ഇന്ന് അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് പൂർണ്ണമല്ലെങ്കിലും ഭാഗികവും, തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണത്തിന് കഴിയും. ജനപങ്കാളിത്തം ഫല പ്രദമാകുമ്പോൾ സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടെയും ഏറ്റെടുക്കാൻ പോകുന്ന പ്രവർത്തികളുടെയും നടത്തിപ്പ് കാര്യക്ഷമമായും, വേഗത്തിലും, ഗുണമേന്മയോടുകൂടിയും നിർവ്വഹിക്കാൻ കഴിയുമെന്ന് മാത്രമല്ല, അഴിമതിയുടെ എല്ലാ സാദ്ധ്യതകളെയും നിയന്ത്രിക്കാനും കഴിയും.

എലപ്പുള്ളി പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനം ആരംഭിച്ചത് '96 സെപ്തംബർ മാസത്തിലാണ്. സംഘാടകസമിതി രൂപികരിച്ചു കൊണ്ട് ഏകദിന പഞ്ചായത്തുതല പരിശീലനം നടത്തിയിരുന്നതാണ്. രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും സന്നദ്ധസംഘടനാ പ്രതിനിധികളുടെയും യോഗം ആദ്യം ചേർന്നു. പിന്നീട് സഹകരണസംഘം പ്രസിഡണ്ടുമാർ, റേഷൻകടക്കാർ, വായനശാലകളുടെയും ക്ലബ്ബുകളുടെയും ഭാരവാഹികൾ, ഉദ്യോഗസ്ഥന്മാർ എന്നിവരുടെ യോഗം ചേർന്നു.

സെപ്തംബർ 22 മുതൽ ഒക്ടോബർ വരെ ഗ്രാമസഭകൾ നടത്തി. ഒക്ടോബർ മാസത്തിൽ രണ്ടാംഘട്ട ഡി.ആർ.പി. പരിശീലനവും നടത്തി. ഒക്ടോബർ 28,29,30 തിയതികളിൽ നാല് ടീമുകളായി പഠനപര്യടനം നടത്തി.

ശുദ്ധജലക്ഷാമത്തിന് പരിഹാരമായി നിലവി ലുള്ള ശുദ്ധജല വിതരണപദ്ധതിയുടെ കേടു പാടുകൾ പരിഹരിക്കുന്നതിനും പൈപ്പ് ലൈൻ

നീട്ടുന്നതിനും കേടുവന്ന ടാപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനും മറ്റുമായി സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കി സുപ്രണ്ടിങ്ങ് എഞ്ചിനീയർക്കെത്തിച്ചു. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി പഞ്ചായത്തിലെ മുഴുവൻ അദ്ധ്യാപകരുടെ യോഗം ചേർന്നു. ചർച്ചചെയ്തു. സ്കൂൾ കോപ്ലക്സ് കമ്മിറ്റി രൂപികരിക്കുകയും അദ്ധ്യാപകർക്കു വേണ്ടി പരിഹാരബോധനം സംബന്ധിച്ച ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു.

ഏതു പ്രവർത്തനവും ഏറ്റെടുക്കാൻ കഴിവുള്ള സന്നദ്ധപ്രവർത്തകർ ഈ പഞ്ചായത്തിലുണ്ട്. ജനകീയാസൂത്രണരഥം മുന്നോട്ട് കൊണ്ടു പോകുന്നവരാണ്.

എലപ്പുള്ളി പഞ്ചായത്തിലെ ബഹുജന രാഷ്ട്രീയബോധത്തിന്റെയും സന്നദ്ധസേവനത്തിന്റെയും അടിത്തറയിൽ മുൻകാലപ്രവർത്തകരുടെ സഹകരണത്തോടെ ഈ പ്രസ്ഥാനം ലക്ഷ്യത്തിലെത്തിക്കാൻ കഴിയും എന്ന ഉറച്ച വിശ്വാസത്തിലാണ് ഞങ്ങൾ. നാളുകൾ കഴിയുന്തോറും ജനങ്ങളുടെയും സംഘടിത പ്രസ്ഥാനങ്ങളുടെയും സഹകരണം കൂടുതൽ ഉറപ്പായിവരുന്നു എന്ന സന്തോഷം ഞങ്ങൾക്ക് പ്രചോദനം നൽകുന്നു. ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കുവാൻ ചരിത്രത്തിന്റെ വർത്തമാനകാലദശാസന്ധി നമ്മെ വെല്ലുവിളിക്കുകയാണ്. ഈ വെല്ലുവിളി നേരിടാനുള്ള സന്ദർഭം കൈവന്നതിലുള്ള സന്തോഷത്തോടെ "എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനരേഖ" നാളെയുടെ ചരിത്രയാഥാർത്ഥ്യമാക്കുവാനുള്ള മഹായജ്ഞദൃഢനിശ്ചയത്തോടെ നമുക്ക് സ്വീകരിക്കാം.

പഞ്ചായത്ത് പെതുവിവരണം

പഞ്ചായത്തിന്റെ പേര് :എലപ്പുള്ളി ഗ്രാമ പഞ്ചായത്ത്

ഉൾപ്പെടുന്ന

വില്ലേജുകൾ :എലപ്പുള്ളി I, എലപ്പുള്ളി II

ബ്ലോക്ക്പഞ്ചായത്ത് : മലമ്പുഴ

ബ്ലോക്ക് പഞ്ചായത്ത് : എലപ്പുള്ളി, തേനാരി

മണ്ഡലങ്ങൾ

ജില്ലാപഞ്ചായത്ത് : പാലക്കാട്

ജില്ലാപഞ്ചായത്ത് മണ്ഡലം: പുതുശ്ശേരി

താലൂക്ക് : പാലക്കാട്

അസംബ്ലി മണ്ഡലം: മലമ്പുഴ

വിസ്തീർണ്ണം : 49.07. ച:കി.മീ

അതിരുകൾ :

കിഴക്ക് നല്ലേപ്പിള്ളി പഞ്ചായത്ത് അത്തിക്കോട് വേലന്താവളം റോഡ്

വടക്ക് കോരയാർപ്പുഴ, പുതുശ്ശേരി പഞ്ചായത്ത്

പടിഞ്ഞാറ്- പുതുശ്ശേരി പഞ്ചായത്ത് മതുതറോഡ് പഞ്ചായത്ത് കൊടുമ്പ് പഞ്ചായത്ത്

തെക്ക്- വണ്ടിത്തോട് നല്ലേപ്പിള്ളി പഞ്ചായത്ത്

ജനസംഖ്യ : 35509

വാർഡുകൾ : 13

പ്രസിഡണ്ടിന്റെ പേര്: എം. അമ്പിളി

വൈസ്പ്രസിഡണ്ട്: അബ്ദുൾ ഗഫൂർ

സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ: സി. ഗോപാലകൃഷ്ണ പിള്ള

സാമൂഹിക സാംസ്ക്കാരിക ചരിത്രം

പഴയ മലബാർ ജില്ലയിലെ പാലക്കാട് താലൂക്കിനെ കരം പിരിക്കാനുള്ള സൌകര്യത്തിനായി വടമലപ്പുറം, തെന്മലപ്പുറം, നടുവട്ടം എന്നി മൂന്നു പ്രദേശങ്ങളായി തിരിച്ചിരുന്നു. 1765-66 കാലഘട്ടത്തിൽ വടമലപ്പുറം പ്രദേശത്തെ 23 അംശങ്ങളായി വിഭജിച്ചുഎന്നും, അതിൽ എലപ്പുള്ളി, പള്ളത്തേരി എന്നീ രണ്ട് അംശങ്ങൾ ഉൾപ്പെടുന്നു എന്നും ഡോക്ടർ വില്യം ലോഗന്റെ മലബാർ ഡിസ്ട്രിക്ട് മാന്വൽ എന്ന ഗ്രന്ഥത്തിൽ

രേഖപ്പെടുത്തിക്കാണുന്നു. ഭരണ സൌകര്യത്തിനായി പിന്നീട് എലപ്പുള്ളി, വേങ്ങോടി, പള്ളത്തേരി, തേനാരി എന്ന് 4 അംശങ്ങളായി വിഭജിച്ചു. ഒരോ അംശവും ഒരോ അധികാരികളായിരുന്നു പ്രധാന തറവാട്ടുക്കാർ പാരമ്പര്യമായി കൈമാറി വന്ന ഒരു ഭരണ സ്ഥാനമായിരുന്നു ഇത്. അന്ന് സകല വിധ അധികാരങ്ങളും അധികാരിമാർക്കായിരുന്നു. കരം പിരിക്കുന്ന റവന്യു ഓഫീസർ, സിവിൽ കേസുകൾ കൈകാര്യം ചെയ്യുന്ന വില്ലേജ് മുൻസിഫ്, ക്രിമിനൽ കേസുകൾ കൈകാര്യം ചെയ്യുന്ന വില്ലേജ് മജിസ്ട്രേറ്റ്, എന്നിങ്ങനെ എക്സിക്യൂട്ടിവിന്റെയും ജുഡീഷ്യറിയുടെയും നിരവധി അധികാരങ്ങൾ അധികാരികളിൽ 50 രൂപക്ക് താഴെയുള്ള വ്യവഹാരങ്ങളിൽ തീർപ്പുകൽപ്പിക്കാനും, ക്രിമിനൽ കേസുകളിൽ ഒരു ദിവസം വരെ തടവുശിക്ഷ വിധിക്കാനും ഇവർക്കധികാമുണ്ടായിരുന്നു

എലപ്പുള്ളി അംശത്തിൽ വില്ലേജ് പഞ്ചായത്ത് കോടതി നിലവിൽ വന്നപ്പോൾ അധികാരിയിൽ നിക്ഷിപ്തമായിരുന്ന വില്ലേജ് മുൻസിഫിന്റെയും, വില്ലേജ് മജിസ്ട്രേറ്റിന്റെയും അധികാരങ്ങൾ കോടതിക്ക് കൈമാറിയെങ്കിലും, മറ്റ് മുന്നംശങ്ങളിലും, ഐക്യകേരളം ഉടലെടുക്കുന്നതു വരെ ഈ പദവികൾ വഹിച്ചിരുന്നത് അധികാരിമാർ തന്നെയായിരുന്നു.

എലപ്പുള്ളിയിൽ എക്കണത്ത് ശേഖരനുണ്ണിയും, വേങ്ങോടിയിൽ വാക്കീൽ വേലുനായരും, തേനാരിയിൽ വടശ്ശേരി മാധവമേനോനും, പള്ളത്തേരിയിൽ മണ്ണിൽ ഇട്ടിരാമൻ നായരും, ഈ രംഗത്ത് പ്രാഗൽഭ്യം തെളിയിച്ച് പ്രശസ്തരായ അധികാരിമാരായിരുന്നു. ഈ ശൃംഖലയിലെ ഏറ്റവും അവസാനത്തെ കണ്ണികളായിരുന്നു എക്കണ്ണത്ത് ശേഖരനുണ്ണിയും, വക്കീൽ രാഘവൻ നായരും, തേനാരി വാസു നായരും, മണ്ണിൽ മാധവൻ നായരു. അന്നത്തെ വില്ലേജ് കോടതിയിലാണ് ഇന്ന് വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നത്.

മുൻപ് നിലവിരുന്ന 4 അംശങ്ങൾ സംയോജിച്ച് എലപ്പുള്ളി I, എലപ്പുള്ളി II എന്നീ രണ്ടു വില്ലേജുകളുണ്ടായി. ഈ രണ്ടു വില്ലേജുകൾ ചേർന്നതാണ് ഇന്നത്തെ എലപ്പുള്ളി പഞ്ചായത്ത്. വിദ്യാഭ്യാസം, വിസ്തൃതി, ജനസംഖ്യ, റവന്യു എന്നീ ഇനങ്ങളിലെല്ലാം മുന്നിട്ടുനിന്നിരുന്ന എലപ്പുള്ളി അംശത്തിന്റെ പേര് പഞ്ചായത്തിന് ലഭിച്ചു എന്ന് കരുതപ്പെടുന്നു.

1939 ലാണ് പഞ്ചായത്ത് സ്ഥാപനം രൂപംകൊണ്ടത്. കിഴക്ക് കൊഴിഞ്ഞാമ്പാറ, നല്ലേപ്പിള്ളി, വടകരപ്പതി പഞ്ചായത്തുകളും, പടിഞ്ഞാറ് പുതുശ്ശേരി, മരുതറോഡ്, കൊടുമ്പ് പഞ്ചായത്തുകളും, തെക്ക് നല്ലേപ്പിള്ളി, പൊൽപ്പുള്ളി പഞ്ചായത്തുകളും, വടക്ക് പുതുശ്ശേരി പഞ്ചായത്തും അതിർത്തികളാണ് പണ്ടുമുതൽ തന്നെ ചരിത്രപ്രാധാന്യമുള്ള പഞ്ചായത്താണിത്

ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട് എം.കെ. കൃഷ്ണമേനോൻ ആയിരുന്നു.

1939-ൽ കലിംഗ ചെട്ടിയാർ എന്ന മഹാമനസ്ക്കന്റെ ശ്രമഫലമായി വൈദ്യുതിയെത്തി. ഇന്ത്യയിൽ "ഗ്രാമീണ വൈദ്യുതികരണത്തിൽ ആദ്യ പഞ്ചായത്ത്" എന്ന ബഹുമതിലഭിച്ചിട്ടുണ്ട്.

1898 ൽ എലുള്ളി മാണിക്കത്ത് കുട്ടികൃഷ്ണ മേനോൻ ആദ്യത്തെ പ്രൈമറി സ്കൂൾ തുടങ്ങി. 1921-ൽ ഡിസ്ട്രിക്ട് ബോർഡ് ഏറ്റെടുക്കുകയും പിന്നീട് അത് ഹൈസ്കൂളായി ഉയർത്തുകയും ചെയ്തു. അപ്പാവുപിള്ള എന്ന മഹാമനസ്ക്കൻ സംഭാവനചെയ്ത കെട്ടിടത്തിലാണ് ഹൈസ്കൂൾ ആരംഭിച്ചത്. ഹൈസ്കൂളിലെ ആദ്യത്തെ പ്രധാനാദ്ധ്യാപകൻ പി. ഗോവിന്ദൻ നായരായിരുന്നു. പാറയിൽ ഒരു ട്രാവലേഴ്സ് ബംഗ്ലാവും ഒരു പോലീസ് ഔട്ട് പോസ്റ്റും സ്ഥാപിച്ചിരുന്നു. 1898-ൽ തപാലാഫീസ് സ്ഥാപിതമായി. മണികിലുക്കിക്കൊണ്ടുപോകുന്ന അഞ്ചലോട്ട ക്കാരൻ കൗതുകമുണർത്തുന്ന കാഴ്ചയായിരുന്നു. 1929-ൽ ആശുപത്രി (Local Fund Rural Dispensary) പാറയിൽ സ്ഥാപിതമായി. പിന്നീടത് പേട്ടയ്ക്ക് പടിഞ്ഞാറുഭാഗത്ത് റോഡ് സൈഡിലേക്ക് മാറ്റി സ്ഥാപിച്ചു ആശുപത്രിയുടെയും എലപ്പുള്ളിത്തറ റോഡിന്റെയും ഉദ്ഘാടനം അന്നത്തെ സബ്കളക്ടർ വിക്ടർ പൈ CS ആണ് നിർവ്വഹിച്ചത്. ആദ്യത്തെ ഡോക്ടർ കറുത്തേടത്ത് ഗോവിന്ദമേനോനായിരുന്നു. ഇന്നുള്ള ആശുപത്രി കെട്ടിടത്തിൽ ആശുപത്രി ആരംഭിച്ചത് 1957 ലാണ്.

1957ൽ പാറയിൽ ആദ്യത്തെ മൃഗാസ്പത്രി തുടങ്ങി. സ്ഥലവും കെട്ടിടവും സംഭാവനചെയ്ത് പൊന്നൻപിള്ളയുടെ കുടുംബമാണ്.

1956-ൽ ഇവിടെ ടെലിഫോൺ സ്ഥാപിതമായി. ആദ്യം 5 കണക്ഷനാണുണ്ടായിരുന്നത്. സി.പി. മേനോൻ ആണ് ഇതിന് മുൻ കൈ എടുത്തത്.

വികസനരംഗത്ത് കമ്മ്യൂണിറ്റി പ്രൊജക്ടിന്റെ ഏറ്റവും മെച്ചപ്പെട്ട പ്രവർത്തനത്തിന് അന്നത്തെ പ്രധാനമന്ത്രി ശ്രീ. ജവഹർലാൽ നെഹ്രുവിൽനിന്നും പഞ്ചായത്തിന് അവാർഡ് ലഭിച്ചിട്ടുണ്ട്. ഏറ്റവും നല്ല പഞ്ചായത്തിനുള്ള ഇന്ത്യൻ യൂണിയൻ പ്രസിഡണ്ടിന്റെ അവാർഡും ഈ പഞ്ചായത്തിനാണ് ലഭിച്ചീട്ടുള്ളത്. പാലക്കാട്ടെ സുൽത്താൻ പേട്ടയേയും പൊള്ളാച്ചിയിലെ പേട്ടയേയും തമ്മിൽ ബന്ധിപ്പിക്കുന്നതും മലബാറക്കു വ്യാപാരത്തിനായി രൂപംകൊടുത്തതുമായ അതിപുരാതന കാലംമുതൽ ഉള്ളതും പിൽക്കാലത്ത് സ്റ്റേറ്റ് ഹൈവേ ആയിതീർന്നതുമായ പാലക്കാട് - പൊള്ളാച്ചി റോഡ് ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കടന്നു പോകുന്നു. 1929 കാലഘട്ടത്തിൽ വട്ടോണി ഭാസ്ക്കരമേനോൻ UBM "ബസ്സ് സർവ്വീസ് ആരംഭിച്ചു. അപ്പോൾ തന്നെ UMS "എന്ന ബസ്സും ഈ റോഡിൽ കൂടി ദീർഘദൂര സർവ്വീസ് നടത്തിയിരുന്നു. ദേശീയ വിമോചന പ്രസ്ഥാനത്തിൽ ആകൃഷ്ടരായി പ്രവർത്തിക്കുകയും തൽഫലമായി ജയിൽവാസം അനുഭവിക്കേണ്ടിവരുകയും ചെയ്ത സ്വാതന്ത്ര്യ സമര സേനാനികളാണ് ശ്രീമാൻമാർ. മാണിക്യത്ത് രാവുണ്ണി മേനോൻ, മേച്ചേരി രാഘവൻനായർ, വേങ്ങാടി കൃഷ്ണൻകുട്ടി മേനോൻ, എം.കെ. രാമൻകുട്ടി (രാമശ്ശേരി) എന്നിവർ. ഇവർ ഉറച്ച ദേശീയവാദികളും കോൺഗ്രസ്സുകാരും ആദർശശുദ്ധിയുള്ളവരുമായിരുന്നു. കോൺഗ്രസ്സ് സോഷിലിസ്റ്റ് പാർട്ടി രൂപംകൊള്ളുകയും പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയായി മാറുകയും ചെയ്തപ്പോൾ എ.കെ. രാമൻകുട്ടി ആ വഴി തെരഞ്ഞെടുത്തു. തൽഫലമായി വളരെക്കാലം ഒളിവു ജീവിതം നയിക്കുകയും ജയിൽവാസം അനുഭവിക്കുകയും കൊടിയ മർദനങ്ങൾക്ക് ഇരയാവുകയും ചെയ്തീട്ടുണ്ട്. ഐക്യ കേരള രൂപീകരണത്തിനു ശേഷം എലപ്പുള്ളിയിലെ ആദ്യത്തെ MLA "എ.കെ. രാമൻകുട്ടിയാണ്. 1952ൽ ഭൂദാന പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ആചാര്യ വിനോബാഭാവേയും 1951ൽ മദ്രാസ് മുഖ്യമന്ത്രി കുമാരസ്വാമി രാജായും ഇവിടം സന്ദർശിച്ചീട്ടുണ്ട്.

പ്രതിഭാശാലികളായ പല മഹാൻമാർക്കും ജന്മം നൽകിയ സ്ഥലമാണിത്. അമേരിക്കൻ അംബാസിഡറായിരുന്ന മാണിക്കത്ത് ഗോപാലമേനോൻ, ബ്രിട്ടീഷുകാരുടെ കാലത്ത് സെട്രൽ അസംബ്ലിയിൽ അംഗമായിരുന്ന സി.എസ്. ശങ്കരയ്യർ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ മെമ്പറായിരുന്നു. വി. രാമദാസ്, തരവനാട്ടെ അച്ചുതമേനോൻ ICS എക്കണത്ത് സത്യഭാമ, കുഞ്ഞിയമ്മ എന്നിവരുടെ പേരുകൾ എടുത്തു പറയേണ്ടതാണ്. പ്രസിഡണ്ടിന്റെ അവാർഡ് ലഭിച്ച ഇന്ത്യയിലെ ആദ്യത്തെ വനിതാമേജർ ജനറൽ രാജമ്മ, ഇന്ത്യൻ പോസ്റ്റൽ സർവ്വീസിലെ അഡ്വൈസർ രാധാകൃഷ്ണൻ (രാമശ്ശേരി), സി.പി.എം. പോളിറ്റ് ബ്യൂറോ മെമ്പർ പ്രകാശ് കാരാട്ടെ, പഞ്ചായത്ത് ഡയറക്ടർ ആയിരുന്ന മാണിക്കത്ത് ശങ്കുണ്ണിമേനോൻ എന്നിവരെയും എടുത്തു പറയേണ്ടതാണ്.

കലാസാംസ്കാരിക രംഗത്ത് മോശമല്ലാത്ത ഒരു ചരിത്രം ഈ പ്രദേശത്തിനുണ്ട്. മാർക്കണ്ടേയ നാടകം, ഹരിചന്ദ്ര നാടകം, ആര്യമാലക്കളി, പൊറാട്ടു നാടകം, പാവക്കൂത്ത്, ക്ഷേത്രാനുഷ്ഠാനകലകൾ, പുള്ളുവൻപ്പാട്ട്, കളമെഴുത്തുപ്പാട്ട്, തിരുവാതിരക്കളി തുടങ്ങിയവക്ക് കേളികേട്ടതായിരുന്നു ഇവിടം. ഇപ്പോൾ ഇവയെല്ലാം നാശോൻമുഖമായിരിക്കുന്നു. പണ്ടുക്കാലത്ത് തന്നെ വായനശാലകളും, കലാസമിതികളും സാംസ്കാരിക രംഗത്ത് ശക്തമായ സ്വാധീനം ചെലുത്തിയിരുന്നു. കലാ സമിതികൾ വാർഷിക ആഘോഷങ്ങൾ വിപുലമായിആചരിച്ചിരിന്നുവെന്ന് മാത്രമല്ല സ്വന്തമായിനാടകങ്ങൾ സംവിധാനം ചെയ്ത് അവതരിപ്പിച്ചിരുന്നു. അന്ന് തമിഴ് നാടകങ്ങളായിരുന്നു അഭിനയിച്ചു വന്നിരുന്നത്.

കലാരംഗത്ത് നിസ്തുലമായ കഴിവുകൾ പ്രകടമാക്കിയ മഹാധനന്മാർക്കും കുറവില്ല.

സംഗീത വിദ്വാൻ ഇ.പി. ഉണ്ണി, റേഡിയോ ഗായിക രത്നവല്ലി, നാടക നടൻ പള്ളത്തേരി ആന്തൂർ വേലുനായർ, എണ്ണപ്പാടം വെങ്കിടരാമഭാഗവതർ, മൃദംഗം ആശാൻ തേനാരി കുഞ്ചു, കാക്കത്തോടു കുഞ്ചു (വള്ളിയമ്മ നാടകം) പ്രശസ്ത ഏഴുത്തുക്കാരൻ മാണിക്കത്ത് കുട്ടികൃഷ്ണ മേനോൻ, നോവൽ രചിയിതാവ് കരാട്ടെ അച്ചുതമേനോൻ (വിരുതൻ ശങ്കു, പഞ്ചതന്ത്രം, അമ്മായി) ഓട്ടൻതുള്ളൽ വിദ്വാൻ ചക്കുങ്കൽ ശങ്കരൻനായർ, കുംഭക്കളി വിദഗ്ദൻ പൊന്നയ്യപ്പണിക്കർ, പാവക്കൂത്ത് വിദഗ്ധൻ, നോമ്പിക്കോട്ട് വെള്ളയപ്പൻ, മൃദഗ വിദഗ്ധൻ കൃഷ്ണയ്യർ, ഭഗവത് ഗീത വിപർത്തനം ചെയ്ത കെ.വി. മേനോൻ എന്നിവർ സ്മരണീയരാണ്. പക്ഷിരാജാസ്റ്റുഡിയോവിലെ തബലിസ്റ്റ് മണി, പ്രസിദ്ധ സംഗീത സംവിധായകനും ഗായകനുമായ എം.എസ്.വിശ്വനാഥൻ എന്നിവർ അതാതു മേഖലകളിൽ ഇപ്പോഴുമെ പ്രശസ്ഥരാണ്.

കരിമ്പയൻകോട്ടിൽ പഴണിമല-നാടൻ ചികിൽസ.

കുന്നമ്പാറയിൽ നായാടി - വിഷ ചികിൽസ

തേനാരി സഭാപതി പണ്ടാരം - മൃഗചികിൽസ

ഈനാശി മണിക്കാരൻ - മൃഗചികിൽസ

എന്നിവരും അതാതു മേഖലകളിൽ പ്രശസ്തരായിരുന്നു. പുതുശ്ശേരി, മരുത റോഡ്, കൊടുമ്പ്, പൊൽപ്പുള്ളി തുടങ്ങി സമീപ പഞ്ചായത്തുകളിലെ ജനങ്ങൾക്ക് ഉപകാരപ്രദമായ പാറ ചന്ത പുരാതനവും പ്രസിദ്ധവുമാണ്. തമിഴിനാട്ടിൽ നിന്നും സാധനങ്ങൾ കൊണ്ടുവന്ന് വിറ്റിരുന്ന ഏക ചന്തയും ഇതായിരുന്നു.

വനവാസക്കാലത്ത് ശ്രീരാമനും സീതയും ലക്ഷ്മണനും ഈ വഴി സഞ്ചരിച്ചതായി ശങ്കുചക്രപാറ എന്ന സ്ഥലത്ത് വിശ്രമിച്ചതായി ഐതീഹ്യം പറയുന്നു. അതിനു തെളിവായി ശങ്കുചക്ര പാറയിൽ ശ്രീരാമന്റെ പാദമുദ്ര ചുണ്ടിക്കാണിക്കപ്പെടുന്നു. അന്ന് നടന്നു വലഞ്ഞു ദാഹിച്ച സീതയ്ക്ക് ദാഹശമനം വരുത്തുവാനായി ശ്രീരാമൻ അമ്പെയ്ത് ഗംഗാ നദിയെ ഭൂമിക്കടിയിൽ കൂടി ഇവിടെ കൊണ്ടുവന്നു എന്നും പുണ്യ നദിയായ ഗംഗ തേനരുവിയായി ഉൽഭവിച്ച് ഒഴുകി സീതയുടെ ദാഹം തീർത്തു എന്നുമാണ് ഐതീഹ്യം. തേനരുവി തേനാരിയായി തീർന്നു എന്ന് കരുതുന്നു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നു മാത്രമല്ല അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നു പോലും വാവുകുളിക്ക് ഇവിടെ ആളുകൾ വന്നിരുന്നു. ഒരിക്കലും വറ്റാത്ത 'കാളവായി' ലൂടെയുള്ള ഉറവ ഒരൽഭുതമായിരുന്നു. ഇപ്പോൾ ധാരാളം ബോർവെൽ വന്നതോടുകൂടി ഈ നിരൊഴുക്ക് തടസ്സപ്പെട്ടു. ലോക പ്രശസ്തമായ രാമശ്ശേരി ഇഡലിയുടെ നാടാണ് ഇത്.

മതമൈത്രിയുടെ മകുടോദാഹരണമായി നിരവധി ദേവാലയങ്ങളും പള്ളികളും ഇവിടെ കാണാം. പള്ളത്തേരി പരിക്കഞ്ചേരി അമ്പലം, മാമ്പുള്ളിക്കാവ് രാമശ്ശേരി മന്ദത്ത് ഭഗവതി, എലപ്പുള്ളി ദേവീ ക്ഷേത്രം, ശിവക്ഷേത്രം, തേനാരി ശിവക്ഷേത്രം, പാറ മാങ്കുരയമ്മൻ കോവിൽ, ഏറാഞ്ചേരി പള്ളി, കോവിൽ പാളയം ക്യൂസ്ത്യൻ പള്ളി എന്നിവ പുരാതനവും പ്രശസ്തവുമാണ്. പിൽക്കാലത്ത് നിരവധി പള്ളികളും ക്ഷേത്രങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. രാമാശ്ശേരി കുമ്മാട്ടി, എലപ്പുള്ളി, വേങ്ങോടി വിഷ്ണു വേലകൾ, ശൂരംപോരി എന്നിവ പണ്ടുമുതലുള്ള പ്രാദേശിക ഉത്സവങ്ങളാണ്. ഇതിനു പുറമെ മറ്റ് അനവധി ഉൽസവങ്ങൾ ഇപ്പോൾ ആഘോഷിക്കുന്നുണ്ട്.

ശക്തമായൊരു കർഷക തൊഴിലാളി പ്രസ്ഥാനം ആദ്യകാലം മുതലെ രൂപം കൊണ്ടിരുന്നു. അന്ന് ജന്മിയും കുടിയാനും തൊഴിലാളിയും മാത്രമേ ഉണ്ടായിരുന്നുള്ളു. പുരോഗമന ജനാധിപത്യ പ്രസ്ഥാനത്തിന്റെയും നവോത്ഥാന പ്രസ്ഥാനത്തിന്റെയും വളർച്ചക്ക് ഇത് ശക്തി കൂട്ടി. ആദ്യ കാലത്ത് ജന്മിക്കെതിരെ കുടിയാനും തൊഴിലാളിയും ഒന്നിച്ച് അണിനിരന്നു. അതിന്റെ പിൽകാലരൂപമാണ് ഇന്നത്തെ കർഷകതൊഴിലാളി പ്രസ്ഥാനം. സർക്കാർ ഉടമസ്ഥതയിൽ ജലസേചനപദ്ധതികൾ ആരംഭിക്കുന്നതിന് എത്രയോ മുൻപ് ഈ പഞ്ചായത്തിൽ തോട്ടിലും പുഴയിലും സ്വകാര്യ വ്യക്തികൾ അണകൾ കെട്ടി ഒരു പറ കണ്ടത്തിൽ (10 സെന്റ്). 1 പറ നെല്ലെന്ന തോതിൽ തീർവാരം

പിരിച്ചിരുന്നു. പിൽക്കാലത്ത് ഇവയെല്ലാം സർക്കാർ ഏറെറടുത്തു അവ ഇന്നും നിലനിൽക്കുന്നു.

ഭൂപരിഷ്ക്കരണ നിയമം നിലവിൽ വരുകയും വിദ്യാഭ്യാസ സൗകര്യം വർദ്ധിക്കുകയും ചെയ്തതോടെ സാമൂഹ്യമായ ഒരു ഉയർത്തെഴുന്നേൽപ്പ് ഉണ്ടായി. അതിനു മുൻപ് വളരെ കുറച്ച് ജന്മികളുടെ വകയായിരുന്നു ഭൂമി. 1936ലെ സെറ്റിൽമെന്റ് പ്രകാരം 2368 പട്ടയങ്ങളാണ് ഉണ്ടായിരുന്നത്. 1996ൽ 10291 പട്ടയങ്ങളായി വർദ്ധിച്ചു.

കുടിയാന് ഭൂമി സ്വന്തമായപ്പോൾ അദ്ധ്വാനത്തിന് വീറും വാശിയും ഉണ്ടായി. ഉദ്പാദനം വർദ്ധിച്ചു. കർഷകന്റെ ജീവിതരീതിയിൽ മാറ്റമുണ്ടാക്കി. അങ്ങനെ 1957 മുതൽ 71 വരെയുള്ള കാലഘട്ടത്തിൽ ഭൂപരിക്ഷ്ക്കരണ നിയമങ്ങളും ബഹുജന പ്രസ്ഥാനങ്ങളുടെ വളർച്ചയും നാടിന്റെ മുഖച്ഛായതന്നെ മാറ്റി. കുടി കിടപ്പുക്കാർക്ക് ഭൂമി സ്വന്തമായി കിടക്കാൻ ഒരു ഇടം കിട്ടിയ കർഷകതൊഴിലാളികളുടെ വിലപേശൽ ശക്തി ഉയർന്നു. ഭൂവുടമ ബന്ധങ്ങളിൽ വന്ന മാറ്റം സവർണ്ണ മേധാവിത്തത്തിന്റെ അധികാര കുത്തക തകർത്തു. വിദ്യാഭ്യാസ - ആരോഗ്യരംഗങ്ങളിൽ പ്രകടമായ മാറ്റങ്ങളുണ്ടായി. ജീവിത നിലവാരം ഉയർന്നു. എലപ്പുള്ളിയുടെ മുഖച്ഛായ മാറ്റുന്നതിൽ അന്നത്തെ ബഹുജനപ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് അനിഷേധ്യമാണ്.

പഴയ മലബാർ ഡിസ്ട്രിക്ട് ബോഡിന്റെ കീഴിലായിരുന്ന എലപ്പുള്ളിയിൽ ആദ്യത്തെ പഞ്ചായത്ത് ബോർഡ് നിലവിൽ വന്നത് 1940-ൽ ആണ്. ആദ്യകാലത്ത് അക്ഷരാഭ്യാസമുള്ളവർ കൈപൊക്കി വോട്ടുചെയ്താണ് തെരഞ്ഞെടുപ്പ് നടത്തിയിരുന്നത്. ആദ്യ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ രണ്ടുപേർക്ക് തുല്ല്യവോട്ടു കിട്ടിയതിനാൽ ടോസ്സിലാണ് പ്രസിഡണ്ടിനെ തെരഞ്ഞെടുത്തത്. കോൺഗ്രസ്സ്, കമ്മ്യൂണിസ്റ്റ്, സ്വാതന്ത്രൻ എന്നീ തരത്തിലായിരുന്നു അന്ന് മൽസരിച്ചിരുന്നത്. ആദ്യത്തെ പ്രസിഡണ്ട് എം.കെ. കൃഷ്ണമേനോൻ, വൈസ് പ്രസിഡണ്ട് ഇ.എം. വിശ്വനാഥനുണ്ണി അംഗങ്ങൾ പി.എ. ഗോപാലകൃഷ്ണമേനോൻ, കെ.പി. ശങ്കരനാ രായണ മേനോൻ, പാറക്കളം ചാത്തൻ, യു. രാമൻകുട്ടി മേനോൻ, അസനാർ റാവുത്തർ, പി. വിശ്വനാഥൻ പിള്ള, എം. ഉണ്ണിരാമമേനോൻ, കുട്ടിരാമൻ, ടി.വി. ശങ്കരമേനോൻ, പി. പത്മനാഭൻ നായർ, കെ.എം. രാമനുണ്ണി മേനോൻ, എൻ. കുട്ടിസ്വാമി, എം. രാഘവൻനായർ.

1953-62 പ്രസിഡണ്ട് 1. ശ്രീ.വി.നടേശൻ പിള്ള
വൈസ് പ്രസിഡണ്ട് 2. ശ്രീ,പി.കെ. കേലുക്കുട്ടി

അംഗങ്ങൾ: 3. പി.എൻ. വിജയമേനോൻ 4. കേശവൻ, 5. ശ്രീനിവാസൻപ്പിള്ള, 6. കെ.പഴനിയപ്പ മുതലി, 7. കെ. വാസു, 8. കെ. വേലൻ, 9. കെ. നാരായണമേനോൻ 10. കെ.നടരാജമേനോൻ, 11. എം. രാഘവൻനായർ 12. എ. വിജയമേനോൻ, 13. കെ. കറുപ്പൻ, 14. സി.ഗോപാലകൃഷ്ണൻ, 15. പി.ആർ. കുപ്പാണ്ടി, 16. പി.കെ. കേലുക്കുട്ടി

1963-ൽ സ്പെഷൽ ഓഫീസർ

1963-79

പ്രസിഡണ്ട് : നടേശൻ പിള്ള

വൈസ് പ്രസിഡണ്ട് : എ. വിജയൻ

അംഗങ്ങൾ : 1. സുബ്രഹ്മണ്യൻപിള്ള 2. എൻ.മല്ലി. 3. ബി. രാമനാഥൻ, 4. കെ. എം. രാവുണ്ണിമേനോൻ, 5. കെ.വാസു. 6. എൻ. വിജയൻ, 7. കെ.പി.രാമൻ, 8. പി.ഉണ്ണികൃഷ്ണൻ നായർ 9. ടി.ആർ. രാമനാരായണൻ, 10. വ.നാണി. 11. എം. നാരായണ മേനോൻ

1979-ൽ സ്പെഷൽ ഓഫീസർ

1979-88

പ്രസിഡണ്ട് : സി. സഹദേവൻ

വൈസ് പ്രസിഡണ്ട് : വിശ്വനാഥൻ

അംഗങ്ങൾ : 1. കാശിപ്പിള്ള 2. കാളിമുത്തൻ ചെട്ടിയാർ, 3. കുമാരമേനോൻ 4. വേലു 5. വിശാലാക്ഷി 6. സ്വാമിനാഥൻ 7. കൃഷ്ണകർത്താ 8. ചിദംബരൻ, 9. വിജയരാഘവൻ

1988-95

പ്രസിഡണ്ട് : സി. സഹദേവൻ

വൈസ് പ്രസിഡണ്ട് : വിശ്വനാഥൻ

അംഗങ്ങൾ :

1. കെ. വി. സത്താർ 2. വി. ശിവരാമൻ 3. കെ.ആർ. മോഹനൻ 4. സി. രമേശൻ 5. സി. ഗോപാലകൃഷ്ണപിള്ള 6. പി. വേലു 7. വി.ആർ. സുവർണ്ണ 8. പി.വി. അർമുഖൻ 9. എ.പ്രേമകുമാരി 10. കെ.വി. വിജയദാസ്

ഇപ്പോൾ നിലവിൽവന്ന പഞ്ചായത്ത് രാജ് നഗരപാലിക നിയമപ്രകാരം വനിതാ സംവരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ, നിലവിലുള്ള ബോർഡ് 1995 ഒക്ടോബർ 1-ന് കുമാരി എം. അനിളിയുടെ നേതൃത്വത്തിൽ അധികാരമേറ്റു.

അംഗങ്ങൾ: വാർഡ് 1. എൻ. വേലായുധൻ

2. കെ. ശ്രീധരൻ 3. ശ്രീമതി. ശാന്തകുമാരി 4. ശ്രീമതി. സരസ്വതി 5. രേവതി ബാബു, 6. വിജയരാഘവൻ 7. സി. മോഹൻ കുമാർ 8. സി. ഗോപാല കൃഷ്ണപ്പിള്ള 10. കെ. മണി 11. ആർ. ഉണ്ണാമല 12. ചെന്താമരാക്ഷൻ 13. അബ്ദുൾഗഫൂർ

നിലവിലുള്ള പഞ്ചായത്ത് കെട്ടിടം 1962ൽ പഞ്ചായത്ത് ഡയറക്ടർ ശ്രീ. കെ. രാഘവൻ ഉദ്ഘാടനം ചെയ്തു. 1989-ൽ സാംസ്കാരിക നിലയവും 1991-ൽ മിനി സ്റ്റേഡിയവും നിർമ്മിച്ചു.

സന്നദ്ധപ്രവർത്തനം നാടിന്റെ വികസനത്തിന് നൽകിയ സേവനങ്ങൾ വളരെ വലുതാണ്. ഇന്നു കാണുന്ന പ്രധാന റോഡു കളെല്ലാം പണ്ട് ഇടവഴികളായിരുന്നു. കമ്മ്യൂണിറ്റി പ്രൊജക്ടിന്റെ കാലത്താണ് ഇവയിൽ പലതും റോഡാക്കി മാറ്റിയത്. മൊത്തം ചിലവിന്റെ മൂന്നിലൊന്ന് (1/3) ഗുണഭോക്താക്കളുടെ കമ്മിറ്റി വഹിച്ചു കൊണ്ടാണ് പണികളെല്ലാം നടത്തിയിരുന്നത്. റോഡ് മാത്രമല്ല പാലങ്ങൾ, വായനശാലകൾ, സ്കൂൾ കെട്ടിടങ്ങൾ തുടങ്ങിയ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ഇങ്ങനെ ഉണ്ടാക്കിയതാണ്. ഇന്നത്തെ ആസ്പത്രി കെട്ടിടവും ഇത്തരത്തിൽ നിർമ്മിച്ചതാണ്. സ്കൂളുകൾ, വായനശാലകൾ, റോഡ് ഇവയ്ക്ക് പ്രതിഫലം കുടാതെ സ്ഥലം നൽകിയതും അന്നത്തെ മഹാമനസ്കരാണ്.

ആദ്യകാലങ്ങളിൽ കാളപ്പുറത്താണ് സാധനങ്ങൾ കൊണ്ടുപോയിരുത്. പിന്നീട് തലച്ചുമടായി ചുമട് ഇറക്കിവെക്കാനുള്ള നിരവധി ചുമട്ട് താങ്ങികൾ ഈ അടുത്ത കാലംവരെ നിലനിന്നു. വഴിയാത്രക്കാർക്ക് ദാഹശമിനി തണ്ണീർപന്തലുകൾ നിലനിന്നിരുന്നു.

ഭൂപ്രകൃതി, ജനപ്രകൃതി ജലപ്രകൃതി

ചെറു കുന്നുകളും താഴ്വരകളും സമതല പ്രദേശങ്ങളും ഉൾക്കൊള്ളുന്ന പഞ്ചായത്താണ് എലപ്പുള്ളി. പൊതുവിൽ വരണ്ട കാലാവസ്ഥ അനുഭവപ്പെടുന്നു. കൊഴിഞ്ഞാമ്പാറ, വടകരപ്പതി പഞ്ചായത്തുകളോട് അടുത്തു കിടക്കുന്ന വടക്കുകിഴക്കേ പകുതിയിൽ വരൾച്ച കൂടുതലായി അനുഭവപ്പെടുന്നു. ഉയർന്ന കുന്നിൻ പ്രദേശങ്ങൾ പാറ നിറഞ്ഞതാണ്. ധാരളം വെളുത്ത പാറകൾ കാണപ്പെടുന്നു. ചരിവുകളിലും സമതല പ്രദേശങ്ങളിലുമാണ് കൃഷിചെയ്യുന്നത്. കോരയാർ, തമിഴ്നാട്ടിൽ നിന്ന് ഉത്ഭവിച്ച് മേനോൻപാറ, എടുപ്പുകുളം തുടങ്ങിയ പഞ്ചായത്തു പ്രദേശങ്ങളിൽ കൂടിയും പിന്നീട് പഞ്ചായത്തിന്റെ വടക്കെ അതിർത്തിയായായും ഒഴുകി ഭാരതപ്പുഴയിൽചെന്നു ചേരുന്നു. വേനൽക്കാലത്ത് നീരൊഴുക്ക് വളരെ കുറവാണ്. പഞ്ചായത്തിന്റെ തെക്കെ അതിർത്തിയായി വണ്ടിത്തോട് ഒഴുകുന്നു. വളരെ പണ്ട് ഇത് വണ്ടി വഴിയായിരുന്നുന്നെന്നും പിന്നീട് തോടായതാണെന്നും പറയപ്പെടുന്നു. ഒരു ചെറുപ്രദേശം മാത്രമെ തോട്ടത്തിന് തെക്കു വശത്ത് പഞ്ചായത്തിന്റേതായിട്ടുള്ളു. ഈ തോട്ടത്തിൽ വേനൽക്കാലത്തും ജലം ലഭ്യമാണ്. അതുകൊണ്ടുതന്നെ തോടിന്റെ കരപ്രദേശങ്ങൾ താരതമ്യേന ഹരിതാഭമാണ്. പാലക്കാട് പൊള്ളാച്ചി പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന സ്റ്റേറ്റ് ഹൈവേ ഈ പഞ്ചായത്തിന്റെ മദ്ധ്യ ഭാഗത്തുകൂടി കടന്നുപോകുന്നു.

ഭൂമി വടക്കു നിന്നും തെക്കോട്ടു ചരിഞ്ഞു കിടക്കുന്നു. ഇടയ്ക്ക് ചെറുകുന്നുകളുണ്ട്. ഉയർന്ന പ്രദേശങ്ങളിലാണ് ജനവാസം. ഉയർന്ന പ്രദേശങ്ങിൽ മണൽ കലർന്ന മണ്ണു താഴ്ന്ന പ്രദേശങ്ങളിൽ ചെളി മണ്ണും കാണ പ്പെടുന്നു.

1,2,3,4 വാർഡുകളിൽ ചുണ്ണാമ്പുക്കല്ല് കലർന്ന കരിമണ്ണ് സുലഭമായി കാണുന്നു. താഴ്ന്ന പ്രദേശങ്ങളിൽ കൂടുതലായി ചെളിമണ്ണാണ് ഈ ഭാഗങ്ങളിൽ നെൽകൃഷി കൂടുതലായി ചെയ്യുന്നു.

പഞ്ചായത്തിന്റെ കിഴക്ക് നല്ലേപ്പിള്ളി പഞ്ചായത്തും അത്തിക്കോട് വേലന്താവളം റോഡും

പടിഞ്ഞാറ് പുതുശ്ശേരി, മരുതറോഡ്, കൊടുമ്പ് പഞ്ചായത്തും വടക്ക് കോരയാർപ്പുഴയും പുതുശ്ശേരി പഞ്ചായത്തും തെക്ക് വണ്ടിത്തോടുമായി 49.07 ചതുരശ്രകിലോമീറ്റർ വ്യാപിച്ചു കിടക്കുന്നു.

ജനപ്രകൃതി

1991-ലെ സെൻസ് കണക്കുകൾ പ്രകാരം ജനസംഖ്യ 35509 ആയിരുന്നു. ഇതിൽ 17431 പുരുഷൻമാരും 18078 സ്ത്രീകളുമാണ്. ആകെ വിടുകൾ 6910 ആണ്. ജനസംഖ്യ ചതുരശ്ര കിലോമീറ്ററിന് 723 ആണ്. 6 വയസ്സിനു തഴെയുള്ള കുട്ടികളുടെ എണ്ണം 4250 ആണ്. ഇതിൽ ആൺകുട്ടികൾ 2121-ഉം പെൺകുട്ടികൾ 2129-ഉം ആണ്. പട്ടികജാതി ജനസംഖ്യ 5664 ആണ്. അതിൽ പുരുഷൻമാർ 2805 ഉം സ്ത്രീകൾ 2859 ഉം ആണ്. പട്ടിക വർഗ്ഗക്കാർ 10 പുരുക്ഷൻമാരും 5 സ്ത്രീകളും ഉണ്ടെന്ന് 91 സെൻസസ് രേഖയിൽ കാണുന്നു. ആക്ട് ജനങ്ങളിൽ 10337 പേർ സാക്ഷരരാണ്. ഇതിൽ പുരുക്ഷൻമാരും സ്ത്രീകളു മാകുന്നു. എന്നാൽ 1990-ലെ സാക്ഷരതാ പ്രവർത്തന ത്തിനുവേണ്ടി നടത്തിയ സർവ്വെ പ്രകാരം നിരക്ഷരരാണ് പഞ്ചായത്തിലുള്ളത്. ഇതിൽ % വരെ സാക്ഷരരാകാൻ കഴിഞ്ഞു.

വിദ്യാഭ്യാസസ്ഥാപനങ്ങുടെ കാര്യത്തിൽ ജില്ലയിൽ മുന്നോക്കം നിൽക്കുന്ന പഞ്ചായ ത്താണിത്. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടെങ്കിലും പഠനനിലവാര ത്തിൽ പിന്നോക്കമാണ്. ഈ സ്ഥിതി വിശേഷം വളരെ അടിയന്തിരമായി മാറ്റിയെടുക്കേ ണ്ടതുണ്ട്.

അഭ്യസ്ഥവിദ്യരുടെ തൊഴില്ലായ്മ വലിയൊരു പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകികൊണ്ടേ ഇതു പരിഹരിക്കാനാകൂ.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷിയായിരുന്നു. പ്രധാനതൊഴിൽ കൃഷിയുമാണ്. അത് ആദായകരമല്ലാത്തതോടെ മറ്റു രംഗങ്ങ ളിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. പ്രധാനമായും കെട്ടിട നിർമ്മാണ രംഗത്തേക്കാണ് മാറ്റം. പരമ്പരാഗതതൊഴിലുകളായ കുട്ട, വട്ടി, പനമ്പ്, മൺപാത്രനിർമ്മാണം, ഓലക്കുട നിർമ്മാണം, ഇരുമ്പുപണി (കൊല്ലപ്പണി) എന്നിവയിൽ തൊഴിലവസരം വളരെ കുറഞ്ഞുവരുന്നു. അഭ്യസ്ഥവിദ്യരിൽ കൂടുതൽ തെഴില്ലായ്മ അനുഭവിക്കുന്നത് സ്ത്രീകളാണ്. തൊഴിലെടുക്കാൻ ശേഷിയുള്ള നല്ലൊരു വിഭാഗത്തിന് സ്ഥിരമായി തൊഴിലില്ല.

ജാതിപരമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നു. എങ്കിലും അതിനെതിരായി പുരോഗമന പ്രസ്ഥാനങ്ങൾ നടത്തിയ ബോധവൽക്കരണവും സമരങ്ങളും മതനിരപേക്ഷ സംസ്ക്കാരത്തിന്റെ വളർച്ചക്ക് സഹായകമായി.

താഴ്ന്ന ജാതിക്കാരെ ക്ഷേത്രത്തിൽ പ്രവേശിപ്പിച്ചുകൊണ്ട് അയിത്തത്തിനെതിരായി ഉജ്ജ്വലമായി പ്രതികരിച്ച ചരിത്രമുണ്ട്. ഇതിന്റെയെല്ലാം ഫലമായി അതനിരപേക്ഷ സംസ്കാരം താഴ്ന്നതും ഉയർന്നതുമായ ജാതികളിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

കലാസാംസ്കാരിക രംഗത്തും മോശമല്ലാത്ത ചരിത്രം ഈ പ്രദേശത്തിനുണ്ട്. മാർക്കണ്ടേ യനാടകം, ഹരിച്ചന്ദ്ര നാടശം, ആര്യമാലക്കളി, പൊറാട്ടു നാടകം, പാവക്കൂത്ത്, ക്ഷേത്രാനുഷ്ഠാ നകലകൾ, പുള്ളുവൻ പാട്ട്, കളമെഴുത്തുപാട്ട്, തിരുവാതിരക്കളി എന്നിവയ്ക്ക് അന്ന് സർവ്വത്ര പ്രചാരം ഉണ്ടായിരുന്നു. എന്നാൽ ഇവയെല്ലാം ഇന്ന് നാശോന്മുഖമായിരിക്കുന്നു. പണ്ടുകാലത്ത് വായനശാലകളും കലാസമിതികളും കലാസാം സ്കാരിക രംഗത്ത് ശക്തമായ സ്വാധീനം ചൊലുത്തിയിരുന്നു. കലാസമിതികൾ വിപുലമാ യിത്തന്നെ വാർഷികാഘോഷങ്ങൾ ആഘോഷി ച്ചിരുന്നു. എന്നുമാത്രമല്ല സ്വന്തമായി നാടകം സംവിധാനംചെയ്ത് അവതിപ്പിച്ചിരുന്നു, ചില കലാസമിതികൾ അന്ന് തമിഴ് നാടകങ്ങളായിരുന്നു ഏറെയും.

ജലപ്രകൃതി

ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ പെയ്യുന്നത്. കോരയാർ പുഴയും വണ്ടിത്തോടും നിരവധികുളങ്ങളും ചേർന്നതാണ് ഉപരിതല ജലസ്രോതസ്സ്.

ശുദ്ധജലക്ഷാമം നേരിടുന്ന പഞ്ചായത്താണിത്. പൊതുവിൽ കിണറിൽ

നിന്നാണ് ശുദ്ധജലം ലഭിക്കുന്നത്. മിക്ക കിണറുകളും വേനൽക്കാലത്ത് വറ്റിപ്പോകുന്നതിനാൽ ജലക്ഷാമം രൂക്ഷമാണ്. ഉയർന്ന പ്രദേശങ്ങളിലും സമതലങ്ങളിൽ ചില ഭാഗത്തും മണ്ണിനടിയിൽ പാറയായതിനാൽ ജലലഭ്യത വളരെ കുറവാണ്. ഇക്കാരണങ്ങളാൽ ശുദ്ധജലക്ഷാമം നേരിടുന്ന നിരവധി പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

സാമൂഹ്യ സാമ്പത്തിക മേഖലകൾ

കൃഷി ജലസേചനം

ആമുഖം :

നമ്മുടെ രാജ്യം ഒരു കാർഷിക രാജ്യമാണ്. 70% ആളുകളും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നു. നമ്മുടെ നാട്ടിലെ സാമൂഹിക സാമ്പത്തിക പരിഷ്ക്കാരങ്ങളും ജീവിത ചുറ്റുപാടുകളും മാറ്റങ്ങൾക്ക് വിധേയമായത് കാർഷിക മേഖല യിലൂടെയായിരുന്നു. തികച്ചും പ്രകൃതിയെ മാത്രം ആശ്രയിച്ചുകൊണ്ട് കൃഷിചെയ്യുന്ന സമ്പ്രദായ മായിരുന്നു മുൻകാലങ്ങളിൽ നിലവിലു ണ്ടായിരുന്നത്. കുറെ അന്ധവിശ്വാ സങ്ങളും അനാചാരങ്ങളും ഈ മേഖലയിൽ നിലനി ന്നിരുന്നു. ഉദാഹരണത്തിന് അതി വൃഷ്ടിയോ വരൾച്ചയോ വിളനാശങ്ങളോ പകർച്ചവ്യാധിയോ മറ്റോ ഉണ്ടായാൽ അത് ദൈവകോപമായി വിശ്വസിച്ചിരുന്നു. ഇതിന് പരിഹാരമായി മന്ത്രവാദങ്ങളും ആട്, കോഴി എന്നിവയെ ബലിനൽകികൊണ്ട് ഹോമങ്ങളും പൂജകളും വിവിധജാതിയിലുള്ള മന്ത്രവാദികൾ വ്യത്യസ്ഥ രീതിയിൽ നടത്തിവരുന്നു.

നമ്മുടെ പഞ്ചായത്തിൽ മാണിക്കത്ത്, വടവട്ടത്ത്, ചോണ്ടത്ത്, അങ്കരാത്ത്, ഗുഡലൂർമഠം, മണക്കാട്ട്, കോഴിക്കോട്ട് കിഴക്കേകോവിലകം, എക്കണത്ത്, കേനാത്ത്, നെല്ലിശ്ശേരി, വടശ്ശേരി തുടങ്ങിയവരാണ് പ്രമുഖ ജന്മി കുടുംബങ്ങൾ. ഇവരുടെ ഭൂമി മുഴുവനും കൃഷിചെയ്തിരുന്നത് കാണക്കുടിയാൻമാരും വെറുമ്പാട്ടകുടിയാൻമാരും മറ്റുമായിരുന്നു.

ആനക്കൊമ്പൻ, സ്വർണ്ണാലി, ഇരപ്പപ്പു ചമ്പാൻ, ചമ്പാൻ, വൃശ്ചികപാണ്ടി, ചിറ്റേനി, ചീര, ചെറുമണി, ചെന്നിനായകം, തവളക്കണ്ണൻ, ആര്യൻ തുടങ്ങിയ ഇനങ്ങളും മറ്റും 165 ദിവസത്തോളം മൂപ്പുള്ള കറുക, പുത്താടൻ കഴമ, വെളുത്തിരികഴമ, രാജകഴമയും മൂപ്പു കുറഞ്ഞ മട്ട ഇനത്തിൽപ്പെട്ട മോഡൻ പറമ്പുവെട്ടൻ എന്നിവയുമായിരുന്നു അന്ന് മുഖ്യമായും കൃഷിചെയ്തിരുന്ന നെല്ലിനങ്ങൾ. ഈ വിളയുടെ ഉല്പാദനം 6 മേനി മുതൽ 12 മേനി വരെ യായിരുന്നു.

കുളങ്ങളുടെ ചുറ്റുപാടിലും തോട്ടോര ങ്ങളിലും പുഴയോരങ്ങളിലും മാത്രമായിരുന്നു രണ്ടാം വിള ഇറക്കിയിരുന്നത്. ജലസേചന സൗകര്യം ഇല്ലാത്ത സ്ഥലത്ത് ഒന്നാംവിള മാത്രമേ ചെയ്തിരുന്നുള്ളു. ഏത്തം പൂട്ടി കൃഷി നനയ്ക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ രാസവളത്തെ കുറിച്ച് അറിവില്ലാ യിരുന്നു. കാലി വളങ്ങൾ, പച്ചില, കടല, വേപ്പ്, ഇരപ്പക്കുരുവിന്റെ പിണ്ണാക്കുകൾ, ചാരം കൂടാതെ കുളങ്ങൾ വറ്റുമ്പോൾ അവയിലെ ചേറും വളമായി ഉപയോഗിച്ചിരുന്നു.

"ജന്മി ചേറ് കാണവളം പാട്ടച്ചാരം"

ജന്മം വകയിൽ ചേറും കാണക്കുടിയായ്മയിൽ കാലിവളങ്ങളും വെറുംപാട്ടവകകളിൽ ചാരവു മാണ് ഉപയോഗിച്ചിരുന്നത്.

കുടിയാൻമാരായ കർഷകർ അവരവരുടെ കൃഷിഭൂമികളിൽ തെങ്ങോ വാഴയോ കമുങ്ങോ പോലുള്ള ദീർഘകാല വിളകളൊന്നും ചെയ്തി രുന്നില്ല. കാരണം ഈ കൃഷിസ്ഥല ങ്ങളൊക്കെ ഏതു സമയത്തു വേണമെങ്കിലും ജന്മിക്ക് ഒഴിഞ്ഞുകൊടുക്കേണ്ടിവരുമെന്ന് ഭയപ്പെട്ടിരുന്നു അതിനാൽ കരുത്തുള്ള വളങ്ങൾ ഉപയോഗിക്കു ന്നതിൽ മേൽപ്പറഞ്ഞ രീതിയിലുള്ള വിവേചനം നിലനിന്നിരുന്നു. ഇന്നത്തെ കൃഷികൾ പലതും ജലസേചനമില്ലാത്തതിന്റെപേരിൽ അന്ന് തരിശു ഭൂമികളായിരുന്നു. 1970 ന് ശേഷം ഭൂപരിഷ്ക്കരണ നിയമത്തിന്റെ ഫലമായാണ് കുഴിക്കൂറ് ചമയങ്ങൾ ഉണ്ടാക്കുവാൻ തുടങ്ങിയത്. തുടർന്ന് തെങ്ങും വാഴയും കമുങ്ങും കിണറുകളും വ്യാപകമായി.

കാർഷികവൃത്തിയോടൊപ്പംതന്നെ കാലിവളർത്തലും പനംകള്ള് ചെത്തും പ്രാചീന തൊഴിലായിരുന്നു. ഭൂരിഭാഗം കർഷകരും കർഷകതൊഴിലാളികളും അതിൽ ഭാഗികമായി

സ്ത്രീകളും ജന്മിമാരിൽ ഒരു വിഭാഗവും കള്ള് ഉപയോഗിച്ചിരുന്നു.

ഒരു ജന്മിയുടെ മണ്ണിൽ താമസിക്കുന്നവൻ ആ ജന്മിയുടെ കീഴിൽ ബന്ധപ്പെട്ട സ്ഥലത്തുതന്നെ ജോലിചെയ്യണം. അവന്റെ മക്കൾ ആ ജന്മിയുടെ കാലി മേയ്ക്കുകയും വേണം. ഇല്ലെങ്കിൽ അവന്റെ കുടിയിരിപ്പ് ജന്മി ഒഴിപ്പിക്കും. സ്ത്രീകൾ മാറുമറയ്ക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നില്ല.

കുടിയാൻമാർക്ക് ജന്മി തൊഴുത്തിൽ വെച്ച് ആഹാരം നൽകും. ആഹാരം കഴിച്ചു കഴിഞ്ഞാൽ പാത്രം കഴുകി അവിടെ തന്നെ കമഴ്ത്തിവെക്കണം. തൊഴിലാളി ക്ഷാമം ഉണ്ടായിരുന്നില്ല. കാർഷികവൃത്തിയിൽ അവർക്ക് താല്പര്യവും ആത്മാർത്ഥതയും പരസ്പര ധാരണയും ഉണ്ടായിരുന്നു.

കാലായ്പണി (കന്നികൊയ്ത്ത്) സമയത്ത് ആണുങ്ങൾ പുലർച്ച 3 മണിക്ക് ഉഴവുപോത്തുകൾക്കും കാളകൾക്കും വെള്ളം ചൂടാക്കിക്കൊടുത്ത് തലേദിവസം കൊയ്ത കണ്ടം മുഴുവൻ പുട്ടിനിർത്തും അതുകഴിഞ്ഞ് വയ്ക്കോൽപ്പണി. ഉണക്കി കുണ്ട (കൂന) ഇടും. അതുകഴിഞ്ഞ് കൊയ്ത്തിനിറങ്ങു. കാലത്തു മുതൽ കൊയ്യാൻ ഇറങ്ങുന്നതുവരെയുള്ള സമയത്ത് പെണ്ണുങ്ങൾ ഞാറുപറിച്ച് ഉഴവാക്കിയിട്ട കണ്ടങ്ങൾ മുഴുവൻ നടുന്നു. അതിന് ചില സ്ഥലങ്ങളിൽ കൂലിയും ചില സ്ഥലങ്ങളിൽ വല്ലിയും (സന്തോഷത്തോടെ കൊടുക്കുന്നത്) ആണ് കൊടുത്തിരുന്നത്.

15 = 1 പറ എന്നതായിരുന്നു അന്നത്തെ പതമ്പ്. അതിൽ ആദ്യം അളക്കുന്ന പറ നെല്ല് 'ലാഭം' അത് എണ്ണത്തിൽ വരില്ല. പതമ്പ് അളന്നുകഴിഞ്ഞാൽ സുമാർ ഒരു പറയോ അതിൽ കൂടുതലോ ഉള്ള നെല്ല് പറചുവടായി ജന്മി എടുക്കും. പുലർച്ച വന്ന് കന്ന് പൂട്ടിയതിന്റെ കൂലി ഒരു ഇടങ്ങഴി നെല്ലാണ്. ഒരു വല്ലി ഞാറ് പറിച്ചാൽ ഒരിടങ്ങഴി നെല്ല് കൂലി. വൈക്കോൽ താമ്പെടുത്ത് ഉണക്കുന്ന പിൻപണിക്ക് ഒരിടങ്ങഴി നെല്ല് അല്ലെങ്കിൽ 'കള്ളുകുടി' എന്നു പറയുന്നു. 1944 ൽ ആണിന് 3 ഇടങ്ങഴി നെല്ലും പെണ്ണിന് രണ്ടിടങ്ങഴി നെല്ലുമായിരുന്നു കൂലി.

ഓണത്തിന് എല്ലാ തൊഴിലാളികൾക്കും സൗജന്യമായി മുണ്ടുകൊടുക്കും. ആയില്ല്യം മകത്തിന് രണ്ടാം ഓണം ആഘോഷിക്കുമ്പോൾ കണ്ടത്തിന്റെ വരമ്പിൽ മൺകട്ട മലർത്തിയിട്ട് അതിൽ അവിൽ ഇടും. ഇതിനെ 'മാക്കട്ട' ഇടുക എന്നാണ് പറഞ്ഞിരുന്നത്. വിഷുവിന് 'അളവ്' കൊടുക്കുക എന്ന സമ്പ്രദായം ഉണ്ടായിരുന്നു. കർഷകതൊഴിലാളി ഒരു പറ നെല്ല് വാങ്ങിയാൽ ആ കളത്തിൽ അക്കൊല്ലം സ്ഥിരം പണിക്കാരനാണ്.

എല്ലാ കുംഭമാസങ്ങളിലുമാണ് ജന്മിക്ക് പാട്ടം കൊടുക്കുന്നത്. ഈ സമയത്ത് അടുത്ത തവണത്തേക്കുള്ള കൃഷിയുടെ പാട്ടം വർദ്ധിപ്പിക്കും. വർദ്ധിപ്പിച്ച പാട്ടം നൽകിയില്ലെങ്കിൽ കുടിയാനെ ഒഴിപ്പിക്കും. കൃഷി ഉണങ്ങിയാലും കടം വാങ്ങിയാണെങ്കിൽപ്പോലും പാട്ടം കൊടുങ്ങണം. ജന്മിയുടെ വീട്ടുമുറ്റത്തുള്ള കരിങ്കൽ തറയിൽ നെല്ല് ഉണക്കി 14 ഉം 15 ഉം പിടിക്കുന്ന പാട്ട പറക്ക് അളന്ന് ജന്മിയുടെ അറയിൽ കൊണ്ട് കൊടുക്കണം ഇതിന് രശീതി നൽകുകയില്ല. വൈക്കോൽപ്പാട്ടം എന്ന സമ്പ്രദായവും മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്നു. വയ്ക്കോൽപ്പാട്ടമായി കിട്ടുന്ന വയ്ക്കോൽ ഉപയോഗിച്ചാണ് ജന്മിയുടെ വീട്ടിലെ പശുക്കളെ വളർത്തിയിരുന്നത്. പാട്ട രശീതി കൊടുക്കാത്തതിന് 1954 ൽ എണ്ണപ്പാടം കേലി എന്നയാൾ മാണിക്കത്ത് അഡ്വക്കറ്റ് നാരായണ മേനോനെ കുത്തി പരിക്കേൽപ്പിച്ച സംഭവം ഉണ്ടായിട്ടുണ്ട്. മാത്രമല്ല എണ്ണപ്പാടം പാണപ്പൻക്കാട് ഭാഗങ്ങളിൽ കുടിയൊഴിപ്പി ക്കലിനെതിരെ സമരങ്ങൾ നടന്നിരുന്നു. കന്നിമാസത്തിൽ 6 കണ്ടു മകരമാസത്തിൽ 4 കണ്ടും പാട്ടം നൽകണം. പങ്കപ്പാട്ടം നൽകാൻ കഴിയാത്തതിനാൽ ചില കുടുംബങ്ങൾ ചിറ്റൂർ ഭാഗത്തേക്ക് താമസം മാറി.

ഓണത്തിനും വിഷുവിനും കാഴ്ചക്കുല കൈനീട്ടം മുതലായവ ജന്മിക്ക് (തമ്പുരാന്) കൊടുക്കണം. ഓണത്തല്ല്, വെറും തല്ല് മുതലായവ ആചരിച്ചിരുന്നു. ഇവയിൽ ജയിച്ചവർക്ക് മുണ്ട് കൊടുത്തിരുന്നു. ഈശ്വരന്റെ കൃപകൊണ്ട് നല്ല

മഴകിട്ടുകയും കൃഷി നന്നാവുകയും ചെയ്യണമെന്ന സങ്കല്പത്തിലാണ് ധനുമാസത്തിലെ 'കതിര്' ആഘോഷിക്കുന്നത്. കാലവർഷം വൈകിയാൽ 'കൊടുംമ്പാവിക്കെട്ടി' വരുണഭഗവാനെ പ്രീതിപ്പെടുത്തുന്ന സമ്പ്രദായം ഉണ്ടായിരുന്നു. ഈ ചടങ്ങിനോടനുബന്ധിച്ച് കൊടുംമ്പാവിയെ ദഹിപ്പിക്കുകയും അതിന്റെ ശേഷക്രിയയും അടിയന്തിരവും വരെ നടത്തുകയും ചെയ്തിരുന്നു!

പൊറാട്ടു നാടകം, ആര്യമാലക്കളി, പാവക്കൂത്ത്, വള്ളിയമ്മ നാടകം തുടങ്ങിയ കലാരൂപങ്ങൾ എഴുത്തും വായനയും ഇല്ലാതെ ഓർമയിൽ നിന്നു മാത്രമാണ് അവതരിപ്പിച്ചിരുന്നത്.

നമ്മുടെ പഞ്ചായത്തിൽ ശാസ്ത്രീയ കാർഷിക മേഖലയിലേക്ക് കാലുന്നുന്നത് 1940 ന് ശേഷമാണ്. ഇക്കാലത്ത് രാസവളം പ്രചാരത്തിലാവുകയും കർഷകർക്ക് അമോണിയം സൾഫേറ്റ് വളം സൗജന്യമായി നൽകുകയും ചെയ്തു. ഈ കാലഘട്ടങ്ങൾക്കു മുമ്പുതന്നെ വണ്ടിത്തോട്ടിൽ സ്വകാര്യ ഉടമസ്ഥതയിൽ അണകൾ (ചിറകൾ) കെട്ടുകയും ചെറിയതോതിൽ ജലസേചന സൗകര്യം ഏർപ്പെടുത്തുകയും ചെയ്തു. കിട്ടുപിള്ള മണിയക്കാരൻ എന്ന ജന്മിയാണ് വണ്ടിത്തോട്ടിൽ ഇന്നു കാണുന്ന തട്ടാൻ, ചാലായി കോവിലകം എന്നീ ചിറകൾ നിർമ്മിച്ചത്. കരിങ്കല്ലുകൊണ്ടുള്ള ക്ലിപ്പുകൾ ഉപയോഗിച്ച് ചക്കരപ്പാവ് മുലപ്പാൽ, പുളത്തൊലി, ചുണ്ണാമ്പ് മുതലായവ ചേർത്താണ് ഇവ നിർമ്മിച്ചിട്ടുള്ളത്. ഇത് കാർഷികരംഗത്ത് ഒരു പുത്തൻ ആവേശം ഉണരുവാനും ഉല്പാദനരംഗത്ത് ധൃതഗതിയിലുള്ള വളർച്ചക്കും കാരണമായി. രാസവള പ്രയോഗവും ജലസേചന സൗകര്യവും വന്നതോടു കൂടി 6 മേനി 7 മേനി എന്ന സ്ഥിതിയിൽ നിന്നും 15 മേനി വരെ വിളവു വർദ്ധിപ്പിച്ചുകൊണ്ട് ഒരു കുതിച്ചുചാട്ടം തന്നെ നടന്നതായി കാണുന്നു.

ജന്മിമാർ ഉണ്ടാക്കിയ കുളങ്ങളെ ആശ്രയിക്കുന്നതിനു പകരം 1952 ൽ വാളയാർ പദ്ധതി പൂർത്തിയായതോടെ കൂടുതൽ ജലസേചന സൗകര്യം ഉറപ്പായി. നല്ല അളവിൽ തന്നെ ഇക്കാലങ്ങളിൽ കാലവർഷവും ലഭിച്ചിരുന്നു. ഇതോടു കൂടി നമ്മുടെ പഞ്ചായത്തിലും മുൻകാലങ്ങളിലെ പ്രാചീന കൃഷിസമ്പ്രദായങ്ങളിൽ നിന്നും ഒരു പുതിയ ഉത്പാദനാധിഷ്ടിത സംസ്കാരം രൂപപ്പെട്ടു. ഇത് അന്നത്തെ സാമൂഹിക സാമ്പത്തിക രംഗത്ത് കാര്യമായ മാറ്റങ്ങൾക്ക് നിദാനമായി. 1950 ന് മുമ്പുള്ള കൃഷിയെല്ലാം തന്നെ താരതമേന്യ രോഗപ്രതിരോധ ശേഷിയുള്ളതായിരുന്നു. ഇന്നു കാണുന്ന മിക്ക രോഗങ്ങളും അന്നു കേട്ടുകേൾവിപോലുമില്ലാത്തതാണ്. കൂടാതെ കൃഷിയിടങ്ങളിൽ സഞ്ചരിക്കുന്ന ഇഡലിക്കടയുമുണ്ടായിരുന്നു. വയലേലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് അതതു സ്ഥലത്ത് വരമ്പുകളിൽ സ്ത്രീകളായ കച്ചവടക്കാർ നാടൻ വട്ടികളിൽ ഇഡലിയും പൊടിയും കച്ചവടം നടത്തിയിരുന്നു ഇതിന്റെ വിലയായി നെല്ലാണ് വാങ്ങിയിരുന്നത്. കറ കളങ്ങളിലും കർഷക തൊഴിലാളി ഭവനങ്ങളിലും ഇവർ കച്ചവടം ചെയ്തിരുന്നു. അക്കാലങ്ങളിൽ ചായക്കടകളുടെ എണ്ണം തുലോം കുറവായിരുന്നു. ഇന്ന് ആ സമ്പ്രദായം നിലവിലില്ല.

കാർഷികവിളകൾ

മുൻകാലങ്ങളിൽ നെല്ല് മുഖ്യ വിളയായും നിലക്കടല, കരിമ്പ്, പരുത്തി, ചോളം, ഉഴുന്ന്, എള്ള്, കൊള്ള് (മുതിര) ചാമ, കോറ, തെന തുടങ്ങിയവയായിരുന്നു കാർഷിക വിളകൾ. എന്നാൽ ഇന്ന് സോയാബീൻ, തെങ്ങ്, പച്ചക്കറികൾ, മൾബറി തുടങ്ങിയവ കൂടി ഉൾപ്പെടുന്നു.

പ്രശ്നങ്ങൾ

നെല്ല്: ജൈവവളത്തിന്റെ അഭാവം മൂലം മണ്ണിന്റെ ഫലഭൂയിഷ്ഠിത നഷ്ടപ്പെട്ടുവരുന്നു. തന്മൂലം വിളവ് കുറയുകയും പുതിയ പുതിയ രോഗങ്ങൾ ബാധിക്കുകയും ചെയ്യുന്നു. മണ്ണ് പരിശോധിക്കുകയും രാസവളം, കീടനാശിനി, കുമിൾ നാശിനി എന്നിവ ഉപയോഗിക്കേണ്ടുന്ന വിധത്തെ സംബന്ധിച്ച് കർഷകർക്കുള്ള തെറ്റിദ്ധാരണയും അജ്ഞതയും ഇതിന് കാരണ

മാകുന്നു. നല്ലയിനം വിത്തിനങ്ങൾ, വളം, കീടനാശിനി, കുമിൾ നാശിനി തുടങ്ങിയവ വേണ്ട സമയത്ത് കിട്ടുന്നില്ല.

പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലുള്ള പൊതുകുളങ്ങൾ വേണ്ടത്ര വേണ്ടത്ര അറകുറ പണി ചെയ്യായ്മയും, അശ്രദ്ധയും ഒരു ന്യൂനതയാണ്. ജലസേചനത്തിന്റെ കുറവ് കാര്യമായ പ്രതിസന്ധിതന്നെയാണ്. ഇത് കാർഷികോല്പാദനത്തിൽ മുരടിപ്പിനിടയാക്കുന്നു. നിലവിലുള്ള ജലസേചന പദ്ധതികളുടെ മെയിൻ കനാലുകളും ബ്രാഞ്ചുകനാലുകളും യഥാസമയം ചളി നീക്കം ചെയ്യാത്തത്, പൊട്ടപ്പൊളിഞ്ഞു കിടക്കുന്ന ഷട്ടർ, സ്ലൂയിസ് മുതലായവ യഥാസമയങ്ങളിൽ അറകുറ പണികൾ ചെയ്യാതിരിക്കുന്നത് ജല ദുർവിനിയോഗത്തിനും ജല നഷ്ടത്തിനും കാരണമാകുന്നു. അണക്കെട്ടുകളിൽനിന്നും ജലം തുറക്കുന്നതിനും, വിതരണത്തിനും, കൃഷി ഡിപ്പാർട്ടുമെന്റും ജലസേചനവകുപ്പും കർഷക പ്രതിനിധികളും തമ്മിൽ ഒരു ഏകീകൃത നയമില്ല. ഇതുമൂലം ആവശ്യമുള്ള സ്ഥലങ്ങളിൽ വെള്ളമെത്താതെ കൃഷി ഉണങ്ങുന്നതും വെള്ളമുള്ള സ്ഥലങ്ങളിൽ തന്നെ അധിക ജലം പാഴായിപോകുന്നതോടൊപ്പം കൃഷിയിടങ്ങളിൽ ശീതളിപ്പ് കൂടി ഉല്പാദന ക്ഷമത കുറയുന്നു. ജല ദുർവിനിയോഗം കുറകരമാക്കി കൊണ്ടുള്ള നിയമത്തിന്റെ കുറവ്, അല്ലെങ്കിൽ അത് നടപ്പിലാക്കാത്തതിന്റെ കുറവ് ഒരു പോരായ്മയായി അവശേഷിക്കുന്നു. ഡാമുകളിലെ ജല വിതാനം കൃത്യമായി കൃഷിക്കാരെ അറിയിക്കുകയോ, വെള്ളത്തിന്റെ ലഭ്യതക്കനുസരിച്ച് കൃഷി ഇറക്കുന്നതിന് വേണ്ട കൂടിയാലോചന നടത്തുകയൊ ചെയ്യുന്നില്ല.

തൊഴിലാളികളുടെ കുറവ് ഈ മേഖലയിൽ കാര്യമായി മുരടിപ്പ് സൃഷ്ടിക്കുന്നു. യഥാസമയം വളം ഇറക്കുന്നതിനോ, നടുന്നതിനോ, കളപറിക്കുന്നതിനോ ആളെ കിട്ടാത്ത സാഹചര്യം നിലവിലുണ്ട്. ഇതി യഥാസമയങ്ങളിൽ വിള ഇറക്കുന്നതിനും മറ് പരിചരണങ്ങൾ ചെയ്യുന്നതിനും തടസമാകുന്നു. ഇതുമൂലം ഉല്പാദനത്തെ നേരിട്ട് ബാധിക്കുന്നു.

യന്ത്രവത്കരണം കാർഷികരംഗത്ത് അനിവാര്യമാണ് അതിനാൽ ചെറിയ തുണ്ട് ഭൂമികളിൽപോലും ഉപയോഗിക്കുവാൻ പറ്റുന്ന വിധത്തിൽ സൗകര്യപ്പെടുത്തികൊണ്ട് പുതിയ പുതിയ യന്ത്രങ്ങൾ കാർഷിക മേഖലയിൽ കണ്ടുപിടിച്ച് പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു. കൂടാതെ ഇത്തരം യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ ലളിതമായ നടപടി ക്രമങ്ങൾക്ക് രൂപം നൽകണം.

കാലാവസ്ഥ പ്രവചനം സംബന്ധിച്ച് പ്രദേശിക തലത്തിൽ പത്ര മാധ്യമങ്ങൾ, റേഡിയോ, ദൂരദർശൻ മുഖേന കൃത്യവും മുടങ്ങാതെയും വിശദ വിവരങ്ങൾ കർഷകരിൽ എത്തിക്കണം.

വിളവെടുപ്പു സമയത്ത് വേണ്ടത്ര വിപണി കിട്ടുന്നില്ല. കൂലി അരവ് മില്ലുകൾ അടക്കം 50 ൽ കൂടുതൽ റൈസ്മില്ലുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. സ്വകാര്യ മില്ലു മുതലാളിമാരുടെ താൽപര്യത്തിനു വിധേയമായികൊണ്ട് കുറഞ്ഞ വില നിശ്ചയിച്ച് സംഭരിക്കുകയും, ആ വിലയിൽ തന്നെ ഇടത്തട്ടുക്കാരുടെ പിടിച്ചുപറികൂടി കഴിഞ്ഞ ശേഷമുള്ള തുകയാണ് കർഷകന്റെ കൈകളിൽ എത്തുന്നത്. നെല്ലു സംഭരണം സ്വകാര്യ മില്ലുടമകളുടെ കുത്തകയായതിനാൽ ന്യായമായ വില കർഷകന് കിട്ടുന്നില്ല. ഈ പഞ്ചായത്തിൽ കർഷകർക്കുകൂടി പ്രാധിനിത്യമുള്ള സഹകരണാടി സ്ഥാനത്തിൽ ഒരു നെല്ലു സംഭരണ, സംസ്കരണ കേന്ദ്രത്തിന്റെ കുറവ് സ്വകാര്യ മിൽ മുതലാളിമാർ പരമാവധി ചൂക്ഷണം ചെയ്യുന്നു. കേരള സർക്കാർ തീരുമാനപ്രകാരം എലപ്പുള്ളി സർവ്വീസ് സഹകരണ ബാങ്ക് നെല്ല് സംഭരണം തുടങ്ങിയത് കർഷകന് മെച്ചപ്പെട്ട വില നെല്ല് അളന്ന ഉടനെ ലഭിക്കുന്നത് വളരെയേറെ സഹായകമാണ്.

തെങ്ങ്:

തെങ്ങുകൃഷി നമ്മുടെ പഞ്ചായത്തിൽ വ്യാപകമാവുന്നത് 1970 ലെ ഭൂപരിഷ്ക്കരണ നിയമം

നടപ്പിലായതിനു ശേഷമാണ്. എന്നിരുന്നാലും തനിവിളയായി തോട്ടങ്ങളുടെ രൂപത്തിൽ വ്യാപകമായിട്ടില്ല. നെൽവയലുകളുടെ വരമ്പിലും വീട്ടുപറമ്പിലുമാണ് സാധാരണയായി തെങ്ങു കൃഷി ചെയ്യുന്നത്.

തെങ്ങുകൾക്കു വരുന്ന രോഗങ്ങളെക്കുറിച്ചും അതിന്റെ പ്രതിവിനികളെ കുറിച്ചും കർഷകർ വേണ്ടത്ര ബോധവാൻമാരല്ല. തെങ്ങ് നടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിത്തു തേങ്ങ തെരഞ്ഞെടുക്കുന്നതുൾപ്പെടെ യഥാർത്ഥത്തിൽ മനസിലാക്കുന്നില്ല. ഇതു സംബന്ധമായ ബോധവൽകരണം കർഷകർക്ക് വേണ്ടത്ര ലഭിക്കുന്നില്ല എന്നത് ഒരു വസ്തുത തന്നെയാണ്. തെങ്ങു കൃഷി പുനരുദ്ധീകരിക്കുവാൻ സർക്കാരിൽ നിന്നും കിട്ടുന്ന വിവിധ പദ്ധതികളെക്കുറിച്ചും കർഷകർ അജ്ഞരാണ്.

നാളികേരം, ചകിരി, ചിരട്ട, മട്ട തുടങ്ങിയവയുടെ വിപുലമായ ഉപയോഗം കർഷകർക്കു ബോദ്ധ്യപ്പെടുത്തിക്കൊടുക്കുകയും അതിനനുബന്ധമായ വ്യവസായങ്ങൾ തുടങ്ങാൻ കൃഷി വകുപ്പും വ്യവസായ വകുപ്പും തമ്മിൽ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമില്ലായ്മ ഈ മേഘലയെ അനാവശ്യമാക്കിക്കുന്നു. നാളികേര ഉല്പന്നങ്ങളുടെ പഞ്ചായത്തു തല പ്രദർശനങ്ങൾ, ഉല്പാദനാദിഷ്ഠിത മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നില്ല. നാമമാത്രമായ മുന്നു സ്വകാര്യ ഓയിൽ മില്ലാണ് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഇതിന്റെ പ്രവർത്തനങ്ങൾ തൃപ്തിതരമല്ല. വർഷക്കാലങ്ങളിൽ കൊപ്ര ഉണക്കുന്നതിനുള്ള സൗകര്യമിൽ. കൊപ്ര ഡ്രൈയർക്ക് വേണ്ടത്ര പ്രചാരണം കിട്ടിയിട്ടില്ല. നമ്മുടെ പഞ്ചായത്തിലെ തെങ്ങു കൃഷി നെൽപാടങ്ങളിലെ വരമ്പിലും തോട്ടങ്ങളിലുമായി സുമാർ 800 ഹെക്ടർ ഉള്ളതായി കാണുന്നു. കൂടുതൽ സ്ഥലങ്ങളിൽ തെങ്ങുകൃഷി ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ ആരായുകയും അനുയോജ്യമായ സ്ഥലങ്ങളിൽ തെങ്ങുകൃഷി തുടങ്ങാനും, പ്രായം ചെന്ന ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ കണ്ടെത്തി അവയെ വെട്ടിമാറ്റാനും പകരം പുതിയ തൈകൾ നടുന്നതിനു വേണ്ട പദ്ധതികൾ നടപ്പിലാക്കണം. തെങ്ങു കൃഷിയുടെ വ്യാപ്തി വർദ്ധിക്കുന്ന സാഹചര്യത്തിൽ തെങ്ങുകൃഷി വികസന സമിതികൾക്ക് പഞ്ചായത്തുതലത്തിൽ പ്രശക്തി വർദ്ധിക്കുന്നു. തെങ്ങു കൃഷിക്ക് ആവശ്യമായ നവീനരീതിയിലുള്ള ജലസേചന പദ്ധതികൾ ചിലവു കുറഞ്ഞരീതിയിൽ ലഭ്യമല്ലാത്തത് ഒരു പോരായ്മയാണ്. തെങ്ങു കൃഷിയെ സംബദ്ധിച്ചും, തെങ്ങുകയറ്റത്തെ സംബദ്ധിച്ചും, തെങ്ങും അനുബന്ധ ഉല്പന്നങ്ങളും അതിന്റെ അനുബന്ധ വ്യവസായസാദ്ധ്യതകളെ കുറിച്ചും കൂടുതൽ പേരും അജ്ഞരാണ്.

പച്ചക്കറി:

ഭൂരിഭാഗം വീടുകളിലും പച്ചക്കറി ഉപയോഗിക്കപ്പെടുന്നു വെങ്കിലും, വരമ്പുകളിൽ നിന്നും ലഭിക്കുന്ന വെണ്ട, പയറ്, വഴുതന, തുവര എന്നിവ മാത്രമാണ് കൃഷിചെയ്യപ്പെടുന്നത്. എല്ലാ വ്യാഴാഴ്ചകളിലുമുള്ള പാറചന്തയിൽ നിന്നാണ് ഒരാഴ്ചക്കു വേണ്ട പച്ചക്കറികൾ ജനങ്ങൾ വാങ്ങുന്നത്. സാധാരണ ഒരു കുടുംബത്തിന് ഒരാഴ്ചയ്ക്കു 25 രൂപയുടെ പച്ചക്കറി കണക്കാക്കിയാൽ Rs.25 X 9,000 കുടുംബങ്ങൾ X 52 ആഴ്ച = 1,17,00000/- ഒരു കോടിയിലധികം രൂപ പച്ചക്കറി ഇനത്തിൽ മാത്രം നമ്മുടെ പഞ്ചായത്തിൽ നിന്നും തമിഴ്നാട്ടിലേക്ക് ഒഴുകുന്നുണ്ട്. ഈ സമ്പത്ത് ചോർച്ച തടയുന്നതിന് പച്ചക്കറി കൃഷി വിപുലമാക്കേണ്ടിയിരിക്കുന്നു. ഉല്പാദനത്തോടൊപ്പം തന്നെ സംഭരണ വിപണന സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തിയാൽ കർഷകർക്കും വീട്ടമ്മമാർക്കും ഉത്സാഹത്തോടെ മുന്നോട്ടുവരുന്ന ഒരു രംഗമാണിത്.

വാഴകൃഷി:

ധാരാളം വാഴപ്പഴങ്ങളും, നേന്ത്രപ്പഴങ്ങളും വാഴയിലയും ഉപയോഗിക്കപ്പെടുന്ന ഒരു പഞ്ചായത്താണെങ്കിലും ഇവയെല്ലാംതന്നെ തമിഴ് നാട്ടിൽ നിന്നാണ് വരുന്നത്. പഞ്ചായത്തിന്റെ

തേനാരി, പള്ളത്തേരി തുടങ്ങിയ പ്രദേശങ്ങൾ വാഴകൃഷി അതിവിപുലമായി ചെയ്യാൻ പറ്റിയ പ്രദേശങ്ങളാണ്.

രോഗ പ്രതിരോധ ശക്തിയുള്ള വാഴക്കന്നുകൾ ലഭ്യമാക്കുക, വാഴ രോഗങ്ങളെപ്പറ്റിയും നിവാരണ മാർഗ്ഗങ്ങളെപ്പറ്റിയും കർഷകരെ പഠിപ്പിക്കുക, കൃഷിയിടങ്ങളിൽ തന്നെ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുക. വാഴയില, കുലകൾ എന്നിവയ്ക്ക് വിപണനസൗകര്യം ഒരുക്കുക എന്നീ കാര്യങ്ങൾ ശ്രദ്ധിച്ചാൽ മാത്രം മതിയാകുന്നതാണ്.

മറ്റു വിളകൾ

നിലക്കടല, കരിമ്പ്, സോയാബീൻ, മൾബറി, ഇഞ്ചി, പയറുവർഗ്ഗങ്ങൾ തുടങ്ങിയവ ഈ പഞ്ചായത്തിൽ കഷിചെയ്യുന്നുണ്ട്.

നിക്കടല: പഞ്ചായത്തിന്റെ വടക്കു കിഴക്കൻ മേഖലകളിലാണ് കൂടുതലായി നിലക്കടല കൃഷി ചെയ്യുന്നത്. സുമാർ 500 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്നതായി കൃഷിഭവൻ രേഖകളിൽ കാണുന്നു. ജലസേചന സൗകര്യങ്ങൾ പരിമിതമായ തോതിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ ഈ കൃഷി കൂടുതൽ വ്യാപകമായി ചെയ്യാൻ കഴിയും. കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലുള്ള ഓയിൽ മിൽ ഏജന്റുമാരാണ് വാങ്ങികൊണ്ടു പോകുന്നത്.

കരിമ്പ്: സുമാർ 100 ഹെക്ടർ കരിമ്പുകൃഷി ചെയ്തുവരുന്ന കരിമണ്ണു കലർന്ന വടക്കുകിഴക്കൻ പ്രദേശങ്ങളിൽ കരിമ്പു കൃഷിക്ക് കൂടുതൽ സാധ്യതകളുണ്ട്. പഞ്ചസാരയുടെയും, ബെല്ലത്തിന്റെയും ഉപഭോഗം കണക്കിലെടുത്താൽ നമ്മുടെ പഞ്ചായത്തിൽ കൂടുതൽ സ്ഥലങ്ങളിൽ കരിമ്പുകൃഷി വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യ ക്തത മനസിലാവും. കരിമ്പു ഉൽപാദകരിൽ ഭൂരിഭാഗവും പഞ്ചായത്തിൽ തന്നെയുള്ള പഞ്ചസാര ഫാക്ടറിക്കാണ് നൽകുന്നത്. ഇങ്ങനെ നൽകുന്ന കരിമ്പിന് മതിയായ വില ലഭിക്കുന്നില്ല എന്ന കർഷകരുടെ പരാതി നിലനിൽക്കുന്നു. ചിറ്റൂർ ഷുഗർ ഫാക്ടറിയുടെ മേൽനോട്ടത്തിൽ കരിമ്പുകൃഷി വ്യാപിപ്പിക്കുന്നതിനു വേണ്ട പ്രോൽസാഹനം എന്ന നിലക്ക് വായ്പാ സൗകര്യങ്ങൾ, വിത്തു കരിമ്പ്, രാസവള വിതരണം തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നുണ്ടെങ്കിലും ബന്ധപ്പെട്ട വകുപ്പുദ്യോഗ സ്ഥൻമാരുടെ സേവനങ്ങളെറ്റി പരാതികളേ റെയാണ്. ഒരു വിഭാഗം കർഷകർ സ്വന്തമായി കരിമ്പാട്ടി ബെല്ലം ഉണ്ടാക്കുകയും പാലക്കാട്ട്, പൊള്ളാച്ചി തുടങ്ങിയ കമ്പോളങ്ങിൽ നേരിട്ടു വില്ക്കുകയും ചെയ്യുന്നു.

ജലസേചനം കുറഞ്ഞ പ്രദേശങ്ങളിൽ സോയാബീൻ, എള്ള്, കൊള്ള്, (മുതിര) മുതലായവ കൃഷിചെയ്യുന്നു. സോയാബീൻ സംഭരിക്കുന്നതും, വിത്തു നല്കുന്നതും കോയമ്പത്തൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ''ശക്തി'' ഗ്രൂപ്പു കമ്പനിയുടെ കുത്തകയാണ്.

ജലസേചനം

പഞ്ചായത്തിലെ ഭൂരിഭാഗം കൃഷിയും വാളയാർ അയക്കെട്ടിലാണ്. 3691-98 ഏക്കർ. വാളയാർ അയക്കെട്ടു കഴിഞ്ഞാൽ തൊട്ടു താഴെ ചാലായ വിയറാണ്. ഈ സിസ്റ്റത്തിൽ കൂടി 444.89 ഏക്കർ സ്ഥലത്ത് ജലസേചനം ചെയ്യുന്നു. പൊന്നമ്പിള്ള സിസ്റ്റത്തിൽ കൂടി 441.94 ഏക്കറും വണ്ടിത്തോട് സിസ്റ്റത്തിൽ 129.83 ഏക്കറും തട്ടാൻ അണയിൽ 83.41 ഏക്കറും, വനഭോജന സിസ്റ്റത്തിൽ കൂടി 59.48 ഏക്കറും, കുന്നുംകാട്ടുപതിനേരിട്ട് 15.4 ഏക്കറിലും ജലസേചനം നടത്തുന്നു. കൂടാതെ കുന്നക്കാട്ടു പതികനാൽ വാളയാർ കനാലിൽ ബന്ധിപ്പിക്കുന്നതു വഴി 1000 ത്തിൽ അധികം ഏക്ര സ്ഥലത്ത് ജലസേചനം നടത്തുവാൻ കഴിയുമെങ്കിലും തമിഴ്നാട് സർക്കാരുമായി പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ യഥാസമയം പുതുക്കാത്തതിനാലും നിലവിൽ ലഭിച്ചുകൊ ണ്ടിരിക്കുന്ന വെള്ളം അനിയന്ത്രിതമായി ദുരുപയോഗം നടക്കുന്നതി നാലും പ്രതീക്ഷ ക്കൊത്തവിധം ജലസേചനം നടത്തുവാൻ കഴിയുന്നില്ല. ഇതിനെ ഗൗരവ മായിതന്നെ കാണേണ്ടിയിരിക്കുന്നു. എന്നിരു ന്നാലും വിവിധ ജലസേചന പദ്ധതികളിലൂടെയായി 4866.93 ഏക്കർ സ്ഥലത്ത് ജലസേചനം

നടത്തുവാൻ കഴിയുന്നു. മുകളിൽ പറഞ്ഞ പദ്ധതികളിലെല്ലാം തന്നെ കുറെ മറെ വാട്ടർ മാനേജ്മെൻറ് നടത്തിയാൽ കുറെ സ്ഥലങ്ങളിൽ കൂടി ജലസേചിതമാക്കുവാൻ കഴിയും.

ഇതിനെല്ലാം പുറമേയാണ് സ്വകാര്യ കുളങ്ങളും കിണറുകളും, ബോർവെല്ലുകളും ജലസേചനത്തിനായി ഉപയോഗിക്കുന്നത്. ഇതിനായി കൂടുതലും വൈദ്യുതി മോട്ടോർ പമ്പുകളും കുറഞ്ഞ തോതിൽ ഡീസൽ പമ്പുസെറ്റുകളുംഉപയോഗിക്കുന്നു. വേനൽ ക്കാലങ്ങളിലെ പവർക്കട്ട് ഇത്തരത്തിലുള്ള ജലസേചന രീതിയെ പ്രതികൂലമായി ബാധിക്കുന്നു.

ഈ പഞ്ചായത്തിലുള്ള തോടുകൾക്ക് തടയണ ഇല്ലാത്തതിനാൽ മഴക്കാലം കഴിയുന്നതോടു കൂടി വരൾച്ചയെ അഭിമുഖീകരിക്കുന്നു. 2500 മില്ലീ മീറ്റർ മഴ പെയ്യുന്നുണ്ടെങ്കിലും ദിവസങ്ങൾക്കുള്ളിൽ തന്നെ ഈ വെള്ളമത്രയും കുത്തിയൊലിച്ച് കടലിൽ ഒഴുകി എത്തുന്നു. അനുയോജ്യമായ സ്ഥലങ്ങളിൽ തടയണ ഇല്ലാത്തതു മുഖ്യ കാരണം. തോട്ടോരങ്ങളിലെ അനധികൃത കൈയേറ്റം ഒരു ഭീഷണിയാണ്.

ജലസേചനവകുപ്പ് ഉദ്യോഗസ്ഥൻമാർ കൃഷി വകുപ്പുമായോ അതതു ഗ്രാമപഞ്ചായത്തുമായോ, കർഷക പ്രതിനിധികളുമായോ ഉള്ള ഒരു ഏകീകൃത പ്രവർത്തന ശൈലി ഇല്ല. ഇതിനാൽ യഥാസമയം അണകൾ തുറക്കുന്നതിനോ, തുറന്നാൽ തന്നെ കൂടുതൽ കൃഷിയിടങ്ങളിലേക്ക് ഉപയുക്തമാ ക്കുന്നതിനോ കഴിയുന്നില്ല. ഇതിനാൽ കുറഞ്ഞ അളവിലെ വെള്ളംകൊണ്ട് കൂടുതൽ സ്ഥലം കൃഷിചെയ്യുക എന്ന ആധുനിക ശാസ്ത്ര നിർദ്ദേശം പാലിക്കാൻ കഴിയാതെ പോകുന്നു. ഇതിൻെറ വ്യക്തമായ ഉദാഹരണങ്ങളാണ്, വാളയാർ കനാൽ, പൊന്നമ്പിള്ള കനാൽ, വനഭോജനം തുടങ്ങി വണ്ടിതോടു സിസ്റ്റത്തിലെ മിക്ക അണകളിലും ചാലുകളിലും ഷട്ടർ പോലുമില്ലാത്ത സ്ഥിതി. വാളയാർ മെയിൻ കനാലിലെ കോരയാർ പുഴ ഭാഗത്തയ് ഉള്ള "സർപ്ലസ്" ഏതു സമയത്തും ലീക്കു ചെയ്ത് പുഴയിലേക്ക് ഒഴുകിപോകുന്നതു തടയാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ കൂട്ടാക്കുന്നില്ല.

ജൈവ വൈവിദ്ധ്യങ്ങൾ

മുന്ന് നാല് ദശകങ്ങൾക്ക് മുമ്പുണ്ടായിരുന്ന വൻമരങ്ങളോ മരക്കുടിലുകളോ ഇന്ന് നാട്ടിൻ പുറങ്ങളിൽപ്പോലും കാണാൻ കഴിയാത്ത വിധത്തിൽ നാശം നേരിട്ടിരിക്കുന്നു. നമ്മുടെ പരിതസ്ഥിതിയിലും കാലാവസ്ഥയിലും ഗുരുതരമായ വ്യതിയാനങ്ങൾ വരുത്താൻ ഇത് കാരണമായിട്ടുണ്ട്. എന്തിനേറെ പറയുന്നു. മുൻകാലങ്ങളെ അപേഷിച്ച് കാലവർഷം തന്നെ കുറഞ്ഞുവരുന്നതായി അനുഭവം തെളിയിക്കുന്നു, മാത്രമല്ല മണ്ണിൽനിന്നും ക്രമേണയായി ജൈവാംശം കുറഞ്ഞുവരുന്നതും കാർഷികോല്പാദനത്തെ സാരമായി ബാധിക്കുന്നു. ഇത് കണ്ടില്ലെന്ന് നടിക്കുന്നത് തികച്ചും മൗഢ്യമായിരിക്കും. മണ്ണൊലിപ്പ് തടയുന്നതിന് വേണ്ടുന്ന പദ്ധതികൾ ഫലപ്രദമല്ല. ഈ വക കാര്യങ്ങളിൽ കർഷ കർക്കുള്ള അവബോധം വളരെ പരിമിതവുമാണ്. ഇത് പ്രകൃതിയെ മൊത്തത്തിലും കാർഷിക മേഖലയെ പ്രത്യേകിച്ചും ബാധിക്കുന്നു. സാമൂഹ്യ വനവൽക്കരണം ഫലവത്താക്കുകയും കാഫല മുള്ള വൃക്ഷങ്ങൾ, പുറമ്പോക്ക് സ്ഥലങ്ങളിൽ വരെ വച്ചുപിടിപ്പിക്കേണ്ടി യിരിക്കുന്നു.

I. പരിഹാരങ്ങൾ നിർദ്ദേശങ്ങൾ

പൊതുവായവ

1. വർഷത്തിൽ ഒരു തവണയെങ്കിലും മണ്ണുപരിശോധന നടത്തുക.

2. രാസവളം, കീടനാശിനി, കുമിൾ നാശിനി, കളനാശിനി തുടങ്ങിയവയുടെ ശരിയായ ഉപയോഗക്രമത്തെപ്പറ്റി കർഷകർക്കിടയിൽ ചർച്ചാക്ലാസ്സുകൾ സംഘടിപ്പിക്കുകയും കാർഷിവിള കളുടെ വിവിധരോഗലക്ഷണങ്ങളെ സംബന്ധിച്ചും ശരിയായ പരിപാലനങ്ങളെ കുറിച്ചും ബോധ വൽക്കരണം നടത്തണം.

3. കൃഷിവകുപ്പ് ഉദ്യോഗസ്ഥൻമാർ കൃഷിസ്ഥലങ്ങൾ സന്ദർശിക്കുന്ന പരിപാടി തുടങ്ങണം. കൃഷിഭവൻ ഉദ്യോഗസ്ഥരും കർഷകരും തമ്മിലുള്ള ബന്ധം കുറെക്കൂടി മെച്ചപ്പെടുത്തണം.

4. അത്യുല്പാദനശേഷിയുള്ള പുതിയ വിത്തിനങ്ങളെക്കുറിച്ച് ഉല്പാദനം, മൂപ്പ്, ഇനം തുടങ്ങിയ മുഴുവൻ വിവരങ്ങളും കർഷകർക്കു മനഃസിലാക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യണം.

5. പഞ്ചായത്തിലെ മുഴുവൻ പൊതു കുളങ്ങളും അറ്റകുറ്റപണികൾ ചെയ്ത് സമീപത്തുള്ള പാടശേഖരസമിതിയേയോ, കാഡാസമിതിയേയോ ഏൽപ്പിച്ചുകൊടുക്കുകയും തുടർന്നുള്ള ജലസംഭരണം, വിതരണം തുടങ്ങിയവ സമിതികളെക്കൊണ്ട് ഏറെടുത്തു ചെയ്യിപ്പിക്കണം.

6. ജലസേചന പദ്ധതികളുടെ പ്രവർത്തനത്തിൽ ഗ്രാമപഞ്ചായത്തു പ്രസിഡണ്ടിനേയും ബന്ധപ്പെട്ട കർഷകസമിതി ഭാരവാഹികളേയും കൃഷിഭവൻ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തണം.

7. ജലസേചനം ആരംഭിക്കുന്നതിന് മുമ്പുതന്നെ മെയിൻ കനാലുകളുടെയും ബ്രാഞ്ചുചാലുകളുടെയും അറ്റകുറ്റപ്പണി പൂർത്തിയാക്കുകയും ജലസേചനത്തിന് യോഗ്യമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

8. ജല സംഭരണത്തിന്റെ തോതു കണക്കാക്കി വിളയിൽ ക്രമീകരണം വരുത്തുന്നതിന് കർഷകരുമായി ആലോചിച്ച് നടപ്പിലാക്കണം.

9. ജലസേചന കനാലുകളിൽ നിന്നും മറ്റും അനധികൃത ചോർത്തൽ ഒഴിവാക്കണം.

10. കർഷകസമിതികൾക്ക് കനാലുകളുടെ അറ്റകുറ്റപ്പണികൾ ഏറെടുത്തു നടത്തുന്നതിനാവശ്യമായ നിയമ ഭേദഗതികൾ ചെയ്യണം.

11. വ്യാപകമായ യന്ത്രവൽക്കരണം പ്രാവർത്തികമാക്കുകയും ഇത്തരം യന്ത്രങ്ങൾ കർഷകർക്കു ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ ഉദാരമാക്കുകയും ചെയ്യണം.

12. കാർഷിക വിജ്ഞാനപ്രദമായ പ്രസിദ്ധീകരണങ്ങൾ കർഷകർക്ക് കൃഷിഭവൻ മുഖേന വിതരണം ചെയ്യുക.

13. വിളവെടുപ്പു സമയത്ത് കാർഷികോല്പന്നങ്ങൾ ഗ്രാമപഞ്ചായത്തുതലത്തിൽ സംഭരിക്കുവാനും ന്യായവില ലഭ്യമാക്കുവാനും ഇടത്തട്ടുക്കാരെ ഒഴിവാക്കുവാനും വേണ്ട സ്ഥിരമായ സംവിധാനം ഉണ്ടാക്കുക.

14. പഞ്ചായത്തു തലത്തിൽ പച്ചക്കറി സംഭരണ വിപണന കേന്ദ്രം തുടങ്ങണം. ഈ കേന്ദ്രം മുഖേന പച്ചക്കറി വിത്തും മറ്റ് സാങ്കേതിക സഹായങ്ങളും നൽകണം.

15. വർഷത്തിൽ ഒരിക്കൽ പഞ്ചായത്തുതല/ ബ്ലോക്കുതല കാർഷികോൽപ്പന്ന പ്രദർശനവും ഉത്പാദനക്ഷമതാ മത്സരവും സംഘടിപ്പിക്കണം.

16. നാളികേരാധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്ക് വേണ്ട സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ നൽകുക. കൊപ്രാഡ്രൈയർ വ്യാപകമാക്കുക.

17. ജൈവവളപ്രയോഗം പ്രാവർത്തികമാക്കുക; ലഭ്യത ഉറപ്പുവരുത്തുക.

18. പ്രായം കൂടിയതും ഉത്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങിനെ മാറ്റി പുതിയ തൈകൾ നടുവാൻ പ്രോൽസാഹിപ്പിക്കുക.

19. തെങ്ങു കൃഷിക്ക് ഡ്രിപ്പ് ഇറിഗേഷൻ ഉൾപ്പെടെയുള്ള നവീന രീതികൾ പ്രയോഗത്തിൽ വരുത്തണം.

20. ഇഞ്ചി, കരിമ്പ്, നിലക്കടല, മൾബറി തുടങ്ങിയ കൃഷികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകണം.

21. ജലസേചനം ഭാഗികമായി ലഭിക്കുന്ന സ്ഥലങ്ങളിൽ ചെയ്യാവുന്ന കൃഷി ഇനങ്ങൾക്ക് പഞ്ചായത്തിന്റെ വടക്ക് കിഴക്കൻ മേഖലയെ പരിഗണിക്കണം. കുഴൽ കിണർ പോലുള്ള ജലസേചനസൗകര്യങ്ങൾ സഹകരണാടി

സ്ഥാനത്തിൽ ഏർപ്പെടുത്തണം.

22. വാളയാർ ഡാമിലേക്ക് M.C.L. മൈൻസിലെ വെള്ളമെത്തിക്കുവാൻ നടപടികൾ സ്വീകരിക്കണം.

23. പഞ്ചായത്തിലെ നിലവിലുള്ള കാഡാ കനാലുകൾ, വാളയാർ കനാലുകൾ , അകം പാടം തോടുകൾ, വണ്ടിത്തോട്, സിസ്റ്റത്തിലെ മുഴുവൻ കനാലുകൾ ജലസേചനയോഗ്യമാണെന്ന് ഉറപ്പുവരുത്തണം. അറ്റകുറ്റപണികൾ ആവശ്യമുള്ള സ്ഥലങ്ങളിൽ കൂടുതൽ മുൻഗണന നൽകി ശരിയാക്കണം.

24. ആളിയാർ പറമ്പിക്കുളം, തമിഴ്നാട് നദീജലകരാർ പുതുക്കണം, കാരപ്പാറ, കുരിയാർകുറ്റി പദ്ധതി നടപ്പിലാക്കണം.

25. കോരയാർപ്പുഴ, വണ്ടിത്തോട്, അകംപ്പാടം, തോടുകൾ എന്നിവ ലെവൽ എടുത്ത് പരിശോധിച്ച് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ തടയണ കെട്ടി വാട്ടർ ടേബിൾ (Water Table) നിലനിർത്തണം.

26. വണ്ടിത്തോട് സിസ്റ്റത്തിലെ വിയറുകളുടെ ഭിത്തികെട്ടിപ്പൊക്കുകയും, സാദ്ധ്യതയുള്ള സ്ഥലങ്ങളിലെ കനാലുകൾ തമ്മിൽ Link ചെയ്യണം. ഇതുമൂലം ജലം പാഴായി പോകുന്നതും സമയദൈർഘ്യം കുറയ്ക്കാനും കഴിയും.

27. പുറമ്പോക്ക് സ്ഥലങ്ങളിലും സാദ്ധ്യതയുള്ള മറ്റ് സ്ഥലങ്ങളിലും മാവ്, പ്ലാവ്, പുളി തുടങ്ങിയ ഫലവൃക്ഷങ്ങളും, വേപ്പ്, ഉങ്ങ് തുടങ്ങിയ മരങ്ങളും വച്ച് പിടിപ്പിക്കണം.

28. ഡെയിഞ്ച്, പയറ്, പുൽകൃഷി, ശീമകൊന്ന, രാമച്ചം എന്നിവ വരമ്പുകളിലും മറ്റും കൃഷിചെയ്യുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

29. സ്കൂളുകളിൽ പച്ചക്കറി ക്ലബ് നടപ്പിൽ വരുത്തുക.

30. കാർഷികാവശ്യത്തിനുള്ള ബാങ്ക് വായ്പകൾ ഉദാരമാക്കുക.

31. ബയോഗ്യാസ് പ്ലാന്റുകൾ വ്യാപകമാക്കുക.

32. ഭൂവസ്തുക്കളുടെ കൈമാറ്റത്തെ സംബന്ധിച്ച് വില്ലേജോഫീസിലെ T.R. രേഖകളനുസരിച്ച് വ്യക്തികളുടെ പേരിൽ കൈമാറ്റം ചെയ്യാൻ ഒരു സർവ്വെയറെ വില്ലേജ് ഓഫീസിൽ നിയമിക്കുക.

33. കൈവശ ഭൂമിക്ക് പട്ടയം കിട്ടാത്ത പരാതിയിൻന്മേൽ തീർപ്പു കൽപ്പിക്കുന്നതിനു ബന്ധപ്പെട്ട ലാന്റ് ട്രിബ്യൂണൽ താസിൽദാരുടെ ഹിയറിങ്ങ് മാസത്തിലൊരുതവണ പഞ്ചായത്തിൽ വെച്ച് നടത്തണം.

34. പഞ്ചായത്തിലെ പുറമ്പോക്കിലും, മിച്ചഭൂമിയിലും ഉള്ള മുഴുവൻ കുളങ്ങളും പുനരുദ്ധീകരിച്ച് ഉപയോഗമാക്കണം.

35. പട്ടയം ലഭിക്കാത്ത കൈവശക്കാർക്ക്, പട്ടയം ലഭിക്കുന്നതിനുവേണ്ടി പട്ടയവിതരണ മേള നടത്തണം.

36. വാളയാർ ഡാമിൽ നിന്നും പുഴയിൽ കൂടി വെള്ളമൊഴുകി മെയിൻ കനാലിൽ എത്തുന്നതു വരെയുള്ള സുമാർ 6 K.M. ദൂരം പുഴയിൽ കൂടി വെള്ളം ഒഴുകുന്ന ഭാഗത്ത് കനാൽ നിർമ്മിച്ച് വെള്ള പാഴ്ചിലവ് ഓഴിവാക്കണം.

37. പറമ്പിലും, വരമ്പിലും, വേലികളിലും, ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിക്കുകയും, കർഷകർക്ക് ഇതു സംബന്ധിച്ച് വിജ്ഞാനം നൽകുകയും, ഉല്പന്നസംഭരണം, വിപണന സൗകര്യം എന്നിവ ഏർപ്പെടുത്തണം.

38. കൃഷി ഭവൻ മുഖാന്തിരം സബ്സിഡിയോടു കൂടി പാടശേകരണ സമിതികൾക്ക് വിതരണം ചെയ്തു കാർഷിക യന്ത്രസാമഗ്രികളുടെ മേൽനോട്ടങ്ങളും, പ്രവർത്തനങ്ങളും വിലയിരുത്തണം.

39. കൃഷിഭവനുകളിൽ മതിയായ ജീവനക്കാരെ നിയമിക്കുകയും കൃഷി ആഫീസർമാർക്ക് മറ്റു

കൃഷിഭവനുകളുടെ കൂടുതൽ ചാർജ്ജ് നൽകുന്നത് ഒഴിവാക്കണം.

40. കാർഷിക ആവശ്യങ്ങൾക്കുള്ള വൈദ്യുതി റള മുൻഗണന നൽകി പരിഗണിക്കുകയും, വൈദ്യുതി നിരക്ക് പൂർണ്ണമായും ഇളവ് ചെയ്യുകയും ചെയ്യണം.

41. നാടൻ കീടനാശിനികളുടെ (പുകയില, വെള്ളം ചാണകവെള്ളം, ചുണ്ണാമ്പുവെള്ളം) പ്രചാരണവും, ബോധവൽക്കരണവും നടത്തണം.

42. പഴം, പച്ചക്കറി കൃഷി വ്യാപകമാക്കുകയും അതിന്റെ സംസ്ക്കരണവും വിപണനവും ബോധവൽക്കരിക്കുകയും, സ്വയം തൊഴിൽ രൂപേണ സാങ്കേതിക, സാമ്പത്തിക സഹായം നൽകണം.

43. വിപണന സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ

ഇളനീർപന്തലുകൾ തുടങ്ങണം.

44. പഞ്ചായത്തു തലത്തിൽ പച്ചക്കറി വിപണനകേന്ദ്രം (മൊത്തമായും. ചില്ലറയായും) സഹകരണാടിസ്ഥാനത്തിൽ തുടങ്ങണം.

ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

1. കോവിലകം അണയുടെ പൊട്ടിപ്പൊളിഞ്ഞ ചാലുകൾ പുനർനിർമ്മിക്കുക.

2. വന ഭോജനം അണ 3 അടി ഉയർത്തുകയും പദ്ധതിയുടെ കേപാടുകൾ തീർത്ത് കനാലിന്റെ സൈഡുകെട്ടി ജലസേചനയോഗ്യമാക്കണം.

3. കോവിലകം ലിങ്കുകനാൽ മുൻഗണന നൽകി നിർമ്മിക്കണം.

4. വണ്ടിതോട്ടിൽ നിന്നും വർഷകാലങ്ങളിൽ കൃഷിയിടങ്ങളിലേക്ക് വെള്ളം കയറുന്ന ഭാഗങ്ങളിൽ സൈഡു കെട്ടി പൊക്കി സംരക്ഷണം നൽകണം.

5. നെല്ലിശ്ശേരി അണയുടെ ഷട്ടർ നേരെയാക്കണം.

6. എണ്ണപ്പാടത്തു കൂടി ഒഴുകുന്ന കാക്ക തോടിന്റെ ആഴവും വീതിയും കൂട്ടി സൈഡ് കെട്ടണം.

7. മണിയേരി ഭാഗത്ത് വാവോലിക്കാട്ടിൽ തടയണ കെട്ടണം.

8. പഞ്ചായത്തു കേന്ദ്രീകരിച്ച് ചപ്പു ചവറുകൾ ഉപയോഗിച്ച് കമ്പോസ്റ്റ് നിർമ്മിക്കണം.

9. വാഴക്കോട്, ശങ്കരനേരി, ചൊരയ്ക്കപ്പള്ളം, ചേമ്പറക്കുളം എലിയപ്പാടം പഞ്ചായത്തുകളും, പരുക്കലുറി ചള്ള, വലിയ ഏരി, കൊട്ടിൽപ്പാറ, പ്ലാസംപതി, കള്ളിയമ്പാറ എന്നിവിടങ്ങളിലെ 4 (നാല്) കുളങ്ങൾ ആഴം കൂട്ടി സൈഡ് കെട്ടുക.

10. കല്ലങ്കാട്ടു മുതൽ ചിലുകു പാളയം വഴി കടന്നു പോകുന്ന കനാൽ രണ്ടു ഭാഗവും കെട്ടുക.

11. ചുട്ടിപ്പാറ നാറാണം തോട്ടിൽ ചെക്ക് ഡാം നിർമ്മിക്കണം.

12. മണ്ണുക്കാട്ട് പാലച്ചിറ ഒടുകം തോട്ടിൽ ചെക്ക് ഡാം നിർമ്മിക്കണം.

13. കുന്നംകാട്ടുപതി K4 സെക്ഷൻ ഇരട്ടകുളം മുതൽ ചെമ്പങ്കത്തുമ്പ് വരെ ലിങ്കു കനാൽ പണിയണം.

14. വാളയാർ മെയിൻ കനാലിൽ പൊന്നൻ പിള്ള ചാലിന്റെ പകുതി ഭാഗം വരെ സൈഡു കെട്ടണം.

15. കാരാട്ടുകളത്തിനും, ചേരുംകാടിനും ഇടയിലുള്ള മിന്നു കല്ലു പാറയുടെ തെക്കുഭാഗത്തുകൂടി പോകുന്ന തോട് 1 1/2 കി.മി. നീളത്തിൽ 2 മീറ്റർ വീതിയിൽ സൈഡു കെട്ടുകയും രണ്ടു ചെക്കു ഡാം നിർമ്മിക്കുകയും ചെയ്യണം.

16. കുൺ കൃഷി, കുറിമുല്ല കൃഷി, പച്ചക്കറികൃഷി ഇവയിൽ താല്പര്യമുള്ളവർക്ക് പഞ്ചായത്തടിസ്ഥാനത്തിൽ പരിശീലനം നൽകണം.

17. മണിയക്കാരൻ പറമ്പിലെ അകംപ്പാടം

കനാലിൽ തടയണ നിർമ്മിക്കണം.

18. പടിഞ്ഞാറെ കുറിയമ്പാക്ക്, കള്ളിമുള്ളി, നോമ്പിക്കോട് - ബ്രാഞ്ചു കനാൽ പണി പൂർത്തിയാക്കുക.

19. ചിന്നത്തോടു പാലം മുതൽ ചിട്ടിപ്പാറവരെ തോടിന്റെ സൈഡ് കെട്ടുക.

20. പഞ്ചായത്ത് മിനി സ്റ്റേഡിയത്തിൽ ഒരു ബോർവെൽ കുഴിച്ച് ജലസേചനസൗകര്യം ഉണ്ടാക്കുക.

21. കുളിയോട് 2ാം സൂയിസ്സ് കാസാ കനാൽ 1000 മീറ്റർ കൂടി വർദ്ധിപ്പിക്കുക.

22. കാസാ കനാൽ കുറ്റൻ കോട്ട ചാമുവിന്റെ കുളത്തിൽ ബന്ധിപ്പിക്കണം.

23. വാളയാർ No. 3 സബ് കനാലിലുള്ള 7ാം നമ്പർ സൂയിസ്സ് താഴെയുള്ള കനാൽ ബണ്ട് ബലപ്പെടുത്തുക.

24. തോട്ടക്കരാർ പാടശേഖരസമിതിക്ക് ഒരു പവർ ടില്ലർ അനുവദിക്കുക.

25. പുതിയ തലമുറക്ക് കൃഷിയും മൃഗസംരക്ഷണവും പോലെ ഉൽപാദനവുമായി ബന്ധപ്പെട്ട തൊഴിൽമേഖലയോട് ആഭിമുഖ്യം വളർത്തുവാനായി സിലബസിൽതന്നെ കൃഷി, മൃഗസംരക്ഷണം ഇവ പഠിപ്പിക്കുകയും പ്രായോഗിക പരിശീലനവും പ്രായോഗിക പരീക്ഷയും നടത്തുകയും വേണം.

26. തെങ്ങുകൃഷി കാര്യക്ഷമമാക്കുന്നതിനും കർഷകർക്കുവേണ്ട സഹായങ്ങളും ഉപദേശ നിർദേശങ്ങളും നൽകുന്നതിന് നിർദ്ദേശിക്കപ്പെട്ട നാളികേര വികസനസമിതി ശരിയായവിധത്തിൽ ഉടനെ രൂപീകരിക്കണം.

കുളങ്ങളുടെ വിവരങ്ങൾ
പട്ടിക – 1

വാർഡ്	കുളങ്ങളുടെ എണ്ണം (വിസ്തീർണ്ണം സെന്റിൽ)						
	10 സെന്റിന് താഴെ	10–20	20–30	30–40	40–50	50 സെന്റിന് മുകളിൽ	കുളങ്ങൾ
1	3	1	1	1	-	7	-
2	3	3	1	-	-	10	-
3	3	2	-	-	-	9	-
4	4	3	4	1	2	8	2
5	-	-	-	1	-	1	-
6	1	1	2	2	1	2	2
7	-	2	1	1	2	2	2
8	-	-	-	1	-	1	-
9	-	2	-	-	-	9	-
10	3	1	3	5	3	14	1
11	2	2	-	-	-	3	3
12	1	1	1	1	2	3	3
13	-	-	2	1	1	1	1
ആകെ	17	18	12	14	11	70	14

ഭൂമി സംബന്ധിച്ച വിവരങ്ങൾ


പട്ടിക - 2

(ഹെക്ടറിൽ)

വില്ലേജ്	നിലം	പുരയിടം	പുറംമ്പോക്ക്	ആകെ
വില്ലേജ് I	3672.69	1925.07	414.71	6012.4
വില്ലേജ് II	3303.44	2092.48	632.96	6028.93
ആകെ	6976.18	4017.55	1047.67	12041.40

പഞ്ചായത്തിലെ വിവിധ വിളകളുടെ വിസ്തീർണ്ണം

പട്ടിക - 3




പട്ടിക – 4
ഭൂവിസ്തൃതി (അണകെട്ടു തിരിച്ച്)

ഗ്രാഫ് ശരിയല്ല

പേര്	വില്ലേജ് I	വില്ലേജ് II	ആകെ
വാളയാർ	1661.33	2030.65	3691.98
ചാലായ്	184.75	260.14	444.89
പൊന്നൻപിള്ള	417.86	24.08	441.94
വണ്ടിത്തോട്	129.83	–	129.83
വനഭോജനം	59.48	–	59.48
കുന്നംകാട്ടുപതി	12.17	3.23	15.40
ആകെ	246542	2318.10	4783.52

അവലംബം. വില്ലേജ് ആഫീസ്

പട്ടിക – 4 A



കൃഷിഭവൻ - എലപ്പുള്ളി

പട്ടിക - 5

വിളക്രമം പാടശേഖരാടിസ്ഥാനത്തിൽ

ക്രമ നമ്പർ	പാടശേഖരത്തിന്റെ പേര്	വിസ്തീർണ്ണം ഹെ.	ഒന്നാം വിള	രണ്ടാം വിള	മൂന്നാം വിള
1	നെയ്തല എരട്ടക്കുളം	199.32	നെല്ല്	നെല്ല്	പയർ
2	കാരാംകോട്	185	"	"	ഡയിഞ്ച പയർ
3	എണ്ണപ്പാടം	154.6	"	"	ഡയിഞ്ച പയർ
4	മണ്ണക്കാട് പലച്ചിറ	145.84	"	"	പയർ പച്ചക്കറി
5	ചേരും കാട്	143.3	"	"	പയർ
6	പള്ളവക്കാട്	138.8	"	"	ഡയിഞ്ച പയർ
7	ചുട്ടിപ്പാറ	123.28	"	"	പച്ചക്കറി
8	എടുപ്പുക്കുളം	118.54	"	"	—
9	തോട്ടക്കര	113.65	"	"	ഡയിഞ്ച
10	തേനാരി	106.9	"	"	ഡയിഞ്ച
11	രാമശ്ശേരി ഊറപ്പാടം	105.38	"	"	—
12	തെട്ടം പള്ളം	96.98	"	"	—
13	പള്ളത്തേരി	92	"	"	—
14	കൊട്ടിൽപ്പാറ	81.76	"	"	പച്ചക്കറി
15	വേങ്ങോടി	54.78	"	"	പയർ
16	കൈതക്കുഴി	54.34	"	"	പയർ
17	ഉപ്പുതോട്	45.84	"	"	—
18	എലിയപ്പാടം	44.40	"	"	—

മൃഗസംരക്ഷണവും മത്സ്യബന്ധനവും

ഒരു കാർഷിക ഗ്രാമമായ എലപ്പുള്ളിയിൽ കൃഷിയുടെ ഭാഗമായിട്ടാണ് കന്നുകാലി വളർത്തൽ ആരംഭിച്ചത്. ഉഴവുമാടുകളേയും പോത്തുകളേയും വളർത്തിയത് നിലമുഴുന്നതിനും, വണ്ടി വലിക്കുന്നതിനുമായിരുന്നെങ്കിൽ, ഗാർഹികാവശ്യത്തിനുള്ള പാലിനുവേണ്ടിയായിരുന്നു പശുക്കളേയും എരുമകളേയും വളർത്തിയിരുന്നത്. ആദ്യകാലങ്ങളിൽ തമിഴ്നാട്ടിലെ കാങ്കയം, തുടിയലൂർ, ചന്തകളിൽനിന്നായിരുന്നു കാലികളെ നമ്മുടെ പഞ്ചായത്തിലേക്ക് വാങ്ങിക്കൊണ്ടുവന്നിരുന്നത്. കാങ്കയത്തിലെ നല്ല സേനാപതി, പട്ടുകോട്ട മന്നാടിയാർ, പഴയകോട്ട മന്നാടിയാർ എന്നിവരുടെ പക്കൽനിന്നുപോലും കന്നുകാലികളെ എലപ്പുള്ളിയിൽ ധാരാളമായി കൊണ്ടുവന്നിരുന്നു എന്ന കാര്യം പഴയ തലമുറക്കാർ ഇന്നും അഭിമാനപുരസ്സരം ഓർക്കുന്നു. അന്നുകാലത്ത് പാലിനായി വളർത്തിയിരുന്നത് ചെറിയയിനം നാടൻ പശുക്കളായിരുന്നു. പണ്ടത്തെ സാമൂഹ്യവ്യവസ്ഥയനുസരിച്ച് ഉപരിവർഗ്ഗത്തിന്റെ ഉടമസ്ഥതയിലായിരുന്നു കൂടുതൽ കന്നുകാലികളും ധാരാളം പുൽമേടുകളും മേച്ചിൽസ്ഥലങ്ങളും ലഭ്യമായിരുന്ന അക്കാലത്ത് 50–100 കന്നുകാലിളെവരെ വളർത്തിയിരുന്നു. തങ്ങളുടെ ഉടമസ്ഥതയിലുള്ള കൃഷിഭൂമിയുടെ വിസ്തൃതിക്കനുസരിച്ച് ഉരുക്കളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടാവുമെങ്കിലും കുറഞ്ഞത് പത്തരകന്നെങ്കിലും ഇല്ലാത്ത കർഷകഭവനങ്ങൾ വിരളമായിരുന്നു. കന്നുകാലി വളർത്തൽ പൂർണ്ണമായും കൃഷിയുമായി ബന്ധപ്പെട്ടിരുന്നു. വീട്ടാവശ്യം കഴിച്ചുള്ള പാൽ മോരാക്കി തണ്ണീർചന്ത വഴി വഴിയാത്രക്കാർക്ക് ചില സമ്പന്നകുടുംബക്കാർ വിതരണം നടത്തിയിരുന്നു. വിപുലമായ വാണിജ്യാടിസ്ഥാനത്തിൽ പാലുൽപ്പാദനം നടത്തിയിരുന്നില്ല. 1950–55 കാലത്ത് ഏറ്റവും നല്ല പശുക്കൾക്ക് 75 രൂപയായിരുന്നു വില എന്നു കേൾക്കുമ്പോൾ നമുക്ക് അത്ഭുതം തോന്നിയേക്കാം.

പഴയ കാലത്ത് ആടുമാടുകൾ വളർത്താൻ പിന്നോക്കവിഭാഗക്കാർക്ക് അനുവാദമുണ്ടായിരുന്നില്ല. എന്നാൽ ഊരുമാടുമേക്കൽ അവരുടെ തൊഴിലായിരുന്നുതാനും ! ഭൂപരിഷ്കരണനിയമം പ്രാബല്യത്തിൽ വന്നശേഷമാണ് പിന്നോക്കവിഭാഗക്കാർ ആടുമാടുകളുടെ ഉടമസ്ഥരായതും, ഉപജീവനത്തിനുള്ള ഒരു തൊഴിൽ എന്ന നിലയിൽ കാലിവളർത്തൽ അവർക്കിടയിൽ വ്യാപിച്ചതും.

കരളടപ്പൻ, ഗോവസൂരി, കുളമ്പ് ദീനം എന്നീ മാരകരോഗങ്ങൾ അക്കാലത്ത് പടർന്നുപിടിച്ചിരുന്നു. ആധുനിക ചികിത്സാ സമ്പ്രദായത്തിന്റെ അഭാവത്തിൽ നാട്ടുവൈദ്യന്മാരാണ് അന്ന് ചികിത്സ നിശ്ചയിച്ചിരുന്നത്. മുറിക്കും മറ്റും സീതനാരങ്ങായുടെ ഇലയും, കുളമ്പുരോഗത്തിന് പുകയില വെള്ളവും, അടപ്പന്, ജീരകം, കരിഞ്ചീരകം., വറ്റൽ മുളക്, തിപ്പലി എന്നിവയടങ്ങിയ കഷായവുമായിരുന്നു പ്രധാന ഔഷധങ്ങൾ. ആട്ടിയ പരുത്തിക്കുരുവും, കാടിവെള്ളവും, പച്ചപ്പുല്ലും ആയിരുന്ന പ്രധാന ഭക്ഷണം. വരിയുടക്കലും, മൂക്കു കുത്തലും സാധാരണമായിരുന്നു.

ഐക്യകേരളം രൂപീകൃതമാവുന്നതിനുമുമ്പ് തമിഴ്നാടിന്റെ ഭാഗമായിരുന്ന നമ്മുടെ പഞ്ചായത്തിൽ തമിഴ്ഭാഷാ ന്യൂനപക്ഷക്കാരും, തമിഴ് സംസ്കാരവും കാർഷികമൃഗസംരക്ഷണമേഖലയിൽ ചെലുത്തിയിട്ടുള്ള സ്വാധീനം അവഗണിക്കാവുന്നതല്ല. തന്മൂലം ഈ മേഖലയിൽ വിചിത്രമായ ഒരുപാട് വിശ്വാസങ്ങളും ആചാരങ്ങളും നിലനിന്നിരുന്നു. വിരിപ്പുരോഗത്തിന് ഒരേ പേരുള്ള മുന്നുപേർ ഇരുഭാഗത്തുനിന്ന് ചാരമിടുക, ഈച്ച വിഴുങ്ങി വയർ മുറുകിയാൽ കോണകം കൊണ്ടു തല്ലി വായു മുറുക്കം ഇല്ലാതാക്കുക എന്നിവ ഇവയിൽ ചിലതു മാത്രം. കർക്കിടകത്തിലെ ആദ്യത്തെ വാവിന് നവധാന്യങ്ങൾ വഴിയിലിടുക, പേച്ചിക്കു കൊടുക്കുക എന്നീ ആചാരങ്ങളും നിലനിന്നിരുന്നു. ആയില്യത്തിന് അരിക്കുറിയും മകത്തിന് മഞ്ഞക്കുറിയും, മകരം ഒന്നിന് പട്ടിപ്പൊങ്കലും ഇന്നും നിലനിന്നുവരുന്ന ആചാരങ്ങളാണ്.

അടുത്തകാലം വരെ പശുക്കളെ ദൈവീകമായ പരിവേഷമണിഞ്ഞ് ആരാധിച്ചിരുന്നു. വീടിനു കിഴക്കുവശത്ത് ഗൃഹനാഥന് കണി കാണാൻ പാക ത്തിലായിരുന്നു തൊഴുത്തുകൾ. ഗോമൂത്രവും പശു വിൻ ചാണകവും ചേർന്ന പഞ്ചഗവ്യം ചില അമ്പല ങ്ങളിൽ നിവേദ്യമായി ഇന്നും ഉപയോഗിക്കുന്നു.

നെയ്തല, നോമ്പിക്കോട്, ഉതുവക്കാട് ഭാഗ ങ്ങളിലെ "അകമ്പാരികൾ" പാൽ വിറ്റ് ഉപജീവനം കഴിച്ചവരായിരുന്നു. പാലക്കാട് പട്ടണത്തിൽ വെണ്ണ യും നെയ്യും വിൽക്കാൻപോകുന്ന 'പാൽക്കാരികൾ' ഇന്നും കോവിൽപാളയത്തുണ്ട്.

യന്ത്രവൽക്കരണത്തിന്റെ ആവിർഭാവത്തോടെ കാളയും, കാളവണ്ടിയും നാമമാത്രമായി. നാടൻ ഇനങ്ങൾ അപ്രത്യക്ഷമായി.

പാലിനും മാംസത്തിനും വേണ്ടി ആടുവളർ ത്തിയിരുന്നത് അധികവും മുസ്ളീങ്ങളായിരുന്നു. ഹിന്ദു-മുസ്ളീം ഭേദമില്ലാതെ ഇന്നും ഭക്ഷണമായു പയോഗിക്കുന്ന വസ്തുവാണ് ആട്ടിറച്ചി.

വീടുകളിൽ ഒറ്റപ്പെട്ട നിലയിലാണ് കോഴിവളർ ത്തൽ ആരംഭിച്ചത്. പുരത്തിണ്ണയോടുചേർന്നു മൺകൂടുകളിലാണ് കോഴികളെ അടച്ചിരുന്നത്. വലിയ കൂടകളിൽ വൃത്താകൃതിയിൽ അടുക്കി വെച്ചാണ് മുട്ട വിരിയിക്കുക. കോഴിവസന്തക്ക് മണ്ണെ ണ്ണ കൊടുക്കുക, വെള്ളം കുടിക്കാതിരുന്നാൽ ചതുരക്കള്ളി കൊടുക്കുക എന്നിവയാണ് പഴയ ചികിത്സാരീതികൾ. നാടൻകോഴികൾ മാത്രമേ അന്നുണ്ടായിരുന്നുള്ളൂ. മുട്ട വിൽക്കുന്നത് പൊതു വിൽ പോരയ്മ്മയായി കണക്കാക്കിയിരുന്നു. വിവിധ പ്രദേശങ്ങളിലെ കാക്കകൾ ഒന്നുചേരുന്ന ഒരു വലി യ കാക്കസങ്കേതം നോമ്പിക്കോടുണ്ട്. ആയിരക്കണ ക്കിന് കാക്കകൾ ഇവിടെ ഒന്നു ചേരുന്നു. പിന്നോക്ക വിഭാഗത്തിൽപെട്ടവർക്ക് അന്ന് കന്നുകാലികളെ വളർത്താൻ അവകാശമുണ്ടാ യിരുന്നില്ല. ഊരുമാട് മേയ്ക്കലായിരുന്നു അവരുടെ പ്രധാന തൊഴിൽ ഭൂപരിഷ്കരണനിയമം വന്നതിനു ശേഷമാണ് ഇവരിൽ ചിലർ കന്നുകാലികളുടെ ഉടമസ്ഥരായത്. IRDP വായ്പാ സൗകര്യം ലഭിച്ചതു മുതലാണ് പട്ടികജാതിക്കാർ ഈ രംഗത്ത് പ്രവേശിച്ചത്.

1952ൽ കമ്മ്യൂണിറ്റി പ്രൊജക്റ്റിന്റെ കീഴിലാണ് പഞ്ചായത്തിൽ ആദ്യമായി ഒരു മൃഗാശുപത്രി നിലവിൽ വന്നത്. അന്ന് "സിന്ധി" വർഗ്ഗത്തിൽപെട്ട കാളകളെ നിർത്തി പ്രത്യുൽപ്പാദനത്തിന് ഉപയോഗിച്ചിരുന്നു.

റോഡ് ഐലന്റ് റെഡ്, വൈറ്റ് ലഗോൺ തുടങ്ങിയ കോഴികളുടെ ഒരു ഫാമും അന്നുണ്ടാ യിരുന്നു. ശ്രീ പൊന്നൻപിള്ളയുടെ കുടുംബക്കാർ സംഭാവന ചെയ്ത കെട്ടിടത്തിലാണ് ഇന്ന് മൃഗാശു പത്രി പ്രവർത്തിക്കുന്നത്. ഈ സ്ഥാപനത്തെ ഒരു വെറ്ററിനറി സർജന്റെ ചുമതലയിലുള്ള ഒരു മൃഗാശുപത്രിയായി ഉയർത്തിയത് 1956ലാണ്. ഒരു ഗാനമേള നടത്തി ഫണ്ട് സ്വരൂപിച്ച് ആശുപത്രിക്ക് ചുറ്റുമതിൽ നിർമ്മിച്ച ഡോ. ലാസർ, മൃഗസംര ക്ഷണവകുപ്പ് കമ്മീഷണറായി പ്രവർത്തിച്ചിരുന്ന ഏലപ്പുള്ളി മനവഴി വീട്ടിലെ ഡോ. എം.എൻ. മേനോൻ എന്നിവരുടെ സേവനങ്ങളും പ്രശംസ നീയമാണ്.

ഏകദേശം 40 വർഷം മുമ്പുതന്നെ നോമ്പി ക്കോട് ഒരു പാൽ സഹകരണസംഘം പ്രവർ ത്തിക്കുന്നു. ഈ രംഗത്തെ പ്രശ്നങ്ങളേയും സാദ്ധ്യതകളേയും വിലയിരുത്തുന്നതിനുമുമ്പ് നിലവിലുള്ള സംവിധാനങ്ങളേയും, വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പദ്ധതികളേയും ഒന്ന് അവലോകനം ചെയ്യാം.

ഒരു വെറ്ററിനറി ഡിസ്പെൻസറി, ഒരു ICDP സബ് സെന്റർ, ആറ് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ (അതിലൊന്ന് വനിതകളുടേതു മാത്രം), 12 ബ്രോയിലർ ഫാമുകൾ, രണ്ട് ആടുവളർത്തൽ കേന്ദ്രങ്ങൾ, ഒരു എരുമവളർത്തൽ ഫാം, ധാരാളം മിനി ഡയറി യൂണിറ്റുകൾ എന്നിവ യാണ് മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾ. ഈ കേന്ദ്രങ്ങളിൽ നടക്കുന്ന സംഘടിതശ്രമങ്ങളുടെ ഭാഗമായി ഉല്പാദനക്ഷമതയിലും വർദ്ധനവു ണ്ടായിട്ടുണ്ടെങ്കിലും, ഈ രംഗത്ത് നമ്മുടെ പഞ്ചായത്ത് സ്വയം പര്യാപ്തതയിൽ എത്തണ

മെങ്കിൽ ഇനിയും എത്രയോ ദൂരം പിന്നിടേണ്ടതുണ്ട്. 1993ൽ MRCMPUവിന്റെ ഏറ്റവും നല്ല ക്ഷീരോല്പാദകനുള്ള അവാർഡ് നേടിയ എണ്ണപ്പാടത്തെ ശ്രീ. ജോസ് പ്രകാശിനെപ്പോലെ സ്ഥിരോത്സാഹവും, കഴിവും പ്രാപ്തിയുമുള്ള കുറേപ്പേരെകൂടി ഈ രംഗത്തേക്ക് ആകർഷിക്കാൻ കഴിഞ്ഞാൽ അസൂയാവഹമായ നേട്ടങ്ങൾ കൈവരിക്കാൻ നമ്മുടെ പഞ്ചായത്തിന് കഴിയും. കഞ്ചിക്കോട് വ്യവസായമേഖലയുടേയും പാലക്കാട് പട്ടണത്തിന്റേയും സാമീപ്യം ഈ രംഗത്തെ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നു.

6. പാൽ സംഘങ്ങളിലും കൂടി ഏകദേശം 2665 ലിറ്ററും സ്വകാര്യപാൽക്കച്ചവടക്കാർ സംഭരിക്കുന്ന പാലുംകൂടി പ്രതിദിനം ഏകദേശം 5,000 ലിറ്റർ പാൽ പാലക്കാട്ടേയ്ക്ക് അയക്കുന്നുണ്ട്. ഈ ഇനത്തിൽ ലിറ്ററിന് 10 രൂപവെച്ച് കണക്കാക്കിയാൽപോലും ഒരു ദിവസം 50,000 രൂപ ഈ ഇനത്തിൽ പഞ്ചായത്തിൽ വരവുണ്ട്. വർഷത്തിൽ 1,82,50000 രൂപ വരവുള്ളതായി കണക്കാക്കാം. ഏറ്റവും ഒടുവിലത്തെ കണക്കുപ്രകാരം 9155 വീടുകളാണ് ഈ പഞ്ചായത്തിൽ ഉള്ളത്. പാലുല്പാദനസൗകര്യമുള്ള വീടുകൾ ഇതിൽ 5,000 എന്ന് കണക്കാക്കിയാൽപോലും വീടിന് 5 ലിറ്റർ എന്ന കണക്കിൽ പ്രതിദിനം 25,000 ലിറ്റർ പാൽ ഉല്പാദിപ്പിക്കാൻ കഴിയും. വരുന്ന കഞ്ചിക്കോട്ടെ വ്യവസായകേന്ദ്രത്തിന്റേയും പാലക്കാട് പട്ടണത്തിലേയും വർദ്ധിച്ചുവരുന്ന ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഈരംഗത്ത് ഇനിയും എത്രയോ സാദ്ധ്യത ഉണ്ടെന്ന് കാണാം. ഇന്നുള്ളതിന്റെ ഇരട്ടി സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ഉല്പാദനം എത്രയോ മടങ്ങ് വർദ്ധിപ്പിക്കാൻ കഴിയും.

അത്തരമൊരു സാഹചര്യത്തിൽ പാൽ സംസ്കരണ ഉപകേന്ദ്രം, പാൽ ഉല്പന്നങ്ങളുടെ നിർമ്മാണം, കാലിത്തിറ്റ ഫാക്ടറി ഇങ്ങനെ ഒട്ടേറെ വികസനസാദ്ധ്യത ഈ രംഗത്തുതന്നെ ഉണ്ടെന്ന് കാണാം.

നടപ്പുപദ്ധതികളുടെ അവലോകനം

മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ താഴെ പറയുന്ന പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്നു.

1. ജനിതകഗുണമുള്ള പശുക്കുട്ടികളെ പരിചരിക്കുന്നതിനും, അവയുടെ ആദ്യപ്രസവം 30-ാം മാസത്തിനുള്ളിൽ സാദ്ധ്യമാക്കുന്നതിനും അവക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനും ഉദ്ദേശിച്ചുള്ള കന്നുകുട്ടി പരിപാലനപദ്ധതി.

2. അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ ഉന്മൂലനം ചെയ്യുന്നതിനും, പേവിഷം നിർമ്മാർജ്ജനം ചെയ്യുന്നതിനുംവേണ്ടി നടത്തുന്ന പേവിഷ നിയന്ത്രണപദ്ധതി.

3. കാലിവസന്തക്കെതിരെ പ്രതിരോധകുത്തിവെയ്പുകൾ നടത്തി കാലിവസന്ത നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി.

4. കുളമ്പുരോഗനിയന്ത്രണപദ്ധതി

5. വിജ്ഞാനവ്യാപനത്തിനും പരിശീലനത്തിനും ആയി നടപ്പിലാക്കുന്ന വിജ്ഞാനവ്യാപന പദ്ധതി.

6. മൃഗചികിത്സാ പദ്ധതി

7. ഗ്രാമീണ ക്ഷീരവികസനത്തിനും, ബീജ സങ്കലനത്തിനുമുള്ള പദ്ധതി

8. മലബാറി ആടുകളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ആടുവളർത്തൽ പദ്ധതി.

9. മുയൽ ഉല്പാദനപദ്ധതി

10. ഇറച്ചിക്കോഴിവളർത്തൽ

11. വീട്ടുവളപ്പിൽ കോഴി, താറാവ്, കാട എന്നിവ വളർത്തുന്നതിനുള്ള പദ്ധതി.

12. സമീകൃതാഹാരപദ്ധതി

13. കന്നുകാലി പ്രദർശനം

14. വന്ധ്യതാപരിശോധനാക്യാമ്പുകൾ, കർഷകസമ്പർക്കപരിപാടികൾ

പ്രശ്നങ്ങൾ

മേൽ സൂചിപ്പിച്ച പദ്ധതികളുടെ പോരായ്മകളുടേയും, ഗ്രാമസഭകളിൽനിന്നുയർന്നുവന്ന അഭിപ്രായങ്ങളുടേയും അടിസ്ഥാനത്തിൽ മൃഗസംരക്ഷണരംഗത്ത് നമ്മുടെ പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങളെ താഴെ പറയുംവിധം സംഗ്രഹിക്കാം.

1. പഞ്ചായത്തിൽ നിലവിലുള്ള മൃഗചികിത്സാകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യമില്ലായ്മ.

രോഗനിർണ്ണയത്തിനുള്ള ആധുനികസംവിധാനങ്ങളോ, ലബോറട്ടറി, ജലം, വൈദ്യുതി എന്നീ സൗകര്യങ്ങളോ ആശുപത്രികളിൽ ലഭമല്ല.

2. കർഷകരുടെ സാമ്പത്തിക പരാധീനതകൾ.

3. പല വാർഡുകളിൽനിന്നും, പ്രത്യേകിച്ച് 1ഉം, 2ഉം വാർഡുകളിൽനിന്ന് മൃഗാസ്പത്രിയിലേക്കുള്ള ദൂരക്കുടുതൽ.

4. പഞ്ചായത്തിലെ മൃഗഡോക്ടർമാരുടെ എണ്ണക്കുറവ്

5. നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത.

6. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ഉല്പന്നങ്ങളുടെ സംരണം, സംസ്കരണം, വിതരണം എന്നീ രംഗങ്ങളിലെ പോരായ്മകൾ.

7. ധനകാര്യസ്ഥാപനങ്ങളുടെ താൽപ്പര്യക്കുറവ്.

8. മേച്ചിൽപ്പുറങ്ങളുടെ കുറവ്

9. ഉല്പാദനചെലവിന്റെ വർദ്ധനവ്

10. അത്യുൽപ്പാദനശേഷിയുള്ള ജനുസ്സുകളുടെ കുറവ്

11. കർഷകരുടെ ശ്രദ്ധ പശുക്കളിൽ കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ എരുമകൾ, ആടുകൾ എന്നിവയുടെ എണ്ണം കുറയാനിടയാക്കിയ സാഹചര്യം.

12. തീറ്റപ്പുൽ കൃഷിയിലുണ്ടായ മാന്ദ്യം

13. കാലിത്തീറ്റ ഉല്പാദനത്തിനാവശ്യമായ അസംസ്കൃതവസ്തുക്കളുടെ ലഭ്യതയിലുള്ള കുറവ്

14. കാലിത്തീറ്റ രംഗത്തേയ്ക്കുള്ള ബഹുരാഷ്ട്രകുത്തകകളുടെ കടന്നുകയറ്റം.

15. ഈ രംഗത്തേയ്ക്ക് കടന്നുവരാനുള്ള അഭ്യസ്തവിദ്യരുടേയും, വനിതകളുടേയും വിമുഖത.

കന്നുകാലി വളർത്തലിനെക്കുറിച്ച് കർഷകർക്കു നൽകുന്ന പരിശീലനങ്ങളുടെ കുറവ്.

17. കൃത്രിമ ബീജധാനസൗകര്യങ്ങളുടെ കുറവ്.

18. അലഞ്ഞുതിരിഞ്ഞുനടക്കുന്ന പട്ടികളെ ഉന്മൂലനം ചെയ്യുന്നതിന് ആവശ്യമായ സ്ഥിരം സംവിധാനത്തിന്റെ അഭാവം.

പരിഹാരനിർദ്ദേശങ്ങൾ :

പഞ്ചായത്തിന്റെ സമ്പദ്ഘടനയിൽ സുപ്രധാന പങ്കുവഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണം. അതിനാൽ ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവരുടെ സജീവശ്രദ്ധ പതിയേണ്ടതുണ്ട്. അതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. നിലവിലുള്ള മൃഗാശുപത്രികളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുകയും, ആധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

2. അത്യുൽപ്പാദനശേഷിയുള്ള പശുക്കളെ വാങ്ങുന്നതിന് കർഷകർക്ക് ധനസഹായം ലഭ്യമാക്കുക.

3. പഞ്ചായത്തിലെ 1, 2 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു സബ്സെന്റർ സ്ഥാപിക്കുക.

4. എല്ലാ വാർഡുകളിലും കൃത്രിമ ബീജദാന സൗകര്യം ഏർപ്പെടുത്തുക.

5. പാൽ സൊസൈറ്റികൾ ഇല്ലാത്ത എല്ലാ വാർഡുകളിലും അവ ആരംഭിക്കുക.

6. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

7. സബ്സിഡി നിരക്കിൽ ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമാക്കുക.

8. മൃഗഡോക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുകയും ക്ഷീരോൽപ്പാദനകേന്ദ്രങ്ങളിലും പാൽ സൊസൈറ്റികളിലും അവരുടെ സേവനം ലഭ്യമാക്കുകയും ചെയ്യുക.

9. കന്നുകാലികളെ വളർത്തുന്നതിനും, അനുബന്ധ തൊഴിലുകൾക്കും മതിയായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

10. കന്നുകാലി വളർത്തലിനെക്കുറിച്ച് കർഷകർക്ക് പരിശീലനം നൽകുക.

11. പഞ്ചായത്ത് തലത്തിൽ ഒരു മൃഗസംരക്ഷണ വികസനസമിതി രൂപീകരിക്കുക. പഞ്ചായത്തിന് നടപ്പാക്കാനും കഴിവുള്ള ഒരു സമിതിയാവണം ഇത്. ഇതിനാവശ്യമായ പ്രതിനിധ്യം ഉറപ്പുവരുത്തണം.

12. മൃഗസംരക്ഷണമേഖലയിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ സാങ്കേതികവിദ്യയും, മാനേജ്മെന്റ് സങ്കേതങ്ങളും പ്രയോജനപ്പെടുത്തി ഈ മേഖലയുടെ സമഗ്രവികസനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

13. തൊഴിൽരഹിതർ, പട്ടികജാതിക്കാർ, വനിതകൾ എന്നിവരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നതിനാവശ്യമായ പ്രചാരണപ്രവർത്തനങ്ങൾ നടത്തുക.

14. കാലിത്തീറ്റ-കോഴിത്തീറ്റ എന്നിവയുടെ ഉല്പാദനവിതരണത്തിന് പഞ്ചായത്ത്തലത്തിൽ സംവിധാനം ഏർപ്പെടുത്തുക.

16. പഞ്ചായത്തുതലത്തിൽ വാണിജ്യാടിസ്ഥാനത്തിൽ രണ്ട് ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക. ഈ യൂണിറ്റുകളെ അടിസ്ഥാനമാക്കി ഒരു ചില്ലിംഗ് പ്ലാന്റും, വനിതകളാൽ നിയന്ത്രിക്കപ്പെടുന്ന ഒരു വിപണനകേന്ദ്രവും സ്ഥാപിക്കുക.

17. വനിതാ സഹകരണ പശുവളർത്തൽ കേന്ദ്രം

ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് റജിസ്റ്റർ ചെയ്തതും സഹകരണാടിസ്ഥാനത്തിൽ വനിതകൾ നടത്തുന്നതുമായ ഒരു പശുവളർത്തു കേന്ദ്രം ആരംഭിക്കുക. ഇതിന് ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട് DWCRAയുടെ ധന സഹായം ലഭ്യമാക്കാവുന്നതാണ്.

18. കിടാരി വളർത്തൽ യൂണിറ്റ്

മേൽത്തരം സങ്കരവർഗ്ഗകിടാരികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണിത്.

19. മിനി ഡയറി യൂണിറ്റ്

മൂന്നു പശുക്കളടങ്ങുന്നതാണ് ഈ യൂണിറ്റ്. പദ്ധതിയുടെ പകുതി. ബാങ്ക് വായ്പയും, നാലിലൊന്ന് ധനസഹായവുമായിരിക്കണം. ബാക്കി ഗുണഭോക്താവിന്റെ വിഹിതമാകാം.

20. അടുക്കളമുറ്റത്തെ കോഴിവളർത്തൽ

45 ദിവസം പ്രായമുള്ള 5 മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വീട്ടമ്മമാർക്ക് നൽകുക. അടുക്കളയിലെ ആഹാരാവശിഷ്ടങ്ങൾ നൽകി ഇവയെ വളർത്താം. എഗ്ഗർ നഴ്സറിയിൽനിന്നോ മൃഗാശുപത്രി മുഖേനയോ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാം.

21. എഗ്ഗർ നഴ്സറി

ഗുണമേന്മയുള്ള 1 ദിവസം പ്രായമുള്ളതുമായ കോഴിക്കുഞ്ഞുങ്ങളെ ശാസ്ത്രീയരീതിയിൽ വളർത്തി, വിപണനത്തിന് തയ്യാറാക്കുകയാണ് പരിപാടി. പരിശീലനം നേടിയ യുവാക്കളെ ഉപയോഗിച്ച് 500 കുഞ്ഞുങ്ങൾ വീതമുള്ള യൂണിറ്റുകൾ ഓരോ വാർഡിലും തുടങ്ങാം.

22. സ്കൂൾ പൌൾട്രി ക്ലബ്ബ്

താൽപ്പര്യമുള്ള ഒരദ്ധ്യാപകന്റെ നേതൃത്വത്തിൽ സ്കൂൾ കുട്ടികൾക്കായി സ്കൂളുകളിൽ പൌൾട്രി ക്ലബ്ബ് രൂപീകരിക്കുക. കുട്ടികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യശീലവും, കോഴിവളർത്തലിൽ താല്പര്യവും ഉണ്ടാകും. 5 രൂപ അംഗത്വഫീസ് ഈടാക്കാവുന്നതാണ്. ഗുണഭോക്താക്കളായ കുട്ടികൾക്ക് 60 ദിവസം പ്രായമുള്ള മൂന്ന് മുട്ടക്കോഴിക്കുഞ്ഞുങ്ങൾ സൌജന്യമായി നൽകണം.

23. വ്യാവസായികാടിസ്ഥാനത്തിൽ മുട്ടക്കോഴി വളർത്തൽ

ഈ തൊഴിലിൽ താൽപ്പര്യമുള്ള സാമ്പത്തിക ശേഷിയുള്ള കർഷകർ, ഗൾഫിൽനിന്ന് മടങ്ങിയെത്തുന്ന തൊഴിൽരഹിതർ എന്നിവരെ ഏകോപിപ്പിച്ച് മുട്ട ഉൽപാദനവിപണനസഹകരണ സംഘങ്ങൾ സ്ഥാപിക്കുക. 5000 കോഴികളെങ്കിലും ഒരു യൂണിറ്റിൽ ഉണ്ടാവണം. ഇതോടനുബന്ധിച്ച് കോഴിത്തീറ്റ ഉൽപ്പാദനകേന്ദ്രവും സ്ഥാപിക്കാവുന്നതാണ്.

24. ഇറച്ചിക്കോഴിവളർത്തൽ

സ്ത്രീകളുടേയും കുട്ടികളുടേയും ഒഴിവു സമയം ഉപയോഗപ്പെടുത്തി, വീടുകളിൽത്തന്നെ ഇറച്ചിക്കോഴി വളർത്താം. സർക്കാർ ഫാമുകളിൽ നിന്ന് കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാം. ഇവ 7 ആഴ്ച മുതൽ 8 ആഴ്ചക്കുള്ളിൽ ഉപയോഗത്തിനും വിപണനത്തിനും യോഗ്യമാകും. അതിനാൽ വർഷത്തിൽ 5 തവണയെങ്കിലും ഇറച്ചിക്കോഴികളെ വളർത്തിയെടുക്കാം.

കൂടാതെ ഗ്രാമീണവനിതകൾക്കായി ചെറുകിട യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്. സാമൂഹ്യ ക്ഷേമവകുപ്പിൽനിന്ന് ഗ്രാമീണ വനിതാ ശിശുവികസനപദ്ധതിയിൽ ലഭിക്കുന്ന ധനസഹായം ഇതിന് ഉപയോഗപ്പെടുത്താവുന്നതാണ്.

25. ആടുവളർത്തൽ

കുറഞ്ഞ മൂലധനം മുടക്കി വീട്ടമ്മമാരുടേയും കുട്ടികളുടേയും ഒഴിവുസമയവും അദ്ധ്വാനശേഷിയും ഉപയോഗിച്ച് നടപ്പിലാക്കാവുന്ന പദ്ധതിയാണ് ആടുവളർത്തൽ. അതിനാൽ പഞ്ചായത്തിൽ മുട്ടനാടുകളെ വളർത്തുന്ന യൂണിറ്റും മാംസസംസ്കരണ വിപണനയൂണിറ്റും സ്ഥാപിക്കണം.

26. പന്നിവളർത്തൽ

ഗുണമേന്മയുള്ളതും പെട്ടെന്ന് വളരുന്നതുമായ പന്നികളെ വളർത്താൻ കർഷകരെ പ്രോത്സാഹിപ്പിക്കണം. ഹോട്ടൽ അവശിഷ്ടങ്ങൾ ശാസ്ത്രീയമായി ഉപയോഗിച്ചാൽ പന്നി തീറ്റയോടൊപ്പം പരിസരശുചീകരണവും സാദ്ധ്യമാക്കാം.

സമ്മിശ്രമൃഗപരിപാലനം

കൃഷി, പശുവളർത്തൽ, മത്സ്യം വളർത്തൽ, കോഴി-കാടവളർത്തൽ, പന്നിവളർത്തൽ എന്നിവയെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള കൃഷിരീതിയാണിത്. വൈക്കോൽ പശുവിനും, കോഴിക്കാഷ്ഠം പന്നിക്കും, പന്നിക്കാഷ്ഠം മത്സ്യത്തിനും തീറ്റയായി ഉപയോഗിക്കാം. ഇതോടൊപ്പം ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കാം. അതിന്റെ അവശിഷ്ടങ്ങൾ കാർഷികവിളകൾക്കും, പുൽക്കൃഷിക്കും ജൈവവളമായി ഉപയോഗിക്കാം.

27. കാളക്കുട്ടി പരിപാലനം

മൂന്നു മാസം പ്രായമായ 5 കാളക്കുട്ടികളെ തെരഞ്ഞെടുത്ത് 12 മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസത്തിനായി ഉപയോഗിക്കാവുന്ന പദ്ധതിയാണിത്. കാളക്കുട്ടികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകണം.

28. മുയൽവളർത്തൽ

ഹൈസ്കൂൾ ക്ലാസ്സിലെ 50 കുട്ടികളെ തെരഞ്ഞെടുത്ത്, അവർക്ക് ഒരു ആൺമുയലും 2 പെൺമുയലും നൽകുക. ഒരു വർഷം കഴിഞ്ഞ് കുട്ടികൾ ഒരു ജോഡി മുയൽക്കുഞ്ഞുങ്ങളെ തിരികെ പഞ്ചായത്തിന് നൽകണം. ഇവയെ വീണ്ടും മറ്റു കുട്ടികൾക്ക് വിതരണം ചെയ്യാം.

29. കാടക്കോഴി വളർത്തൽ

20 കാടക്കുഞ്ഞുങ്ങൾ വീതമുള്ള ഒരു യൂണിറ്റ് മഹിളാസമാജങ്ങൾ വഴി വീട്ടമ്മമാർക്ക് വിതരണം ചെയ്യുക. കാടമുട്ടയും, ഇറച്ചിയും പഞ്ചായത്ത് വിപണനകേന്ദ്രംവഴി വില്ക്കാനുള്ള സംവിധാനം വേണം. കാടമുട്ട അച്ചാർ നിർമ്മാണവും ലാഭകരമാണ്.

30. ഹാച്ചറി യൂണിറ്റ്

സാമ്പത്തിക സൗകര്യവും സ്ഥലസൗകര്യവുമുള്ള ചെറുപ്പക്കാരെ കോഴി, കാട, താറാവ് എന്നിവ

യുടെ മുട്ട വിരിയിച്ച് കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന ഹാച്ചറികൾ സ്ഥാപിക്കാൻ പ്രോത്സാഹിപ്പിക്കണം.

31. ചിക്-സെക്സിംഗ്-ട്രെയിനിംഗ്

മുട്ടയിൽനിന്ന് കുഞ്ഞ് വിരിഞ്ഞിറങ്ങുന്ന ദിവസം തന്നെ ലിംഗനിർണ്ണയം നടത്തി പുവനേയും പിടയേയും വേർതിരിക്കുന്നതിനുള്ള പരിശീലന പദ്ധതിയാണിത്. ഇവർക്ക് ഹാച്ചറികളിൽ തൊഴിൽ ലഭിക്കും.

32. അറവുശാലകൾ :

ശാസ്ത്രീയമായ അറവുരീതികൾ സ്വീകരിക്കുന്ന ആധുനിക അറവുശാലസ്ഥാപിക്കുക. നിശ്ചിത മാനദണ്ഡം പുലർത്താത്ത അറവുകൾ കർശനമായി നിരോധിക്കുക. ഇവയോടനുബന്ധിച്ച് തുകൽ, എല്ല്, രക്തം എന്നിവയുടെ വ്യാസായികാടിസ്ഥാനത്തിലുള്ള സംസ്കരണ-വിപണന കേന്ദ്രവും സ്ഥാപിക്കാം.

33. കാലിത്തീറ്റ യൂണിറ്റുകൾ

സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കണം. ഇതോടൊപ്പം ഉഴുന്ന്, വാഴ, കടല തുടങ്ങിയ സസ്യങ്ങളെ വിളവെടുപ്പിനുശേഷം കാലിത്തീറ്റയായി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുകയും, കർഷകർക്ക് ബോധവൽക്കരണം നടത്തുകയും വേണം. പഞ്ചായത്തിൽ ഒരു വൈക്കോൽ സംഭരണ വിതരണകേന്ദ്രവും ആരംഭിക്കണം.

34. തേനാരി പോലെ ജലലഭ്യതയുള്ള സ്ഥലങ്ങളിൽ കൊയ്ത്തുകഴിഞ്ഞ് തരിശായി കിടക്കുന്ന പാടങ്ങളിൽ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കണം.

35. അകിടുവീക്കംപോലുള്ള രോഗങ്ങൾ തടയുന്നതിന് നീർവാർച്ചയുള്ള കോൺക്രീറ്റ് തറയോടുകൂടിയ തൊഴുത്തുകൾ നിർമ്മിക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കണം.

36. കറവ പരിശീലനം

ശാസ്ത്രീയമായ രീതിയിൽ കറവ പരിശീലിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കണം. ആവശ്യമെങ്കിൽ ഗുണഭോക്താക്കളിൽനിന്ന് ഒരു നിശ്ചിത ഫീസ് ഈടാക്കാവുന്നതാണ്.

37. മൃഗാസ്പത്രിയോടനുബന്ധിച്ച് ഒരു മാതൃകാ ഡയറി ഫാമും, കോഴി-കാട വളർത്തൽ കേന്ദ്രവും ആരംഭിക്കണം. പറമ്പുകളിൽ മതിലോരങ്ങളിലായി ശീമക്കൊന്ന, പ്ലാവ്, തീറ്റപ്പുൽ എന്നിവ കൃഷി ചെയ്യൽ ജനങ്ങളെ ബോധവൽക്കരിക്കണം.

38. മൃഗസംരക്ഷണമേഖലയിൽ എല്ലാതരം പക്ഷിമൃഗാദികൾക്കും ഇൻഷുറൻസ് പദ്ധതി വ്യാപിപ്പിക്കണം.

39. പഞ്ചായത്തിലെ കാളവണ്ടികൾ പരിഷ്കരിക്കുകയും വണ്ടികൾക്ക് ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യണം.

40. ബയോഗ്യാസ് പ്ലാന്റ് എല്ലാ കർഷകഭവനങ്ങളിലേയ്ക്കും വ്യാപിപ്പിക്കണം. ഇന്നത്തെ ഊർജ്ജ പ്രതിസന്ധിക്ക് ഇതൊരു പരിഹാരവുമാകും.

41. കന്നുകാലികളുടെ ഭ്രൂണമാറ്റത്തിനുള്ള ഒരു കേന്ദ്രം പാറയിൽ ആരംഭിക്കണം.

42. പഞ്ചായത്തിലെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ ഉന്മൂലനം ചെയ്യുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തണം. വളർത്തുനായ്ക്കൾക്ക് കുത്തിവെയ്പ് നിർബന്ധമാക്കണം. എല്ലാ വളർത്തുനായ്ക്കൾക്കും പഞ്ചായത്ത് ലൈസൻസ് നൽകണം.

43. മൃഗസംരക്ഷണരംഗത്തു പ്രവർത്തിക്കുന്ന എല്ലാ കർഷകർക്കും പരിശീലനം നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കണം.

44. കന്നുകാലികളുടെ വന്ധ്യതാനിവാരണത്തിന് ക്യാമ്പുകൾ നടത്തണം.

45. വർഷത്തിലൊരു തവണയെങ്കിലും കന്നുകാലി പ്രദർശനം സംഘടിപ്പിക്കണം.

46. തൊഴിൽരഹിതരായ യുവതീയുവാക്കളെ ഈ രംഗത്തേക്ക് ആകർഷിക്കണം. ആയതിന് മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില നൽകി കർഷകരുടെ ലാഭം വർദ്ധിപ്പിക്കണം. കൂടാതെ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട തൊഴിലുകൾക്ക് സമൂഹം മാന്യത കൽപ്പിക്കുന്ന അവസ്ഥയുണ്ടാവണം. ഈ മേഖലയിലെ കർഷകർക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം നൽകി ആദരിക്കുകയും വേണം.

മത്സ്യബന്ധനം

മത്സ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ചവർ ഏലപ്പുള്ളി പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം. എങ്കിലും, മത്സ്യം വിറ്റ് ഉപജീവനം കഴിക്കുന്ന കുറോപേർ ഈ പഞ്ചായത്തിലുണ്ട്. അവരെ നമുക്ക് "മത്സ്യത്തൊഴിലാളികൾ" എന്ന വിഭാഗത്തിലുൾപ്പെടുത്താം.

നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകുന്ന ഒരു പോഷകനദി, വണ്ടിത്തോട്, ഏതാനും സ്വകാര്യ കുളങ്ങൾ, വാളയാർ വെള്ളം ഒഴുകുന്ന കുറേ കനാലുകൾ ഇവയാണ് പ്രധാന ഉപരിതല ജല സ്രോതസ്സുകൾ. ഇവയിൽ, വേനൽക്കാലത്ത് വസ്ത്രം കഴുകുന്നതിനും ആയിരക്കണക്കിനാളുകൾ ആശ്രയിക്കുന്ന ജലസംഭരണികളാണ് പാറയിലേയും തേനാരിയിലേയും കുളങ്ങൾ. ഈ കുളങ്ങൾ സ്വകാര്യവ്യക്തികളുടെ അധീനതയിലുമാണ്. ശുദ്ധജലമത്സ്യകൃഷിക്ക് അനുയോജ്യമായ വളരെക്കുറച്ച് കുളങ്ങളേ ഇവിടെയുള്ളൂ. ഇവയെല്ലാംതന്നെ പൊതുകുളങ്ങളോ, ക്ഷേത്രക്കുളങ്ങളോ ആണ്. ഇത് മത്സ്യക്കൃഷിയുടെ സാദ്ധ്യത കുറയ്ക്കുന്നു.

മത്സ്യ വിപണനത്തിനുള്ള പൊതുസംവിധാനങ്ങൾ ഇവിടെ കുറവാണ്. ആഴ്ചയിൽ ഒരു ദിവസം നടക്കുന്ന പാറച്ചന്തയിൽ ഉണക്കമീൻ വ്യാപാരം നടക്കുന്നതൊഴിച്ചാൽ മത്സ്യവിപണനത്തിനുള്ള ഒരു പൊതുമാർക്കറ്റ് പഞ്ചായത്തിൽ എവിടേയുമില്ല. അതിരാവിലെതന്നെ സൈക്കിളിൽ പാലക്കാട് നഗരത്തിൽ ചെന്ന് മീൻ വാങ്ങി വീടുകളിൽ വിതരണം ചെയ്യുന്ന കുറേ പേർ ഇവിടെയുണ്ട്. ഗാർഹികാവശ്യത്തിനുള്ള മത്സ്യവിതരണം പ്രധാനമായും ഇവർ മുഖേനയാണ് നടക്കുന്നത്.

പഞ്ചായത്തിലെ ബഹുഭൂരിഭാഗം ജനങ്ങൾക്കും മത്സ്യബന്ധനവുമായി നേരിട്ടു ബന്ധമില്ല. അതിനാൽ ഗ്രാമസഭകളിൽ ഈ പ്രശ്നം ഒരു സജീവ ചർച്ചാ വിഷയമായിരുന്നില്ല എങ്കിലും കുളങ്ങളിൽ മത്സ്യം വളർത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിനുള്ള സാധ്യതകളേക്കുറിച്ചും പഞ്ചായത്തിൽ ഒരു മത്സ്യമാർക്കറ്റ്, കോൾഡ് സ്റ്റോറേജ് എന്നിവ ഉണ്ടാക്കേണ്ട ആവശ്യകതയെക്കുറിച്ചും ചില അഭിപ്രായങ്ങൾ ഉയർന്നു വരികയുണ്ടായി.

പഴയ കാലങ്ങളിൽ കണ്ടിരുന്ന ചെറിയതരം അലങ്കാര മീനുകൾ കുളങ്ങളിൽനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. ചില കുളങ്ങളിൽ കാണുന്ന കണ്ണൻ അഥവാ വരാൽ മത്സ്യങ്ങളെ പിടിച്ച് ആവശ്യക്കാർക്ക് നല്കുന്നത് ചിലരുടെ ഹോബിയാണ്. കൂടാതെ പാറക്കുളത്തിൽ മീൻ കുഞ്ഞുങ്ങളെ വിട്ട് കരാർ അടിസ്ഥാനത്തിൽ മീൻ പിടുത്തക്കാർക്ക് നല്കുന്ന പതിവുമുണ്ട്. കുളങ്ങളിൽ വളരുന്ന മത്സ്യങ്ങൾ, വേനൽക്കാലത്ത് വെള്ളം വറ്റുമ്പോൾ കൊറ്റി, ചെമ്പോത്ത്, പരുന്ത്, എന്നിവയ്ക്ക് ആഹാരമാകുന്നു.

മത്സ്യബന്ധന-വിപണനരംഗത്ത് നമ്മുടെ പഞ്ചായത്തിലുള്ള ചില സാധ്യതകളെക്കുറിച്ച് പരിശോധിക്കാം.

1. പഞ്ചായത്തിലെ പൊതുകുളങ്ങൾ, സ്വകാര്യ കുളങ്ങൾ, കിണറുകൾ എന്നിവയിൽ ജനപങ്കാളിത്തത്തോടെ മത്സ്യക്കൃഷി നടത്താം. കുളങ്ങളെ നാട്ടുകാർക്ക് പ്രയോജനകരമായി മാറ്റുവാനും, കുളങ്ങൾ വൃത്തിയായി സൂക്ഷിക്കുവാനും ഈ "നാട്ടിൻകുളം"പദ്ധതി സഹായിക്കുന്നു.

2. പഞ്ചായത്ത് തലത്തിൽ മത്സ്യഭവനുകൾ സ്ഥാപിച്ച് മത്സ്യബന്ധന-വിപണനപദ്ധതികൾ കാര്യക്ഷമമാക്കാം.

3. ആമ്പൽ, താമരഎന്നിവ വളരുന്ന ചില കുളങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ശാസ്ത്രീയമായി ജലകൃഷിയിലൂടെ നശിച്ചുകൊണ്ടിരിക്കുന്ന ഈ ജൈവസമ്പത്ത് സംരക്ഷിക്കണം. കൂടാതെ, ആമ്പൽ, താമര എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിച്ചാൽ താമരപ്പൂ, താമരക്കിഴങ്ങ്, താമരത്തണ്ട് എന്നിവയുടെ വിപണനം വാണിജ്യാടിസ്ഥാനത്തിൽ നടത്തുകയും ചെയ്യാം.

4. സംസ്ഥാന ജലകൃഷിവികസന ഏജൻസിയിൽനിന്നും സാങ്കേതിക വിദ്യകളിൽ പ്രായോഗിക പരിശീലനവും സാമ്പത്തികസഹായങ്ങളും ലഭ്യമാക്കി ശുദ്ധജലകൃഷിപദ്ധതികൾ വ്യാപിപ്പിക്കണം.

5. ജലസേചന ആവശ്യങ്ങൾക്ക് നിർമ്മിച്ചിട്ടുള്ള ചിറകളും ടാങ്കുകളും മത്സ്യക്കൃഷിക്ക് ഉപയോഗിക്കാം. ജലസേചനത്തിന് തടസ്സം സൃഷ്ടിക്കാത്ത രീതിയിൽ ചിറയ്ക്കു ചുറ്റും താമസിക്കുന്ന കുടുംബങ്ങളെ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാക്കാം.

6. വീട്ടുവളപ്പിലുള്ള ചെറുകുളങ്ങൾ മത്സ്യക്കൃഷിക്ക് ഉപയോഗിക്കാം. വീടുകളിൽനിന്നുണ്ടാകുന്ന വിസർജ്യവസ്തുക്കളും അഴുക്കുവെള്ളവും ജൈവസംഭരണപ്രകിയക്ക് വിധേയമാക്കുന്ന പദ്ധതി കൂടിയാണിത്. വീട്ടുടമസ്ഥന് താല്പര്യമില്ലെങ്കിൽ കുളം വാടകക്കോ, കരാറിനോ മറ്റുള്ളവർക്ക് നല്കി ഈ പദ്ധതി നടപ്പിലാക്കാം.

7. അക്വാ-പെറ്റ് ഷോപ്സ് : അക്വേറിയം മത്സ്യങ്ങളും അക്വേറിയം ഉപകരണങ്ങളും തീറ്റയും വിതരണം ചെയ്യുന്ന പദ്ധതിയാണിത്. മഹിളാ സംഘടനകൾക്ക് നടപ്പിലാക്കാവുന്ന ഒരു പദ്ധതിയാണിത്. മത്സ്യകർഷക വികസന ഏജൻസിയിൽനിന്നും സാങ്കേതികസഹായവും ലഭ്യമാക്കാം. ആവശ്യമായ ഇൻഷുറൻസ് പരിരക്ഷ നല്കി സംരംഭങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികളും ഇതോടൊപ്പം സ്വീകരിക്കേണ്ടതാണ്.

വ്യവസായം

കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയുടെ വടക്കുകിഴക്കുഭാഗത്ത് തമിഴ്നാട് അതിർത്തിയോടടുത്തുകിടക്കുന്ന ഏലപ്പുള്ളി പഞ്ചായത്ത് പ്രധാനമായും ഒരു കാർഷികമേഖലയാണ്. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും, കർഷകരും, കർഷകത്തൊഴിലാളികളുമായതിനാൽ കാർഷിക വൃത്തിൽ വ്യാപൃതരുമായിരുന്നു. വളരെക്കുറച്ച്പേർ വിദ്യാസമ്പന്നരും ഉദ്യോഗസ്ഥരുമാണ്. മറ്റൊരു വിഭാഗം കള്ളുചെത്ത് തുടങ്ങി വിവിധ പാരമ്പര്യ തൊഴിലുകളിൽ വൈദഗ്ദ്യം നേടിയവരുമാണ്.

ജന്മിത്തത്തിന്റെ ചൂഷണവ്യവസ്ഥയിൽ കൊടുംയാതനകൾ അനുഭവിച്ച കർഷകകുടിയാന്മാരും തൊഴിലാളികളും മറ്റൊരു ഉല്പന്ന മേഖലയെക്കുറിച്ച് ചിന്തിക്കാൻപോലും കഴിയാത്ത അവസ്ഥയിലായിരുന്നു. ഭൂപരിഷ്കരണനിയമം പ്രാബല്യത്തിൽ വന്നശേഷം കർഷകരുടെ ജീവിതനിലവാരത്തിൽ കാര്യമായ മാറ്റം പ്രതിഫലിച്ചെങ്കിലും മറ്റു ഉല്പാദനമേഖല തെരഞ്ഞെടുക്കുന്നതിൽ വേണ്ടത്ര താല്പര്യം കാണിച്ചില്ലെന്നു മാത്രമല്ല വൈമുഖ്യവും ഉണ്ടായിരുന്നു. അതിനുള്ള പ്രധാനകാരണങ്ങൾ വ്യവസായം തുടങ്ങുന്നതിനുവേണ്ട വൻമുതൽമുടക്കിന് സാധാരണ ആശ്രയിക്കുന്ന വായ്പാസ്ഥാപനങ്ങളിൽനിന്നും വായ്പയെടുക്കാനുള്ള വിമുഖത, വായ്പയെടുക്കുന്നത് മോശമാണെന്നുള്ള ധാരണ, വ്യവസായം തുടങ്ങുന്നതിനുള്ള പ്രായോഗിക പരിജ്ഞാനക്കുറവ്, റിസ്കെടുക്കാനുള്ള വൈമനസ്യം എന്നിവയായിരുന്നു. കൂടാതെ കാർഷികമേഖലയിൽ നിന്നുള്ള അടുത്ത പരിണാമമെന്ന നിലയ്ക്ക് തുലോം റിസ്ക് കുറവായ കച്ചവടമേഖലയിലേക്ക് ചുരുക്കം ചിലരെങ്കിലും തിരിഞ്ഞു. അയൽ സംസ്ഥാനമായ തമിഴ്നാടിന്റെ പ്രത്യേകിച്ച് പൊള്ളാച്ചി എന്ന വിപണനകേന്ദ്രത്തിന്റെ സാമീപ്യമായിരിക്കാം ഇതിന്നു കാരണം. കച്ചവടാവശ്യത്തിനായി പഞ്ചായത്തിൽ കുടിയേറിപാർത്ത, തമിഴ്വംശജരുടെ സഹവാസവും സാമീപ്യവും പലർക്കും കച്ചവടം തുടങ്ങുന്നതിനുള്ള ആത്മവിശ്വാസവും നല്കി,

പഞ്ചായത്തിലെ ആദ്യവ്യവസായം പാറയിൽ ശ്രീ കലിംഗചെട്ടിയാർ 1939ൽ തുടങ്ങിയ റൈസ് മില്ലായിരുന്നു. കാർഷികമേഖല പഞ്ചായത്തിലെ പ്രധാന വ്യവസായവും പിന്നീട് റൈസ്മില്ലുകൾ തന്നെയായി. ആദ്യകാലത്ത് സാമ്പത്തികമായി മുൻപന്തിയിൽ നിന്നിരുന്ന ചിലരുടെ പ്രൗഢി നിലനിർത്തുന്നതിനുവേണ്ട സ്ഥാപനങ്ങളെന്നതൊഴിച്ച് അത്തരം റൈസ് മില്ലുകൾക്ക് ഒരു യഥാർത്ഥ വ്യാവസായിക അടിത്തറ ഇല്ലായിരുന്നു.

1965ൽ മേനോമ്പാറയിൽ സഹകരണാടിസ്ഥാനത്തിൽ തുടങ്ങിയ വൻവ്യവസായമായ ചിറ്റൂർ ഷുഗേഴ്സ് എന്ന പഞ്ചസാരയുല്പാദനകമ്പനി പഞ്ചായത്തിലെ നിരവധിപേർക്ക് തൊഴിൽ സാദ്ധ്യതയുണ്ടാക്കി. കൂടാതെ വിപുലമായ കരിമ്പുകൃഷിക്കുള്ള സാദ്ധ്യതയും ഉണ്ടായി. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ കൃഷിക്കാരെ ബോധവൽക്കരിച്ച് ആദ്യകാലത്ത് കരിമ്പുകൃഷി വ്യാപകമാക്കിയെങ്കിലും കാലാകാലങ്ങളിൽ കരിമ്പുവെട്ടിയെടുക്കാൻ ശ്രമിക്കാഞ്ഞതും, കരിമ്പിനർഹതപ്പെട്ട വില ലഭിക്കാഞ്ഞതും കൃഷിക്കാരെ കമ്പനിയിൽനിന്നകറ്റി. കമ്പനി ഒരു പ്രതിസന്ധിയിൽ അകപ്പെടുകയും ചെയ്തു. പിന്നീട് വൈവിദ്ധ്യവൽക്കരണത്തിലൂടെ കമ്പനിയിലെ മൊളാസസ് ഉപയോഗിച്ച് സ്പിരിറ്റ് നിർമ്മാണത്തിനുള്ള ഒരു യൂണിറ്റ് തുടങ്ങിയത് കമ്പനിയുടെ നിലനില്പിന് വളരെയധികം സഹായകമായി. ഈ അടുത്തകാലത്ത് ചാരായനിരോധനം ഏർപ്പെടുത്തിയത് ഈ യൂണിറ്റിന്റെ പ്രവർത്തനത്തിന് വലിയ അടിയായി. എന്നാൽ ഇപ്പോഴത്തെ ഗവൺമെന്റ് എടുത്ത ക്രിയാത്മകവും അനുഭാവപൂർവ്വവുമായ ചില തീരുമാനങ്ങൾ കമ്പനിയുടെ ആധുനികവത്കരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും വഴിതെളിച്ചു.

പഞ്ചായത്തിലെ മറ്റൊരു വൻകിടവ്യവസായ സ്ഥാപനമായ M/s. ഇൻഡ്സിൽ ഇലക്ട്രോസ് മെറ്റൽസ് ലിമിറ്റഡ് എട്ടാം വാർഡിൽ മുന്നുവർഷം മുമ്പ് പ്രവർത്തനം തുടങ്ങി. മറ്റു ചെറുകിട വ്യവസായങ്ങൾ-റൈസ്മില്ലുകൾ, സോമില്ലുകൾ, കൊപ്രമില്ലുകൾ, പ്രിന്റിംഗ് പ്രസ്, ലേത്ത് വർക്ക്ഷോപ്പ്, ഫ്ളവർ മില്ലുകൾ എന്നിവയുടെ വിശദവിവരങ്ങൾ അന്യത്ര പട്ടികയിൽ ചേർത്തിട്ടുണ്ട്. പുതിയ ചില വൻകിട-ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങളുടെ വിവരങ്ങൾ പ്രത്യേകം ചേർത്തിട്ടുണ്ട്. കാർഷികമേഖലയുടെ മുരടിപ്പ് അനാകർഷകത്വം എന്നിവ പുതിയ തലമുറയെ മറ്റു മേഖല തേടുന്നതിന് നിർബന്ധിതമാക്കുന്നുണ്ട്. അതിലുപരി വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്ക് കാർഷിക വൃത്തിയോടുള്ള അവജ്ഞ, മറ്റുതൊഴിൽ സാദ്ധ്യതയുടെ ദർലഭ്യം എന്നിവ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് അവരെ നിർബന്ധിതരാക്കുന്നു. ഇത്തരം യുവതീയുവാക്കളെ വ്യവസായവൽക്കരണത്തിലേക്ക് കൊണ്ടുവരാൻ കഴിയും. പ്രത്യേകിച്ച് ജില്ലയിലെ ഒരു പക്ഷെ വിദൂരഭാവിയിൽ കേരളത്തിലെതന്നെ ഏറ്റവും വലിയ വ്യവസായമേഖലയായ കഞ്ചിക്കോടിന്റെ സാമീപ്യം, അവിടുത്തെ സ്ഥലത്തിന്റെ ദർലഭ്യം എന്നിവ നമ്മുടെ പഞ്ചായത്തിന്റെ വ്യവസായ വികസനത്തിന് വൻസാദ്ധ്യതയേകുന്നു. അതിനുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ വെള്ളം, വൈദ്യുതി, വാർത്താവിനിമയം, റോഡുകൾ എന്നിവയുടെ വേണ്ടത്ര ലഭ്യത ഉറപ്പുവരുത്തുന്നതിൽ ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ മുഖ്യത്വം നല്കിയാൽ കുറഞ്ഞ നിരക്കിൽ സ്ഥലം ലഭ്യമാണെന്നതുകൊണ്ട് ഒരു വലിയ വ്യവസായ കുതിച്ചുകയറ്റത്തിന് വളരെ സാദ്ധ്യതയുണ്ട്. അത് നമ്മുടെ പഞ്ചായത്തിന്റെ മൊത്തം വികസനത്തിന് വളരെ പ്രയോജനകരമാകും.

പരമ്പരാഗതവ്യവസായങ്ങൾ

മൊത്തത്തിൽ പഞ്ചായത്ത് വ്യാവസായികമായി പിന്നോക്കമാണെങ്കിലും വ്യവസായമേഖലയിൽ ധാരാളം കുടുംബങ്ങൾ ഏർപ്പെട്ടിരുന്നു എന്നത് പഞ്ചായത്തിന്റെ സവിശേഷതയായി കാണുന്നു. അവയിൽ മുഖ്യമായവ താഴെ ചേർക്കുന്നു.

ഓലക്കുട നിർമ്മാണം : പാലക്കാടൻ സംസ്കാരത്തിന്റെ അവിഭാജ്യ ഘടകമായ ഓലക്കുട നിർമ്മാണത്തിലേർപ്പെട്ട നിരവധി കുടുംബങ്ങൾ പള്ളത്തേരി പേട്ട, കൈതക്കുഴി മുതിരമ്പള്ളം എന്നിവിടങ്ങളിൽ ഉണ്ടായിരുന്നു. കാർഷികരംഗത്തുവേണ്ട വല്ലിക്കുട, കാൽക്കുട, എന്നിവ പ്രാദേശിക ആവശ്യത്തിനു പുറമെ മറ്റു പ്രദേശങ്ങളിലേക്കും കൊണ്ടുപോയി വിൽപ്പന നടത്തിയിരുന്നു.

അസംസ്കൃത സാധനമായ ഓലയുടെ ദൗർലഭ്യം, വരുമാനക്കുറവ്. ആധുനികവൽക്കരണത്തിന്റെ ഭാഗമായ വിവിധയിനം കുടകളുടെ വരവ് എന്നിവ ഈ മേഖലയുടെ പതനത്തിനു കാരണമായി.

2. കളിമൺപാത്രം : വിവിധങ്ങളായ മൺപാത്രങ്ങൾ, പൂച്ചട്ടികൾ എന്നിവ വളരെ വിപുലമായി ഉണ്ടാക്കി വിൽപ്പന നടത്തിയിരുന്ന നിരവധി കുടുംബങ്ങൾ പഞ്ചായത്തിലെ 6, 8, 10, 13 വാർഡുകളിലുണ്ട്. ഈ ഉല്പന്നങ്ങൾ ജില്ലയിലും അയൽ സംസ്ഥാനത്തും കയറ്റിയയച്ച് കച്ചവടം ചെയ്തിരുന്നു. കാലക്രമേണ അലൂമിനിയം-സ്റ്റീൽ പാത്രങ്ങളുടെ വരവോടുകൂടി ഈ കച്ചവടരംഗം വളരെ ശോചനീയമായി. കൂടാതെ പുതിയ തലമുറ യ്ക്ക് മണ്ണിൽ പണിയെടുക്കാനുള്ള വിമുഖത, വിപണിമാന്ദ്യം എന്നിവയും ഇതിന്റെ പതനത്തിനു കാരണമായി. ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, കരകൗശലവസ്തു നിർമ്മാണത്തിനുള്ള പരിശീലനം, യന്ത്രവൽക്കരണം എന്നിവയിലൂടെ ഈ മേഖലയെ രക്ഷിക്കാൻ കഴിയും.

3. പനമ്പ് (പരമ്പ്)

കാർഷികമേഖലക്ക് അത്യാവശ്യമായ പനമ്പ്, കറ്റപ്പരമ്പ്, കുട്ട, വട്ടി, മുറം, വല്ലോട്ടി എന്നിവ മുളയിൽനിന്നും ഉണ്ടാക്കിയെടുക്കുന്ന ഉൽപ്പന്നങ്ങളാണ്. അതുകൊണ്ടുതന്നെ കൃഷി വിളവെടുപ്പ് സീസണുകളിൽ ഈ സാധനങ്ങളുടെ ദൗർലഭ്യം നേരിടാതിരിക്കാൻ ഉൽപ്പാദകരും കർഷകരും ഇവ

മുൻകൂട്ടി ശേഖരിച്ചുവെക്കുന്ന പതിവുണ്ടായിരുന്നു. കൂടാതെ കെട്ടിടനിർമ്മാണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന കുട്ടയുടെ നിർമ്മാണം ഇവരുടെ തൊഴിൽ സാദ്ധ്യത വർഷം മുഴുവനും ഉറപ്പാക്കി. മുളയുടെ ദൗർലഭ്യം, കാർഷികമേഖലയുടെ മുരടിപ്പ്, റബ്ബർ കൂട്ടകളുടെ വരവ് പുതിയ തലമുറയുടെ താല്പര്യക്കുറവ് എന്നിവ ഈ മേഖലയെ തളർത്തി.

4. ഹൽവ- മിഠായ് : യന്ത്രവൽക്കരണത്തിലുടെയുള്ള വിവിധയിനം ബ്രാൻഡ് മിഠായികൾ, ചോക്കലേറ്റുകൾ എന്നിവയുടെ വരവ്, ആരോഗ്യ കാര്യങ്ങളിൽ പൊതുജനങ്ങൾക്കുള്ള ബോധം എന്നിവ പരമ്പരാഗത മിഠായി വ്യവസായത്തെ പ്രതികുലമായി ബാധിച്ചു. എന്നാൽ ഹൽവാ വ്യവസായം വിപണനസാദ്ധ്യതയുള്ളതുകൊണ്ട് പരിപോഷിപ്പിക്കപ്പെടേണ്ടതാണ്.

പപ്പടം, മുറുക്ക്, പൊരുവളംകായ് : സദ്യയുടെ അഭേദ്യഘടകമായ പപ്പടം പഞ്ചായത്തിലെ പാറ, പേട്ട എന്നീ ഭാഗങ്ങളിൽ വ്യാപകമായി ഉണ്ടാക്കിവരുന്നു. യന്ത്രവൽക്കരണത്തിലൂടെ പപ്പടവ്യവസായം കൂടുതൽ കാര്യക്ഷമമാക്കാം. മുറുക്ക്, പൊരുവളം, കായ എന്നിവ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് വിപുലമായ വിപണനം നടത്തുന്നതിനുള്ള സാദ്ധ്യത വളരെയേറെയുണ്ട്.

6. പുൽപ്പായ-തഴപ്പായ : തോട്ടിൻ പരിസരത്ത് സമൃദ്ധിയായി വളരുന്ന പുല്ല് പറിച്ചു കൊണ്ടുവന്ന് ഉണക്കി വിവിധ വർണ്ണങ്ങൾ മുക്കി ഭംഗിയായി പായ നെയ്ത് വിൽപ്പന നടത്തിവരുന്ന കുടുംബങ്ങൾ പഞ്ചായത്തിലെ കാക്കത്തോട്, മണിയേരി ഭാഗത്ത് ഉണ്ടായിരുന്നു. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും ലാഭക്കുറവും ഈ മേഖലയെ നാശോന്മുഖമാക്കി.

7. എണ്ണയാട്ട് : കാളകളെ പൂട്ടിയ ചാക്കിലുടെ എണ്ണയാട്ടി വിപണനം നടത്തിയ ഒരു വിഭാഗം കുടുംബങ്ങൾ പഞ്ചായത്തിൽ അഞ്ചും, ഒൻപതും, വാർഡുകളിൽ ഉണ്ടായിരുന്നു. യന്ത്രവൽക്കരണം അവരുടെ തൊഴിൽ മേഖലയെ പ്രതികൂലമായി ബാധിച്ചു.

8. രാമശ്ശേരി ഇഡ്ഡലി : വളരെ പ്രസിദ്ധമായ രാമശ്ശേരി ഇഡ്ഡലി വ്യാവസായികാടിസ്ഥാനത്തിൽ വിപുലീകരിക്കുന്നത് വൻവിപണന സാദ്ധ്യത ചൂഷണം ചെയ്യാനും കുറച്ചുപേർക്കുകൂടി തൊഴിലവസരം ലഭിക്കാനും സഹായകമാകും.

9. പനംചക്കര : പാലക്കാടിന്റെ മുഖമുദ്രയായ പനയുടെ കള്ളിൽനിന്നും സംസ്കരിച്ചെടുക്കുന്ന പനംചക്കര വ്യവസായം പനകളുടെ നാശത്തോടെ തീരെ നശിച്ചു.

10. വെല്ലം : ഷുഗർ ഫാക്ടറിക്ക് കരിമ്പു കൊടുക്കുന്നതിനേക്കാൾ ആദായകരമാണ് വെല്ലമുണ്ടാക്കി വിപണനം നടത്തുന്നത് എന്ന് കർഷകരിൽ ചിലർ ചിന്തിക്കുന്നു.

11. ചെരിപ്പ് - തുകൽ വളരെകാലം മുമ്പ് തുകൽ ചെരിപ്പുണ്ടാക്കുന്ന ഒരു സ്ഥാപനം രാമശ്ശേരിയിൽ ഉണ്ടായിരുന്നു. കന്നുകാലികളുടെ തോൽ സംസ്കരിച്ച് വിവിധ വാദ്യോപകരണങ്ങൾ ഉണ്ടാക്കുന്ന ഒരു വിഭാഗം ജനങ്ങൾ അധിവസിക്കുന്ന ഒരു കോളനി 8-ാം വാർഡിൽ ഉണ്ട്.

ചുണ്ണാമ്പ് : പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ നിക്ഷേപങ്ങളായ ചുണ്ണാമ്പുകല്ലുകൾ സംഭരിച്ച് ചുണ്ണാമ്പുണ്ടാക്കുന്ന യുണിറ്റുകൾ വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്നു. പെയ്ന്റ്, ഡിസ്റ്റംബർ തുടങ്ങിയവയുടെ വരവ് ഈ മേഖലയെ തളർത്തിയെങ്കിലും ചെറിയ തോതിലുള്ള ഉൽപാദനം ഇപ്പോഴും തുടരുന്നുണ്ട്.

13. മുക്കാലിപ്പണി : ഓടുപാത്രങ്ങൾ, കിണ്ടി, വിളക്ക്, കോളമ്പി, ഉരുളി, ചെമ്പ്, ചരക്ക്, തുടങ്ങി വിവിധയിനം സാധനങ്ങൾ ഉണ്ടാക്കിയിരുന്ന കുടുംബങ്ങൾ ഇന്ന് തൊഴിൽരഹിതരാണ്. സ്റ്റീൽ, അലുമിനിയം തുടങ്ങിയ ലോഹങ്ങളുടെ വരവോടെ ഈ മേഖല അനാകർഷകമായി.

കരകൗശലവസ്തുക്കളുടെ നിർമ്മാണത്തിലുടെ വിദേശനാണ്യം നേടാൻ ഈ മേഖലയെ ഉപയോഗപ്പെടുത്താം.

കൈത്തറി : മുണ്ട്, തോർത്ത്, സെറ്റ് മുണ്ട്, തുടങ്ങിയവ വളരെ മോടിയോടെ നെയ്തുണ്ടാക്കി വിപണനം നടത്തുന്ന നിരവധി കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. 553 മെമ്പർമാരുള്ള ഒരു കൈത്തറി നെയ്ത്തു സഹകരണസംഘം 1938 മുതൽ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. ആധുനിക വിജ്ഞാനംകൂടി ഉപയോഗപ്പെടുത്തി ഈ വ്യവസായത്തെ കൂടുതൽ മെച്ചപ്പെടുത്താം. കൂടുതൽ സാദ്ധ്യതയുള്ള വ്യവസായമാണ്.

വിദേശപരിശീലനം നൽകുക, അസംസ്കൃത തുകലിന്റെ ലഭ്യത ഉറപ്പുവരുത്തുക, സർക്കാരിൽ നിന്നും റിബേറ്റ് ഇനത്തിൽ കിട്ടേണ്ട സംഖ്യ യഥാസമയം ലഭ്യമാക്കുക എന്നീ കാര്യങ്ങൾ ശ്രദ്ധിച്ചാൽ കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കാൻ സഹായകമാകും.

സ്വർണ്ണപ്പണി : മുൻകാലങ്ങളിൽ വീടുകളിൽചെന്ന് സ്വർണ്ണാഭരണങ്ങൾ ഉണ്ടാക്കിക്കൊടുത്തിരുന്ന വിശ്വസ്ഥരും വിദഗ്ദരുമായിരുന്നു ഈ വിഭാഗക്കാർ. ആധുനിക ജ്വല്ലറികളുടെ ആവിർഭാവം ഇവരുടെ നേരിട്ടുള്ള തൊഴിൽ സാദ്ധ്യത മരവിപ്പിച്ചു. എന്നാൽ ഇത്തരം ജ്വല്ലറികൾക്കുവേണ്ടി കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ആളുകൾ പഞ്ചായത്തിലുണ്ട്. യന്ത്രവൽക്കരിച്ച യൂണിറ്റുകൾ തുടങ്ങുന്നത് കുറച്ചധികം പേർക്ക് തൊഴിൽ ലഭിക്കാൻ ഉപകരിക്കും.

16. ആഭരണക്കല്ല് ഉല്പാദനം : സ്വർണ്ണാഭരണങ്ങളിൽ ഉപയോഗിക്കുന്ന വിവിധയിനം കല്ലുകൾ ഉല്പാദിപ്പിക്കുന്ന 3 കുടുംബങ്ങൾ, നെയ്ത്തല, ചെട്ടിക്കുളം എന്നിവിടങ്ങളിലുണ്ട്.

17. കൊല്ലപ്പണി : ഇരുമ്പുപകരണങ്ങൾ ഉണ്ടാക്കുന്ന നിരവധി ആലകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. കാളവണ്ടിച്ചക്രത്തിന് പട്ടാവ്, കാളകൾക്ക് ലാടം, പണിയായുധങ്ങൾ, കാർഷികോപകരണങ്ങൾ, വിവിധയിനം പൂട്ടുകൾ, ഗൃഹോപകരണങ്ങൾ എന്നിവയുടെ നിർമ്മാണം ഇവരാണ് ചെയ്തിരുന്നത്. ആധുനിക യന്ത്രങ്ങളുടേയും വാഹനങ്ങളുടേയും വരവ്, ഇവയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. അതു കൊണ്ട് വിദഗ്ദർായ യുവതലമുറ തൊഴിൽ തേടി മറ്റു സംസ്ഥാനങ്ങളിൽ അഭയം തേടി.

18. ചർക്കാ യൂണിറ്റുകൾ : ഖാദി ബോർഡിന്റെ നിയന്ത്രണത്തിൽ 3 യൂണിറ്റുകൾ 5, 8, 9 വാർഡുകളിലുണ്ട്. 50 പെൺകുട്ടികൾ ഇവിടെ ജോലി ചെയ്യുന്നു. ഈ മേഖലയിൽ തൊഴിൽ കൂടാൻ സാദ്ധ്യതയുണ്ട്.

വൻ വ്യവസായങ്ങൾ

1. **INDSIL ELECTROSMELTS LTD.** 8-10 വാർഡിൽ, വളേടക്കുളത്ത് 1993ൽ സ്ഥാപിതമായ ഈ വ്യവസായ സ്ഥാപനത്തിൽ ഫൗണ്ടറികൾക്ക് ആവശ്യമായ 'ഫെറോ സിലിക്കോൺ നിർമ്മിക്കുന്നു. ഈ സ്ഥാപനത്തിൽ തൊഴിലാളികൾ നേരിട്ടു പണിയെടുക്കുന്നു. ദിനം പ്രതി ലക്ഷം യൂണിറ്റു വൈദ്യുതി ഉപയോഗമുള്ള ഈ സ്ഥാപനം മൂലം പരിസരമലിനീകരണവും വൈദ്യുതിക്ഷാമവും അനുഭവപ്പെടുന്നതായി എല്ലാ ഗ്രാമസഭകളിൽ നിന്നും പരാതികൾ ഉണ്ട്.

നിർദ്ദേശങ്ങൾ : പരിസരമലിനീകരണം തീർത്തും ഇല്ലാതിരിക്കുവാനുള്ള സംവിധാനം ഉറപ്പു വരുത്തുവാനും അവ യഥാസമയം പ്രവർത്തിപ്പിക്കാനും കമ്പനി മാനേജ്മെന്റിനെ ഉപദേശിക്കുക.

വൈദ്യുതി വളരെയധികം ആവശ്യമുള്ള യൂണിറ്റായതിനാൽ വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള പ്രവർത്തനം അടിയന്തിരമായി തുടങ്ങുന്നതിന് മാനേജ്മെന്റ് ബാധ്യസ്ഥമാണെന്നും അതിനുവേണ്ട സമ്മർദ്ദവും ചെലുത്തുക.

2. **M/S. CHITTUR CO-OP SUGARS LTD. :** മേനോൻപാറയിൽ സഹകരണമേഖലയിൽ 1965ൽ സ്ഥാപിതമായ ഈ സ്ഥാപനമാണ് പഞ്ചായത്തിലെ ആദ്യത്തെ വൻവ്യവസായം. 670 ജീവനക്കാർ നേരിട്ട് പണിയെടുക്കുന്ന ഈ സ്ഥാപനം പഞ്ചായത്തിലേയും പരിസരപ്രദേശങ്ങളിലേയും കൃഷിക്കാർക്ക് കരിമ്പു കൃഷിയെക്കുറിച്ച് വിപുലമായ ബോധവൽക്കരണം നടത്തിയതിന്റെ ഫലമായി കരിമ്പു

കൃഷി വ്യാപകമായി ആദ്യകാലത്തു ചെയ്തിരുന്നു. തുമൂലം ഫാക്ടറിക്ക് ആവശ്യമായ കരിമ്പിന്റെ നല്ലൊരു ശതമാനം ഇവിടെത്തന്നെ ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിരുന്നു. കാലക്രമേണ വിവിധ കാരണങ്ങൾകൊണ്ട് പല കൃഷിക്കാരും കരിമ്പു കൃഷിരംഗത്തുനിന്നു വിരമിക്കുകയും ഉള്ള കൃഷിക്കാർ കരിമ്പു ഫാക്ടറിക്കു കൊടുക്കാതെ കൂടുതൽ ആദായകരമായതിനാൽ സ്വന്തമായി വെല്ലം ഉണ്ടാക്കി വിപണനം നടത്തുകയും ചെയ്യുന്നത് കമ്പനിയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ അയൽസംസ്ഥാനങ്ങളിൽനിന്നു വന്നിരുന്ന കരിമ്പും അവിടങ്ങളിൽ ചില സ്വകാര്യ കമ്പനികൾ രംഗത്തുവന്നതോടുകൂടി നിലച്ചത് വീണ്ടും കൂടുതൽ ദുഷ്കരമാക്കി. വർഷത്തിൽ ആകെ 45 ദിവസമോ 60 ദിവസമോ ഉല്പാദനം നടത്തുന്നതിൽ നിന്നും വരുന്ന മൊളാസസ് ഉപയോഗിച്ച് സ്പിരിറ്റ് ഉണ്ടാക്കുന്ന ഇതിനോടനുബന്ധിച്ച ഫാക്ടറിയാണ് യഥാർത്ഥത്തിൽ ഈ കമ്പനിയുടെ നിലനില്പിന് ഇതുവരെ സഹായകമായിരുന്നത്. എന്നാൽ ചാരായനിരോധനം വീണ്ടും ഒരു പ്രതിസന്ധിയുണ്ടാക്കിയെങ്കിലും ഇപ്പോഴുള്ള സർക്കാരിന്റെ സമയോചിതമായ അനുഭാവപൂർണ്ണമായ ഇടപെടൽ കമ്പനിയുടെ വൈവിദ്ധ്യവൽക്കരണത്തിനും, നവീകരണത്തിനും സാഹചര്യമൊരുക്കി.

ചെറുകിടവ്യവസായങ്ങൾ

1. റൈസ്മില്ലുകൾ : പഞ്ചായത്തിലെ എടുത്തു പറയാവുന്ന പ്രധാനവ്യവസായം റൈസ്മില്ലുകൾ തന്നെ. ആകെയുള്ള 48റൈസ്മില്ലുകളിൽ No. 1,6 ഉം No. 7,13ഉം No. 4, 29ഉം ആണ്. ഈ വ്യവസായ സ്ഥാപനങ്ങളിൽ പ്രതിവർഷം ഏകദേശം 24250 ടൺ നെല്ല് അരച്ച് അരിയാക്കി വില്പന നടത്തിവരുന്നു. കൂടാതെ തവിട്, ഉമി എന്നിവ പ്രധാനമായും കാലിത്തീറ്റയായും ഇന്ധനമായും ഉപയോഗിക്കുന്നു. ഏകദേശം 200 തൊഴിലാളികൾ ഈ വ്യവസായങ്ങളിൽ നേരിട്ട് പണിയെടുക്കുന്നു. അതിൽ പുരുഷതൊഴിലാളികൾ 124 സ്ത്രീ തൊഴിലാളികൾ വിശദവിവരങ്ങൾ പട്ടികയിൽ ചേർക്കുന്നു.

2. ഓയിൽമില്ല് : പഞ്ചായത്തിന്റെ കിഴക്കുഭാഗങ്ങളിൽ നിലക്കടല വ്യാപകമായി കൃഷി ചെയ്തുവരുന്നു. പ്രതിവർഷം ഉല്പാദിപ്പിക്കുന്ന 370 ടൺ നിലക്കടല സമീപ പഞ്ചായത്തായ കൊഴിഞ്ഞാമ്പാറയിലും പരിസരത്തും ഉള്ള ഓയിൽമില്ലുകളിൽ അസംസ്കൃതവസ്തുവായി പോകുന്നു. എണ്ണയുടെ വിലയിടിവ് ഈ വ്യവസായത്തെ പ്രതികൂലമായി ബാധിച്ചുവരുന്നു.

എന്നാൽ നമ്മുടെ പഞ്ചായത്തിൽ 800 ഹെക്ടർ സ്ഥലത്തായി നാളികേരകൃഷി വ്യാപിച്ചുകിടക്കുന്നു. വർഷത്തിൽ 56 ലക്ഷം നാളികേരം ഇവിടെ ഉല്പാദനമുണ്ട്. ഇവ സംസ്കരിച്ച് വിപണനം ചെയ്യുന്നതിനുള്ള ഓയിൽമില്ലുകൾ ഒന്നുംതന്നെ പഞ്ചായത്തിലില്ല. ആകെയുള്ളത് കൂലിക്ക് എണ്ണയാട്ടുന്ന ഒരു എക്സ്പ്പല്ലർ മില്ലുകളും ചക്കുപയോഗിക്കുന്ന മില്ലുകളുമാണുള്ളത്. അതുകൊണ്ട് കൊപ്ര ഉപയോഗിച്ച് പ്രവർത്തനം നടത്തുന്ന ഓയിൽമില്ലുകൾക്ക് സാദ്ധ്യതയുണ്ട്. കൂടാതെ 56 ലക്ഷം നാളികേരത്തിന്റെ ചകിരി സംസ്കരിച്ച് ഫൈബർ കയർ, കയറുല്പന്നങ്ങൾ എന്നിവയുണ്ടാക്കുന്നതിനും ചിരട്ട ഉപയോഗിച്ച് കരകൗശലവസ്തുക്കൾ, ചാർക്കോൾ എന്നിവയുണ്ടാക്കുന്ന വ്യവസായങ്ങൾക്കും സാദ്ധ്യതയുണ്ട്.

3. സോമില്ലുകൾ : തടികൾ അറുക്കുന്നതിനുള്ള 3 സോമില്ലുകൾ ഉണ്ട്. മിക്കവാറും നാട്ടിൻപുറങ്ങളിൽനിന്നുള്ള തടികളും സമീപപഞ്ചായത്തുകളിൽനിന്നും, അയൽസംസ്ഥാനത്തുനിന്നും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ലേലം ചെയ്യുന്ന തടികളും വാങ്ങി ഉപയോഗിച്ചാണ് ഈ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. വർഷത്തിൽ 200 ദിവസം മാത്രം പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളിലായി മൊത്തം 15 തൊഴിലാഴികൾ (വിദഗ്ദ്ധർ 6 പകുതി വിദഗ്ദ്ധർ 9) നേരിട്ടും 50ലധികം തൊഴിലാളികൾ പരോക്ഷമായും പണിയെടുക്കുന്നു. പ്രതിവർഷം 48,000 cft. മരം ഈ യൂണിറ്റുകളിലൂടെ സംസ്കരിച്ച് വിപണനം നടത്തുന്നു. ഫർണീച്ചറുകൾ, വീട്ടാവശ്യത്തിനുള്ള

സാധനങ്ങൾ എന്നിവ പ്രാദേശികമായി വിപണനം നടത്തുന്നതിനുപുറമെ പരിസരപട്ടണപ്രദേശങ്ങൾ, തമിഴ്നാട്, ബാംഗ്ലൂർ എന്നിവിടങ്ങളിലും വില്പന നടത്തുന്നു.

4. ചന്ദനത്തൈല ഫാക്ടറികൾ : മൊത്തം 2 ഫാക്ടറികൾ ഈ പഞ്ചായത്തിലുണ്ട്. സുഗന്ധദ്രവ്യങ്ങൾക്കു വേണ്ട ചന്ദനത്തൈലം ഉല്പാദിപ്പിക്കുന്ന ഈ യൂണിറ്റുകളിൽ മൊത്തം 13 തൊഴിലാളികൾ ജോലിയെടുക്കുന്നു. അസംസ്കൃതപദാർത്ഥമായ ചന്ദനത്തടിയുടെ ദൗർലഭ്യം ഈ വ്യവസായത്തെ പ്രതികൂലമായി ബാധിച്ചു.

5. പ്രിന്റിംഗ് പ്രസ്സ് : ഒരു പ്രിന്റിംഗ് പ്രസ് പഞ്ചായത്തിലുണ്ട്. ഭാവിയിലെ വ്യാവസായിക വികസനം, പഞ്ചായത്തിന്റെ മൊത്തം ആവശ്യം നിറവേറ്റൽ എന്നിവയ്ക്ക് ഒരു പ്രിന്റിംഗ് പ്രസ്സിനു കൂടി സാദ്ധ്യതയുണ്ട്. അത് വനിതാ സഹകരണ ഇൻഡസ്ട്രിയൽ സൊസൈറ്റിയായി തുടങ്ങുന്നത് നന്നായിരിക്കും. പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലെ പ്രിന്റിംഗ് ജോലികൾക്കുപുറമെ കുറച്ചു കുട്ടികൾക്ക് ടൈപ്പ് കാമ്പോസിങ്ങിൽ പരിശീലനം നല്കാനും ഈ സ്ഥാപനത്തിനു കഴിയും.

6. ലെയിത്ത് വർക്ക്ഷോപ്പ് : സമീപപ്രദേശമായ കഞ്ചിക്കോട് വ്യവസായമേഖലയിലെ ചില കമ്പനികൾക്കുവേണ്ടി സാധനങ്ങൾ ഉണ്ടാക്കുന്ന ലെയിത്ത് വർക്ക്ഷോപ്പുകൾ പഞ്ചായത്തിലുണ്ട്.

വ്യവസായവൽക്കരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ

1. സ്ഥലം : സമീപപഞ്ചായത്തുകളെ അപേക്ഷിച്ച് വില താരതമ്യേന കുറവും സ്ഥലത്തിന്റെ ലഭ്യതയും അനുകൂല ഘടകമാണ്. കൂടാതെ നിലവിലുള്ള കഞ്ചിക്കോട് വ്യവസായ മേഖലയോട് തൊട്ടുകിടക്കുന്നതിനാൽ വികസിപ്പിച്ചെടുക്കാൻ സാദ്ധ്യതയുണ്ട്. വരൾച്ചമൂലം നിരവധി വർഷങ്ങളായി കൃഷിയിറക്കാതിരിക്കുന്ന സ്ഥലങ്ങൾ പ്രത്യേകിച്ച് ഇതിനു പരിഗണിക്കാം.

2. വെള്ളം : വ്യവസായ ആവശ്യത്തിനുവേണ്ട വെള്ളം മിക്കവാറും എല്ലാ ഭാഗങ്ങളിലും കുഴൽക്കിണറിലൂടെ ലഭ്യമാണ്.

3. ഗതാഗതം : പാലക്കാട് പൊള്ളാച്ചി റോഡിനു പുറമെ കഞ്ചിക്കോട്, പുതുശ്ശേരി ഭാഗങ്ങളുമായി (NH-17) ബന്ധപ്പെടുവാനുള്ള റോഡുകളും ഉണ്ട്.

4. വൈദ്യുതി : സംസ്ഥാനത്തനുഭവപ്പെടുന്ന വൈദ്യുതി പ്രതിസന്ധി പഞ്ചായത്തിനേയും ബാധിച്ചിട്ടുണ്ട്. എന്നാൽ 3 ഹൈടെൻഷൻ ലൈനുകൾ സബ്സ്റ്റേഷനും ഫാക്ടറികൾക്കുമായി പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. അതിന്റെ സമീപപ്രദേശങ്ങളിൽ വിശിഷ്യാ, പള്ളത്തേരി, M/s. INOSIL ഫാക്ടറിയുടെ പിൻവശത്ത് ഒരു സബ്സ്റ്റേഷൻ പണിയുന്നത് മൊത്തം വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും വ്യവസായ വികസനത്തിനും പര്യാപ്തമാകും.

5. വാർത്താവിനിമയം : വ്യവസായ വികസനത്തിനത്യന്താപേക്ഷിതമായ വാർത്താവിനിമയ സൗകര്യം വിപുലീകരിക്കണം. ഏലപ്പുള്ളി ടെലിഫോൺ എക്സ്ചേഞ്ചിന്റെ ശേഷി 1000 ലൈനെങ്കിലും ആക്കി പുതുതായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

അസംസ്കൃത വസ്തുക്കൾ : പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃതവസ്തുക്കളുടേയും അവ ഉപയോഗിച്ച് തുടങ്ങാൻ സാദ്ധ്യതയേകുന്ന വ്യവസായങ്ങളെക്കുറിച്ചും വിശദമായ വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

പരിസരമലിനീകരണമില്ലാത്ത, വൈദ്യുതി ധാരാളം ആവശ്യമില്ലാത്ത, കൂടുതൽ തൊഴിലവസരങ്ങളുള്ള വ്യവസായങ്ങൾക്കാണ് മുൻതൂക്കം നല്കേണ്ടത്. ഇതിൽ ആദ്യത്തേത്, പരിസരമലിനീകരണമുള്ളത് തീർത്തും ഒഴിവാക്കേണ്ടതാണെങ്കിലും മറ്റു രണ്ടു മേഖലകളിൽ ഏറ്റക്കുറച്ചിലുള്ള വ്യത്യസ്ഥ വ്യവസായങ്ങൾ വേണ്ടെന്ന് ഇതിനർത്ഥമില്ല. കൂടാതെ വൻവ്യവസായങ്ങളായ M/s. MALABAR CEMENTS LTD, M/S.

INSTRUMENTATION LTD, M/S. ITI LTD., M/S. TATAPHONE LTD. M/S. BPL LTD, M/S. PATSPIN INDIA LTS., M/S. PRECOT MILLS LTD., M/S. KAMCO LTD., M/S. MARICO INDUSTRIES LTD., M/S. PREMIA BREVENIER LTD., M/S. TEKTOOLS തുടങ്ങിയവർക്കുവേണ്ട സാധനങ്ങൾ നിർമ്മിക്കുന്ന ചെറുകിട യൂണിറ്റുകൾക്ക് വളരെ സാദ്ധ്യതയുണ്ട്.

റബ്ബർ വ്യവസായം : പഞ്ചായത്തിൽ റബ്ബർ ഉല്പാദനം ഇല്ലെങ്കിലും ഇന്ത്യയുടെ മൊത്തം ഉല്പാദനത്തിന്റെ 90ൽ അധികം ശതമാനം റബ്ബർ ഉല്പാദിപ്പിക്കുന്നത് കേരളത്തിലായതിനാൽ റബ്ബർ അസംസ്കൃത വസ്തുവായുള്ള ഒട്ടേറെ വ്യവസായ സ്ഥാപനങ്ങൾക്ക് സാദ്ധ്യതയുണ്ട്. ഇക്കാര്യത്തിന് വേണ്ട വിദഗ്ദ്ധ ഉപദേശ നിർദ്ദേശങ്ങൾ റബ്ബർ ബോർഡിൽനിന്നും ലഭിക്കും.

കോഴിവളർത്തൽ : ഇറച്ചിക്കോഴി, മുട്ട, എന്നിവ വ്യാവസായിക അടിസ്ഥാനത്തിൽ നവീനരീതിയിൽ വളർത്തൽ, സംസ്കരണം, വിപണനം എന്നിവയ്ക്ക് സാദ്ധ്യതയുണ്ട്.

കുൺ കൃഷി : കൂൺകൃഷി വ്യവസായിക അടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുകയും സംസ്കരിക്കുകയും ചെയ്യാനുള്ള യൂണിറ്റുകൾക്ക് പ്രദേശിക വില്പനയ്ക്ക് പുറമെ കയറ്റുമതി സാദ്ധ്യതയുമുണ്ട്.

വ്യവസായവൽക്കരണത്തിന് പ്രധാന തടസ്സങ്ങൾ :

വ്യവസായം തുടങ്ങുന്നതിന് വേണ്ടത്ര പരിജ്ഞാനമില്ലായ്മ

2. അടിസ്ഥാനസൗകര്യങ്ങളായ വൈദ്യുതി വാർത്താവിനിമയം തുടങ്ങിയവയുടെ അപര്യാപ്തത

3. വായ്പകൾ കിട്ടുന്നതിനുള്ള കാലതാമസം

4. വിവിധ ലൈസൻസുകൾ കിട്ടുന്നതിനുള്ള കാലതാമസം

5. സാങ്കേതിക വിദഗ്ദ്ധർ വളരെക്കുറവ്

6. വായ്പകൾ അനുവദിച്ചുകിട്ടുന്നതിന് ഈടുകൾ അമിതമായി ആവശ്യപ്പെടുന്നത്.

7. പ്രാദേശികമായി ലഭ്യമായ അസംസ്കൃത വസ്തുക്കൾ, അവ സംസ്കരിക്കുന്നതിനുള്ള സാങ്കേതിക ജ്ഞാനം എന്നിവയെപ്പറ്റിയുള്ള അജ്ഞത.

8. അയൽപഞ്ചായത്തുകളിലെ വൻവ്യവസായ സ്ഥാപനങ്ങൾക്ക് വിവിധയിനം സാധനങ്ങളുടെ ആവശ്യകതയെക്കുറിച്ച് വേണ്ടത്ര വിവരങ്ങൾ ഇല്ലായ്മ.

9. വൻവ്യവസായങ്ങൾക്ക് സപ്ലൈ ചെയ്യുന്ന സാധനങ്ങൾക്ക് യഥാസമയം വില ലഭിക്കായ്മ.

10. ഗുണനിലവാരത്തെക്കുറിച്ച് വേണ്ടത്ര ശ്രദ്ധയില്ലായ്മ.

11. പദ്ധതികളും അനുയോജ്യമായ സ്കീമുകളും തെരഞ്ഞെടുക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവം.

12. വ്യവസായം തുടങ്ങുന്നതിന് വേണ്ട റിസ്ക് എടുക്കുവാനുള്ള വിമുഖത.

വ്യവസായ സംരംഭകർക്ക് വായ്പ ലഭിക്കുന്നത്

1. അതത് പ്രദേശത്തെ ബാങ്കുകൾ
2. കാർഷിക വികസന ബാങ്കുകൾ
3. ജില്ലാ ബാങ്ക്
4. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
5. NSIC LTD.
6. KSFE
7. KSFE
8. SIDBI
9. IDBI
10. DRDA സ്കീമുകൾ - DWCRA / IRDP
11. വനിതാ വികസനകോർപ്പറേഷൻ
12. പട്ടികജാതി വികസനകോർപ്പറേഷൻ
13. ഖാദി ബോർഡ്
14. പിന്നോക്കസമുദായ വികസന കോർപ്പറേഷൻ

പരമ്പരാഗത തൊഴിൽ കുടുംബങ്ങളുടെ എണ്ണം

വാർഡ്	മൺപാത്രനിർമ്മാണം	കുട്ട, വട്ടി, പന്ത് നിർമ്മാണം	ഓട്ടുപാത്രം	പായ നെയ്ത്ത്	തുകൽ	ചൂണ്ടുവല	രാമച്ചത്തൊഴിൽ ഇഡ്ഡലി	സ്വർണ്ണപ്പണി	കൊല്ലപ്പണി	ആഭരണങ്ങൾ	ഓലക്കുടി	കള്ള് ചെത്ത്	മരപ്പണി	ബാർബർ	അലക്ക്	ജ്യോത്സ്യം	തുന്നൽ
I	1				2	36		4	2			15	3	6	7		10
II	1	20						3	2			27		2	2		10
III												14					
IV														1			
V			10			3			1					2			
VI	2	5	2				5	4	1					2	5	1	2
VII														4		1	
VIII	7	1		1					3		1			5	8	1	
IX	1	1	2					4				2	35	3	4		11
X	2			4				1				7			7		9
XI	1											1	19	3	2		7
XII		3							3	1		2	22		1		2
XIII	12								1	2		11		1			2
	27	30	14	5	2	39	5	16	13	3	1	79		29	36	3	53

അസംസ്കൃതവസ്തുക്കളുടെ ലഭ്യത / സംസ്കരണം

ക്രമ നം.	അസംസ്കൃത വസ്തു	വിസ്തീർണ്ണം ഹെക്ടർ	വർഷത്തിൽ അളവ്	നിലവിലുള്ള യൂണിറ്റുകൾ സംസ്കരിക്കുന്നത്	ഉല്പന്നങ്ങൾ	പുതിയ യൂണിറ്റുകൾക്കുള്ള സാദ്ധ്യത
1.	നെല്ല്	2215, 2100 –	1500 ടൺ –	48 + 24,250 ടൺ 2 കൂലി	അരി അവിൽ	ഇല്ല ഉണ്ട്
2.	നാളികേരം	800	46 ലക്ഷം	3കൂലി	എണ്ണ, പിണ്ണാക്ക്	ഉണ്ട്
3.	ചകിരി	"	46 ലക്ഷം	1 കൂലി	ഫൈബർ, കയർ, കയറുല്പന്നങ്ങൾ	ഉണ്ട്
4.	ചിരട്ട		46 ലക്ഷം	–	കരകൗശലവസ്തുക്കൾ, ചിരട്ടപ്പൊടി ആക്റ്റിവേറ്റഡ് കാർബൺ ഉണ്ടാക്കുന്നതിന്	ഉണ്ട്
5.	തെങ്ങോല	1.40 ലക്ഷം തെങ്ങുകൾ	14 ലക്ഷം	–	മേച്ചിലോല, കുട്ടകൾ, ചൂല്	ഉണ്ട്
6.	നിലക്കടല	500	370 ടൺ	–	എണ്ണ, പിണ്ണാക്ക്	ഇല്ല
7.	സോയബീൻ				എണ്ണ, പിണ്ണാക്ക്	
8.	വയ്ക്കോൽ	4200	25,000 ടൺ	–	കാലിത്തീറ്റ	
9.	കരിമ്പ്	100	7,500 ടൺ	–	പഞ്ചസാര,	ഇല്ല
10.	കരിങ്കല്ല്	29	–	–	ബോർഡർ മെറ്റൽ ഹോളോബ്രിക്സ്	ഉണ്ട്
11.	കളിമൺ				ചെങ്കല്ല്, കരകൗശലവസ്തുക്കൾ ഓട്ട് മൺപാത്രം,	ഉണ്ട്
12.	മരച്ചീനി	80			സ്റ്റാർച്ച്, കാലിത്തീറ്റ	ഉണ്ട്
13	വാഴ	250	9 ലക്ഷം വാഴക്കുല	–	പഴം, ചിപ്സ്	ഉണ്ട്
14	മാങ്ങ	120			അച്ചാർ, ജ്യൂസ്	ഉണ്ട്
15.	പാൽ	–			മധുരപലഹാരങ്ങൾ ഭക്ഷ്യവസ്തുക്കൾ	ഉണ്ട്
16.	തവിട്				തവിടിൽനിന്നും എണ്ണ കാലിത്തീറ്റ	ഉണ്ട്
17.	പുളപഞ്ഞി				കിടക്ക	
18.	മണൽ				ബിൽഡിങ്ങ്, കട്ടള, ജനൽ എന്നിവ ഹോളോബ്രിക്സ്	
19.	പുളി				പുളി സംസ്കരിച്ചു കയറ്റി അയക്കുക	
20.	നെല്ലിക്കാ				അച്ചാർ, മരുന്ന്	
21.	പുളിങ്കുരു				കാലിത്തീറ്റ, നാടൻ മിഠായി	

വൻ വ്യവസായങ്ങൾ

വ്യവസായ യൂണിറ്റിന്റെ പേര്	എണ്ണം	തൊഴിലാളികളുടെ എണ്ണം			ഉല്പന്നം
		പു	സ്ത്രീ	ആകെ	
ഇൻഡസിൽ എലകട്രോ സ്മെൽട്ട്സ് (ലി)	1	188	45	313	ഫെറോ സിലിക്കോൺ
ചിറകർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് (ലി)	1	23	647	670	പഞ്ചസാര സ്പിരിറ്റ്

നിർമ്മാണഘട്ടത്തിലുള്ള വ്യവസായങ്ങൾ

നം.	സ്ഥാപനത്തിന്റെ പേര്	ഉല്പന്നം	വൈദ്യുതി
1.	വിക്ടർ പേപ്പർ ബോർഡ്സ് ലിമിറ്റഡ്	പേപ്പർ	2500 KVA
2.	ധർബി ടെക്സ്റ്റൈൽസ് ലിമിറ്റഡ്	തുണി	2500 KVA
3.	പെറ്റൻഡുല പോളിമേഴ്സ് (പ്രൈ) ലിമിറ്റഡ്	-	-
4.	സാക്സൺ കാസ്റ്റിങ്ങ്സ്	സ്റ്റീൽ റീകാസ്റ്റിങ്ങ്	350 KVA
5.	എക്സൽ കോറിഗേറ്റഡ് ബോക്സസ് (പ്രൈ.) ലിമിറ്റഡ്	കാർബേഡ് ബോക്സ്	30 KVA
6.	ഹോളോബ്രിക്സ് ഫാക്ടറി	ബ്രിക്സ്	6 HP
7.	യന്ത്രവൽക്കൃത ചകിരി സംസ്കരണ യൂണിറ്റ്	ഫൈബർ	67 HP
8.	കിംഗ് പ്ലൈവുഡ് (പ്രൈ.) ലിമിറ്റഡ്	പ്ലൈവുഡ്	65 HP

ക്ഷീരോല്പാദന സഹകരണസംഘങ്ങൾ

ക്രമ നം.	സംഘത്തിന്റെ പേര്	ഉല്പാദനം പ്രതിദിനം	ജീവനക്കാർ				വിപണന മേഖല
			പു	സ്ത്രീ	SC	മൊത്തം	
1.	എണ്ണപ്പാടം ക്ഷീരോല്പാദന സഹകരണസംഘം.	600 ലി.	3	1	(1)	4	Milma
2.	ചേരുങ്കാട് ക്ഷീരോല്പാദന സഹകരണസംഘം.	300 ലി.	-	2	1	3	Milma
3.	തേനാരി ക്ഷീരോല്പാദന സഹകരണസംഘം.	590 ലി.	3	1	-	4	Milma
4.	ഏലപ്പുള്ളി ക്ഷീരോല്പാദന സഹകരണസംഘം.	450 ലി.	1	1	-	2	Milma
5.	എടുപ്പുകുളം ക്ഷീരോല്പാദന സഹകരണസംഘം.	375 ലി.	3	-	-	3	Milma
6.	നെയ്ത്തല വനിതാ ക്ഷീരോല്പാദന സഹകരണസംഘം.	350 ലി.	-	3	(1)	3	Milma
		2665 ലി.	10	8	3	19	

നിർമ്മാണഘട്ടത്തിലുള്ള വ്യവസായങ്ങൾ

ക്രമ നം.	വ്യവസായ യൂണിറ്റ്	എണ്ണം	ഉല്പന്നം	നേരിട്ട് തൊഴിൽ ലഭിക്കുന്നവർ			ഷിഫ്റ്റ്	KSEB പവർ
				പു	സ്ത്രീ	മൊത്തം		
1.	സുഗന്ധതൈലം	2	ചന്ദനതൈലം			13	1	90
2.	റൈസ് മില്ലുകൾ							
	No. 1	6	അരി	30	24	54	1	180
	No. 7	13	അരി	65	52	117	1	260
	No. 4	29	കൂലി	29	–	29	1	290
3.	അവിൽ മില്ലുകൾ	2	അവിൽ കൂലി	4	–	4	1	10
4.	ഓയിൽ മില്ലുകൾ	3	കൊപ്ര കൂലി	3	–	3	1	30
5.	സോമിൽ	3	മരം	15	–	15	1	108
6.	പ്രിന്റിംഗ് പ്രസ്	1	അച്ചടി	1	2	3	1	1
7.	ലെയ്ത്ത് വർക്ഷോപ്പ്	1	കമ്പനി വർക്കുകൾ	8	–	8	1	10
8.	വെൽഡിങ്ങ്	5	ഗേറ്റ് ഗ്രിൽസ് ഫാബ്രിക്കേഷൻ	12	–	12	1	30
9.	പ്ലാസ്റ്റിക്	3	ബുഷ്, ഡബ്ബ് ഫാക്ടറി-ക്കാവശ്യമുള്ളവ	3	6	9	1	6
10.	അലുമിനിയം	2	പാത്രങ്ങൾ	4	–	4	1	3
11.	മര/പന ഫർണീച്ചർ	3+1	ഫർണീച്ചർ	12	–	12	1	13
12.	വെറ്റ് ഗ്രൈൻഡൻ	1	ഗ്രൈൻഡർ	3	–	3		1/2
13.	കറി പൗഡർ	2	കറി പൗഡർ	1	2	3		20
14.	സ്വർണ്ണപ്പണി	2	ആഭരണം	2	–	2		–
15.	ഷീറ്റ് മെറ്റൽ (നവഭാരത്)	1	കമ്പനികളുടെ കാബിനറ്റ്	24	1	25	1	67
16.	കെൽടെക്സ് ഗാർമെന്റ്സ്	1	ബനിയൻ പാന്റീസ്, വെസ്റ്റ്സ്	2	10	12		7½
17.	ഖാദി സ്പിന്നിങ്ങ്	2	നൂൽ	–	50	50	1	6
18.	ഖാദി നെയ്ത്ത്	1	തുണികൾ	–	12	12	1	–
19.	ഖാദി ബ്ലീച്ചിങ്ങ്	1	ബ്ലീച്ചിങ്ങ്	2	–	2	1	–
20	ഖാദി ഡയിങ്ങ്	1	ഡയിങ്ങ്	2	–	2	1	–

വളർത്തുമൃഗസംഖ്യ

കാളനാടൻ			കാളസങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി
വാർഡ്	വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവയുള്ളവ	കറവയില്ലാത്തവ	കറവയുള്ളവ	കറവയില്ലാത്തവ	കറവയുള്ളവ	കറവയില്ലാത്തവ			
1	2	3	4	5	6	7	8	9	10	11	12	13	14
1	46	206	12	168	178	491	23	78	39	100	5	299	286
2	40	35	29	86	28	38	28	68	40	81	8	245	52
3	2	14	1	7	17	35	81	116	50	52	5	104	168
4	–	–	11	113	–	2	154	305	352	63	22	162	366
5	–	14	–	–	91	121	–	–	10	17	10	36	120
6	–	10	–	–	40	95	15	20	6	18	–	50	165
7	–	–	2	20	10	37	79	153	43	42	7	70	292
8	–	–	1	70	2	3	186	319	38	79	14	111	–
9	–	2	–	–	–	16	26	174	14	11	3	9	–
10	4	2	–	–	–	–	43	96	20	10	–	–	–
11	–	26	–	54	17	46	103	344	28	47	14	132	63
12	–	16	–	2	25	44	8	27	5	13	–	–	35
13	2	54	–	29	6	29	126	145	43	49	12	158	96
	98	379	55	549	414	957	872	1845	388	582	100	1376	1643

വളർത്തുപക്ഷിസംഖ്യ

വാർഡ്	പുവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	
1	285	368	297	3	1	
2	400	300	320	–	–	
3	183	268	284	6	1	
4	170	426	406	–	3	–
5	271	550	1207	–	1	1
6	240	362	169	13	31	3
7	213	362	395	10	21	–
8	322	633	1683	–	–	2
9	23	345	194	–	–	–
10	22	100	–	–	–	–
11	463	667	497	1	4	
12	151	266	330			–
13	223	267	218		2	–
	3016	4914	5970	33	64	6

കൃത്രിമ ബീജസങ്കലനം

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു		695	120
കിടാരി		100	50
എരുമ		55	12

പേവിഷബാധ-പ്രതിരോധചികിത്സ

വിവരം	പശു	പട്ടി
പ്രതിരോധ കുത്തിവയ്പ് നൽകിയവയുടെ എണ്ണം	–	76
കടിയേറ്റതിനുശേഷം കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം	24	2
ആകെ	24	78

വിദ്യാഭ്യാസം

പട്ടിക 1

വിദ്യാലയങ്ങൾ

	എൽ.പി.	യു.പി.	എച്ച്.എസ്സ്	ആകെ
ഗവൺമെൻറ്	7	2	1	10
എയ്ഡഡ്	2			2
അൺഎയ് ഡഡ്	2			2
ആകെ.	9	2	1	12

പട്ടിക 2

കുട്ടികൾ

	ആൺ	പെൺ	ആകെ	ഹരിജൻ
എൽ.പി.	1177	1122	2304	531
യുപി	1077	994	2071	453
എച്ച്. എസ്സ്	867	869	1736	306
ആകെ.	3121	2990	6111	1290

പട്ടിക 3

അദ്ധ്യാപകർ

	ആൺ	പെൺ	ആകെ
എൽ.പി.	11	56	67
യുപി	8	39	47
എച്ച് എസ്സ്	12	34	46
ആകെ	31	129	160

പട്ടിക 4

സ്കോളർഷിപ്പുകൾ

	എൽ.പി.	യുപി.	എച്ച്. എസ്സ്	ആകെ
മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്		62	93	155
വികലാംഗ സ്കോളർഷിപ്പ്	1	11		12
മെറിട്ടോറിയസ് സ്കോളർഷിപ്പ്		45		45
ആകെ	1	118	93	212

പട്ടിക 4

ഭൗതിക സാഹചര്യങ്ങൾ

	എൽ.പി.	യുപി.	എച്ച്. എസ്സ്	ആകെ
സ്വന്തം കെട്ടിടം ഉള്ളവ	3	2	1	6
സ്വന്തം കെട്ടിടം ഇല്ലാത്തവ	6			6
വേണ്ടത്ര ക്ലാസ് മുറികൾ ഇല്ലാത്തവ	2	2	1	5
കളിസ്ഥലം ഇല്ലാത്തവ	9	2		11
ചുറ്റുമതിൽ ഇല്ലാത്തവ	5	1		6
ആവശ്യത്തിന് ഫർണീച്ചർ ഇല്ലാത്തവ	4			4
മൂത്രപ്പുര തീരെ ഇല്ലാത്തവ	4			4
ആവശ്യത്തിന് മൂത്രപ്പുര ഇല്ലാത്തവ	9	2	1	12
കക്കൂസ് ഇല്ലാത്തവ	6	1		7
ഇലക്ട്രിസിറ്റി ഇല്ലാത്തവ	8			8
പാചകപ്പുര ഇല്ലാത്തവ	9	2		11
ലൈബ്രറി ഇല്ലാത്തവ	9	1		10
ലബോറട്ടറി ഇല്ലാത്തവ	9	1		10
ആവശ്യത്തിന് പഠനോപകരണങ്ങൾ ഇല്ലാത്തവ	9	2	1	12

പട്ടിക 5

പഠനനിലവാരം (മാർക്ക് കിട്ടിയ അടിസ്ഥാനത്തിൽ)

സ്റ്റാൻഡേർഡ് മേൽ	ആകെ. കുട്ടികൾ	10% ൽ തഴെ മാർക്ക് കിട്ടിയവർ	30നും 40 നും ഇടക്ക്	40 നും 50 നും ഇടക്ക്	50 നും 60 നും ഇടക്ക്	60% ന് ഇടക്ക്
3	604	207	130	114	52	73
4	624	159	130	90	75	113
5	688	55	115	54	55	45
6	670	208	62	36	30	33
7	703	118	81	51	41	48
8	656	280	170	30	26	12
9	579	260	80	89	50	10
10	476	240	101	30	25	10

പട്ടിക 7

എസ്സ്. എസ്സ്. എൽ. സി വിജയശതമാനം

വർഷം	പരീക്ഷക്കിരുന്നവർ	വജിയശതമാനം
1991-92	356	15
92-93	347	20
93-94	336	17
94-95	447	16
95-96	486	14

വിദ്യാഭ്യാസം

ആമുഖം

ആർഷഭാരത സംസ്കാരത്തിന്റെ ഭാഗമായി നില നിന്നിരുന്ന ഗുരുകുല സമ്പ്രദായവും കുടിപ്പള്ളി ക്കൂടങ്ങളും തന്നെയാണ് എലപ്പുള്ളി പഞ്ചായ ത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നാന്ദികു റിച്ചത്. മേച്ചേരിപ്പാടത്ത് എഴുത്തച്ഛന്റെ അടുത്ത് ചെന്ന് വിദ്യ അഭ്യസിച്ചിരുന്നവരുടെ പിൻമുറ ക്കാരാണ് ഇന്നത്തെ എലപ്പുള്ളിക്കാർ. എങ്കിലും 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ശ്രീ. മാണി ക്കത്ത് കുട്ടിക്കൃഷ്ണമേനോൻ നടത്തിയ സാമൂഹ്യ പ്രവർത്തനങ്ങളാണ് ഔപചാരിക വിദ്യാഭ്യാ സത്തിന് ആരംഭംകുറിച്ചതെന്നുപറയാം. അ ന്നത്തെ തിരു-കൊച്ചിയുടെ ഭാഗമായിരുന്ന ചിറ്റൂരിലേക്ക് കുട്ടികളെ അയച്ചു പഠിപ്പിക്കാൻ ആവശ്യമായ എല്ലാ സഹായങ്ങളും അദ്ദേഹം നൽകി. ഇന്ന് എലപ്പുള്ളി തറയിൽ പ്രവർത്തിക്കുന്ന ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള രണ്ടു പള്ളിക്കൂടങ്ങൾ, രാമശ്ശേരി സ്കൂൾ, എലപ്പുള്ളി ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ ശ്രീ. കുട്ടിക്കൃ ഷ്ണമേനോൻ നൽകിയ സംഭാവനകൾ സ്തുത്യർ ഹമാണ്. വൃക്ഷം സാക്ഷി ചന്ദ്രഹാസചരിതം, ഭക്ത മാല എന്നീ സാഹിത്യകൃതികളുടെ രചയിതാവായ അദ്ദേഹം സാഹിത്യ രംഗത്തും ശോഭിച്ചിരുന്നു. കൂടാതെ തേനാരി സ്കൂൾ സ്ഥാപിച്ച വടശ്ശേരി വീട്ടിൽ കൃഷ്ണൻ നായർ, ഹരിജൻ വെൽഫെയർ സ്കൂളിന്റെ സ്ഥാപകനായ ശ്രീ. മേച്ചേരി നാരായണൻ കുട്ടി നായർ, വേങ്ങോടി സ്കൂളിന്റെ സ്ഥാപകനായ ശ്രീ. കുട്ടി സുന്ദരമേനോൻ എന്നീ സാമൂഹ്യ പരിഷ്കർത്താക്കളുടെ ഈ രംഗത്തെ സേവനങ്ങളും പ്രശംസനീയമാണ്.

കൊല്ലങ്കോട് കോവിലകത്തെ മാധവരാജാവ് താലൂക്ക് പ്രസ്ഡണ്ടായിരുന്ന കാലത്ത് ആരംഭിച്ച എലപ്പുള്ളി ഹൈസ്ക്കൂളിന് സ്ഥലവും കെട്ടിടവും സംഭാവന ചെയ്ത മഹാമനസ്കനാണ് ശ്രീ. അപ്പാ വുപിള്ള. അദ്ദേഹത്തിന്റെ ധാന്യപ്പുരയിൽ ആരംഭിച്ചതും 1920 ൽ ഡിസ്ട്രിക്ട് ബോർഡിന് കൈമാറിയതുമായ കെട്ടിടത്തിലാണ് എലപ്പുള്ളി ഹൈസ്കൂൾ പ്രവർത്തിച്ചിരുന്നത്. 1990 ൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിച്ചതോടെ പഴയ കെട്ടിടത്തിൽ ഇപ്പോൾ യു. പി. സ്കൂളാണ് പ്രവർത്തിക്കുന്നത്.

ആദ്യകാലത്ത് അദ്ധ്യാപകർക്ക് നിശ്ചിത യോഗ്യത യൊന്നും നിശ്ചയിച്ചിരുന്നില്ലെങ്കിലും , അദ്ധ്യാ പന രംഗത്ത് തന്റെ പ്രാവീണ്യം തെളിയിച്ച ശ്രീ. ഇ. പി. ഉണ്ണി, പഞ്ചായത്തിലെ ആദ്യത്തെ ഹൈ സ്കൂൾ ഹെഡ്മാസ്റ്ററായ ശ്രീ. പി. ഗോവിന്ദൻ നായർ, ആദ്യത്തെ വനിതാ അദ്ധ്യാപികയായ ശ്രീമതി പൂതംകുറുശ്ശി ചിന്നമിസ്ട്രസ്സ്, മലയാള ത്തിലെ ആദ്യകാല നോവലുകളിൽ ഒന്നായ 'വിരു തൻ ശങ്കു' വിന്റെ കർത്താവ് ശ്രീ. കാരാട്ട് അച്ചു തമേനോൻ എന്നിവരുടെയെല്ലാം സേവനങ്ങളെ സ്മരിച്ചുകൊണ്ടല്ലാതെ എലപ്പുള്ളിയിലെ വിദ്യാ ഭ്യാസ കാര്യങ്ങളെക്കുറിച്ച് ആലോചിക്കാൻ കഴിയില്ല.

പ്രശ്നങ്ങൾ

എലപ്പുള്ളി പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ പൊതുവെ മൂന്നായി തരംതിരിക്കാം.

1. പ്രീ. പ്രൈമറി തലം മുതൽ സർവ്വകലാശാല തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപന ങ്ങളുടെയും സാങ്കേതിക സ്ഥാപനങ്ങ ളുടെയും കുറവ്.

   പഞ്ചായത്തിലെ ജനസംഖ്യയും വിസ്തൃ തിയുമായി താരതമ്യം ചെയ്യുമ്പോൾ സാർവത്രിക വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് നിലവിലുള്ള വിദ്യാ ഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം അപര്യാ പ്തമാണ്. ഒരു വിദ്യാഭ്യാസ സ്ഥാപനം പോലുമില്ലാത്ത ചില വാർഡുകളെങ്കിലും ഈ പഞ്ചായത്തിലുണ്ട്. ചില പ്രദേശ ങ്ങളിൽ അങ്കൺവാടികളിലെത്താൻ 3. കി. മീറ്ററും, പ്രൈമറി വിദ്യാലയങ്ങളി ലെത്താൻ 5 കി. മീറ്ററും കുട്ടികൾക്ക് നടക്കേണ്ടിവരുന്നു. പഞ്ചായത്തിലെ ഒരേ

ഒരു ഹൈസ്കൂളിലേക്കുള്ള ദൂരം ഇതിലും എത്രയോ കൂടുതൽ. പൊതുമേഖലയിൽ ഒരൊറ്റ പ്രീ.പ്രൈമറി വിദ്യാലയവും പഞ്ചായത്തിൽ ഇല്ല എന്നത് ഗൗരവമായി കണക്കിലെടുക്കേണ്ട പ്രശ്നമാണ്. സംസ്കൃത സർവകലാശാലയുടെ ഒരു പ്രദേശിക കേന്ദ്രം എലപ്പുള്ളിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഉപരിപഠനത്തിനുള്ള മറ്റ് യാതൊരു സൗകര്യവും ഇവിടെയില്ല.

2. കൊഴിഞ്ഞുപോക്ക്

പട്ടിക 2 പരിശോധിച്ചാൽ പ്രൈമറി ക്ലാസ്സുകളിൽ ആകെ 2304 കുട്ടികൾ പഠിക്കുമ്പോൾ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നത് 1736 പേർ മാത്രമാണ്. ഇപ്പോൾ പഠിക്കുന്ന കുട്ടികളുടെ എണ്ണമാണ് പട്ടികയിൽ കൊടുത്തിരുക്കുന്നതെങ്കിലും ഹൈസ്കൂളിലെ എണ്ണക്കുറവ് കൊഴിഞ്ഞുപോക്കിന്റെ സൂചകമായി കണക്കാക്കാം.

3. ഗുണനിലവാരത്തകർച്ച

വളരെ ആഴത്തിൽ പരിശോധിക്കേണ്ട ഒരു പ്രശ്നമാണിത്. അതിനാൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് വിശദമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

ആദ്യത്തെ ഹൈസ്കൂൾ തലം വരെയുള്ള പഞ്ചായത്തിലെ പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയുടെ കാണങ്ങൾ താഴെ പറയും വിധം സംഗ്രഹിക്കാം

1. നിലവിലുള്ള വിദ്യാലയങ്ങളിലെ അപര്യാപ്തതകൾ

സ്വന്തം കെട്ടിടത്തിന്റെ അഭാവം, ക്ലാസ്സ് മുറികളുടെ കുറവ്, തന്മൂലമുണ്ടാകുന്ന ഒരു ക്ലാസ്സിലെ കുട്ടികളുടെ എണ്ണപ്പെരുപ്പം, ഫർണീച്ചർ, ലൈബ്രറി,. ലാബോറട്ടറി, എന്നിവയുടെ അപര്യാപ്തത, പ്രാഥമിക സൗകര്യം പോലുമില്ലായ്മ, കളിസ്ഥലത്തിന്റെ കുറവ് എന്നീ പ്രശ്നങ്ങളെ ഈ വിഭാഗത്തിൽ പ്പെടുത്താം

2. രക്ഷിതാക്കളുടെ സാമ്പത്തികവും, സാമൂഹ്യവും സാംസ്കാരികവുമായ പിന്നോക്കാവസ്ഥ.

3. രക്ഷിതാക്കളുടെ നിരക്ഷരത

4. അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വാധീനം.

5. അദ്ധ്യാപകരും, രക്ഷിതാക്കളും, സമൂഹവും തമ്മിലുള്ള നിരന്തരമായ ബന്ധമില്ലായ്മ.

6. രക്ഷിതാക്കൾക്ക് യഥാസമയം നൽകേണ്ട ബോധവൽക്കരണ നടപടികളുടെ പോരായ്മകൾ

7. പഞ്ചായത്തിലെ വിദ്യാലയങ്ങൾ തമ്മിലുള്ള പരസ്പര ബന്ധമില്ലായ്മ.

8. ചില വിദ്യാലയങ്ങളിൽ നിലവിലുള്ള ഷിഫ്റ്റ് സമ്പ്രദായം

9. ഭാഷാ പരമായ പോരായ്മ.

10. അദ്ധ്യാപകരിൽ സാമൂഹ്യബോധവും, സാമൂഹ്യ പ്രതിബദ്ധതയും ഇല്ലായ്മ

11. അദ്ധ്യാപകരുടെ ആത്മാർത്ഥതക്കുറവ്

12. അദ്ധ്യാപകവൃത്തിയിലേക്ക് അഭിരുചിയില്ലാത്തവരുടെ കടന്നു കയറ്റം.

13. ബോധന രീതിയലെ അപാകതകൾ

14. വിദ്യാർത്ഥികൾക്കിടയിലെ അച്ചടക്കരാഹിത്യം

15. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.

16. കുട്ടികളുടെ പോഷകാഹാരക്കുറവ്.

17. അദ്ധ്യാപകരെ ഇതര ജോലികൾക്ക് നിയോഗിക്കുന്നതുമൂലം പ്രവൃത്തി ദിവസങ്ങളുടെ നഷ്ടം

18. ജീവിത സ്പർശിയായ സിലബസ്സിന്റെ അഭാവവും, സിലബസ്സിന്റെ താങ്ങാനാവാത്ത ഭാരവും.

19. പ്രീ. പ്രൈമറി വിദ്യാഭ്യാസത്തിന്റെ കുറവ്.

20. മൂല്യ നിർണ്ണയത്തിലേയും പ്രോമോഷനിലേയും അപാകതകൾ.

21. കുട്ടികളുടെ ഹാജർ കുറവ്.

22. അദ്ധ്യാപക - വിദ്യാർത്ഥി അനുപാത

ത്തിലെ അപാകത.

23. തമിഴ് മീഡിയം വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യമില്ലായ്മ.

24. അദ്ധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്താത്തതുകൊണ്ടുള്ള പ്രശ്നങ്ങൾ.

25. അദ്ധ്യാപകരുടെ തുടർപരിശീലനത്തിലെ പോരായ്മകൾ

26. ഹെഡ്മാസ്റ്റർമാരുടെ ക്ലാസ് ചാർജ്ജ്

27. ക്ലാസ് സൂപ്പർ വിഷനിലെ പോരായ്മ

28. അദ്ധ്യാപകരുടെ അകാലത്തുള്ള സ്ഥലം മാറ്റം

29. ഗതാഗത സൗകര്യങ്ങളുടെ കുറവ്

30. ഉൾപ്രദേശങ്ങളിൽ അദ്ധ്യാപകർക്ക് താമസസൗകര്യം ലഭിക്കാത്തതുകൊണ്ടുള്ള പ്രശ്നങ്ങൾ.

31. പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കാത്തതുകൊണ്ടുള്ള പ്രശ്നം.

32. കുട്ടികളുടെ കലാ കായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിലുള്ള പോരായ്മകൾ.

33. എയ്ഡഡ് സ്കൂളുകളിലെ കോഴസമ്പ്രദായം

പരിഹാര നിർദ്ദേശങ്ങൾ

1. ജനസംഖ്യാനുപാതമായി അങ്കൺവാടികളുടെ എണ്ണം വർദ്ധിപ്പിക്കണം. ഇതിന് എലപ്പുള്ളി പഞ്ചായത്തിൽ പുതുതായി 15 അങ്കൺവാടികളെങ്കിലും ആരംഭിക്കണം. ഇതിൽ 1, 2, 5 വാർഡുകൾക്കും മണ്ണുക്കാട്, കോവിൽപാളയം, തുവരക്കോട്, തോട്ടക്കര, കാരാങ്കോട്, മണിയഞ്ചേരി, ചെട്ടികളം, വെളിയംപള്ളം, എന്നീ സ്ഥലങ്ങൾക്കും മുൻഗണന നൽകണം.

2. രാമശ്ശേരി അങ്കൺവാടിയടക്കം സ്വന്തം കെട്ടിടം ഇല്ലാത്തവക്കും, ജീർണ്ണിച്ചു വീഴാറായ 9 ാം വാർഡിലെ അങ്കൺവാടിക്കും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കണം.

3. എല്ലാ അങ്കൺവാടികൾക്കും കളിക്കോപ്പുകൾ നൽകണം.

4. അങ്കൺ വാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

5. അങ്കൺവാടികൾക്ക് കിണർ കുഴിക്കുന്നതിനും, ഇരുമ്പു കൊണ്ടു നിർമ്മിച്ച ഊഞ്ഞാൽ സ്ഥാപിക്കുന്നതിനും കക്കൂസ് നിർമ്മിക്കുന്നതിനും, ഫിൽട്ടർ, യൂണിഫോം എന്നിവ വാങ്ങുന്നതിനും സാമൂഹ്യക്ഷേമ വകുപ്പിൽ നിന്ന് നൽകിവരുന്ന ധനസഹായം പരമാവധി ഉപയോഗപ്പെടുത്തി അങ്കൺ വാടികളെ ആകർഷകമാക്കണം.

6. അങ്കൺവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിൽ കോഴിമുട്ട, ഇലക്കറികൾ, എന്നിവ കൂടി ഉൾപ്പെടുത്തി പോഷകമൂല്യം വർദ്ധിപ്പിക്കണം.

7. നിലവിലുള്ള എല്ലാ പ്രൈമറി വിദ്യാലങ്ങളോടനുബന്ധിച്ചും പ്രീ പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കണം. ഇതിന് വേങ്ങോടിയിലെ ഉപയോഗശൂന്യമായി കിടക്കുന്ന റീഡിംഗ് റൂം, രാമശ്ശേരിയിൽ നേരത്തെ റീഡിംഗ് റൂം നിലനിന്നിരുന്ന സ്ഥലം, എന്നിവ ഉൾപ്പെടെ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലങ്ങളും കെട്ടിടങ്ങളും ഉപയോഗിക്കാവുന്നതാണ്.

9. ചുട്ടിപ്പാറ, കൈതക്കുഴി, നെടുമ്പള്ളം, എന്നിവിടങ്ങളിൽ ഓരോ പ്രൈമറി സ്കൂളുകൾ ആരംഭിക്കണം.

10. രാമശ്ശേരി, പള്ളത്തേരി, മായങ്കുളം, എന്നിവിടങ്ങളിൽ ഓരോ യു. പി. സ്കൂൾ ആരംഭിക്കണം.

11. തേനാരിയിൽ ഒരു ഹൈസ്കൂൾ ആരംഭിക്കണം.

12. ഹൈസ്കൂളിൽ +2 കോഴ്സ് / വി. എച്ച്. എസ്. സി. തുടങ്ങണം. കൂടാതെ ഒരു ഡിവിഷൻ തമിഴ് മീഡിയം ക്ലാസ്സും ആരംഭിക്കണം.

13. എലപ്പുള്ളി കേന്ദ്രീകരിച്ച് സഹകരണ മേഖലയിൽ ഒരു ജൂനിയർ കോളേജ് ആരംഭിക്കണം.

14. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കമ്പ്യൂട്ടർ സെൻറർ കമേഴ്സ്യൽ ഇൻസ്റ്റിട്യൂട്ട്, ഐ. ടി. ഐ. എന്നിവ സ്ഥാപിക്കണം.

15. പബ്ലിക് സർവീസ് കമ്മീഷൻ, മറ്റ് റിക്രൂട്ട് മെൻറ് ബോർഡുകൾ എന്നിവ നടത്തുന്ന

പൊതുപരീക്ഷകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ഒരു കോച്ചിംഗ് സെൻറർ ആരംഭിക്കണം.

16. സംസ്കൃത സർവ്വകലാശാലയുടെ പ്രദേശിക കേന്ദ്രത്തിന് സ്ഥിരം കെട്ടിടം നിർമ്മിക്കണം.

17. പോക്കാന്തോട്, നോമ്പിക്കോട്, എലപ്പുള്ളിത്തറ എൽ. പി. സ്കൂളുകൾക്ക് 6 ഉം, പള്ളത്തേരി, വേങ്ങോടി സ്കൂളുകൾക്ക് 10 ഉം തേനാരിയു. പി. ക്ക് 15 ഉം, എലപ്പുള്ളി ഹൈസ്കൂളിന് 20 മുറികളുള്ള പുതിയ കെട്ടിടങ്ങൾ നിർമ്മിക്കണം.

18. രാമശ്ശേരി, എലപ്പുള്ളി എന്നീ എയ്ഡഡ് വിദ്യാലയങ്ങൾ മൂത്രപ്പുരകളും കക്കൂസും നിർമ്മിക്കുന്നതിന് സബ്സിഡിയോടുകൂടിയ ലോണും, മറ്റ് ഗവൺമെൻറ് വിദ്യാലയങ്ങൾക്കെല്ലാം മൂത്രപ്പുരകളും കക്കൂസും നിർമ്മിക്കുന്നതിന് ഗ്രാൻറും അനുവദിക്കണം.

19. പഞ്ചായത്തിലെ ജല വിതരണ ശൃംഖലയിൽ നിന്ന് എല്ലാ വിദ്യാലയങ്ങൾക്കും ടാപ്പ് കണക്ഷൻ നൽകണം.

20. ഹൈസ്കൂൾ ഉൾപ്പെടെ എല്ലാ വിദ്യാലയങ്ങൾക്കും ഫർണീച്ചർ നിർമ്മിക്കുന്നതിന് ഗ്രാൻറ് അനുവദിക്കണം. എയ്ഡഡ് വിദ്യാലയങ്ങൾക്ക് ലോൺ അനുവദിക്കാം.

21. അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും ഉച്ചക്കഞ്ഞി നൽകണം. കഞ്ഞി വിതരണം കാര്യക്ഷമമായി നടത്തുന്നതിന് പഞ്ചായത്ത് സമിതി മേൽനോട്ടം വഹിക്കണം. കഞ്ഞിവിതരണത്തിന് അനുവദിക്കുന്ന അലവൻസ് കാലോചിതമായി പരിഷ്കരിക്കുകയും അത് പഞ്ചായത്തിലൂടെ വിതരണം ചെയ്യുകയും വേണം. കഞ്ഞിവെക്കാൻ ഷെഡ്ഡില്ലാത്ത സ്കൂളുകളിൽ അത് നിർമ്മിക്കണം.

22. ഹൈസ്കൂൾ ഒഴികെ മറ്റെല്ലാ വിദ്യാലയങ്ങളോടനുബന്ധിച്ചും കളിസ്ഥലങ്ങൾ ഉണ്ടാക്കണം. കൂടാതെ പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു പൊതു കളിസ്ഥലവും വേണം.

23. പഞ്ചായത്ത് തലത്തിൽ ഒരു വിദ്യാഭ്യാസ വികസന സമിതിക്ക് രൂപം നൽകണം. പഞ്ചായത്തിനനുയോജ്യമായ ഒരു പൊതു വിദ്യാഭ്യാസ നയം രൂപീകരിച്ച് നടപ്പിലാക്കാൻ കഴിവുള്ള, പ്രവർത്തനശേഷിയുള്ള ഒരുസമിതിയായിരിക്കണം ഇത്. സമൂഹത്തിലെ എല്ലാ മേഖലകളിൽ നിന്നും സമിതിയിൽ പ്രാതിനിധ്യമുണ്ടായിരിക്കണം. കൂടാതെ ശിശുദിനം, ഗാന്ധിജയന്തി, അദ്ധ്യാപക ദിനം എന്നീ ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുന്നതിനുള്ള ചുമതലയും സമിതിക്കുണ്ടായിരിക്കണം.

24. സ്കൂൾ പി. ടി. എ. ക്കു പുറമെ, പ്രദേശത്തെ വിദ്യാഭ്യാസ തൽപരരായ എല്ലാവരേയും ഉൾപ്പെടുത്തി സമഗ്ര വിദ്യാലയ വികസന സമിതി രൂപീകരിക്കുക.

25. വിദ്യാലയങ്ങളിലെ രാഷ്ട്രീയ അതിപ്രസരം മൂലം പ്രവൃത്തി ദിവസങ്ങൾ നഷ്ടപ്പെടുന്നത് തടയാനുള്ള നടപടികൾ പഞ്ചായത്ത് സമിതി സ്വീകരിക്കണം. പ്രശ്നങ്ങളുണ്ടാവുമ്പോൾ പഞ്ചായത്ത് സമിതി ഫലപ്രദമായി ഇടപെട്ട് പ്രശ്നം പരിഹരിക്കണം. കൂടാതെ, ക്ലാസ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ ക്ലാസ് മോണിട്ടർമാരെ തെരഞ്ഞെടുത്തിരുന്ന പഴയ സമ്പ്രദായം പുനസ്ഥാപിക്കണം. ഈ പ്രക്രിയ സ്കൂൾ തുറന്ന് ഒരാഴ്ചക്കകം പൂർത്തിയാക്കണം.

26. ഏതു സാഹചര്യത്തിലും പ്രവൃത്തി ദിവസങ്ങൾ നഷ്ടപ്പെടാതിരിക്കാൻ പഞ്ചായത്ത് സമിതി ശ്രദ്ധിക്കണം. നമുക്കതീതമായ കാരണങ്ങളാൽ നഷ്ടപ്പെടുന്ന പ്രവൃത്തി ദിവസങ്ങൾക്കു പകരം പ്രവൃത്തി ദിവസങ്ങൾ കണ്ടെത്തുന്നത് നിർബ്ബന്ധമാക്കണം.

27. അദ്ധ്യാപകരക്ഷാകർത്തൃ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഒരു വർഷത്തിൽ കുറഞ്ഞത് മൂന്നുതവണയെങ്കിലും പി. ടി. എ. ജനറൽ ബോഡിയോഗം ചേരുകയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ചർച്ചകൾക്കു പുറമെ കുട്ടികളുടെ പഠന നിലവാരവും ചർച്ചാ വിഷയമാക്കണം

28. ഒരു വർഷത്തിൽ കുറഞ്ഞത് മൂന്നുതവണയെങ്കിലും മാതൃസംഗമങ്ങൾ നടത്തണം.

29. സ്കൂൾ കോംപ്ലക്സിൻെറ പ്രവർത്തനം കാര്യക്ഷമമാക്കണം.

അക്കാഡമിക് പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു

കോംപ്ലക്സ് സമിതി രൂപീകരിക്കണം. ഇതിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഉപസമിതി, മറ്റു വിദ്യാലയങ്ങൾ സന്ദർശിക്കുകയും അക്കാഡമിക് പ്രശ്നങ്ങൾ അദ്ധ്യാപകരുമായി ചർച്ച ചെയ്യുകയും വേണം. എല്ലാ വിദ്യാലയങ്ങളിലും പഠന പ്രവർത്തനങ്ങളിൽ ഐകരൂപ്യ മുണ്ടാക്കുന്നതിനുള്ള ചുമതലയും സമിതിക്ക് നൽകാവുന്നതാണ്.

30. കോംപ്ലക്സ് തലത്തിൽ ഒരു വർഷത്തിൽ ഒരു തവണയെങ്കിലും പഠനയാത്രകൾ, കലാ-കായിക മത്സരങ്ങൾ, ശാസ്ത്രപ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കണം.

31. ജീവിത സ്പർശിയായ സിലബസ്സിന് രൂപം നൽകുകയും, സിലബസസ്സ് ലഘൂകരിക്കുകയും ചെയ്യണം. ഹൈസ്കൂൾ തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന രീതിയിൽ സിലബസ്സ് പരിഷ്കരിക്കണം.

32. മൂല്യ നിർണ്ണയത്തിലും പ്രൊമോഷൻ സമ്പ്രദായത്തിലുള്ള അപാകതകൾ പരിഹരിക്കണം.

33. സ്കൂൾ തലത്തിൽ സാഹിത്യ സമാജങ്ങൾ പ്രവർത്തിപ്പിക്കണം. ഒരു മാസത്തിലെ അവസാനത്തെ വെള്ളിയാഴ്ച 3 മുതൽ 4 വരെയുള്ള സമയം ഇതിനുവേണ്ടി നീക്കിവെക്കാവുന്നതാണ്.

34. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും പൊതുവായ യൂണിഫോം നിർബ്ബന്ധമാക്കണം. പാവപ്പെട്ടവർക്ക് സൗജന്യമായി യൂണിഫോം നൽകണം.

35. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുവാൻ സായാഹ്ന ക്ലാസ്സുകൾ സംഘടിപ്പിക്കണം.

36. സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുമായി ബന്ധപ്പെട്ട് കൃത്യമസയത്ത് പാഠപുസ്തകങ്ങൾ വിതരണം നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

37. പാഠപുസ്തകങ്ങൾ, യൂണിഫോം എന്നിവ വാങ്ങുന്നതിന് ലോൺ അനുവദിക്കണം.

38. സ്കൂളുകൾക്കാവശ്യമായ പഠനോപകരണങ്ങൾ നൽകണം.

39. അദ്ധ്യാപകർക്ക് തുടർച്ചയായി ഇൻസർവീസ് കോഴ്സ് നൽകണം.

40. അദ്ധ്യാപകരെ ഇതര ജോലികളിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കണം.

41 സ്കൂളിലെ എല്ലാ ഒഴിവുകളും വർഷാരംഭത്തിൽ തന്നെ നികത്തണം.

42. അഭിരുചിയുള്ളവരെ അദ്ധ്യാപക വൃത്തിയിലേക്ക് ആകർഷിക്കുവാൻ നടപടി സ്വീകരിക്കണം.

43. തുടർ സാക്ഷരതാ വിദ്യാഭ്യാസം കാര്യക്ഷമമായി നടത്തണം. എൻ.സി.സി., എൻ. എസ്. എസ്. കാൻഫെഡ്, ശാസ്ത്രസാഹിത്യ പരിഷത്ത്, യുവജന സമിതികൾ, മഹിളാ സമാജങ്ങൾ എന്നീ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ, ലൈബ്രറികൾ, ക്ലബ്ബുകൾ എന്നീ കേന്ദ്രങ്ങളിൽ വെച്ച് സാക്ഷരതാ പ്രവർത്തനം നടത്താവുന്നതാണ്.

44. യുവജന ക്ലബ്ബുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ കുട്ടികളുടെ പഠനത്തെ സഹായിക്കുന്നതിന് സൗജന്യ ട്യൂഷൻ സെൻറുകൾ ആരംഭിക്കണം.

45. സമയബന്ധിതമായും, ആവർത്തിതമായും കുട്ടികൾക്ക് വൈദ്യപരിശോധന നടത്തണം.

46. സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിക്കുവാൻ കുട്ടികൾക്ക് പ്രചോദനം നൽകണം. അതിനായി എൻ. സി. സി., എൻ. എസ്. എസ്. , സ്കൗട്ട്സ്, ഗൈഡ്സ് തുടങ്ങിയ സന്നദ്ധ സംഘടനകളുടെ , കാർഷിക ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് എന്നീ ക്ലബ്ബുകളും രൂപീകരിക്കണം. ഇവയുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും തണൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക, പച്ചക്കറി തോട്ടങ്ങൾ പൂന്തോട്ടങ്ങൾ എന്നിവ നിർമ്മിക്കുക, ശുചീകരണ പ്രവർത്തനം നടത്തുക എന്നീ പരിപാടികൾ നടത്താവുന്നതാണ്.

47. കോത്താരി കമ്മീഷൻ ശുപാർശ ചെയ്ത അയൽപക്ക സ്കൂൾ സമ്പ്രദായം നിർബ്ബന്ധമാക്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്തണം.

48. അദ്ധ്യാപക- വിദ്യാർത്ഥി അനുപാതം 1 ാം സ്റ്റാൻഡേർഡിൽ 1 : 20 ഉം മറ്റു ക്ലാസ്സുകളിൽ 1: 30 ഉം ആക്കി നിജപ്പെടുത്തണം.

49. ഹെഡ്മാസ്റ്റർമാരെ പൂർണ്ണമായും ക്ലാസ് ചാർജ്ജിൽ നിന്ന് ഒഴിവാക്കുകയും, ക്ലാസ് സൂപ്പർവിഷൻ കാര്യക്ഷമമാക്കുകയും ചെയ്യണം,

50. യു. പി. സ്കൂളുകളിൽ സംഗീതം, ചിത്ര മെഴുത്ത്, കായികാദ്ധ്യാപനം, ക്രാഫ്റ്റ്, എന്നീ തസ്തികകൾ അനുവദിക്കണം.

51. എൽ. പി. സ്കൂളിലെ അദ്ധ്യാപക നിയമ നത്തിന് ടി. ടി. സി. ക്കാരെ മാത്രം പരിഗണിക്കണം.

52. എൽ. പി. സ്കൂളുകളിൽ പി. ടി. സി. എം., പ്യൂൺ എന്നീ തസ്തികകളും, യു പി. സ്കൂളിൽ ഇവ കൂടാതെ ഒരു എൽ.ഡി.സി. യുടെ തസ്തികയും അനുവദിക്കണം.

53. ഒരു വർഷത്തിൽ കുറഞ്ഞത് 2 തവണ യെങ്കിലും പഞ്ചായത്ത് തലത്തിൽ വിദ്യാ ഭ്യാസസെമിനാർ സംഘടിപ്പിക്കണം. വി ദ്യാഭ്യാസ പ്രശ്നങ്ങൾ ചർച്ചചെയ്യുക, രക്ഷിതാക്കളെ ബോധവൽക്കരിക്കുക, എന്നിവക്കു പുറമെ മദ്യത്തിനും മയക്കു മരുന്നിനും എതിരെയുള്ള പ്രചാരണ ത്തിനും ഈ വേദി ഉപയോഗിക്കാവു ന്നതാണ്.

പൊതുജനാരോഗ്യവും കുടിവെള്ളവും

പൊതുജനാരോഗ്യം

എലപ്പുള്ളി പഞ്ചായത്തിലെ ആരോഗ്യരംഗത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ആദ്യകാലങ്ങളിൽ അതായത് സർക്കാർ തലത്തിൽ ആരോഗ്യ സംവിധാനം വരുന്നതിനുമുമ്പ്, ഇവിടത്തെ ജനങ്ങൾ പ്രധാനമായും ആശ്രയിച്ചിരുന്നത് ആയുർവ്വേദ ചികിത്സാരീതിയേയും നാട്ടുചികിത്സാരീതിയേയുമായിരുന്നു. ഇക്കാലത്ത് പ്രസവമെടുക്കുന്നതിനായി പലസ്ഥലങ്ങളിലും വിദഗ്ദരായ നാട്ടു പതിച്ചികൾ ഉണ്ടായിരുന്നു. പാറ കേന്ദ്രീകരിച്ച് കോപ്പുണ്ണി എന്നു പേരായ ഒരു ആയുർവേദ വൈദ്യൻ ചികിത്സ നടത്തിയിരുന്നു. ഇപ്പോഴും അദ്ദേഹത്തിന്റെ പിൻഗാമി ആ ചികിത്സാരീതികൾ തുടർന്നുവരുന്നു. തേനാരി കേന്ദ്രീകരിച്ചും വളരെക്കാലമായി ആയുർവേദ ചികിത്സ നടത്തിവരുന്നുണ്ട്. ഹോമിയോപ്പതി ചികിത്സാരീതിയേയും അക്കാലത്ത് ജനങ്ങൾ ആശ്രയിച്ചിരുന്നു. പാറ കേന്ദ്രീകരിച്ച് ഗോപാലകൃഷ്ണൻ എന്ന ഹോമിയോ ഡോക്ടർ ചികിത്സ നടത്തിയിരുന്നു.

കുന്നം പാറയിൽ നായാടി വൈദ്യൻ എന്നറിയപ്പെടുന്ന ഒരു വൈദ്യൻ വിഷചികിത്സ നടത്തിയിരുന്നു. പിൻതലമുറക്കാർ ഇപ്പോഴും ചികിത്സ നടത്തിവരുന്നുണ്ട്.

മദ്രാസ് ഗവൺമെൻറിന്റെ കാലത്ത് അതായത് 1927 - 28 കാലഘട്ടത്തിൽ ഒരു റൂറൽ ഡിസ്പൻസറി പാറയിലെ ഒരു വാടകക്കെട്ടിടത്തിൽ ആരംഭിച്ചു. ഡോക്ടർ ഗോവിന്ദമേനോനായിരുന്നു ആദ്യ ഡോക്ടർ. പിന്നീട് ആ ഡിസ്പൻസറി കുന്നാച്ചിയിലേക്ക് മാറ്റുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

ഇപ്പോൾ , സ്വകാര്യമേഖലയിൽ (പരിമിതമായ സൗകര്യങ്ങളോടുകൂടി) ഒരുഹോമിയോ ക്ലിനിക്ക്, 4 ആയുവേദ ചികിത്സാ കേന്ദ്രങ്ങൾ, 2 നാട്ടുചികിത്സാ കേന്ദ്രങ്ങൾ, ഷുഗർ ഫാക്ടറി ജീവനക്കാർക്കു മാത്രമായി ഒരു ഡിസ്പെൻസറി എന്നിവയുണ്ട്. ഇവയെല്ലാം ചേർന്നതാണ് എലപ്പുള്ളി പഞ്ചായത്തിലെ ആരോഗ്യ പരിപാലന സംവിധാനം.

ഈ ആരോഗ്യ സംവിധാനങ്ങളെല്ലാം പ്രവർത്തിക്കുന്നുണ്ടെങ്കിലും പൊതുജനാരോഗ്യ രംഗത്ത് കാര്യമായ നേട്ടം കൈവരിക്കാനായിട്ടില്ല. സ്ഥിതിവിവര കണക്കുകൾ പരിശോധിക്കുമ്പോൾ 1995 - 96 വർഷത്തിൽ 2005 ജലജന്യരോഗങ്ങളും 90 വായുജന്യരോഗങ്ങളും 5 പ്രാണിജന്യരോഗങ്ങളും 18818 മറ്റ് രോഗങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുഷ്ഠരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്നവർ 36 പേരു. പഞ്ചായത്തിലെ ജനനനിരക്ക് 1000 ജനസംഖ്യക്ക് 13.1 ഉം മരണനിരക്ക് 6.3 ഉം ആണ്. ശിശുമരണനിരക്കും, മാതൃമരണനിരക്കും 2.1 വീതമാണ്.

എലപ്പുള്ളി പഞ്ചായത്തിലേയും സമീപ പഞ്ചായത്തുകളിലേയും ജനങ്ങൾ ചകിത്സയ്ക്കായി സമീപിക്കുന്നത് എലപ്പുള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തെയാണ്. ഇതിന്റെ കീഴിൽ 8 ഉപകേന്ദ്രങ്ങളുണ്ട്. പള്ളത്തേരി എണ്ണപ്പാടം, മുനിയക്കോട്, തേനാരി, കോപ്പന്നൂർ, പോക്കാംതോട് എന്നിവിടങ്ങളിലും ഒരെണ്ണം ആശുപത്രി കേന്ദ്രീകരിച്ചും ഒരെണ്ണം നെടുമ്പള്ളത്ത് നിർമ്മാണ ഘട്ടത്തിലുമാണ്, എലപ്പുള്ളി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിലവിലുള്ളതും ഇനി സൃഷടിക്കേണ്ടതുമായ തസ്തികകൾ, നിവിലുള്ള ജീവനക്കാരുടെ എണ്ണം, ഒഴിഞ്ഞുകിടക്കുന്നവ എന്നീ കാര്യങ്ങളെക്കുറിച്ചുള്ള ഒരു ലഘുവിവരം:

പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രധാന പ്രവർത്തനമെന്നത് രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ സൂക്ഷിക്കുകയാണ്. (Prevention is better than cure) എന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ്. അതിന്റെ ഭാഗമായി മാതൃ- ശിശു സംരക്ഷണം,

	തസ്തിക	നിലവിലുള്ളത്	യഥാർത്ഥത്തിൽ ആവശ്യമായത്	ഒഴിഞ്ഞുകിടക്കുന്നവ	റിമാർക്സ്
1.	ഡോക്ടർ	2	2		
2.	സ്റ്റാഫ് നേഴ്സ്	5	8		
3.	ഫാർമസിസ്റ്റ്	1	1		
4.	ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 1	2	2		
5.	ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2	1	2	1	ഇപ്പോൾ തസ്തിക ഇല്ല.
6.	പാർട്ട് ടൈം സ്വീപ്പർ		1	1	
7.	നേഴ്സിംഗ് അസിസ്റ്റൻറ്	3	4		
8.	ഹെൽത്ത് ഇൻസ്പെക്ടർ	1	2		
9.	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1	1	2		
10.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2	3	6		
11.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1	1	2		
12.	ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്	8	8		
13.	ക്ളാർക്ക്	1	1		
14.	പ്യൂൺ	1	1		
15	ഡ്രൈവർ	1	1		
16.	ലാബ് ടെക്നീഷ്യൻ	1	1		

രോഗ പ്രതിരോധ കുത്തിവെയ്പ്, പകർച്ചവ്യാധി നിയന്ത്രണം, പരിസര ശുചീകരണം, കുടുംബ ക്ഷേമം, ദേശീയ മലമ്പനി നിർമ്മാർജ്ജന പരിപാടി, കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി, ദേശീയ ക്ഷയരോഗ നിയന്ത്രണപരിപാടി, ദേശീയ അന്ധതാ നിയന്ത്രണ പരിപാടി, പോഷകാഹാരപരിപാടി, വിദ്യാലയ ആരോഗ്യപരിപാടി, ദേശീയ എയ്ഡ്സ് നിയന്ത്രണപരിപടി, ആരോഗ്യ വിദ്യാഭ്യാസം തുടങ്ങിയ പ്രവർത്തനങ്ങൾ പ്രതിരോധരംഗത്ത് (Preventive side) നടപ്പിലാക്കിവരുന്നു. മുൻകാലങ്ങളിൽ മാരക രോഗങ്ങളായ വസൂരി (Small Pox) ലോകത്തുനിന്നു തന്നെയും മലമ്പനി (Malaria) കേരളത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഇന്ത്യയിൽ നിന്നും പോളിയോ രോഗം നിർമ്മാർജ്ജനം ചെയ്യാനുള്ള തീവ്രയജ്ഞം നടന്നുവരുന്നു.

ചികിത്സാ രംഗത്ത് (Curativve Side) ഓ. പി. ഐ. പി. വിഭാഗങ്ങൾ പ്രവർത്തിക്കുന്നു, ശരാശരി 150 ൽ അധികം രോഗികൾ ചികിത്സാക്കായി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ എത്തുന്നു. ഐ. പി. വിഭാഗത്തിൽ 24 കിടക്കകൾ ജനറൽ വാർഡിലും, 8 കിടക്കകൾ പേ വാർഡിലും ഉണ്ട്.

എന്നാൽ എലപ്പുള്ളി പഞ്ചായത്തിലെ ജനസംഖ്യയും ജനങ്ങളുടെ ആരോഗ്യ നിലവാരവും ആരോഗ്യ സ്ഥാപനങ്ങളുടെ കുറവും കാരണം പഞ്ചായത്തിലെ ജനങ്ങൾക്ക് ആതുര ശുശ്രൂഷ രംഗത്ത് ഏക ആശ്രയമായുള്ളത് എലപ്പുള്ളി പ്രാഥമികാരോഗ്യ കേന്ദ്രമാണ്,.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന ആരോഗ്യ പ്രശ്നങ്ങൾ ശുദ്ധമായ കുടിവെള്ളത്തിന്റെ അഭാവം, പോഷകാഹാരത്തിന്റെ കുറവ് കക്കൂസില്ലായ്മ, അന്ധവിശ്വാസം, ആചാര രീതികൾ, ആരോഗ്യ വിദ്യാഭ്യാസത്തിന്റെ കുറവ് അവശ്യമരുന്നുകളുടെ ദൗർലഭ്യം, ചികിതസാ

നിർണ്ണയത്തിനാവശ്യമായ സാങ്കേതിക സൗകര്യങ്ങളുടെ കുറവ് (എക്സ് റേ, ലബോറട്ടറി, സ്കാനിങ്ങ് മുതലായവ), ജീവനക്കാരുടെ കുറവ്, ജന മലിനീകരണം, അന്തരീക്ഷമലിനീകരണം, പരിസര ശുചീകരണത്തിന്റെ അഭാവം, വ്യക്തി ശുചിത്വത്തിന്റെ കുറവ്, റഫർ ചെയ്യേണ്ടി വരുന്ന അവസരങ്ങളിൽ രോഗികളെ റഫറൽ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനുള്ള വാഹനത്തിന്റെ അഭാവം തുടങ്ങിയവ യാണ്.,

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങൾ അവലോകനം ചെയ്യുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ കക്കൂസ് ഇല്ലായ്മയും, പരിസര ശുചീകരണത്തിന്റെ പോരയമയുമാണ് എല്ലാ വർഡുകളിലും മുട്ടിനിൽക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ.

പഞ്ചായത്തിൽ 9155 വീടുകളുള്ളതിൽ 2023 വീടുകളിൽ മാത്രമേ കക്കൂസ് നിലവിലുള്ളൂ. ഇതിനാൽ വിരശല്യം, ജലജന്യരോഗങ്ങൾ പ്രധാനമായും വയറിളക്കം തുടങ്ങിയവ കൂടുതലായി കണ്ടുവരുന്നു. 1995-96 വർഷത്തിൽ 2005 പേർക്ക് ജലജന്യരോഗങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ കോളറ മൂലം ഒരു മരണവും ഉണ്ടായി.

പഞ്ചായത്തിൽ കക്കൂസ് നിർമ്മിക്കുന്നതിന് തടസ്സമായി നില്ക്കുന്ന ഘടകങ്ങൾ സാമ്പത്തികമായ പിന്നോക്കാവസ്ഥ, കക്കൂസിന്റെ ആവശ്യകത വേണ്ടത്രബോദ്ധ്യപ്പെടാതിരിക്കൽ, സ്ഥലപരിമിതി തുടങ്ങിയവയാണ്.

പരിസര ശുചീകരണത്തിന്റെ കാര്യത്തിൽ പഞ്ചായത്തിൽ നിലവിലുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. വ്യാവസായിക മലിനീകരണം കൂടി അനുഭവിക്കുന്ന പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. പരിസര ശുചീകരണത്തെക്കുറിച്ച് ജനങ്ങിൽ മതിയായ ബോധവൽക്കരണം ആവശ്യമാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും കക്കൂസ് ഇല്ല.
2. ആയുർവേദ, ഹോമിയോ ആശുപത്രികളുടെ അഭാവം (സർക്കാർ തലത്തിൽ)
3. സ്കൂളുകളിൽ പ്രാഥമശുശ്രൂഷാ സൗകര്യങ്ങളുടെ പോരായ്മ.
4. അംഗവൈകല്യമുള്ളവർക്ക് അർഹമായ വൈദ്യസഹായം കിട്ടുന്നില്ല.
5. തേനാരിയിലുള്ള ജനങ്ങൾക്ക് ചികിത്സാ സൗകര്യം ആവശ്യത്തിന് കിട്ടുന്നില്ല.
6. പാറ, തേനാരുമതലിത്തറ, പള്ളത്തേരി തുടങ്ങിയ സ്ഥലങ്ങളിലെ കുപ്പത്തൊട്ടികളുടെ അഭാവം.
7. അംഗൻവാടികളിൽ കക്കൂസ് ഇല്ല.
8. അവശ്യമരുന്നുകൾ സമയത്തിന് ലഭ്യമാകുന്നില്ല. മെഡിക്കൽ ഷോപ്പുകൾ രാത്രികാലങ്ങളിൽ പ്രവർത്തിക്കുന്നില്ല.
9. പാറ അങ്ങാടിയിൽ കംഫർട്ട് സ്റ്റേഷന്റെ അഭാവം.
10. ആരോഗ്യ പ്രവർത്തകരുടെ ഭവന സന്ദർശനവും ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളും കാര്യക്ഷമമാകുന്നില്ല.
11. അംഗൻവാടികളിൽ ഡോക്ടർമാർ വൈദ്യ പരിശോധന നടത്തുന്നില്ല.
12. ശുദ്ധമായ കുടിവെള്ളം ലഭ്യമാകുന്നില്ല.
13. പഞ്ചായത്തിൽ കൊതുകുനിവാരണം വേണ്ടത്ര നടക്കുന്നില്ല.
14. 2,6,7,10,12,13 വാർഡുകളിൽ സബ്സെൻററുകൾ നിലവിലില്ല.
15. പാറ അങ്ങാടിയിലെ മാലിന്യങ്ങൾ ശരിയായ വിധത്തിൽ നശിപ്പിക്കുന്നില്ല.
16. സർക്കാർ തലത്തിലുള്ള പഞ്ചായത്തിലെ ഏക ആരോഗ്യ സ്ഥാപനമായ എലപ്പുള്ളി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നിലവിലുള്ള ചികിത്സാ സംവിധാനങ്ങളുടെ അപര്യാപ്തത, മുഴുവൻ സമയവും പ്രവർത്തിക്കുന്ന മെഡിക്കൽ ഷോപ്പ്, പുതിയ പേവാർഡ്, എക്സ്-റേ, ആംബുലൻസ്, മോർച്ചറി, എന്നിവയുടെ അഭാവം, ലബോറട്ടറിയുടെ കാര്യക്ഷമതയില്ലായ്മ, ഡ്രയിനേജ് സംവിധാനത്തിന്റെ പോരായ്മ, ഗൈനക്കോളജിസ്റ്റ് ആയ ലേഡിഡോക്ടറുടെ അഭാവം, ആശുപത്രിയിലെ ശുദ്ധജല വിതരണത്തിന്റെ അപര്യാപ്തത.
17. വ്യാവസായികമലിനീകരണം പൊതുജനാരോഗ്യപ്രശ്നമാവുന്നത് തടയണം. പ്രത്യേകിച്ച് ഷുഗർ ഫാക്ടറി വഴിയും, ഇൻഡ്സിൽ ഫാക്ടറി വഴിയുമുള്ള മലിനീകരണം.

18. സാമൂഹിക വിപത്തായ മയക്കുമരുന്ന്, മായം ചേർക്കൽ, എയ്ഡ്സ് എന്നിവയ്ക്കെതിരായ ബോധവൽക്കരണം നടക്കുന്നില്ല.

19. പഞ്ചായത്തുതലത്തിൽ ഒരു ശവവണ്ടി ഇല്ല.

20. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുവാനുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുക.

പരിഹാര നിർദ്ദേശങ്ങൾ

1. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സഹായത്തോടെ സാമ്പത്തിക സമാഹരണം നടത്തി കക്കൂസ് ഇല്ലാത്ത മുഴുവൻ വീട്ടുകാർക്കും കക്കൂസ് നിർമ്മിച്ചു കൊടുക്കാവുന്നതാണ്,

2. സർക്കാർ തലത്തിൽ ആയുർവ്വേദ ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുക.

3. സ്കൂളുകളിൽ പ്രഥമശുശ്രൂഷാ സംവിധാനം കാര്യക്ഷമമാക്കുക.

4. അംഗവൈകല്യം ഉള്ളവർക്ക് പ്രത്യേക വൈദ്യസഹായം അനുവദിക്കുണം.

5. തേനാരി സബ് സെൻറർ ആശുപത്രിയായി ഉയർത്തി ഒരു ഡോക്ടറേയും നേഴ്സിനേയും നിയമിക്കുക.

6. പാറ, മുതലിത്തറ, തേനാരി, പള്ളത്തേരി എന്നീ സ്ഥലങ്ങളിൽ കുപ്പത്തൊട്ടി സ്ഥാപിക്കുകയും യഥാസമയം ചപ്പുചവറുകൾ നീക്കം ചെയ്യുകയും ചെയ്യുക.

7. എല്ലാ അംഗൻ വാടികളിലും കക്കൂസ് നിർമ്മിക്കുക.

8. മെഡിക്കൽ ഷോപ്പുകൾ മുഴുവൻ സമയവും പ്രവർത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. (രാത്രിയും പകലും)

9. പാറ അങ്ങാടിയിൽ ഒരുകംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുക.

10. ആരോഗ്യപ്രവർത്തകർ ഭവന സന്ദർശനം നടത്തുകയും ആരോഗ്യ വിദ്യാഭ്യാസം നൽകുകയും ചെയ്യുക.

11. അംഗൻവാടികളിൽ സ്ഥിരമായി ഡോക്ടർമാർ വൈദ്യ പരിശോധന നടത്താനുള്ള സംവിധാനം ഉണ്ടാക്കുക.

12. പൈപ്പുവെള്ളം ശുദ്ധമാണെന്നുറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

13. പഞ്ചായത്തിൽ കൊതുകു നിവാരണം ഊർജ്ജിതമായി നടപ്പാക്കുക.

14. 2,6,7,10,12,13 വാർഡുകളിൽ സബ് സെൻററുകൾ അനുവദിക്കുക.

15. പാറ കേന്ദ്രീകരിച്ച് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഒരു കമ്പോസ്റ്റ് സംവിധാനം ഏർപ്പെടുത്തുക.

16. സർക്കാർ തലത്തിലുള്ള , പഞ്ചായത്തിലെ ഏക ആരോഗ്യ സ്ഥാപനമായ എലപ്പുള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ നിലവിലുള്ള ചികിത്സാ സംവിധാനങ്ങൾ മെച്ചപ്പെടുത്തണം. അതിൻെറ ഭാഗമായി എക്സറേ, ആംബുലൻസ്, മോർച്ചറി, എന്നിവയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തുക, ലബോറട്ടറി സംവിധാനം കാര്യക്ഷമമാക്കുക, അവശ്യമരുന്നുകൾ ലഭ്യമാക്കുന്നതിനായി മുഴുവൻ സമയവും ഒരു മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. രക്തദാനം, കണ്ണുദാനം എന്നിവ നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. ഡ്രയിനേജ് സംവിധാനം കാര്യക്ഷമമാക്കുക. ഗൈനക്കോജിസ്റ്റായ ലേഡിഡോക്ടറെ നിയമിക്കുക. ആശുപത്രിയിലും, ഉപകേന്ദ്രങ്ങളിലും അവശ്യമരുന്നുകൾ വിതരണം ചെയ്യുക. ആശുപത്രിയിലെ ശുദ്ധജല വിതരണത്തിനായി 2 ടാപ്പ് അനുവദിക്കുക.

17. പരിസരശുചീകരണം നടത്തുന്ന ജീവനക്കാരുടെ എണ്ണം മൂന്നിൽ നിന്നും പത്ത് ആയി ഉയർത്തുകയും അവരുടെ സേവനം ശരിയായി ഉപയോഗപ്പെടുത്തുകയും ചെയ്യുക. ജന പങ്കാളിത്തത്തോടെ പരിശരശുചീകരണം നടപ്പിലാക്കുക.

ഇൻഡ്സിൽ ഫാക്ടറിയിൽ നിന്നും ഷുഗർ ഫാക്ടറിയിൽ നിന്നും ഉണ്ടാകുന്ന മലിനീകരണം തടയുന്നതിന് നടപടി സ്വീകരിക്കുക.

18. മയക്കുമരുന്ന്, മായം ചേർക്കൽ, എയ്ഡ്സ് എന്നിവയ്ക്കെതിരായ ബോധവൽക്കരണം ശക്തമാക്കുക.

19. പഞ്ചായത്തുതലത്തിൽ ഒരു ശവവണ്ടി ലഭ്യമാക്കുക.

20. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തുനായ്ക്കൾക്ക് ലൈസൻസും പേ വിഷ പ്രതിരോധ കുത്തിവെയ്പ് കർശനമാക്കുകയും ചെയ്യുക.

21. എലപ്പുള്ളി പ്രാഥമികാരോഗ്യകേന്ദ്രം അപ് ഗ്രേഡ് ചെയ്യണം. ഡോക്ടറുടെ തസ്തിക വർദ്ധിപ്പിക്കുക.

22. പഞ്ചായത്തുതലത്തിൽ ഒരുസഞ്ചരിക്കുന്ന ആശുപത്രി ഏർപ്പെടുത്തുക.

23. ജനങ്ങളുടെയും സന്നദ്ധ സംഘടനകളായ എൻ. സി. സി. മഹിളാസമാജം, ക്ലബ്ബുകൾ തുടങ്ങിയവയുടെ സഹകരണത്തോടെ കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തുക.

24. സ്കൂളുകൾ കേന്ദ്രീകരിച്ച് ഹെൽത്ത് ക്ലബ്ബുകൾ ഉണ്ടാക്കുകയും, ആരോഗ്യ പ്രവർത്തകരുടെ സേവനം ഉപയോഗിച്ച് എല്ലാ സ്കൂളുകളിലും ആരോഗ്യ വിദ്യാഭ്യാസം നൽകുക.

25. ആശുപത്രി വികസന സമിതിയുടെ നിയന്ത്രണത്തിലോ, സഹകരണ അടിസ്ഥാനത്തിലോ ഒരു മെഡിക്കൽ ഷോപ്പ് ആരംഭിക്കുക.

26. ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ ഉടൻ ആരംഭിക്കുക.

27. 1000 ജന സംഖ്യയ്ക്ക് ഒരു അംഗൻ വാടി എന്ന തോതിൽ അംഗൻ വാടികൾ അനുവദിക്കുക.

28. ശ്മശാനം ആളുകൾ കയ്യേറുന്നത് നിയന്ത്രിച്ച് സംരക്ഷിക്കുക.

29. ഭക്ഷണശാലകൾ, ചായക്കടകൾ, അറവുശാലകൾ, തുടങ്ങിയവയ്ക്ക് ലൈസൻസ് നൽകുന്നതിനും വർഷാവർഷം പുതുക്കുന്നതിനും മുമ്പ് ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധനയ്ക്ക് വിധേയമാക്കുക. അംഗീകൃത അറവു ശാല സ്ഥാപിക്കുകയും അനധികൃത അറവുശാലകൾ നിരോധിക്കുകയും ചെയ്യുക.

കുടിവെള്ളം

കാലാകാലങ്ങളായി കാലവർഷം കുറഞ്ഞു വരുന്നതിന്റെ ഫലമായി കുടിവെള്ള ക്ഷാമം അതിരൂക്ഷമായി അനുഭവപ്പെടുന്ന പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലയിൽ സ്ഥിതിചെയ്യുന്ന ഏറ്റവും വലിയ പഞ്ചായത്തുകളിലൊന്നാണ് എലപ്പുള്ളി.

എലപ്പുള്ളി പഞ്ചായത്തടക്കമുള്ള വിപുലമായ പ്രദേശത്തെ ജലക്ഷമാത്തിന് പരിഹാരം കാണുന്നതിനായി തുടങ്ങിയതാണ് വാളയാർ ജലസേചന പദ്ധതി.

ജലസേചനത്തിനും കുടിവെള്ളത്തിനും പരിഹാരം കാണുന്നതിനായി നിർദ്ദേശിക്കപ്പെട്ട ഈ സ്കീം, വർഷങ്ങളായി ലക്ഷ്യം നിറവേറ്റാൻ കഴിയാത്ത ദുരവസ്ഥയിലാണ്. തത്ഫലമായി ഈ പഞ്ചായത്ത് കൃഷിയുടെയും കുടിവെള്ളത്തിന്റേയും കാര്യത്തിൽ വർഷങ്ങളായിത്തന്നെ ഒരു വരൾച്ച ബാധിത പ്രദേശമാണ്.

കാലകാലങ്ങളായി ഇവിടെയുള്ള ജനങ്ങൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകളേയും ഉറവുകളെയുമാണ്. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും അടിയിൽ പാറയായതിനാൽ കിണറുകളിലെ വെള്ളം ഏതാനും മാസങ്ങൾ മാത്രമേ ലഭിക്കുന്നുള്ളൂ. മാത്രമല്ല ചിലയിടങ്ങിളിൽ ലഭിക്കുന്ന ജലം കഠിനജലവും ഫ്ലൂറൈഡിന്റെ അംശം കലർന്നിട്ടുള്ളതുമാണ്.

അതിരൂക്ഷമായ കുടിവെള്ള ക്ഷാമം കാരണം വറ്റികിടക്കുന്ന കുളംങ്ങളും തോടുകളും കുഴിച്ച് അതിൽ നിന്ന് കിട്ടുന്ന ഉറവ ഉപയോഗിച്ചാണ് വേനൽക്കാലങ്ങളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നത്. എലപ്പുള്ളി പഞ്ചായത്തിൽ നിന്നും ഏകദേശം 9 കി. മീറ്റർ അകലെയുള്ള കൊടുമ്പിൽ നിന്നാണ് ഇപ്പോൾ പഞ്ചായത്തിൽ നടപ്പിലുള്ള സ്കീമിന് വെള്ളമെത്തുന്നത്. സാങ്കേതിക കുഴപ്പങ്ങൾ കൊണ്ട് നിരന്തരമായി പമ്പിങ്ങ് ലൈൻ പൊട്ടുന്നതിനാൽ ടാങ്കിൽ വെള്ളം നിറയാതിരിക്കുകയും ജലവിതരണം തടസ്സപ്പെടുകയും ചെയ്യുന്നു.

കൂടാതെ പ്രദേശികമായി രാമശ്ശേരിയിലും തേനാരിയിലും രണ്ടു ശുദ്ധജല വിതരണ പദ്ധതികളുണ്ട്. ഇതും കൂടാതെ വാട്ടർ ടെക്നോളജി മിഷ്യൻ ജലലഭ്യതയുള്ളിടത്തുമാത്രം നിർമ്മിച്ച 28 ഹാർഡ് പമ്പോടുകൂടിയ കുഴൽകിണറുകളും പഞ്ചായത്തു നിർമ്മിച്ച 2 കുഴൽക്കിണറുകളും (ചിലവയിൽ കഠിന ജലവും ഫ്ലൂറൈഡിന്റെ അംശവും മറ്റുചിലതിൽ പൈപ്പിന് കേടുപാടുകൾ ഉള്ളതുകാരണം ഉപയോഗ യോഗ്യമല്ല) 51 പഞ്ചായത്തുകിണറുകളും അടങ്ങുന്നതാണ് എലപ്പുള്ളിയിലെ ശുദ്ധജലവിതരണ സംവിധാനം.

എന്നാൽ 49.07 ചതുരശ്ര കി. മീറ്റർ വിസ്തൃതിയുള്ളതും 35,000 ജനസംഖ്യയുള്ളതും, പ്രധാന ഉപജീവന മാർഗ്ഗം കൃഷിയും കന്നുകാലി വളർത്തലുമായിട്ടുള്ള ഈ പഞ്ചായത്തിൽ ഇപ്പോൾ നിവിലുള്ള ശുദ്ധജലവിതരണ സംവിധാനം തീരെ പര്യാപ്തമല്ല.

1, 2, 3, 13 വാർഡുകൾ നിലവിലുള്ള സ്കീമിന്റെ പരിധിയിൽപ്പെടുന്നേയില്ല. നിലവിലുള്ള സ്കീമിൽപ്പെടുന്ന പ്രദേശങ്ങളിൽതന്നെ മുഴുവൻ സ്ഥലത്തും പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടില്ല.

പഞ്ചായത്തിൽ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ ഒരു ലഘുവിവരം താഴെ കൊടുക്കുന്നു.

1ാം വാർഡ്	മൊത്തത്തിൽ ജലദൗലഭ്യം അനുഭവപ്പെടുന്ന പ്രദേശമാണ്
2 ാം വാർഡ്	ഉപ്പുതോട്, താണിപ്പള്ളം, കൈതക്കുഴി
3 ാം വാർഡ്	ചെറുനെല്ലി, നെയ്തല, കള്ളിമുള്ളി, നോമ്പിക്കോട്,.
4 ാം വാർഡ്	ചുട്ടിപ്പാറ പള്ളിപ്രദേശം, കല്ലങ്കാട്, ചിലുകുപാളയം, എലിയപ്പാടം, വാഴക്കോട് ചൊരക്കാപ്പള്ളം, കള്ളിമുള്ളി, കുന്നംപാറ, നീലിമേട്, കൊല്ലങ്ങാനം.
5 ാം വാർഡ്	വേങ്ങോടി മുതലിത്തറ, പാറമേട്, കൂളിയോട്, കുപ്പിയോട്
6 ാം വാർഡ്	കറുകപ്പാടം, രാമച്ചംകാട്, കണ്ണിയോട്, ചക്കാട്ടുപാറ

7 ാം വാർഡ്	കോവിൽപ്പാളയം, മടച്ചിപ്പാടം, പച്ചരിക്കുളമ്പ്, കള്ളാന്തോട്, ചാന്തംപുള്ളി, മണിയേരി
8 ാം വാർഡ്	മണ്ണിൽക്കളം, പള്ളത്തേരി, കൊല്ലുംപള്ളം, മുണ്ടിനീർക്കാട്, വള്ളേക്കുളം, ഇറച്ചിക്കാട്, പാണത്തറ, ചെടയൻ കാട്
9 ാം വാർഡ്	പണ്ടാരക്കാവ്, വാണിയത്തറ, എലപ്പുള്ളി പ്രാഥമികാരോഗ്യ കേന്ദ്രം, വടക്കേക്കാട്, പുഞ്ചക്കോട്, നൊച്ചിക്കാട് കിഴക്കേത്തറ, മാതളം കോട്, തറക്കളം, വാണിയത്തറ.
10 ാം വർഡ്	എടക്കോട്ട്, കരിമ്പയങ്കോട്, ആവരിങ്കാട്, മുതിരംപള്ളം, പട്ടച്ചൻകാവ്, കാക്കത്തോട്
11 ാം വാർഡ്	മാണിക്കത്തുകളം, യു. പി. സ്കൂൾ തേനാരി, പുലിക്കാട്, പുളക്കാട്.
12 ാം വർഡ്	ഒകരപ്പള്ളം, ചാലിയക്കളം, നോമ്പിക്കോട്, വക്കലാക്കളം കോളനി.
13 ാം വർഡ്	കാരാങ്കോട്, വെളിയമ്പള്ളം, ചെട്ടികളം, പാറക്കളം, കുറ്റയമ്പാക്ക്, മണിയഞ്ചേരി, വെട്ടുകുളമ്പ്, എർളാപുരി, ആമ്പൽച്ചിറ, പ്ലായമ്പള്ളം.

പരിഹാര നിർദ്ദേശങ്ങൾ

1 ാംവാർഡ്: കൗസപ്പാറയിലുള്ള കുഴൽക്കിണറിൽ ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തുക. വടകരപ്പതിയിൽ നിന്നും ഷുഗർഫാക്ടറിവരെ വരുന്ന ശുദ്ധജലവിതണ പദ്ധതി ദീർഘിപ്പിച്ചും ആവശ്യമായിടത്ത് കുഴൽക്കിണർ നിർമ്മിച്ചും, കൗശപ്പാറ, പ്ലാസംപതി, മേലേപോക്കന്തോട്, താഴെപോക്കാന്തോട്, പരിക്കല്ലൂർ, കുറ്റിച്ചള്ള, പരുമായപ്പൻ ചള്ള എന്നിവിടങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്. എലിപ്പാറ ബോർവെല്ലിൽ നിന്നും പൈപ്പ്ലൈൻ പാറക്കളം, മലമേട്ടുക്കാട് എന്നീ പ്രദേശങ്ങളിലേക്ക് നീട്ടുക.

2 ാം വർഡ്: ഉപ്പുതോടിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഒരു കുഴൽകിണർ നിർമ്മിക്കുക. താണിപ്പള്ളത്ത് പഞ്ചയത്ത് കിണറോ, കുഴൽകിണറിന് സ്ഥാനം നിർണ്ണയിച്ചിട്ടുള്ള സ്ഥലത്ത് മൂന്ന് കുഴൽകിണറുകളോ നിർമ്മിക്കുക.

കൈതക്കുഴിയിലെ കുടിവെള്ളക്ഷാമം നല്ലേപ്പിള്ള പഞ്ചായത്തിന്റെ പൈപ്പ് ലൈൻ കൈതക്കുഴിയിലേക്ക് ലിങ്ക് ചെയ്ത് പരിഹരിക്കുക.

വെന്തപാളയത്തുള്ള പൈപ്പിന്റെ വണ്ണം കൂട്ടുകയും ഉപ്പുതോടുവരെ ലൈൻ നീട്ടുകയും ചെയ്യുക. ഇതിനെ വീരംമ്പാറ്റാ ബോർവെല്ലുമായി ബന്ധിപ്പിക്കുക.

3 ാവാർഡ്: ചെറുനെല്ലിയിൽ ഒരു പൊതുകിണർ കുഴിച്ചും തെയ്തലത്തറിയിലും, നോമ്പിക്കോട് എൽ. പി. സ്കൂളിലും കള്ളിമുള്ളിയിലും പൈപ്പ് ലൈനുകൾ നീട്ടിയും കോപ്പന്നൂരും, ചോഴിയമ്പാക്കും പൂങ്ങോടും, വടകോടും നിലവിലുള്ള പൈപ്പ് ലൈനുകൾ കേടുപാടുകൾ തീർത്തും ജലക്ഷാമം പരിഹരിക്കുക.

4 ാം വാർഡ്: ചുട്ടിപ്പാറപള്ളിവരേയും മണ്ണുക്കാട് കട്ടലാംപാറവരേയും കല്ലങ്കാടുമതൽ ചിലുകുപാളയം വരേയും നെയ്താരക്കോട്ടിൽ നിന്നും എലിയപ്പാടം പ്രദേശത്ത് നിവിലുള്ള പൈപ്പ് ലൈനുകൾ ഉപയോഗപ്രദമാക്കുകയും ചെയ്യുക. നീലിമേടും, കൊല്ലങ്ങാനത്തും ഓരോകിണർ സ്ഥാപിക്കുക. (നീലിമേട്ടിൽ ജനങ്ങൾ സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്.)

5 ാം വാർഡ് വേങ്ങോടിപ്പാടത്തുള്ള കിണർ വലുതാക്കി ടാങ്കുകെട്ടി ജലവിതരണം നടത്തുക. കൂളിയോടം കുപ്പിയോടുമുള്ള സർക്കാർ കിണറുകൾ ബോർചെയ്യുക.

തേനാരിയിലെ ശുദ്ധജല വിതരണത്തിൽ ഇടയ്ക്കിടക്കുണ്ടാകുന്ന തകരാറുകൾ നീക്കം ചെയ്യുകയോ , പാറയിലുള്ള പദ്ധതിയിൽ നിന്നും വേങ്ങോടിയിലേക്ക് ജലവിതരണം നടത്തുകയോ ചെയ്യുക.

വേങ്ങോടി മുലിത്തറയിൽ തകരാറിലായ പൈപ്പിന്റെ കേടുപാടുതീർത്ത് ഒരു ടാപ്പ് കൂടുതലായി അനുവദിക്കുക.

പാറമേട്ടിൽ നിലവിലുള്ളതിനു പുറമെ ഒരു ടാപ്പുകൂടി അനുവദിക്കുക.

6 ാം വാർഡ് : കറുകപ്പാടം, രാമച്ചംകാട് എന്നീ സ്ഥലങ്ങളിലേക്ക്പൈപ്പ്ലൈൻ ദീർഘിപ്പിക്കുക.

കണ്ണിയോട്, ചക്കാട്ടുപാറ, എന്നീ സ്ഥലങ്ങളിലും കുഴൽകിണറുകളോ, കിണറുകളോ കുഴിക്കുകയോ, പൈപ്പ്ലൈൻ നീട്ടുകയോ ചെയ്യുക.

7ാം വാർഡ് : കോവിൽപ്പാളയം, മടച്ചിപ്പാടം,

പച്ചരിക്കുളമ്പ്, കള്ളന്തോട്, ചാന്തംപുള്ളി, മണിയേരി, കറുകപ്പാടം എന്നീ സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ കുഴിച്ച് പൈപ്പ് ലൈനിലൂടെ കുടിവെള്ളം വിതരണം ചെയ്യുക. (കള്ളാന്തോട്, മണിയേരി, മടച്ചിപ്പാടം, എന്നീ സ്ഥലങ്ങളിൽ കിണർ കുഴിക്കുവാനുള്ള സ്ഥലം വിട്ടുതരുവാൻ ജനങ്ങൾ തയ്യാറാണ്.)

8 ാം വാർഡ് : ഭൂരിഭാഗം ഹരിജൻ കുടുംബങ്ങൾ താമസിക്കുന്ന മണ്ണിൽക്കളത്ത് പൈപ്പ് ലൈൻ 400 മീറ്ററോളം നീട്ടി 5 ടാപ്പിടണം .

പള്ളത്തേരി ആരോഗ്യ ഉപകേന്ദ്രത്തിനും, പള്ളത്തേരി അംഗൻവാടിക്കുമിടയിൽ ഒരു ടാപ്പ്, കൊല്ലംപള്ളത്ത് ഒരു ടാപ്പ്, മുണ്ടിനീർക്കാട് രാമകൃഷ്ണ റൈസ് മില്ലിന്റെ വടക്ക് പടിഞ്ഞാറഭാഗത്ത് ഒരു ടാപ്പ്, വള്ളേക്കുളം ഇറക്കത്തിൽ ഒരു ടാപ്പ് വീതം ഇടണം.

ഇറച്ചിക്കാട് ഒരു കിണർ കുഴിക്കുക. (സ്ഥലം സൗജന്യമായി നൽകുന്നതാണ്.) പാണത്തറ, ചെടയൻകാട്, എന്നീ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ ദീർഘിപ്പിച്ചോ, കുഴൽക്കിണറുകൾ നിർമ്മിച്ചോ, ശുദ്ധജലക്ഷാമം പരിഹരിക്കുക.

9 ാം വാർഡ് : പണ്ടാരക്കാവ്, വാണിയത്തറ, തറക്കളം, ചേരുങ്കാട്, എലപ്പുള്ളിത്തറയിൽ നിന്നും വടക്കത്തെ വീട് വരെ പൈപ്പ് ലൈൻ നീട്ടണം. വാണിയത്തറയിലെ പഞ്ചായത്തുകിണർ അറ്റകുറ്റപ്പണി നടത്തണം.

വടക്കേക്കാട്, പുഞ്ചക്കോട്, കിഴക്കേത്തറ, മാതളംകോട്, എന്നിവിടങ്ങളിൽ ആവശ്യമായിടത്ത് പൈപ്പ് ലൈൻ ദീർഘിപ്പിച്ചും, കിണറുകൾ കുഴിച്ചും ശുദ്ധജലം ലഭ്യമാക്കുക.

10 ാം വാർഡ് : കരിമ്പയങ്കോട്, ആവിരങ്കാട്, മുതിരപള്ളം, പട്ടച്ചൻകാവ്, കാക്കത്തോട്, എടക്കോട്, മുതലായ സ്ഥലങ്ങളിൽ പൈപ്പ് ലൈനിടുകയും ഉൾപ്രദേശങ്ങളിൽ കിണർകുഴിക്കുകയും ചെയ്യുക.

11 ാം വാർഡ് : തീർത്ഥം പാടത്ത് കുടിവെള്ളം എത്തിക്കുന്നതിനായി 300 മീറ്റർ അകലെയുള്ള പഞ്ചായത്ത് കുഴൽക്കിണറിൽ നിന്നും പുതിയ കണക്ഷൻ നൽകുകയോ അല്ലെങ്കിൽ വീടുകളിൽ നിന്നും 150 മീറ്റർ അകലെ കുഴൽക്കിണർ കുഴിച്ച് പൈപ്പ്ലൈൻവഴി ശുദ്ധജല വിതരണം ചെയ്യുക.

തേനാരി യു. പി. സ്കൂളിൽ ഒരു കിണർ കുഴിച്ച് കുടിവെള്ളം ലഭ്യമാക്കുക.

ചൂല്പുറം,. പുലിക്കാട്, പൂളക്കാട്, പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെ പഞ്ചായത്ത് കിണർ കുഴിച്ച് ശുദ്ധജലം ലഭ്യമാക്കുക.

മാണിക്കത്ത് കളത്ത് കുടിവെള്ളം ലഭ്യമാക്കുന്നതിന് തൊട്ടടുത്ത പ്രദേശമായ നല്ലേപ്പിള്ളി പഞ്ചായത്തിലെ കമ്പിളിച്ചുങ്കത്തുനിന്നും പൈപ്പ് ലൈൻ ദീർഘിപ്പിച്ച് മാണിക്കത്തുകളത്തെത്തിക്കുക.

12 ാം വാർഡ്: തോട്ടക്കര വണ്ടിത്തോടിനു സമീപം ഒരു വലിയ കിണർ (30 കോൽ ചുറ്റളവുള്ളത്) കുഴിക്കുകയും തേനാരിമുതലിത്തറപറമ്പിൽ ഒരു ടാങ്ക് നിർമ്മിച്ചുകൊണ്ട് വെള്ളം പമ്പുചെയ്ത് സംഭരിച്ച് 11, 1, 13 വാർഡുകളിൽ നിലവിലുള്ള പൈപ്പ് ലൈൻ സ്ഥാപിച്ചുകൊണ്ടും ശുദ്ധജല വിതരണം ചെയ്ത് പ്രശ്നം പരിഹരിക്കുക.

നോമ്പിക്കോട് വക്കാലക്കളം കോളനിയിൽ ഒരു കുഴൽക്കിണറും ഒകരപ്പള്ളം, ആമ്പൽച്ചിറ, ചാലിയക്കളം സ്ഥലങ്ങളിൽ ഓരോ പൊതുകിണർ വീതവും നിർമ്മിക്കുക.

തേനാരി മുതലിത്തറയിൽ നിലവിലുള്ള ഇടിഞ്ഞുകിടക്കുന്ന കിണർ പുനർനിർമ്മിക്കുക.

13 ാം വാർഡ്. : വെളിയമ്പള്ളത്ത് വണ്ടിത്തോട്ടിൽ ഒരു ടാങ്ക് നിർമ്മിച്ച് 13 ാം വാർഡിലേക്കും പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലേക്കും ജലവിതരണം ചെയ്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുക.

കാരങ്കോട്, വെളിയമ്പള്ളം, മണിയഞ്ചേരി, എർളാപുരി, ചെട്ടികള, കുറിയമ്പാക്ക്, വെട്ടുകുളമ്പ് എന്നീ സ്ഥലങ്ങളിൽ ഓരോ പൊതുകിണർ നിർമ്മിക്കുക.

തേനാരിയിലെ മദ്ധ്യാരണ്യക്ഷേത്രത്തിനടുത്തുള്ള സർക്കാർ കുളത്തിലെ വെള്ളം ശുദ്ധീകരിച്ച് ഒരകപ്പള്ളം, നോമ്പിക്കോട്, ചോഴിയമ്പാക്ക്, നെയ്തല, എരട്ടക്കുളം, കൈതക്കുഴി എന്നീ സ്ഥലങ്ങളിലേക്ക് ജലവിതരണം നടത്തുക.

തീർത്ഥം പാടത്ത് നിലവിലുള്ള മോട്ടോർ കുടുങ്ങി പ്രവർത്തന രഹിതമായിക്കിടക്കുന്ന കുഴൽക്കിണർ കേടുപാടുകൾ തീർത്ത് പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലേക്ക് വിതരണം ചെയ്യുക.

മഴവെള്ളം സംഭരിച്ച് സംരക്ഷിക്കാനുള്ള സംവിധാന മുണ്ടാക്കുകയാണെങ്കിൽ പഞ്ചായത്തു പ്രദേശത്തെ ജലനിരപ്പ് താഴാതിരിക്കുകയും ജലക്ഷാമം പരിഹരിക്കുന്നതിന് സഹായകമാകുകയും ചെയ്യും.

നിലവിലുള്ള സംവിധാനത്തിൽ തന്നെ ജലവിതരണം കാര്യക്ഷമമായി നടക്കാത്തതിനും, ലഭ്യമാകുന്ന ജലം മലിനമാകുന്നതിനും ഇടയാക്കുന്ന ചില കാരണങ്ങളും സാഹചര്യങ്ങളും :

1. വാട്ടർ ടാങ്കുകളിൽ നിന്നും ശുദ്ധമായ വെള്ളം ലഭിക്കുന്നില്ല.
2. പഞ്ചായത്തു കിണറുകളിലെ വെള്ളം മലിനപ്പെടുന്നു.
3. വാട്ടർടാങ്കുകളിൽ മേൽമൂടിയില്ലാത്തത് വെള്ളം അശുദ്ധമാകാൻ കാരണമാകുന്നു.
4. ശുദ്ധജലവിതരണം കൃത്യസമയങ്ങളിൽ നടക്കുന്നില്ല.
5. കണ്ണിയോടും ചക്കാട്ടുപാറയിലും കുടിവെള്ള ക്ഷാമം രൂക്ഷമാണ്.
6. കുടിവെള്ളം പാഴായിപ്പോകുന്നു.
7. പഞ്ചായത്തിൽ നിലവിലുള്ള കേടുവന്ന കുഴൽക്കിണറുകൾ.
8. വീടുകളിലേക്കുള്ള പൈപ്പ് കണക്ഷന്റെ അഭാവം.
9. ജലവിതരണസംവിധാനത്തിലെ തകരാറുകൾ പരിശോധിക്കുന്നതിനുള്ള കാലതാമസം
10. പൈപ്പുലൈൻ ഉണ്ടെങ്കിലും ജലവിതരണം നടക്കുന്നില്ല. (പണ്ടാരത്തറ)
11. ഉപയോഗശൂന്യമായ പൈപ്പ് ലൈനുകൾ (13 ാം വാർഡ്)
12. ചിറ്റൂർ ഷുഗർ ഫാക്ടറിയിൽ നിന്നുള്ള മാലിന്യങ്ങൾ മൂലം ജലമലിനീകരണം (പ്രത്യേകിച്ച് 1 ാം വാർഡിന്റെ കിഴക്കൻ മേഖല)
13. ഇൻഡ്സിൽ ഫാക്ടറിയിൽ നിന്നുള്ള മാലിന്യങ്ങൾ അന്തരീക്ഷ മലിനീകരണവും ജലമലിനീകരണവും ഉണ്ടാക്കുന്നു.

പരിഹാര നിർദ്ദേശങ്ങൾ :

1. ടാങ്കിലെ വെള്ളം വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ ശുദ്ധീകരിച്ച് വിതരണം ചെയ്യുക.
2. സമയാസമയങ്ങളിൽ പഞ്ചായത്തുകിണറുകൾ ക്ലോറിനേഷൻ നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുക.
3. വാട്ടർ ടാങ്കുകളിൽ മേൽമൂടി സ്ഥാപിക്കുക.
4. കാലത്തും വൈകീട്ടും മോട്ടോർ പ്രവർത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ഓപ്പറേറ്റർ മുഴുവൻ സമയവും സ്ഥലത്തുണ്ടാവാനുള്ള ഏർപ്പാട് ചെയ്യുക.
5. രാമശ്ശേരിയിൽ ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ നീട്ടി കണ്ണിയോടും ചക്കാട്ടുപാറയിലും ശുദ്ധജലവിതരണം നടത്തുക.
6. കുടിവെള്ളം ദുർവിനിയോഗം ചെയ്യുന്നതിനെതിരെ ജനങ്ങളെ ബോധവാന്മാരാക്കുകയും പരിസരത്തുള്ള കുളങ്ങൾ ചുറ്റും ബണ്ടുകെട്ടി സംരക്ഷിച്ച് ശരിയാംവണ്ണം ഉപയോഗിക്കുകയും ചെയ്യുകയാണെങ്കിൽ കിണറുകളിലെ ജലനിരപ്പ് താഴാതെ നിലനിൽക്കുകയും ഒരു പരിധിവരെ കുടിവെള്ള ക്ഷമാത്തിന് പരിഹാരമാകുകയും ചെയ്യും.
7. പഞ്ചായത്തിലെ കേടുവന്ന കുഴൽക്കിണറുകൾ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ്യമാക്കുക.
8. വീടുകളിലേക്ക് പുതിയ പൈപ്പ് കണക്ഷൻ നൽകുക,
9. ജലവിരണ സംവിധാനത്തെ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനുള്ള ഒരു പരാതിസെൽ പഞ്ചായത്തിൽ സ്ഥാപിക്കുക.
10. പൈപ്പ് ലൈൻ ഇട്ട സ്ഥലങ്ങളിൽ (പണ്ടാരത്തറി) എത്രയും പെട്ടെന്ന് ജലവിതരണം നടത്തുക.
11. ഉപയോഗയോഗ്യമല്ലാത്ത പൈപ്പുലൈനുകൾ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കുക.
12. ചിറ്റൂർ ഷുഗർ ഫാക്ടറിയിൽ നിന്നുണ്ടാകുന്ന മലിനീകരണം തടയുന്നതിന് അടിയന്തിര നടപടികളെടുക്കുക.
13. ഇൻഡ്സിൽ ഫാക്ടറി മൂലമുണ്ടാകുന്ന ജലമലിനീകരണവും അന്തരീക്ഷമലിനീകരണവും തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.
14. ജലസംഭരണ വിതരണം ശക്തിപ്പെടുത്തിക്കൊണ്ട് ഹൗസ് കണക്ഷൻ കൊടുക്കുക.
15. ശുദ്ധജലവിതരണ പദ്ധതികൾ പഞ്ചായത്തിന് കൈമാറണം.

ഗതാഗതം -ഊർജ്ജം

മാർക്കറ്റ്

ഗതാഗതം

ജനശക്തിയാണ് ഒരു നാടിന്റെ ഭാവി നിർണ്ണയിക്കുന്നത്. നാടിന്റെ വികസനത്തിൽ റോഡ് വഹിക്കുന്ന പങ്ക് തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വികന്മാർ. പ്രത്യേകിച്ച് കാർഷിക മേഖലയുടെ വികസനത്തിനും പുരോഗതിക്കും റോഡ് അത്യന്താപേക്ഷിതമാണ്.

ആദ്യകാലഘട്ടത്തിൽ ജന്മിമാരും പ്രഭുക്കന്മാരും മഞ്ചൽ ഉപയോഗിച്ച യാത്രചെയ്തിരുന്നതായി പറയപ്പെടുന്നു. അതുപോലെ അത്തരം ആളുകൾ കുതിരപുറത്തും കുതിരവണ്ടികളിലും യാത്ര ചെയ്തിരുന്നു. എന്നാൽ സാധാരണക്കാർ യാത്ര കാൽ നടയായിത്തന്നെ. സാധനങ്ങൾ തലച്ചുമടായി കൊണ്ടുപോയിരുന്നു. ഇത്തരം ആളുകൾക്ക് പരസഹായം കൂടാതെ ചുമടിറക്കിവയ്ക്കുന്നതിനും വീണ്ടും ഏറ്റുന്നതിനുമായി കരിങ്കല്ല് അത്താണികൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും സ്ഥാപിച്ചിരുന്നത് ഈ അടുത്തകാലം വരെ നിലന്നിരുന്നു. മിക്കൽ ചില വ്യക്തികളുടെ സംഭവനയായിട്ടാണ് നിർമ്മിച്ചിരുന്നത് എന്ന് അതിലെ ലിഖിതങ്ങളിൽ നിന്നും മനസിലാക്കാം. 'ഗർഭിണികൾ' മരിച്ചാൽ അതിനുള്ള പ്രായശ്ചിത്തവും പരിഹാരവുമായിട്ടാണ് ചിലർ ഇത്തരം അത്താണികൾ സ്ഥാപിച്ചിരുന്നത്എന്നുപറയപ്പെടുന്നു. പാറയിലെ ശ്രീപനിരഞ്ഞാർ മാങ്കരയച്ചൻ ക്ഷേത്രചുവർ ചിത്രങ്ങളിൽ തമിഴ്നാട്ടിൽ നിന്നുള്ള ചരുക്കുകൾ കാളകളുടെ പുറത്ത് ചാക്കിൽ ക്കെട്ടി കൊണ്ടുവരുന്നതായി രേഖപ്പെടുത്തികാണുന്നുണ്ട്. പിന്നീട് ചരക്കു കടത്ത് കാളവണ്ടികളിലായി.

തണ്ണീർപ്പന്തലുകൾ സ്ഥാപിച്ചിരുന്ന പ്രമുഖ ജന്മികുടുബങ്ങളുടെ വകയായിരുന്നു ഇത്.

ഡാക്ടർ ലോഹൻ വില്യംസിന്റെ 1906 ൽ പ്രസിദ്ധം ചെയ്ത ''മാനുവൽ ഓഫ് മലബാർ ഡിസ്ട്രിക്ട്'' എന്ന പുസ്തകത്തിൽ പൊള്ളാച്ചിയിൽ നിന്നും പാലക്കാട്ടെക്കുണ്ടായിരുന്ന നടപ്പാത ടിപ്പുവിനെതിരെ യുദ്ധം ചെയ്യാൻ 1783 ൽ ബ്രിട്ടീഷ് പട്ടാളം യുദ്ധോപകരണങ്ങൾ കൊണ്ടുവരുന്നതിന് കുതിരവണ്ടിക്കും, കാളവണ്ടിക്കും വരാനുള്ള പാതയാക്കി മാറ്റി എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പാതയാണ് ഇപ്പോഴത്തെ പാലക്കാട് പൊള്ളാച്ചി സ്റ്റേറ്റ് ഹൈവെയായത്. ഈ റോഡ് നമ്മുടെ പഞ്ചായത്തിൽ കിഴക്ക് പടിഞ്ഞാറായി ഏകദേശം മദ്ധ്യഭാഗത്തുകൂടി കടന്നു പോകുന്നു.

1930 ൽ പാലക്കാട്ടു നിന്നും പാറവരെ ബസ് സർവ്വീസ് തുടങ്ങി. ഫോർഡ് കമ്പനിയുടെ പെട്രോൾ എഞ്ചിൻ ഉപയോഗിച്ചുള്ള വി. ബി. എം. എന്ന പേരിൽ എലപ്പുള്ളി വട്ടോളി ഭാസ്കര മേനോന്റെ ഉടമസ്ഥയിലുള്ളതായിരുന്നു ബസ്. അന്ന് പാലക്കാട് നിന്നും പാറയിലേക്ക് ''ഒരണ'' ആയിരുന്നു ചാർജ്ജ്. ബസ് യാത്ര പ്രോത്സഹിപ്പിക്കുന്നതിന് യാത്രക്കാർക്ക് സൗജന്യമായി ചായ കൊടുത്തിരുന്നതായി പറയപ്പെടുന്നു. 1939 മുതൽ 42വരെയുള്ള രണ്ടാം ലോകമഹായുദ്ധകാലത്ത് രൂക്ഷമായ പെട്രോൾ ക്ഷാമം കണാരം കൽക്കരി ഉപയോഗിച്ചാണ് ബസ്സുകൾ ഓടിച്ചിരുന്നത്.

പട്ടിക

പഞ്ചായത്തിലെ ടാക്സി, ജീപ്പ് മുതലായവ

കാർ	മിനി ബസ്	ജീപ്പ്	ഓട്ടോറിക്ഷ
14	1	16	38

പഞ്ചായത്തിൽ 4 തരം പാതകളാണുള്ളത്. 1. ടാർ റോഡ്, 2. മെറ്റൽ റോഡ്, 3 മണൽ പാത, 4. ഇടവഴികൾ. കൂടാതെ വയലുകളിലുള്ള നടവരമ്പുകളും യാത്രക്കുപയോഗിക്കുന്നു.

പഞ്ചായത്തിലെ റോഡുകളുടെ വിവരം

ടാർ	മെറ്റൽ	മണൽ	ആകെ
കി. മീ	കി.മീ	കി.മീ	
41	64.150	68.556	169.606

മൊത്തം 169.606 കി. മീ. നീളമുള്ള ഒരു റോഡ് ശൃംഖലയാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇതിനു പുറമെ ഇടവഴികളുമുണ്ട്.

പഞ്ചായത്തിലെ മെറ്റൽ റോഡുകളുടെയും മണൽപാതകളുടെയും വിസ്തൃതി യാത്രാ പ്രാധാന്യത്തെയാണ് കാണിക്കുന്നത്. റോഡ് കൈയ്യേറുന്ന ഒരു പൊതു പ്രവണതയുടെ ഫലമായി മിക്കറോഡുകളുടേയും വീതി കുറഞ്ഞു വരുന്നതായികാണാം. ഇത് വാഹന സഞ്ചാരത്തിന് വലിയ തടസ്സം ഉണ്ടാക്കുന്നു. ഇത് പഞ്ചായത്തിന്റെ പൊതുവികസനത്തിന് തടസ്സമായി തീരുന്നു. ജനസഹകരണത്തോടും പങ്കാളിത്തത്തോടും കൂടി റോഡുകളുടെ വീതി കൂട്ടുന്നതിനും സൈഡിൽ ഡ്രൈനേജ് ഉണ്ടാക്കുന്നതിനും പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്.

പൊതുവിൽ നമ്മുടെ റോഡുകളുടെ സ്ഥിതി പരിതാപകരമാണ്. വാഹനങ്ങളുടെ എണ്ണം വളരെ വർദ്ധിച്ചിരിക്കുന്നു. റോഡുകൾക്ക് വേണ്ടത്ര വീതിയില്ലാത്ത അവസ്ഥ. ഫണ്ടിന്റെ അപര്യാപ്തത നിമിത്തം മെയിൻറനൻസ് യഥാസമയം നടത്താൻ കഴിയാത്തതിൽ കുണ്ടുംകുഴിയുമായി കിടക്കുന്ന അവസ്ഥ. കുണ്ടും കുഴിയും നിറഞ്ഞതും ഇടുങ്ങിയതുമായ റോഡുകൾ അപകടങ്ങളുണ്ടാക്കുന്നു. മുമ്പുണ്ടായിരുന്ന ഇടവഴികൾ ഇന്ന് റോഡുകളായി മാറിക്കൊണ്ടിരിക്കുകയാണ്.

പാലക്കാട് പൊള്ളാച്ചി റോഡിന്റെ ഇന്നത്തെ അവസ്ഥ വളരെയേറെ അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നതാണ്. ഇരട്ടയാൽ മുതൽ എരട്ടക്കുളം വരെയുള്ള ഭാഗത്ത് റോഡിൽ മഴക്കാലത്ത് പെട്ടിപ്പൊളിഞ്ഞ് കുഴികളായി രൂപാന്തരപ്പെടുന്നത് കുറെക്കാലമായ്ുള്ള ഒരു പതിവു പ്രവണതയാണ്. ഇപ്പോഴും ഇതിന് ശാശ്വത പരിഹാരമായിട്ടില്ല. സ്റ്റേറ്റ് ഹൈവേ എന്ന നിലയിൽ അപ്പഴപ്പോൾ കേടുപാടുകൾ തീർക്കാൻ സംവിധാനം ഉണ്ടാകേണ്ടതാണ്.

ഗതാഗതവുമായി ബന്ധപ്പെട്ട് ജനങ്ങളെ വിഷമിപ്പിക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്നതാണ് റോഡ് ട്രാൻസ്പോർട്ടിലെ അഴിമതി.

വളരെ വിസ്തൃതമായ പഞ്ചായത്തായതിനാൽ റോഡിന്റെ നീളം കൂടുതലാണ്. അതുകൊണ്ട് തന്നെ പരിമിതമായ വരുമാനം കൊണ്ട് ഈ റോഡുകൾ ഉണ്ടാക്കുന്നതിനും കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു.

മാർക്കറ്റ്

പണ്ടുകാലം മുതൽ നടന്നുവരുന്ന പ്രശസ്തമായ ഒരു ചന്ത പാറയിലുണ്ട്. ആദ്യം ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്തായിരുന്നു ചന്തസ്ഥലം. പിന്നീട് ആ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് സംരക്ഷിച്ചു പോരുന്നു. സമീപ പഞ്ചായത്തുകളിൽ നിന്നും ആളുകൾ ഇവിടെ വന്ന് സാധനങ്ങൾ വാങ്ങിയിരുന്നു. ആഴ്ചയിൽ ഒരു ദിവസമാണ് (വ്യാഴാഴ്ച) വിപണനം. പച്ചക്കറികളും ഉണക്കമത്സ്യവും അത്യാവശ്യ വീട്ടുപകരണങ്ങളും ചന്തയിൽ ലഭ്യമാണ്. കാലപ്പഴക്കം മൂലം കെട്ടിടങ്ങൾക്ക് കേടുസംഭവിച്ചിട്ടുണ്ട്. അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കണം. ചന്തയും കമ്മ്യൂണിറ്റിഹാളുമായി ഇതിനെ പുനസംവിധാനം ചെയ്യുന്നത് നന്നായിരിക്കും. ഈ അടുത്തകാലത്തായി പള്ളത്തേറിയിൽ ചെറിയതോതിൽ പച്ചക്കറികൾ വിൽക്കുന്ന ഒരു ചന്ത പ്രവർത്തിച്ചുവരുന്നു.

പൊതുപ്രശ്നങ്ങൾ

1. പാലക്കാട് പൊള്ളാച്ചി റോഡിൽ എലപ്പുള്ളി യു. പി. സ്കൂളിന് കിഴക്കുഭാഗത്തുള്ള വളവ് അപകടങ്ങൾക്ക് കാരണമാകുന്നു.
2. പാലക്കാട് പൊള്ളാച്ചി റോഡിൽ മഴക്കാലത്ത് റോഡ് കേടുവന്നു കുഴികളായി മാറുന്നത് ഗതാഗതത്തിന് വലിയ തടസ്സം ഉണ്ടാക്കുന്നു.
3. പാറ കഞ്ചിക്കോട് റോഡിൽ കല്ലങ്കാട് ഭാഗത്തെ വളവുകൾ അപകടം സൃഷ്ടിക്കുന്നു.
4. ഡ്രയിനേജ് ഇല്ലാത്തിനാലും ഉള്ളവ യഥാസമയം നേരെയാക്കാത്തതിനാലും വർഷക്കാലങ്ങളിൽ വെള്ളം കെട്ടിനിന്ന് റോഡ് പൊളിഞ്ഞ് കുണ്ടും കുഴിയുമാകുന്നു.
5. ജെ. ആർ. വൈ. പദ്ധതിയിൽ ചെയ്യുന്ന വയൊഴിച്ച് മറ്റു റോഡുകൾക്ക് വേണ്ടത്ര വീതിയില്ല.
6. പഞ്ചായത്ത് റോഡുകളിൽ 3 വർഷത്തി

ലൊരിക്കൽ പോലും അറ്റകുറ്റപണികൾ നടത്താൻ കഴിയുന്നില്ല.

7. ബസ്സുകൾ സ്കൂൾ കുട്ടികളെ കയറ്റികൊണ്ടു പോകുന്നതിൽ വിമുഖത കാണിക്കുന്നു.

8. റോഡിൽ സൂചനാ ബോർഡുകളില്ല.

9. ടാക്സി, ഓട്ടോ എന്നിവ പാർക്കു ചെയ്യുന്നതിന് പ്രത്യേകം സ്റ്റാൻറുകൾ ഇല്ല.

10. പാറപൊള്ളാച്ചി റോഡിൽ കെ. എസ്. ആർ. ടി. സി ബസ്സിൻെറ കുറവ്

11. റോഡുകളിലെ അനധികൃത കയ്യേറ്റവും ദുരുപയോഗവും ഗതാഗത തടസ്സം ഉണ്ടാക്കുന്നു.

12. തേനാരി റോഡിലും, പാലക്കാട് പാറ കഞ്ചിക്കോട് റോഡിലും, പാലക്കാട് രാമശ്ശേരി, പാറ റോഡിലും കൂടുതൽ ബസ്സ് സർവ്വീസുകൾ ആരംഭിക്കണം.

ഗ്രാമസഭകളിൽ നിന്നും നിർദ്ദേശിക്കപ്പെട്ട റോഡുകൾ മുൻഗണന നിശ്ചയിച്ച് ചെയ്യേണ്ടതാണ്.

മണ്ണ് റോഡ് മെറ്റൽ ചെയ്യേണ്ടവ

വാർഡ് റോഡ്

1. കള്ളിയേലം പാറ, മലമേട്ടുക്കാട് റോഡ്

പാറക്കളം റോഡ്

കൗശിപ്പാറ റോഡ്

പോക്കാന്തോട് സ്കൂൾ റോഡ് (മനുഷ്യാദ്ധ്വാനം)

താഴെപോക്കാന്തോട് 2 ാം റീച്ച്

കൊട്ടിൽപ്പാറ ശ്മശാനം റോഡ്

രജീവ് ദശലക്ഷം കോളനി റോഡ്

എലപ്പാറ മലമേട്ടുക്കാട് റോഡ്

താഴെപോക്കന്തോട് നെയ്തല കനാൽ റോഡ്

2. വെന്തപാളയം കൈതക്കുഴിറോഡ്

ചാലക്കുളം അപ്പുവിള്ളയൂർ റോഡ് 1. കി. മീ

പരുത്തിക്കാട്ടുചള എൻ. വി. ചള്ള, കോഴിക്കുളം ചള്ള, കിണ്ടിമുക്കാൻ ചള്ള, പരുവായപ്പ് ചള്ള എന്നീ പ്രദേശങ്ങളെ യോജിപ്പിക്കുന്ന റോഡ് (മനുഷ്യദ്ധ്വാനം)

3. നൈതല തറയിലേക്കുള്ള റോഡ് വീതി കൂട്ടി മെറ്റൽ ചെയ്യണം.

ചോഴിയംപാക്ക് കോപ്പന്നൂർ റോഡ് വീതികൂട്ടി മെറ്റൽ ചെയ്യണം.

ചോയംപാക്ക് മണ്ണുക്കാട് റോഡ്

നോമ്പിക്കോട് കട്ടലാംമ്പാറ റോഡ് (മനുഷ്യാദ്ധ്വാനം)

4. വേങ്ങോടി എലയപ്പാടം വാഴക്കോട്റോഡ്,

ഒമയംപള്ളം ഇളയഭഗവികാവ് റൊഡ് (ചിലവിൻെറ 50% സംഭാവന)

ഒമയംപള്ളം നീലിമേട് റോഡ്

പാലിച്ചിറ കൊല്ലംങ്കാനം റോഡ്

പാലിച്ചിറ മണ്ണുക്കാട് റൊഡ്

കല്ലങ്കാട് ചിലകുപാളയം റോഡ്

ചെറോട്ടുവെളി പഴുക്കാണി റോഡ്

5. കുന്നംപാറ, ഐ. എച്ച്. ഡി.പി. കോളനിയിൽ നിന്നും കന്നപാറ തെക്കുവശത്തേക്കുള്ള റോഡ്

ചെറോട്ടുവെളി കൂറ്റംങ്കോട് റോഡ് പാറ കഞ്ചിക്കോട് റോഡിൽ നിന്നും കൂളിയോട്ടേക്കുള്ള റോഡ്

6. വള്ളേക്കുളം, മോഡൻങ്കാട്, ചക്കാട്ടുപാറ റോഡ്,

7. മടച്ചിപ്പാടം മണിയേരി ഹരിജൻ കോളനി റോഡ്

രാമശ്ശേരി കോവിൽപ്പാളയം റോഡ്

8. പള്ളത്തേരി കൊല്ലംപള്ളം റോഡ്

തുവരക്കാട് റോഡ്

എണ്ണപ്പാടം പാറക്കൽപുര റോഡ്

എണ്ണപ്പാടം കാര്യ്ക്കാർകളം റോഡ്

9. നൊച്ചുക്കാട് മന്നൂർകോട്ടുകളം റോഡ്

എലപ്പുള്ളി ശ്രീ കൃഷ്ണാക്ഷേത്രം റോഡ്

കാക്കത്തോട് കമ്പനിമേട്ടിൽ നിന്നും തറക്കളത്തിലേക്കുള്ള റോഡ്

പേട്ട ജഗദാമ്പിക തിയ്യേറ്റർ റോഡ്

ആശുപത്രിയുടെ മുന്നിൽ നിന്നും പണ്ടാരക്കാവിലേക്കുള്ള റോഡ്

പേട്ട കമ്മാന്തറ റോഡ് (അന്നപൂർണ്ണേശ്വരി)

കുന്നാച്ചി വടക്കേക്കാട് റോഡ്

എലപ്പുള്ളി ഗ്രാം മുതൽ വാണിയതറ റോഡ്

10. കാക്കത്തോട് കമ്പനി മേട്ടിൽ നിന്നും മുസ്ലീം തറയിലേക്കുള്ള റോഡ്

ലക്ഷം വീട് കോളനിക്കുള്ളിലേക്കുള്ള റോഡ്

11. മാണിക്കത്തക്കളം റോഡ്

12. തീർത്ഥംപാടം മുതൽ ഒകരപ്പള്ളം റോഡ്

13. മണിയഞ്ചേരി ആമ്പൽച്ചിറ റോഡ്,

കാരാങ്കോട് ഏർളാപുരി റോഡ്,

പുതിയ റോഡ്

2. കൈതക്കുഴി, ചാലക്കളം ഉപ്പുതോട് ചെമ്പകുളമ്പ്, വെന്തപാളയം എടുപ്പുകുളം എൻ. വി. ചള്ള പ്രദേശങ്ങളെ ബന്ധപ്പെടുത്തി പുതിയ റോഡ്

എൽ. ജി. പാളയം മുതൽ താണിപ്പള്ളം വഴി ഉപ്പുത്തോടുവരെ.

കൈതക്കുഴി ഉപ്പുത്തോട് ശ്മശാനം റോഡ്

3. എരട്ടക്കുളം ചേമ്പകുളമ്പ് താണിപള്ളം വഴി ശ്മശാനം റോഡ്

നെല്ലിശ്ശേരി ചെറുനെല്ലിറോഡ്

നൈതല ഹരിജൻ കോളനിറോഡ്

3. നോമ്പിക്കോട് സ്കൂളിനു പിന്നിലെ റോഡ്

കള്ളിമുള്ളി കുന്നംപാററോഡ്

നൈതല കോളനി മുതൽ പുഴ ശ്മശാന റോഡ്

4. വില്ലേജാഫീസ്സുമുതൽ മൃഗാശുപത്രി കൃഷിഭവൻ വരെ ചൊരയ്ക്കാപള്ളം റോഡ്

ചുട്ടിപ്പാറ, ജഗ്ഷൻ, അംഗൺവാടി റോഡ്, (വീതികൂട്ടാൻ മനുഷ്യാദ്ധ്വാനം)

5. പാറകാന്തോണി കളം റോഡ്

വാണിയത്തറ പേട്ട റോഡ്

കേനാത്ത് മേട് നായർ തറ റോഡ്

6. വാളയാർ കനാൽ വരമ്പിലൂടെ തെക്കും പുറത്തേക്കുള്ള റോഡ്.

മടച്ചിപ്പാടം റോഡിൽ നിന്നും കറുകപ്പാടത്തേക്കുള്ള റോഡ്

രാമശ്ശേരി അമ്പലത്തിനു മുന്നിൽ നിന്നും കുളത്തും പാടത്തേക്കുള്ള റോഡ്

രാമശ്ശേരി അമ്പലത്തിനു പിൻവശത്തുനിന്നും അശാരിത്തറ ചുറ്റി വരുന്ന റോഡ്

സ്കൂളിന്റെ മുൻവശത്തുനിന്നും കണ്ണിയോട് ചക്കാട്ടുപാറ റോഡ്

വള്ളേക്കുളം കൃഷ്ണനഗർ റോഡ്

7. കോവിൽപ്പാളയത്തുനിന്നും മണിയേരിയിലേക്കുള്ള റോഡ്

ഊറപ്പാടം കോവിൽപ്പാളയം കൗണ്ടത്തറ റോഡ്

8. മുണ്ടുനീർക്കാട് റോഡ്

എണ്ണപ്പാടം ഗ്രാമത്തിലേക്കുള്ള റോഡ്

പടിഞ്ഞാറെക്കര ഹരിജൻ കോളനിറോഡ്

9. കുന്നകാട് പള്ളിയിലേക്കു പോകുന്ന റോഡ് പാണപ്പംകാട്ടിൽ നിന്നും നൊച്ചിക്കാട്ടിലേക്കു പോകുന്നവഴി.

എലപ്പുള്ളി പണ്ടാരത്തറ റോഡ്

കുന്നാച്ചികനാൽ പാലത്തുനിന്നും മാതളം കോട്ടിലേക്കുള്ള വഴി.

എലപ്പുള്ളി വാണിയത്തറ പെരുങ്കുളം റോഡ്

10. അത്താണി മുക്കിൽ നിന്നും കരുമ്പിയൻ കോട് റോഡ്

പാറമുനിക്കോട് റോഡിൽ നിന്നും കാക്കത്തോട് ലക്ഷംവീട് കോളണിയുടെ പടിഞ്ഞാറ് ഭാഗത്തേക്ക് റോഡ്, 1 കി. മീ. ചുള്ളച്ചുവട് ആവിരംങ്കാട് റോഡ് 750 മീറ്റർ

മസ്ലീം തറയിൽ നിന്നും കാക്കത്തോട് ഹരിജൻ കോളനിവഴി റോട്ടിൽ എത്താൻ പുതിയ വഴി.

പൊള്ളാച്ചി, പാലക്കാട് റോഡിൽ നിന്നും പട്ടച്ചെങ്കാവിലേക്ക് റോഡ്- 500 മീറ്റർ

കാക്കത്തോട് തേനാരിറോഡിൽ നിന്നും

കാക്കത്തോട് ഹരിജൻ കോളനിയിലേക്ക് റോഡ് 500 മീറ്റർ

പാറമുനിക്കുടം റോഡിൽ നിന്നും മുതിരംപള്ളം ഭാഗത്തേക്ക് 500 മീറ്റർ നീളത്തിൽ 5 റോഡുകൾ

11. തോട്ടക്കര മാപ്പെട്ടിറോഡ് കാക്കത്തോടു മുതൽ കമ്പക്കൂടം പുളക്കാട് റോഡ്

തീർത്ഥം പാടം റോഡ്

ആട്ടലാംപാറ മലയംപുറം റോഡ്,

കാക്കത്തോട് വണ്ടിത്തോട് റോഡ്

തോട്ടക്കര ഹരിജൻ കോളനി റോഡ്

12. തോട്ടുമ്പുള്ളി കല്ലറാംങ്കോട് വെമ്പലോട് റോഡ്

രാജീവ് നഗർ മുതൽ ആമ്പൽചിറ വരെയുള്ള റോഡ്

പൊള്ളാച്ചിറോഡിൽ നിന്നും സഭാപതി പണ്ടാരത്തിന്റെ പടിഞ്ഞാറു ഭാഗത്തു കൂടി ഒകരപ്പള്ളം റോഡ്

കാരാങ്കോടു റോഡിൽ നിന്നും മുതലിത്തറയിലേക്കുള്ള റോഡ്

തേനാരി സ്കൂളിന്റെ പടിഞ്ഞാറു ഭാഗത്തു നിന്നും മുതലിത്തറ അമ്പലം വരെയുള്ള റോഡ്

13. പട്ടത്തലച്ചി ചെട്ടികളം റോഡിന്റെ രണ്ടാം ഭാഗം മായംകുളം കുറ്റിയംപാക്ക് വഴി വെട്ടുകുളമ്പ് റോഡ്

മണിയഞ്ചേരി മുതൽ വാളയാർകനാൽ വരെയുള്ള റോഡ് 500 മീറ്റർ

പ്ലായംപള്ളം ചായക്കട തൊട്ട് കിഴക്കോട്ട് രാമന്റെ വീടുവരെയുള്ള റോഡ്

പ്ലാവംപള്ളം ശ്മശാനം റോഡ്

നൈതലപാറക്കളം റോഡ്

വാളേകുളം മുതൽ ചെട്ടിളം വരെയുള്ള റോഡ്.

പാലം, കൾവർട്ട്

2. കൈതക്കുഴി ഉപ്പുതോട് ശ്മശാനം റോഡിൽ

8. കൊല്ലുംപള്ളത്തുനിന്നും ശ്മശാനത്തിലേക്കു പോകുന്ന വഴിയിൽ പാലം.

6. പള്ളത്തേരിയിൽ നിന്നും വടക്കേ കാട്ടിലേക്കുപോകുന്ന തോട്ടിൽ നടപ്പാലം

7. കോവിൽപ്പളായത്ത് നെല്ലിക്കാംമ്പുള്ളിയിൽ തോട്ടിൽ ഒരു പാലം.

ടാർചെയ്യേണ്ട റോഡുകൾ

1. പട്ടത്തലച്ചി എടുപ്പുകുളം റോഡ്

2. ചിർമ്പക്കാവ് മേച്ചേരിപ്പാടം റോഡ്

3. പാറ കാക്കത്തോട് മുനിക്കുടം തറക്കുളം റോഡ്

4. രാമശ്ശേരി മണിയേരി റോഡ്

5. പാറ കേനാത്ത് മേട് റോഡ്

6. തേനാരി സ്കൂളിന്റെ മുമ്പിൽ നിന്നും കാരാങ്കോട് റോഡുവരെ

7. എൽ. ജി. പാളയം റോഡ്

കോൺക്രീറ്റ് ചെയ്യേണ്ട റോഡുകൾ

1. പാറയങ്ങാടിയിൽ നിന്നും പാറമുകളിലൂടെ വാട്ടർ ടാങ്കിനടുത്ത് ചെന്നുചേരുന്ന വഴി

2. ചാന്തമ്പുള്ളിയിൽ നിന്നും പാറക്കളം വഴി വേങ്ങോടി തിയ്യേറ്റർ വരെയുള്ള റോഡ്.

ഊർജ്ജം

എലപ്പുള്ളി പഞ്ചായത്തിലെ ഊജ്ജ ഉപയോഗത്തെ പ്രധാനമായും ഗാർഹികം, കാർഷികം, വാണിജ്യം വ്യാവസായികം എന്നിങ്ങനെ നാലു മേഖല കളിലായി തിരിക്കാവുന്നതാണ്. ഗാർഹിക മേഖലയിലെ ഊജ്ജ ഉപയോഗം പ്രധാനമായും പാചക ആവശത്തിനും, വിളക്കുകൾ , ഫാനുകൾ മറ്റു വീട്ടുപകരണങ്ങൾ പ്രവർത്തിപ്പിക്കു ന്നതിനും എന്ന രീതിയിൽ കാണാവുന്നതാണ്.

കാർഷിക മേഖലയിൽ കന്നുകാലികളും മനുഷ്യാധ്വാനവും ഇപ്പോഴും പ്രധാന പങ്കുവ ഹിക്കുന്ന. യന്ത്രവൽക്കരണം കുറേയൊ ക്കെ സാദ്ധ്യമായെങ്കിലും ഉഴവിനും, ഭാരം ചുമക്കുന്നതിനും, താമ്പുതിരിക്കുന്നതിനും , സവാരി വണ്ടികളിലും, ചക്കാട്ടുന്നതിനും, വെള്ളം കിണറ്റിൽ നിന്നും തേകുന്നതിനും ഇപ്പോഴും മൃഗങ്ങളെ ഉപയോഗിക്കുന്നു. പഞ്ചായത്തിൽ അറുപതിലധികം കാളവണ്ടികൾ ഇപ്പോഴുണ്ട്. ഇവ പ്രധാനമായു കൊയ്ത് കാലത്ത് നെല്ല് കടത്തുക, വിറകു കടകൾക്കും ഈർച്ചമില്ലുകൾക്കും വേണ്ടി മരം കടത്തുക, കെട്ടിട നിർമ്മാണ വസ്തുക്കൾ കടത്തുക, വലിയങ്ങാടിയിൽ നിന്നും ദിനം പ്രതി സാധനങ്ങൾ കടകൾക്ക് എത്തിച്ചുകൊടുക്കുക. ഒറ്റ മൂരി വണ്ടികളിൽ സാധനങ്ങൾ വീടുകൾ തോറും വില്പനക്ക് എത്തിക്കുക, എന്നീ ജോലികൾക്കാണ് ഉപയോഗിക്കുന്നത്.

പഞ്ചായത്തിലെ വീടുകളിൽഏറിയ പങ്കും പാചകത്തിനായി വിറക്, പറമ്പുകളിൽ നിന്നും ശേഖരിക്കുന്ന ഇലകൾ, ചപ്പുചവറുകള എന്നി വയാണ് ഉപയോഗിക്കുന്നത്. ചപ്പുചവറുകൾ അടുപ്പ് കത്തിക്കുവാൻ ഉപയോഗിക്കുന്നവർ വീട്ടുമുറ്റത്തു തന്നെ തുറന്ന അടുപ്പുകളിലാണ് പാചകം നടത്തുന്നത്. മുൻകാലങ്ങളിൽ 10 കിലോമീറ്ററിലധികം സഞ്ചരിച്ച് വന പ്രദേശ ങ്ങളിൽ നിന്നും വിറകു സംഭരിച്ചിരുന്നു വെങ്കി ലും ഇപ്പോൾ ഈ സമ്പ്രദായം നിലവിലില്ല. ഇടത്തരം വരുമാനക്കാർ വിറകുകടകളിൽ നിന്നും വാങ്ങുകയോ, തമിഴ്നാട് അതിർത്തി പ്രദ ശങ്ങളിൽ നിന്ന് കാളവണ്ടികളിൽ വില്പനക്ക് എത്തുന്ന വിറകു വാങ്ങുകയോ ചെയ്യുന്നു. ഈർച്ചമില്ലുകളിൽ നിന്നും ഈച്ചപൊടിയും അ ടുപ്പുകത്തിക്കുവാൻ ഉപയോഗിക്കാറുണ്ട്. റേഷൻ കടയിൽ നിന്നും ലഭിക്കുന്ന മണ്ണെണ്ണയും പൊതു മാർക്കറ്റിൽ നിന്നും ലഭിക്കുന്ന മണ്ണെണ്ണയും ഉപയോഗിച്ച് സ്റ്റൗ കത്തിക്കുന്ന വീടുകളും ഉണ്ട്.

150 ൽ പരം സമ്പന്ന വീടുകളിൽ പാചക വാതകം ഉപയോഗിക്കുന്നുണ്ട്. പാലക്കാട് ചിറ്റൂർ പ്രദേശങ്ങളിൽ നിന്നാണ് പാചകവാതക സിലി ണ്ടർ കൊണ്ടുവരുന്നത് ഒരു സ്വകാര്യ ഏജൻസി 1996 ൽ പാറയിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പാചക വാതകം ഉപയോഗിക്കുന്ന വീടുകളിലും വെള്ളം തിളപ്പിക്കുക, നെല്ലു പുഴുങ്ങുക, തുടങ്ങിയ ആവശ്യത്തിന് വിറക് അടുപ്പ് ഉപയോഗിക്കുന്നുണ്ട്,.

വിലവിവരപട്ടിക

ഇനം	അളവ്	വില
1. വിറക്	1 തൂക്കം (10 കി. ഗ്രാം)	12 ക.
2. ഈർച്ചപ്പൊടി	1 ടിൻ	3 ക.
3. മണ്ണെണ്ണ (റേഷൻകട)	1ലി	
4. മണ്ണെണ്ണ (പൊതുമാർക്കറ്റ്)	1ലി	12 ക,
5. പാചകവാതകം	1 സിലിണ്ടർ	127.60 ക
6. പാചകവാതകം (സ്വകാര്യ ഏജൻസി)	1 സിലിണ്ടർ	160 ക

ശാസ്ത്ര സാഹിത്യ പരിഷത്ത് രൂപകല്പന ചെയ്ത ദക്ഷതയേറിയ, പുകയില്ലാത്ത അടുപ്പുകൾ കുറച്ചു വീടുകളിലും, എലപ്പുള്ളി ഗവ: യൂപി സ്കൂ ളിലും ഉണ്ട്. ഗോബർഗ്യാസ് / ബയോഗ്യാസ് പ്ലാൻറുകളും കുറച്ചു വീടുകളിലും, എലപ്പുള്ളി ഗവ: യുപി സ്കൂളിലും ഉണ്ട്.

ഗോബർ ഗ്യാസ് / ബയോഗ്യാസ് പ്ലാൻറുകൾ അ ടുപ്പുകത്തിക്കുന്നതിനുവേണ്ടി 1983 ൽ സ്ഥാപി ക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഏകദേശം 100 വീടു കളിലുണ്ട് വെളിച്ചത്തിനും ഉപയോഗിക്കാ വുന്നതാണ്.

സൗരോർജ്ജം ഉപയോഗിച്ച് വെള്ളം പമ്പു ചെയ്യുന്ന ഒരു ചെറിയ പ്ലാൻറ് എണ്ണപ്പാടം ഉണ്ണികൃഷ്ണൻെറ വീട്ടിലുണ്ട്. സൗരോർജ്ജ

വിളക്കുകൾ മറ്റു 2 വീടുകളിലുമുണ്ട്.

പഞ്ചായത്തിൽ പെട്രോൾ ഡീസൽ, എന്നിവ ലഭിക്കുന്ന ഒരു പെട്രോൾ പമ്പ് പ്രവർത്തിക്കുന്നു.

വൈദ്യുതി

ഭാരതത്തിൽ ''ഗ്രാമീണ വൈദ്യുതീകരണപദ്ധതിയിൽ ആദ്യമായി വൈദ്യുതീകരിക്കപ്പെട്ട ഗ്രാമമാണ് എലപ്പുള്ളി. 1934 ൽ തമിഴ് നാട്ടിലെ ''പൈക്കാറ'' ഇലക്ട്രിസിറ്റി സിസ്റ്റത്തിൽ നിന്നും മിനിമം ഗ്യാരണ്ടി ഒപ്പിട്ട്, പാറയിലെ കലിംഗ ചെട്ടിയാർ എന്നായാളിന്റെ റൈസ് മില്ലിനാണ് ആദ്യത്തെ വൈദ്യുതി കണക്ഷൻ ലഭിച്ചത്. ലൈൻ വലിക്കുന്ന പ്രവർത്തനം രണ്ടാം ലോക മഹായുദ്ധ കാലത്ത് നിർത്തി വെച്ചുവെങ്കിലും എലപ്പുള്ളി മണമ്പാറക്കാട്ടെ നാരായണപണിക്കർ എന്ന പൈക്കാറ ഇലക്ട്രിസിറ്റി സിസ്റ്റത്തിലെ ഉയർന്ന ഉദ്യോഗസ്ഥന്റെ സ്വാധീനം മൂലമാണ് പണി പുരാരംഭിക്കുവാൻ കഴിഞ്ഞത്. പൈക്കാറ സിസ്റ്റത്തിൽ നിന്നും 22 കെ. വി ലൈൻ വലിച്ച്, പാറയിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ച്, പാറ, എലപ്പുള്ളിത്തറ എന്നീ സ്ഥലങ്ങളിലെ വീടുകളിലും കടകളിലും മിറ്ററില്ലാതെ വൈകുന്നേരം 6 മണിമുതൽ, കാലത്ത് 6 മണിവരെ ഒരു ബൾബു കത്തിക്കുന്നതിന് 2 രൂപ നിരക്കിലാണ് വൈദ്യുതി നൽകിയത്. വൈദ്യുതി ചാർജ്ജ് ലൈൻമാൻ തന്നെ വീടുകളിൽ ചെന്ന് പിരിച്ചെടുക്കുകയായിരുന്നു. 'ദഗ്ലേഷ്' എന്ന ആദ്യത്തെ ലൈൻമാൻ വീടുവീടാന്തരം ചെന്ന് വൈദ്യുതി കണക്ഷൻ എടുക്കാൻ ആളുകളെ പ്രേരിപ്പിച്ചിരുന്നു.

1 4 1957 ൽ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് നിലവിൽ വന്നശേഷമാണ് പഞ്ചായത്തിലെ മറ്റു സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചതും വൈദ്യുതി വിതരണം വ്യാപകമായതും. 1988 - 90 കാലത്താണ് വൈദ്യുതി പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ എത്തിച്ചത്. 22. 7. 1990 ൽ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് എലപ്പുള്ളിയിൽ തുടങ്ങി.

പഞ്ചായത്തിന്റെ 1, 2, 3, വാർഡുകൾ വേലന്താവളം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലും 12, 13 വാർഡുകളുടെ ചിലഭാഗങ്ങൾ നാട്ടുകൽ ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ പരിധിയിലും മറ്റ് വാർഡുകൾ കൊടുമ്പ്, മരുതറോഡ് പഞ്ചായത്തുകളുടെ ചില ഭാഗങ്ങൾ എന്നിവ എലപ്പുള്ളി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലും വരുന്നു.

പഞ്ചായത്തിൽ, നെയ്താരക്കോട്, കാക്കത്തോട് എന്നീ ലക്ഷം വീടുകളിലെ മുഴുവൻ വീടുകളിലും 'കുടീർ ജ്യോതി' പദ്ധതി പ്രകാരം വൈദ്യുതീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ വർക്കിങ്ങ് ഗ്രൂപ്പ് അംഗീകരിച്ച 35 കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്.

ഊർജ്ജ രംഗത്തെ പ്രശ്നങ്ങൾ

1. ദൂരവ്യാപകമായ ജനകീയ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു പകരം, കേവലം വിപണി വിലയുടെ അടിസ്ഥാനത്തിൽ മാത്രം ഊർജ്ജാസൂത്രണം നടത്തുന്നു.
2. കേന്ദ്രീകൃത ഊർജ്ജാസുത്രണവും വാണിജ്യാധിഷ്ഠിതമായ ഒരു കാഴ്ചപാടിൽ മാത്രം നില്ക്കുന്നു.
3. വിറക് ആവശ്യത്തിനു ലഭ്യമല്ല.
4. വിറക്, വനപ്രദേശത്തുനിന്നോ അതു പോലെയുള്ള സ്ഥലങ്ങളിൽ നിന്നോ ശേഖരിക്കുവാൻ കഴിയുന്നില്ല.
5. തെങ്ങുല്പന്നങ്ങൾ തോട്ടങ്ങളിൽ പാഴായി പോകുന്നു.,
6. ദക്ഷതയേറിയ വിറകടുപ്പുകൾ ഗ്രാമീണ ദരിദ്ര വിഭാഗങ്ങൾക്ക് കിട്ടുന്നില്ല.,
7. പാചക ഊർജ്ജം ലാഭിക്കുന്നതിനുള്ള പ്രഷർ കുക്കർ, കച്ചിപ്പെട്ടി, ഇവയെപ്പറ്റി സാധരാണക്കാർക്ക് അറിവില്ല.
8. ദക്ഷതയേറിയ മണ്ണെണ്ണ സ്റ്റൗകൾ ലഭ്യമല്ല.
9. ബയോഗ്യാസ് / ഗോബർഗ്യാസ് പ്ലാൻറുകൾ കേടുവന്നാൽ സർവ്വീസ് ചെയ്തുതരുവാൻ സംവിധാനമില്ല. ഡ്രമ്മുകൾ ചോർച്ചയുണ്ടായും നിർമ്മാണ വൈകല്യം കാരണവും 50 ഓളം ഗ്യാസ് പ്ലാൻറുകൾ പ്രവർത്തിക്കുന്നില്ല.
10. വൈദ്യുതി വോൾട്ടേജ് കുറവ്.
11. സ്ഥിരമായുള്ള അരമണിക്കൂർ നീളുന്ന പ്രഖ്യാപിത പവർക്കട്ട്
12. ഓവർ ലോഡു മൂലം വൈദ്യുതി, ഇടയ്ക്കിടെ സ്തംഭിക്കുന്നു, അപ്രഖ്യാപിത കട്ടുകൾ
13. വ്യവസായ സംരംഭങ്ങൾക്ക് വൈദ്യുതി കിട്ടുന്നില്ല.
14. വൈദ്യുതി മാത്രം ഇന്ധനമായുപ

യോഗിക്കുന്ന വൻകിട വ്യവസായ ശാലകൾ സമൂഹത്തിനു മുഴുവൻ അവകാശപ്പെട്ട സിംഹഭാഗവും അപഹരിക്കുന്നു.

15. വൈദ്യുതി പ്രസര നഷ്ട,ം വളരെയാണ്.

16. വൈദ്യുതി ലാഭിക്കാൻ കഴിയുന്ന ഫ്രിക്ഷൻ ലെസ് വാൽവുകൾ ഇലക്ട്രോണിക് ചോക്ക്, കോംപാക്ട് ഫ്ളൂറസെൻറ്ലാമ്പ് ഇവയെപ്പറ്റി വേണ്ടത്ര പ്രചാരണമില്ല.

17. പ്രകാശക്ഷത കൂടിയ വൈദ്യത വിളക്കുകൾക്ക് സാധാരണക്കാർക്ക് താങ്ങാൻ പറ്റാത്ത വില.

18. സൗരോർജ്ജ വിളക്കുകൾ ലഭിക്കുന്നതി നെപ്പറ്റി സാധാരണ ജനങ്ങൾക്ക് അറിവില്ല.,

19. വൈദ്യുതി മോഷണം വ്യാപകമാണെങ്കിലും, തടയുവാൻ നടപടിയൊന്നും ഉണ്ടാകുന്നില്ല.

20. ഇലക്ട്രിക്കൽസെക്ഷൻ ആഫീസിൽ ആവശ്യ ത്തിനുള്ള ജീവനക്കാർ ഇല്ല.

സാദ്ധ്യതകൾ പട്ടിക

1. വിറകു ലഭ്യത ഉറപ്പുവരുത്തുന്നതിനായി, പഞ്ചായത്തിലെ ഗവൺമെൻറ് സ്ഥാപനങ്ങൾ, സ്കൂളുകൾ, പുറമ്പോക്കു സ്ഥലങ്ങൾ, കനാൽ ബണ്ടുകൾ, തരിശ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വ്യാപകമായി വിറക് ലഭ്യതയ്ക്കുള്ള വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക.

2 തെങ്ങിൽ തോട്ടങ്ങളിലെ വിറകുൽപ്പന്നങ്ങൾ ശേഖരിച്ച് ചുരുങ്ങിയ വിലക്ക് വില്ക്കുവാൻ സംവിധാനമേർപ്പെടുത്തുക.

3. ബയോഗ്യാസ് പ്ലാൻറുകൾ / ഗോബർ ഗ്യാസ് പ്ലാൻറുകൾ എന്നിവ 700 എണ്ണമെങ്കിലും പുതിയതായി സ്ഥാപിക്കാവുന്നതാണ്. ഇവയുടെ സർവ്വീസ്, അറ്റക്കുറ്റപ്പണികൾ എന്നിവ ചെയ്യുന്നതിന് പഞ്ചായത്തിൽ തന്നെ ഒരു വിദഗ്ധ സംഘത്തെ പരിശീലി പ്പിക്കുക.

4. പുരാതന കാലം മുതൽ ഇന്ധനമായി ഉപ യോഗിച്ചുവരുന്ന ചാണക വരളികൾ എളു പ്പത്തിൽ ഉണ്ടാക്കാവുന്ന ലഘു യന്ത്രം പ്രചരിപ്പിക്കുക.

5. കച്ചിപ്പെട്ടി ദക്ഷതയേറിയ വിറകടുപ്പുകൾ പുകയില്ലാത്ത പരിഷത്ത് അടുപ്പുകൾ ഇവ വ്യാപകമായി പ്രചരിപ്പിക്കുക..

6. 66 കെ, വി. 8 എം.വി.എ. സബ്സ്റ്റേഷൻ പഞ്ചായത്തിൽ തുടങ്ങുക.

വിശദീകരണം: കഞ്ചിക്കോട് 66 കെ. വി സബ്സ്റ്റേഷനിൽ നിന്നും 40 കി. മീ. ദൈർ ഘ്യമുള്ള 11 കെ. വി. പാറ ഫീഡറിലൂടെയാണ് എലപ്പുള്ളി, പൊൽപ്പുള്ളി, മരുതറോഡ്, കൊടുമ്പ് എന്നീ പഞ്ചായത്തുകൾക്കുള്ള വൈദ്യുത വിതരണം. നവീന വ്യവസായ സംരംഭങ്ങൾ വരുന്നുണ്ടെങ്കിലും വൈദ്യുതി പ്രതിസന്ധി കാരണം വ്യവസായങ്ങൾ തുടങ്ങാൻ കഴിയുന്നില്ല. 220 കെ. വി 110 കെ. വി., 66 കെ. വി, പ്രസരണ ലൈനുകൾ പഞ്ചായത്തിലൂടെ, കടന്നുപോകുന്നു. ഓവർലോഡ് ഒഴിവാക്കുന്നതിനും പുതിയ വ്യവസായങ്ങൾക്കുമായി ഒരു 66 കെ. വി. 8 എം. വി. എ. സബ്സ്റ്റേഷൻ , എണ്ണപ്പാടം, കോമൻനായർ റോഡിൽ 66. കെ. വി ലൈൻ മുറിച്ചു കടക്കുന്ന ഭാഗത്ത് തുടങ്ങാ വുന്നതാണ്.

7. പാറ 11 കെ. വി. ഫീഡറിനെ നാലു ഫീഡ റുകളായി മാറ്റി വൈദ്യുത വിതരണം മെച്ച പ്പെടുത്താവുന്നതാണ്.

8. കൊടുമ്പുപുഴയിൽ നിന്നും വിവിധ പഞ്ചാ യത്തുകളിലേക്ക് കുടിവെള്ളം പമ്പുചെ യ്യുന്ന പമ്പിംഗ് സ്റ്റേഷനിലേക്ക് പ്രത്യേകം 11 കെ. വി ഫീഡർ വലിച്ച്, തടസ്സമില്ലാതെ കുടിവെള്ളം പമ്പ് ചെയ്യാവുന്നാതണ്.

9. പൊതുമേഖലാ സ്ഥാപനങ്ങളുടെയോ, സഹ കരണ സ്ഥാപനങ്ങളുടെയോ സഹായത്തോടെ കുടുതൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക. കുറച്ചു വൈദ്യുതി ചെലവിൽ കൂടുതൽ പ്രകാശക്ഷമതയുള്ള തെരുവുവിളക്കുകൾ സ്ഥാപിക്കാവുന്നതാണ്.

10. ഘർഷണരഹിത ഫുട്വാൾവുകളുള്ള പമ്പു കൾ, കോംപാക്ട് ഫ്ളൂറസെൻറ് വിളക്കുകൾ, ഇലക്ട്രോണിക്ക്ചോക്കുകൾ ഉള്ള ട്യൂബ്ലൈ റ്റുകൾ, ഇലക്ട്രോണിക് റഗുലേറ്ററുള്ള ഫാനു കൾ എന്നിവയുടെ മെച്ചങ്ങളും , വൈദ്യുതി എങ്ങനെയൊക്കെ ലാഭിക്കാം എന്നുള്ളതിനും വ്യാപകമായ പ്രചാരണം നല്കണം.

11. അനർട്ടിൻെറ വിതരണ കേന്ദ്രം ഇപ്പോൾ പുതുപെരിയാരം പഞ്ചായത്തിൽ ഉള്ളതു പോലെ ഒരു സെൻറർ എലപ്പുള്ളിയിൽ തുടങ്ങുകയോ, അല്ലെങ്കിൽ സാധനങ്ങൾ പഞ്ചായത്ത് വഴി വിതരണം ചെയ്യുകയോ ചെയ്യുക.

12. എലപ്പുള്ളി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് സൗകര്യപ്രദമായ സ്ഥലത്ത് സ്വന്തം കെട്ടിട

ത്തിൽ സ്ഥാപിക്കുക,.

13. ഉപഭോക്താക്കളുടെ എണ്ണത്തിന് അനുപാതമായി ജീവനക്കാരെ നിയമിക്കുക.

14. പുതിയ ട്രാൻസ്ഫോർമറുകൾ വോൾട്ടേജ് കുറവുള്ള, പാലച്ചിറ, മണ്ണക്കാട്, മായങ്കുളം, പ്ലായം, പള്ളം, ചാന്തൻപുള്ളി, രാമശ്ശേരി, എണ്ണപ്പാടം എന്നീ സ്ഥലങ്ങളിൽ സ്ഥാപിക്കുക.,

15. വൈദ്യുത കമ്പികളിൽ മുട്ടുന്ന വൃക്ഷക്കൊമ്പുകൾ അപ്പപ്പോൾ തന്നെ ജന പങ്കാളിത്തത്തോടെ മുറിച്ചുമാറ്റുക.

16. രൂക്ഷമായ വൈദ്യുതി ക്ഷാമത്തിന് പരിഹാരം കാണുകയും വൈദ്യുതോൽപ്പാദനം ആവശ്യത്തിനാകുകയും ചെയ്യുന്നതുവരെ, ഭീമമായ തോതിൽ വൈദ്യുതി ഉപയോഗിക്കുന്ന Indsil electro Smelts പോലെയുള്ള വ്യവസായങ്ങൾക്ക പഞ്ചായത്തിൽ അനുമതി നല്കാതിരിക്കുക.

17. ഇപ്പോഴത്തെ സ്ലാബുസിസ്റ്റം മാറ്റി ഉപയോഗിക്കുന്ന വൈദ്യുതിക്കു മാത്രം ചാർജ് അടയ്ക്കുക എന്ന രീതി വരുകയാണെങ്കിൽ ജനങ്ങൾ വൈദ്യുതി ദുരുപയോഗം ചെയ്യുകയില്ല.

18. വ്യാപകമായ വൈദ്യുതി മോഷണം തടയുക.

19. ദീപാലങ്കാരങ്ങൾക്കായി അനാവശ്യമായ വൈദ്യുതി ധൂർത്ത് കുറ്റകരമാക്കുക,

20, എലപ്പുള്ളിയിൽ ഒരു പാചക ഗ്യാസ് വിതരണ ഏജൻസി ആരംഭിക്കുക.

21. നാട്ടുകൽ 66 കെ. വി. സബ്സ്റ്റേഷനിലെ നെയ്തല 11 കെ. വി ഫീഡറും, 66 കെ. വി കഞ്ചിക്കോട്ട് സബ്സ്റ്റേഷനിലെ 11 കെ. വി പാറ ഫീഡറും 2.5 കി. മീറ്റർ ദൂരം 11 കെ. വി. ലൈൻ മുഖാന്തിരം ബന്ധിപ്പിച്ചാൽ എലപ്പുള്ളിയുടെ വൈദ്യുതി ആവശ്യത്തിന് രണ്ടു സബ്സ്റ്റേഷനെയും ഉപയോഗപ്പെടുത്താം.

സ്കൂളുകൾ വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

തെരുവുവിളക്കു സംബന്ധിച്ച് ഗ്രാമ സഭകളിൽ നിന്നും നിരവധി ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. പ്ലാസസതി, കളരിയമ്പാറ പരുക്കല്ലൂർ ചള്ള, പോക്കന്തോട്, ചെന്നൽകുളന്ന്, എടുപ്പുക്കളം, പൊതുകിടറിനടുത്ത്, ചാലക്കളം. കൈതക്കുഴി ചെറുനെല്ലി, രാമച്ചകാട്, വടക്കേക്കാട് റോഡ്, മാതളങ്കോട്, റോഡ്, പുഞ്ചാക്കാട് , രാനാച്ചികാട്. ജഗദംബിക തിയ്യേറ്റർ റോഡ്, എലപ്പുള്ളി പണ്ടാരത്തറ, കന്മാന്തറ റോഡ്, ഒകരപ്പള്ളം റോഡ്, തോടുമ്പുള്ള മുതിത്തുറ വഴിയിൽ തേനാരി തോടുമ്പുള്ളി റോഡിൽ ചെട്ടിക്കളം ഏർളാപുരി, വെളിയമ്പള്ളം, മണിയകോളനി എന്നീ സ്ഥലങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക. സമഗ്രമായ ഒരു സർവ്വെ നടത്തി പരിഹാരം കാണണം.

എൽ. ടി ട്രൻസ്ഫോർമറുകളുടെ വിവിരം

ക്രമനമ്പ്രർ	സ്ഥലങ്ങൾ	സ്ഥാപികിത ശേഷി കെ.വി.എ
1	ഊപ്പാടം	63 11 കെ.വി
2.	മടച്ചിപ്പാടം	63 11 കെ.വി
3.	നെടമ്പള്ളം	160 11 കെ.വി
4.	വേങ്ങോടി	100 11 കെ.വി
5.	കുന്നാച്ചി	160 11 കെ.വി
6.	നൊച്ചിക്കാട്	160 11 കെ.വി
7	എലപ്പുള്ളി	100 11 കെ.വി
8	പാറ1	250 11 കെ.വി
9	കാക്കത്തോട് 1	100 11 കെ.വി
10	കാക്കത്തോട് 2	160 11 കെ.വി
11	പാറ 2	100 11 കെ.വി
12.	തീർത്ഥമ്പാടം	63 11 കെ.വി
13.	മാണിയേക്കൽ	160 11 കെ.വി
14	തേനാരി 1	160 11 കെ.വി
15.	തേനാരി 2	160 11 കെ.വി
16.	ചാലായിക്കളം	63 11 കെ.വി
17.	തോട്ടക്കര	100 11 കെ.വി
18.	വടക്കേക്കാട്	63 11 കെ.വി
19.	കൊഴിഞ്ഞിരങ്കാട്	100 11 കെ.വി
20.	പള്ളത്തേരി	250 11 കെ.വി
21.	വള്ളെക്കുളം	63 11 കെ.വി
22.	എണ്ണപ്പാടം	160 11 കെ.വി
23	പള്ളത്തേരികനാൽ	160 11 കെ.വി
24.	ഉപ്പുതോട് 1	100 22 കെ. വി
25.	ഉപ്പുതോട് 2	100 22 കെ. വി
26.	പോക്കൽതോട് 1	250 22 കെ. വി
27.	പോക്കൽതോട് 2	150 22 കെ. വി
28.	കൊട്ടിൽപ്പാറ 1	50 22 കെ. വി

29.	കൊട്ടിൽപ്പാറ 2	50	22 കെ. വി
30.	എലിപ്പാറ	50	22 കെ. വി
31.	പ്ലാസംപതി	75	22 കെ. വി
32	ഷുഗർ കോളനി	250	22 കെ. വി
33.	നെയ്തല	250	11 കെ. വി
34.	വെള്ളച്ചിപൊറ്റ	100	11 കെ, വി.

വൈദ്യുതീകരിച്ച കോളനികളുടെ വിവരങ്ങൾ

ക്രമ നമ്പർ	ഹരിജൻ കോളനികളുടെപേർ	വൈദ്യുതകണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം
1.	കാരംകോട്	12
2.	ചാലായ് കളം	4
3.	തോട്ടക്കര	2
4.	മാപ്പട്ടി	2
5.	വൈക്കാലക്കളം	5
6.	പൂങ്ങോട്	4
7.	പാലച്ചിറ മണ്ണുക്കാട്ട്	3
8.	ചുട്ടിപ്പാറ	10
9.	ചെറോട്ടുവിളി	5
10.	കാക്കത്തോട്	10
11.	തറക്കളം	10
12.	കള്ളാന്തോട്	4
13.	മടച്ചിപ്പാടം	19
14.	നെല്ലിക്കാംപുള്ളി	9
15.	ഊറാംപ്പാടം	8
16.	കണ്ണയോട്	5
17.	മോടൻകാട്	5
18.	മൂന്നൂർകോട്ടകളം	5
19.	മനത്തുപറമ്പ്	3
20.	മുണ്ടനീർക്കാട്	5
21.	കൊല്ലമ്പള്ളം	4
22.	മുണ്ടങ്കാട്	8
23.	കരുമ്പിയംകോട്	4
24.	പ്ലായംപള്ളം	2
25.	കുണ്ടംപാടം	3
26.	എണ്ണപ്പാടം	2
27.	വടക്കൊട്	4
28.	പാറക്കളം	5
29.	ചേവൽക്കാട്	5
30.	ആമ്പൽച്ചിറ	5
31.	മാണിക്കരുകളം	5
32	മുതിരംപള്ളം	15
33.	പട്ടച്ചൻക്കാവ്	10
34.	ഉപ്പുതോട്	12
35.	ചാലക്കളം	10

നിലവിലുള്ള ഉപഭോക്താക്കൾ

നമ്പർ	ഇനം	എണ്ണം
1.	ഗാർഹികം	3286
2.	വ്യാപാരം	438
3.	വ്യാവസായികം	109
4.	കാർഷികം	387

സാമൂഹ്യക്ഷേമവും പാർപ്പിടവും

സാമൂഹ്യക്ഷേമം

ജനങ്ങളുടെ പരിശ്രമത്തോടും സർക്കാരിന്റെ സഹായത്തോടും കൂടി സമൂഹത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമാക്കിയ പ്രവർത്തനമാണ് സാമൂഹ്യ വികസനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സാക്ഷരത, സാധാരക്കാർക്കിടയിലെ ശാസ്ത്ര വിജ്ഞാനം സംസ്കാരം, സാമൂഹ്യമനോഭാവം, ജീവിത നിലവാരത്തിലുള്ള പുരോഗതി എന്നി വയെല്ലാം ഇതിൽ ഉൾപ്പെടും. പണ്ട് നിലനി ന്നിരുന്ന ചാതുർവർണ്ണവ്യവസ്ഥയിൽ അടിച്ച മർത്തപ്പെടുകയും അവകാശങ്ങൾ നിഷേധിക്ക പ്പെടുകയും ചെയ്ത ജന വിഭാഗങ്ങളുടെ സാമൂഹ്യ വളർച്ചയാണ് പ്രധാന ലക്ഷ്യം.

സാമൂഹ്യ ക്ഷേമരംഗത്ത് ദാരിദ്ര രേഖക്ക് തഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും, സംഘടിത അ സംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയും, തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പിലാക്കു ന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം

ഈ പദ്ധതികൾക്കു പുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടിക ജാതി വികസന കോർപ്പറേഷനും, വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പ റേഷനും പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതിക ളിൽ ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ മുഖേ നയുള്ള സഹായങ്ങളാണ് വലിയതോതിൽ പഞ്ചാ യത്തിൽ ലഭ്യമാകുന്നത്. നാമമാത്രമായി മറ്റുപദ്ധ തികളും ഉപയോഗപ്പെടുത്തുന്നു.

നിലവിലുള്ള പദ്ധതിയെക്കുറിച്ചുള്ള അറി വില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ആവശ്യ ത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടു മ്പോഴുള്ള സാങ്കേതിക നൂലാമലകൾ എന്നിവ എടുത്തു പറയേണ്ടവയാണ്.

തൊഴിലാളി തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർ ത്തനം തന്നെ കാര്യമായിട്ടില്ല. പഞ്ചായത്തിൽ കർഷകത്തൊഴിലാളികൾ , കെട്ടിടത്തൊഴി ലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളല്ല.

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും ഇതിന്റെ ആഫീസ് പലാക്കാട്ടായിതിനാൽ ലഭിക്കുന്നതിന് ഏറെ പ്രയാസമുണ്ട്.

വനിതാ വികസന കോർപ്പഷേന്റെ ആഫീസ് തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. പൊതു പ്രവർത്തനരംഗത്തുള്ള സ്ത്രീകൾക്കുപോലും ഇതു സംബന്ധിച്ച് വിവരമില്ലെന്നുള്ളതാണ് വാസ്തവം.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചു കൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊ ണ്ടിരിക്കുന്നത് ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീ സിന് താഴെയുള്ള എലപ്പുള്ളി 1 എലപ്പുള്ളി 2 വില്ലേജ് സർക്കിളുകളിലൂടെയാണ്. ഇപ്പോൾ ഒരു വി. ഇ. ഒ. മാത്രമേയുള്ളൂ.

കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ തുല്യ തോതിൽ ചെലവു പങ്കിടുന്ന ഒരു കേന്ദ്രാ വിഷ്കൃത പദ്ധതിയായ ഐ. ആർ. ഡി. പി. ദാരിദ്ര നിർമ്മാർജ്ജനം, ദരിദ്രരേഖക്കു താഴെയുള്ള കുടു ബങ്ങളിലെ യുവതീ യുവക്കൾക്ക് തൊഴി ലവസരങ്ങൾ സൃഷ്ടിക്കുക ഉൽപ്പാദനം വർദ്ധിപ്പി ക്കുക. എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്നു. സമൂഹത്തിലെ ദർബലവിഭാഗങ്ങൾക്ക് അഗതി പെൻഷൻ, വാർദ്ധക്യകാലപെൻഷൻ, വിധവ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ നിർമ്മാണ തൊഴിലാളി പെൻഷൻ മുതലായ പെൻഷൻ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ഇത്തരം പെൻഷനുകൾ ഗ്രാമപഞ്ചായത്തുവഴി നടപ്പിലാക്കണമെന്ന് ഗ്രാമസഭകളിൽ നിർദ്ദേശി ച്ചിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ സ്ഥാപിതമാ യിട്ടുള്ള ഓൺ മാൻ ട്രഷിറി വഴി ഇത് ഫലപ്ര

ദമായി വിതരണം ചെയ്യാൻ കഴിയം. വിവിധ ക്ഷേമനിധികളിലേക്കുള്ള പണമടവും ഈ ട്രഷറി വഴി നടത്താവുന്നതാണ്.

പട്ടികജാതി വിഭാഗത്തിന് സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പയും വീട് വയ്ക്കുന്നതിന് ധനസഹായവും പട്ടികജാതി വികസന കോർപ്പറേഷൻ വഴി വിതരണം ചെയ്യണം.

1992 ൽ നടത്തിയ സർവ്വെപ്രകാരം പഞ്ചായത്തിൽ 2870 കുടുബങ്ങൾ ദാരിദ്രരേഖക്കു താഴെയുള്ളതായി കണ്ടെത്തുകയുണ്ടായി. ഇതിൽ 680 പട്ടികജാതി കുടുബങ്ങളും 2190 ഇതര കുടുബങ്ങളും ഉൾപ്പെടുന്നു.അവരെ ദാരിദ്ര രേഖക്കു മുകളിലേക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ഐ. ആർ. ഡി. പി സഹായ ലഭ്യത കണക്ക്.

പട്ടിക

വർഷം	ഗുണം ലഭിച്ച കുടുംബങ്ങൾ			
	എസ് സി.	മറ്റുള്ളവർ	ആകെ.	സ്ത്രീകൾ
92-93	29	26	55	24
93-94	33	24	57	31
94-95	27	35	62	39
95-96	20	9	29	17
ആകെ	109	84	203	111

ഐ. ആർ. ഡി. പി. വായ്പയും സബ്സിഡിയും

പട്ടിക

വർഷം	സബ്സിഡി	ലോൺ
92-93	1,73,998	2,33,752
93-94	2,10,332	2,94,158
94-95	3,16,000	6,16,195
95-96	1,56,00	3,09,000
ആകെ	8,56,330	14,53,105

വരുമാന ക്ഷമമായ ആസ്തി നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയും ഗവൺമെൻറിൽ നിന്ന് ധനസഹായവും ലഭ്യമാക്കുന്നു. വായ്പ ലഘു തവണകളായി നിശ്ചിത ശതമാനം പലിശ നിരക്കിൽ തിരിച്ചടക്കണം.

എലപ്പുള്ളിയിൽ 2 സർക്കിളിലും കൂടി 92 - 93 മുതൽ 95-96 വരെ 203 കുടുംബങ്ങളെ സഹായിച്ചു. അതിനാൽ 109 പട്ടികജാതിക്കാരും 111 വനിതകളുമാണ്. എലപ്പുള്ളി സർവ്വീസ് സഹകരണ ബാങ്ക്, കനറാബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ തുടങ്ങിയ ബാങ്കുകൾ വഴിയാണ് വായ്പകൾ നൽകിവരുന്നത്.

വായ്പ വാങ്ങിയവർ തിരിച്ചടക്കാൻ വീഴ്ച വരുത്തുന്ന് ഒരു വലിയ പ്രശ്നമാണ്. തൽഫലമായി ബാങ്കുകൾ വായ്പകൊടുക്കാൻ വിമുഖത കാണിക്കുന്നു. ലഭിക്കുന്ന തുകയുടെ ദുർവിനിയോഗമാണ് ഇതിനു കാരണമായി തീരുന്നത്.

ലഭിച്ച ജീവനോപാധികളുടെ പരിപാലനവും വായ്പയുടെ തിരിച്ചടവും പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട് ജന പ്രതിനിധികൾ, ഉദ്യോഗസ്ഥന്മാർ, സന്നദ്ധ പ്രവർത്തകർ, കുടുംബം സന്ദർശിച്ച് അവലോകനവും ബോധവൽക്കരണവും നടത്തണം.,

ഗ്രാമീണ വനിതാ ശിശു വികസന പരിപാടി

ഡി. ഡബ്ലു.സി. ആർ. എ.

ഐ. ആർ. ഡി. പി. യുടെ അനുബന്ധമായി നടപ്പിലാക്കുന്ന ഈ പരിപാടിയനുസരിച്ച് ദരിദ്രരേഖക്ക് താഴെയുള്ള ഗ്രാമീണ വനിതകളുടെ ഉന്നമനത്തിന് വേണ്ടിയുള്ള പദ്ധതിയാണിത്. വനിതകളുടെ ഗ്രൂപ്പുകൾക്കാണ് പ്രാധാന്യം. കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും ധന സഹായവും നൽകുന്നു.

1985- 86 മതിരമ്പള്ളത്ത 15 അംഗങ്ങൾ ചേർന്നു രൂപീകരിച്ച ഡി. ഡബ്ലു.സി. ആർ. എ. യൂണിറ്റ് പാരമ്പര്യമായി പനയുടെ തണ്ട് തല്ലിച്ചതച്ചും തേങ്ങയുടെ തൊണ്ട് ചതച്ചും കയറുല്പന്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നവരാണ് ഈ യൂണിറ്റിലുള്ളത്. കൂട്ടുത്തരവാദിതത്തിനെറ കുറവും വിപണന സൗകര്യമില്ലാത്തും ഈ സംരഭത്തിൻെറ പരാജയത്തിന് കാരണമായി.

86-87 ൽ തേനാരി മുതലിത്തറയിൽ 20 അംഗങ്ങൾ ചേർന്ന് രൂപീകരിച 2 തുണിനെയ്ത്ത് യൂണിറ്റുകൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു. എലപ്പുള്ളി നെയ്ത്ത് സഹകരണ സംഘത്തിലാണ് ഇവർ ഉല്പന്നങ്ങൾ വിൽക്കുന്ന ത്. അതിനാൽ അടുവു ബാക്കി വരുന്നില്ല. താല്പര്യമുള്ളവരെ കണ്ടെത്തി ഓരോ പ്രദേശത്തിനും അനുയോജ്യമായ യൂണിറ്റുകൾ ആരംഭിക്കാൻ ശ്രമിക്കണം. യൂണിറ്റുടമകളുടെ പ്രവർത്തനം വിലയിരുത്താനും സന്നദ്ധസംഘടനകളുടെ പ്രവർത്തകരടങ്ങുന്ന കമ്മറ്റി രൂപീകരിക്കണം.

ട്രൈസം

18 മുതൽ 35 വരെ വയസ്സ് പ്രായമുള്ള യുവജനങ്ങൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം

ട്രൈസം പരിശീലന ലഭ്യതാ പട്ടിക

വർഷം	പട്ടികജാതി	മറ്റുള്ളവർ	ആകെ.	സ്ത്രീകൾ
92-93	1	1	2	2
93-94	5	6	11	9
94-95		2	2	2
95-96	3		3	1
ആകെ	9	9	18	14

പരിശീലനം ലഭിച്ച യുവാക്കൾക്ക് ഐ. ആർ. ഡി. പി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിനായി വായ്പ ലഭ്യമാക്കിക്കൊടുക്കേണ്ടതുണ്ട്. പ്രിൻറിങ്ങ് സ്ക്രീൻ പ്രൻറിങ്ങ്, കമ്പോസിങ്ങ്, വാച്ച് റിപ്പയർ, നെയ്ത്, ബുക്ക് ബയിൻറിങ്ങ്, വയറിങ്ങ്, ഡ്രൈവിങ്ങ്, കെട്ടുപണി, ഗ്രൈൻറർ റിപ്പയർ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ റിപ്പയറിങ്ങ് എന്നീ ട്രെയ്ഡുകളിലാണ് പരിശീലനം കൊടുത്തിട്ടുള്ളത്. ഗ്രൂപ്പ് അടിസ്ഥാനത്തിൽ തൊഴിൽ സംരഭങ്ങൾ ഏറ്റെടുത്ത് നടത്താവുന്നതാണ്.

കൈത്തൊഴിലുപകരണ വിതരണ പരിപാടി

ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നവീന തൊഴിലുപകരണങ്ങൾ നൽക്കുന്ന പരിപാടി. വിവിധ തരത്തിലുള്ള തൊഴിലുപകണരങ്ങൾ 13 പേർക്ക് വിതരണം ചെയ്തു. നോമ്പിക്കോട് ഐ. എച്ച്. ഡി. പി. കോളനിയിൽ 7 പേർക്ക് തൊഴിലുപകരണം വിതരണം ചെയ്തിട്ടുണ്ട്.

കേന്ദ്ര ഗ്രാമ ശുചിത്വ പരിപാടിയുടെ ഭാഗമായ യു. എൻ. ഡി. പി. മാതൃകയിലുള്ള കക്കൂസുകൾ നിർമ്മിക്കുന്നതിന് 2000 രൂപ വീതം സഹായം നൽകുന്നു.

അനുവദിച്ച സി. ആർ. എസ്. പി. കക്കൂസുകളുടെ എണ്ണം.

വർഷം	ടാർജറ്റ്	പട്ടികജാതി	മറ്റുള്ളവർ	പൂർത്തീകരിച്ചവ
93-94	18	6	12	18
94-95	16	6	10	15
95-96	20	17	3	11
ആകെ	54	29	25	24

സഹായധനവും വർദ്ധിച്ച ചെലവും തമ്മിലുള്ള വലിയ അന്തരം കാരണം പലർക്കും പണി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. വളരെകുറച്ച് ആളുകൾക്ക് മാത്രമേ ഇതിൻെറ ഗുണം ലഭിക്കുന്നുള്ളു. ബാങ്ക് വായ്പകൂടി ലഭ്യമാക്കിക്കൊണ്ട് ഒരോവർഷവും കൂടതൽ ആളുകൾക്ക് ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാം.

സംയോജിത ശിശു വികസന സേവന പദ്ധതി

സാമൂഹ്യ ക്ഷേമരംഗത്ത് അടിസ്ഥാന പരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന അംഗൻ വാടികൾ നമ്മുടെ പഞ്ചായത്തിൽ 13 വാർഡുകളിലായി 19 എണ്ണമാണ് 1000 ജനങ്ങൾക്ക് 1 എന്ന കണക്കിൽ ഇനിയും 16 എണ്ണം കൂട്ടി ഉണ്ടാകേണ്ടിയിരിക്കുന്നു. അങ്കൻവാടികളിലെ പ്രാഥമിക സൗകര്യത്തിൻെറ അഭാവം പ്രയാസം ഉണ്ടാക്കുന്നു. സ്വന്തമായി കെട്ടിടമില്ലത്തതും സ്ഥലമില്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. ഭാവി തലമുറയുടെ സ്ഥിതിയും മെച്ചമല്ല. വർക്കർ, ഹെൽപ്പർ എന്ന 2 തസ്ഥികകളാണ് ഉള്ളത്.

ശിശുവികസനം, അനൗപചാരിക പ്രാഥമിക വിദ്യാഭ്യാസം, ആരോഗ്യപോഷണം, പൊതുജന സമ്പർക്കം എന്നിവക്ക് പ്രാധാന്യം നൽകി പ്രവർത്തിക്കുന്നു. 6 വയസ്സുവരെയുള്ള കുട്ടികളുടെ ആരോഗ്യ- പോഷക നിലവാരം ഉയർത്താൻ പോഷകാഹാരം നൽകിവരുന്നു. പോളിയോ നിർമ്മാർജ്ജന പരിപാടിയിൽ സഹകരിച്ച് പ്രവർത്തിക്കുന്നു.

അംഗൻവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുക, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുക, കുടിവെള്ളക്ഷാമം പരിഹരിക്കുക, മെച്ചപ്പെട്ട പഠനോപകരണങ്ങൾ വിതരണം ചെയ്യുക, എന്നീ ആവശ്യങ്ങൾ ഗ്രാമസഭകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മറ്റു പ്രദേശങ്ങളിൽ 9 അംഗൻ വാടികൾ വേണമെന്ന് ഗ്രാമസഭ ആവശ്യപ്പെട്ടിട്ടുണ്ട്.

അംഗൻവാടികളുടെ വിവരം

ഗ്രാമീണ ജനതയെ വികസന പ്രക്രിയയിൽ പങ്കാളികളാക്കുന്നതിൻെറ ഭാഗമായിൽ ഭാരതസർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പരിപാടിയാണ് ദേശീയ സമ്പാദ്യപദ്ധതി. ധനിക ദരിദ്ര ഭേദമന്യേ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിനായി എം. പി. കെ. ബി വൈ ഏജൻറുമാർ ഇവിടെ പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ ഇതുവരെ 3941 ആളുകൾ പോസ്റ്റാഫീസ് ആവർത്തന നിക്ഷേപത്തിൽ 3, 11,680 രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ

ക്രമനമ്പ്ര്	വാർഡ്	അംഗൻവാടി നമ്പർ	കുട്ടികളുടെ എണ്ണം	കെട്ടിടം	സ്ഥലം	കളിപ്പാട്ടം	കക്കൂസ്	വെള്ളസൗകര്യം
1.	1	Ep. 1	27	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
2.	2	Ep18	28	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല.	ഇല്ല
3.	2	Ep15	28	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
4.	3	Ep2	30	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
5.	3	Ep3	30	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
6.	4	Ep16	25	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
7	6	Ep19	24	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
8.	7	Ep9	20	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്
9.	7	Ep10	25	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
10.	7	Ep11	30	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്
11	8	Ep7	22	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
12.	8	Ep8	35	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
13.	9	Ep5	15	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
14.	9	Ep6	15	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
15.	10	Ep13	36	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
16.	10	Ep17	30	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
17	11	Ep14	15	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
18.	12	Ep12	42	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
19	13	Ep4	25	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉ്ണ്ട്	ഇല്ല

വിപുലപ്പെടുത്തേണ്ടതുണ്ട്

ഗ്രാമവികസന രംഗത്ത് വളരെയേറെ സഹായിച്ചിട്ടുള്ള സംഘടനയാണ് മഹിളാസമാജം. അംഗൻവാടിയുടെ കൂടെ ഓരോ മഹിളാസമാജം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പലതും നിർജീവമാണ് നെയ്തലയിലെ നവയുഗം മഹിളാസമാജം നെഹ്രുയുവകേന്ദ്രത്തിന്റെ സഹകരണത്തോടെ തുന്നൽ പരിശീലനം തുടങ്ങിയിട്ടുണ്ട്. പള്ളത്തേറിയിൽ ഒരു മഹിളാ സമജാം പ്രവർത്തിക്കുന്നുണ്ട്. വനിതാ ശിശുക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിനും സാമൂഹ്യ വനവൽക്കരണ പരിപാടിയനുസരിച്ച് വൃക്ഷതൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും വനിതകളുടെ കൂട്ടായ സംരംഭം തുടങ്ങുന്നതിനും മഹിളാ സമാജങ്ങളെ പ്രാപ്തമാക്കണം.

പെൻഷനുകൾ

വിധവാ പെൻഷൻ : പ്രായപൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടിസ്വീകരിക്കണം

വികലാംഗപെൻഷൻ : വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റിന് വളരെ പ്രയാസപ്പെടേണ്ടി വരുന്നു.

കർഷകത്തൊഴിലാളി പെൻഷൻ :

അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നില്ല. അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് കൈമാറിയതായി പറയുന്നുണ്ടെങ്കിലും നടപടിക്രമം പൂർത്തിയാക്കിയിട്ടില്ല.

തൊഴിലില്ലായ്മ വേതനം: ഈ പഞ്ചായത്തിൽ 94 പേർക്ക് തൊഴിലില്ലായ്മ വേതനം ലഭിച്ചു വരുന്നുണ്ട്. ഈ വർഷം 6580 രൂപ ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്

പെൻഷൻ ഗുണഭോക്താക്കളുടെ വിവരം

എലപ്പുള്ള 1 വില്ലേജ്

വർഷം	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	കർഷകത്തൊഴിലാളി പെൻഷൻ
1991-92	37	47	39	2
92-93	45	47	40	
93-94	48	48	43	1
94-95	38	48	38	
95-96	37	47	39	2

എലപ്പുള്ളി 2 വില്ലേജ്

വർഷം	അഗതി	വിധവാ	വികലാംഗ	കർഷകത്തൊഴിലാളി
1991 '92	14	7	7	17
92-93	2	1	1	18
93-94		4	3	7
94-95		5	2	43
95-96	7	12	1	8

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി : ധാരാളം ആളുകൾ കെട്ടിടനിർമ്മാണ രംഗത്ത് പണിയെടുക്കുന്നു. മുഴുവനാളുകളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമായി നടത്തുന്നില്ല.

ആഭരണ നിർമ്മാണ ക്ഷേമനിധി:

ചുരുക്കം ആളുകളെ ഈ രംഗത്ത് പണി എടുക്കുന്നുള്ളു. ഇവരെ ക്ഷേമനിധിയിൽ അംഗങ്ങൾ ആക്കേണ്ടതുണ്ട്.

കൈത്തൊഴിലാളി വിദഗ്ദതൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലന്മാർ, ബീഡിതൊഴിലാളി ഫോട്ടോഗ്രാഫർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും എല്ലാവരും ഇതിൽ അംഗങ്ങളല്ല.

സാമൂഹ്യ ക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലേക്കെത്തിക്കാനും അർഹരായവർക്ക് ലഭ്യമാക്കാനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കണം.

പൊതുവിതരണം:

പഞ്ചായത്തിൽ 12 റേഷൻ ഷാപ്പുകളുണ്ട്. ഒരു മാവേലി സ്റ്റോർ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അത് 5 ാം വാർഡിലെ പോട്ടയിൽ പ്രവർത്തിക്കുന്നു. പ്രവർത്തനം മോശമായിരുന്നത് ഇപ്പോൾ നല്ല പ്രവർത്തനം കാഴ്ചവെക്കുന്നു. കഴിഞ്ഞ ഓണം കലയളവിൽ അവശ്യസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്താനും സാധാരണക്കാർക്ക് സാധനങ്ങൾ നൽകാനും കഴിഞ്ഞിട്ടുണ്ടെന്ന് പ്രവർത്തനം വിലയിരുത്തുമ്പോൾ ബോദ്ധ്യമാവുന്നു.

റേഷൻകാർഡുമായി ബന്ധപ്പെട്ട പരാതികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

പ്രശ്നങ്ങൾ

1. ഗവൺമെൻറ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ എവിടെ നിന്ന് എപ്പോൾ എങ്ങനെ ലഭിക്കുമെന്ന് ജനങ്ങൾക്കറിയാനുള്ള സംവിധാനം ഇല്ല.
2. ഐ. ആർ. ഡി. പി. ലിസ്റ്റ് അർഹതയുള്ളവരെ ഉൾപ്പെടുത്തി പുതുക്കണം.
3. ഐ. ആർ. ഡി. പി. പദ്ധതിപ്രകാരം ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കാനുള്ള വിപണന സൗകര്യം ഉണ്ടാക്കണം.
4. വായ്പകൾ കൃത്യമായി അടക്കുന്നതിനുള്ള ബോധവൽക്കരണം നടത്തണം
5. ട്രൈസം പരിശീലനം പൂർത്തിയാക്കിയവർ മറ്റു തൊഴിലുകൾ തേടിപ്പോകാൻ ഇടയാക്കുന്ന സാഹചര്യം
6. എല്ലാവീടുകളിലും കക്കൂസ് ഇല്ല
7. ഡി. ഡബ്ലു. സി. ആർ. എ. യൂണിറ്റുകൾ ചിലത് പ്രവർത്തന രഹിതമാണ്.
8. അർഹതയുള്ള എല്ലാവർക്കും പെൻഷൻ കിട്ടുന്നില്ല.

പാർപ്പിടം

വിദ്യാഭ്യാസപരമായും സാസ്കാരികമായും ഏറെ മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്ത് 2 വില്ലേജുകൾ ചേർന്നതാണ്,

കൂലിപണിയെടുത്ത് ഉപജീവനം കഴിക്കുന്നവരാണ് പഞ്ചായത്തിൽ കൂടുതലും പുറമെ കൃഷിക്കാരും ഇടത്തരക്കാരുമാണുള്ളത്. അതുകൊണ്ട് തന്നെ ഇടത്തരം വീടുകളാണ് പഞ്ചായത്തിൽ കൂടുതലും. ആദ്യകാലത്ത് മണ്ണും പറപട്ടയും ഉപയോഗിച്ച വീടുകളായിരുന്നു അധികം. പുല്ല് മേഞ്ഞ വീടുകളും ധാരാളമുണ്ടായിരുന്നു. അത് അധികവും ഹരിജൻ കോളനികളിലായിരുന്നു കണ്ടിരുന്നത്. ഓടുമേഞ്ഞ വീടുകളിൽ തന്നെ ചില്ലോടാണ് ഉപയോഗിച്ചിരുന്നത്. പിന്നീട് ആധുനിക രീതിയിലുള്ള വീടായി. പട്ടമേഞ്ഞ വീടുകളിൽ നിന്നും ഓടിട്ട വീട്ടലേക്കുള്ള മാറ്റം ഇന്ന് കോൺഗ്രീറ്റ് സൗധങ്ങളിൽ എത്തി നിൽക്കുന്നു. പണ്ട് പറമ്പുകളിൽ മാത്രമായിരുന്നു വീട് നിർമ്മിച്ചിരുന്നതെങ്കിൽ ഇന്ന് പാടങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു.

നിർമ്മാണ വസ്തുക്കളുടെ വിലവർദ്ധനവ് സാധാരണ ജനങ്ങൾക്ക് വീട് വക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്

750 രൂപ യുണ്ടായിരുന്ന ഇഷ്ടികയുടെ വില 1300 രൂപയായും 155 രൂപ വിലയുണ്ടായിരുന്ന സിമൻറ് 190 രൂപയായി ഉയർന്നതും ഉദാഹരണങ്ങളിൽ ചിലതു മാത്രം. മരത്തിൻെറ വില എത്രയൊമടങ്ങായി വർദ്ധിച്ചിരിക്കുന്നു. പരിചയസമ്പന്നരായ നിർമ്മാണ തൊഴിലാളികളുടെ അഭാവവും ഈ രംഗത്തെ പ്രധാന പ്രശ്നമാണ്.,

ഭവന നിർമ്മാണ രംഗത്തെ വായ്പ ഏജൻസികളെ വളരെ കുറച്ചാളുകൾ മാത്രമെ ഉപയോഗപ്പെടുത്തുന്നുള്ളു. ഗവൺമെൻറ് അധീനതയലുള്ള ഭവന നിർമ്മാണബോർഡുകൾ, രാജീവ് ദശലക്ഷം പദ്ധതി എന്നിവയാണ് നാമമാത്രമായെങ്കിലും ഈ പഞ്ചായത്തിലെ ജനങ്ങൾ ഉപയോഗിക്കുന്നത്. എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ വ്യവസ്ഥകൾ പദ്ധതികളെ സംബന്ധിച്ച അജ്ഞതഇക്കാര്യങ്ങളാൽ സാധാരണക്കാരന് യഥാസമയം വായ്പകൾ ലഭിക്കാൻ പ്രയാസമാണ്. സാധാരണക്കാരന് ഭവനവായ്പകൾ ലഭിക്കത്തക്കവിധത്തിൽ വായ്പ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. അതിനുതാഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
2. പലിശ നിരക്ക് കുറക്കുക
3. വീട് പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്തയിൽ നിർമ്മിച്ചു നൽകുക.

ഈ പഞ്ചായത്തിൽ മൊത്തം 9155 വീടുകളുള്ളതിൽ 444 കോൺഗ്രീറ്റ് വീടും 6661 ഓടിട്ടതും 1979 ഓലമേഞ്ഞതുമാണ്. സ്വന്തമായി വീടില്ലാത്തവരും താമസയോഗ്യമായ വീടില്ലാത്തവരും നിരവധിയാണ്. എന്നാൽ സർക്കാർ ഏജൻസികൾ വഴി ദുർബ്ബല ഇടത്തരം വിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പ ദുർബ്ബല വിഭാഗക്കാർക്ക് മാത്രമായതും അത് വളരെ ചുരുക്കം ആളുകൾക്ക് മാത്രം ലഭിക്കുന്നതുമാണ്.

ദുർബ്ബല വിഭാഗക്കാർക്ക് വീട് വയ്ക്കാൻ ആവശ്യമുള്ളതിൻെറ ഒരു അംശമെ ആകുന്നുള്ളുവെങ്കിൽപ്പോലും ഇടത്തരം വിഭാഗങ്ങൾക്ക് വീട് വക്കുന്നതിനും പുതുക്കിപ്പണിയുന്നതിനും സഹായങ്ങളോ വായ്പകളോ വേണ്ടത്ര ലഭിക്കാത്തതിൽ ഈ വിഭാഗക്കാർക്ക് ഉത്സാഹക്കുറവുണ്ട്. ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്ന പാർപ്പടി പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടെണ്ടതും അതുവഴി നാടിൻെറ പ്രത്യുല്പാദന രംഗങ്ങളിൽ ആത്മാർത്ഥതയോടെയും ഉൽസാഹത്തോടെയും സമസ്ത ജനവിഭാഗങ്ങളെയും സജീവമാക്കാൻ കഴിയേണ്ടിയുമിരിക്കുന്നു.

എലപ്പുള്ളി പഞ്ചായത്തിൽപ്പെട്ട കെട്ടിടങ്ങളുടെ തരംതിരിച്ചുള്ള കണക്ക്

വാർഡ്.	ഓട്	ഓല	വാർപ്പ്	മറ്റുള്ളവ	ആകെ.
1	412	239	131	23	805
2	382	207	8	6	603
3	393	125	9	2	529
4	498	286	11	4	799
5	638	48	67	4	757
6	495	78	41	5	582
7	417	154	5	6	582
8	878	181	39	4	1102
9	828	153	80	10	1071
10	482	92	23	4	601
11	440	139	14	3	596
12	411	99	10		520
13	387	178	6		571
ആകെ	6661	1979	444	71	9155

ഐ. ആർ. ഡി. പി 92 സർവ്വെ കണക്കനുസരിച്ച് എലപ്പുള്ളി പഞ്ചായത്തിൽ 1100 കുടുംബങ്ങൾ ഓലപ്പുരയിൽ താമസിക്കുന്നവരായി കണ്ടെത്തി. ഗവൺമെൻറ് നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം 151 വീടുകൾ ബ്ലോക്കു വഴി അനുവദിച്ചു.

ചെലവുകുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉറപ്പുള്ള വീടുകൾ നിർമ്മിക്കുന്ന തിൻെറ ഭാഗമായി ജെ., ആർ. വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 44 വീടുകൾ പൂർത്തീകരിച്ചു.

ജെ. ആർ. വൈ വീടുകൾ

വർഷം	ടാർജറ്റ്	പൂർത്തികരിച്ച വീടകുൾ
92-93	8	8
93-94	18	18
94-95	8	8
95-96	10	10
ആകെ	44	44

ജവഹർ തൊഴിൽ ദാന പദ്ധതിയുടെ സഹപദ്ധതിയായ ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രാകരം ഗ്രമങ്ങളിലെ പാവപ്പെട്ടവർക്ക് വീട് വക്കാൻ ധനസഹായം നൽകിവരുന്നു. ഈ പഞ്ചായത്തിൽ 37 വീടകുൾ അനുവദിച്ചതിൽ 15 വീടുകൾ മാത്രമെ പൂർത്തികരിച്ചിട്ടുള്ളു.

ഐ. എ. വൈ വീടുകൾ

വർഷം	ടാർജറ്റ്	പൂർത്തിയാക്കിവ	പൂർത്തയാക്കാൻ ബാക്കി
92-93	5	5	
93-94			
94-95	6	3	3
95-96	26	7	19
ആകെ	37	15	22

ദരിദ്രരേഖക്ക് താഴെയുള്ള ജനങ്ങൾ അധിവസിക്കുന്ന പ്രദേശത്ത് ജലസേചനം നടത്തുന്നതിനും ചെലവു കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉറപ്പുള്ള വീട് നിർമ്മിക്കുന്നതിനും ധനസഹായം നൽകിവരുന്ന ഒരു പദ്ധതിയാണ് മില്യൺ വെൽ സ്കീം. ഈ പദ്ധതിയനുസരിച്ച് 76 വീടുകൾ അനുവദിച്ചതിൽ 40 വീടകുൾ പൂർണ്ണമായി പൂർത്തിയായി.

എം. ഡബ്ലു. എസ്. വീടുകൾ

വർഷം	ടാർജറ്റ്	പണി പൂർത്തിയായത്	പണി പൂർത്തിയായികൊണ്ടിരിക്കുന്നത്
92-93	11	9	2
93-94	19	14	5
94-95	24	6	18
95-96	21	11	10
ആകെ	76	40	36

ഇരുപത് ചതുരശ്രമീറ്റർ ചുറ്റളവിൽ രണ്ടു മുറി. ഒരു വരാന്ത അടക്കള ഇവ വരത്തക്ക വിധത്തിൽ വീടുകൾ നിർമ്മിക്കാനാണ് ഇത്തരം പദ്ധതികൾ വിഭാവനം ചെയ്യുന്നത്. ശുചിത്വത്തിൻെറ ഭാഗമായി കക്കൂസും പുകയില്ലാത്ത അടുപ്പും നിർബ്ബന്ധമായി നിർമ്മിച്ചിരിക്കണം എന്നതാണ് വ്യവസ്ഥ.

ഇന്നുള്ള ഭവനനിർമ്മാണ ധനസഹായം കൊണ്ട് വീട് പൂർത്തിയാക്കാൻ ആളുകൾ് വളരെയധികം പ്രയാസപ്പെടുന്നു. ചിലർക്കെങ്കിലും പൂർത്തിയാക്കാൻ കഴിയുന്നില്ല. ആയതിനാൽ ഇന്നുള്ള ധനസഹായം 15,800 ൽ നിന്നും 30,000 രൂപയാക്കി ഉയർത്തണം.

എടുപ്പുകുളത്ത് രാജീവ് ദശലക്ഷം പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ നിർമ്മിതിയും രൂപകല്പനയും കേരളീയ രീതികൾക്കനുയോജ്യമല്ലാത്തതിനാലും അടവുഗഡുവുകൾ

ഭാരിച്ചതായതിനാലും താമസിക്കാൻ ആളെ കിട്ടാത്ത അവസ്ഥയിലാണ്,.

പഞ്ചായത്തിൽ ഉള്ള ലക്ഷം വീടു കോളനികളിലെ വീടുകളുടെ സ്ഥിതിയും വ്യത്യസ്ഥമാല്ല. മിക്ക വീടകുളും പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്ന അ വസ്ഥയാണ്, അത് നേരാക്കാന്നുള്ള മ.നോഭാവം അതിൽ താമസിക്കുന്നവരിൽ ഇല്ലാത്തതും ചിലർക്കെങ്കിലും അതിനു കഴിയാത്തതുമായ അ സ്ഥയുണ്ട്.

പഞ്ചായത്തിൽ നടപ്പിലാക്കിയ മറ്റൊന്നാണ് ഭൂര ഹിതർക്ക് 4 സെൻറ് ഭൂമി കൊടുത്തത്. അർഹര ല്ലാത്തവർ അത് കൈവശം വച്ചിരിക്കുന്നതായ പരാതിയുണ്ട്.

പഞ്ചായത്തിലെ ഭവന രഹിതർക്ക് വീട് നിർമ്മി ച്ചുനൽകുന്നതിനും കുടിലുകൾ മാറ്റി വീടുണ്ടാ ക്കുന്നതിനും കേടുവന്ന താമസയോഗ്യമല്ലാത്ത വീടുകൾ പുതുക്കി പണിയുന്നതിനും വിവിധ സർക്കാർ ഏജൻസികളിലൂടെ നടപ്പാക്കുന്ന പദ്ധതികൾ കൊണ്ട് കഴിയിലെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്ന. പഞ്ചായത്ത് തലത്തിൽ ബ്രഹത്തായ ഒരു പദ്ധതിക്കെ ഇതിനു കഴിയു. ഇതിനായി വാർഡ് തലത്തിൽ ഗുണഭോ ക്താക്കളുടെയും സന്നദ്ധ സംഘടനകളുടെയും യോഗം സംയുക്തമായി വാർഡ് തലത്തിൽ ഗുണഭോക്താക്കൾക്ക് എത്ര രൂപ സമാഹരിക്കാൻ കഴിയുമെന്നും സാധനങ്ങളും സംഭാവനകളും എത്രത്തോളം ശേകഖരിക്കാൻ കഴിയുമെന്നും ചർച്ചചെയ്ത് ബോദ്യപ്പെടുത്തി പരിഹാരം കാണാവുന്നതുമാണ്.

എലപ്പുള്ളി പഞ്ചായത്തിലെ പാർപ്പിട പ്രശ്ന ത്തിന് പരിഹാരം കാണുന്നതിനായി താഴെപ റയുന്ന നിർദ്ദേശങ്ങൾ സഹായകമാകുന്നതാണ്.

പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ പദ്ധതി രൂപം നൽകുക.

ചെലവ് കുറഞ്ഞ ഭവന നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് തുടങ്ങുക.

ചെലവ് കുറഞ്ഞ വീട് നിർമ്മാണത്തെപ്പറ്റി പ്രചരണം നടത്തുക.

വിവിധ ഭവന നിർമ്മാണ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുക.

സർക്കാർ ഏജൻസിവഴി വിതരണം ചെയ്യുന്ന വീടുകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക.

നിർദ്ധനരായ കുടുംബങ്ങൾക്ക് മേല്പുര നന്നാ ക്കുന്നതിന് ധനസഹായം നൽകുക

കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളു ണ്ടാക്കുക. അടിസ്ഥാന സൗകര്യങ്ങളുള്ള ഹൗസി ങ്ങ് കോളനികൾ നിർമ്മിക്കുക.

ചെലവുകുറഞ്ഞ വീട് നിർമ്മിക്കുന്നതിൽ തൊഴിലാളികൾക്ക് വിദഗ്ദ പരിശീലനം നൽകുക.

കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികൾ നടത്തുന്ന തിന് ഒരു സർവ്വീസ് സംഘം സഹകരണാടിസ്ഥാ നത്തിൽ രൂപീകരിക്കുക.

വാസ്തുശില്പത്തിൻെറ മകുടോദാഹരങ്ങളായ പഴയ കെട്ടിടങ്ങൾ സംരക്ഷിച്ച് നിലനിർത്താനുള്ള ഏർപ്പാടുകളുണ്ടാക്കുക.

എലപ്പുള്ളി പഞ്ചായത്തിൽ വീടുകളെ സംബന്ധി ച്ചും കുടംബങ്ങളെ സംബന്ധിച്ചും സമഗ്രമായ ഒരു സർവ്വെ നടത്തുക.

എടുപ്പുകളത്തെ 4.5 ഏക്കർ മിച്ചഭൂമി ഉപയോ ഗിച്ച് അടിസ്ഥാന സൗകര്യങ്ങളുള്ള ഒരു ഹൗസിങ്ങ് കോളനി സ്ഥാപിക്കുക.

കൂടുതൽ കോളനികൾ ഐ. എച്ച്. ഡി. പി പദ്ധതിയിൽ ഉൾപ്പെടുത്തുക.

ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ പ്രാഥമികമായി അവർക്ക് കൂലി ലഭ്യമാക്കേ ണ്ടതുണ്ട്. അതിനായി പുറംമ്പോക്ക് ഭൂമിയും മിച്ചഭൂമിയും ഉപയോഗിക്കാം. എൽ. ഐ. സി. തുടങ്ങി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായത്തോടെ ചുരുങ്ങിയ പലിശക്ക് വായ്പ ലഭ്യമാക്കുകയും വീടിൻെറ നിർമ്മാണം നിർമ്മി തി കേന്ദ്രം തുടങ്ങിയ ഏജൻസികളെക്കൊണ്ട് ചെയ്യിക്കുകയും ചെയ്യാം. ഇതിനായി സന്ന ദ്ധ സംഘടനകളുടെയും യുവജന സംഘടനകളുടെ യും പരമാവധി മനുഷ്യദ്ധ്വാനം ഉപയോഗിക്കാം.

നമ്മുടെ ലക്ഷ്യം 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണമായല്ലെങ്കിലും പരമാ വധി പരിഹരിക്കലാവട്ടെ. അതിനുള്ള കൂട്ടായ്മ ക്കായി നമുക്ക് ഒന്നിക്കാം.

5.8 സംസ്കാരം

കേരളത്തിൽ തുടങ്ങിവെച്ച ഗ്രന്ഥശാലാ പ്രസ്ഥാനത്തോടൊപ്പം തന്നെ എലപ്പുള്ളി പഞ്ചായത്തിലും അതിന്റെ അലയൊലികൾ ദൃശ്യമായിരുന്നു. ഇതിന്റെ ഭാഗമെന്നോണം പഞ്ചായത്തോഫീസിനുള്ളിൽ ഒരു ലൈബ്രറി പ്രവർത്തിച്ചിരുന്നു. 1976 – ൽ ഇതിന് സ്വന്തമായ ഒരു കെട്ടിടം നിർമ്മിച്ചു. പിന്നീട് തേനാരി, രാമശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ വായനശാലകൾ പ്രവർത്തിച്ചു തുടങ്ങി. വായനശാലകളെല്ലാംതന്നെ അന്നത്തെ രാഷ്ട്രീയ – സാമൂഹിക – സാംസാകാരിക പ്രശ്നങ്ങളെ സംബന്ധിച്ച ചർച്ചാകേന്ദ്രങ്ങൾ കൂടിയായിരുന്നു. ഈ വായനശാലകൾ ആരംഭിക്കുന്നതിനു മുമ്പുതന്നെ തേനാരി പ്രദേശത്ത് വാടകക്കെട്ടിടത്തിൽ ഒരു കലാസമിതി പ്രവർത്തിച്ചു വന്നിരുന്നു. (1932 – കാലഘട്ടത്തിൽ) അവർ സ്വന്തമായി നാടക രചന നടത്തുകയും, പുരാണ – ഇതിഹാസ നാടകങ്ങൾ സ്വയം അഭിനയിക്കുകയും ചെയ്തിരുന്നു. നാടകത്തിനുവേണ്ട പശ്ചാത്തല സംഗീതങ്ങൾ സ്വയം അഭ്യസിച്ചുകൊണ്ടാണ് അവർ നാടക രംഗത്ത് നിലനിന്നിരുന്നത്. അവരിൽ ചിലർ ഇന്നും ജീവിച്ചിരിപ്പുണ്ട്. ഹരിശ്ചന്ദ്ര, ആര്യമാല തുടങ്ങിയ പുരാണ – ഇതിഹാസ നാടകങ്ങളാണ് അവർ രംഗത്ത് അവതരിപ്പിച്ചിരുന്നത്. ഇതുപോലെതന്നെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഇത്തരം കലാസംഗങ്ങൾ ഉടലെടുത്തിരുന്നു. ഉതുവക്കാട് "മാർക്കണ്ഡേയൻ" നാടകം, എണ്ണപ്പാടം " ആര്യമാലക്കളി " ഇവ എടുത്തു പറയേണ്ടതാണ്. ഇത്തരം കലാസംഘങ്ങൾ എലപ്പുള്ളി പഞ്ചായത്തിന്റെ സാംസ്കാരിക രംഗത്തെ ഒരു വഴിത്തിരിവിന് കാരണമായിട്ടുണ്ട്. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ 20 – ഓളം ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. വായനശാലകളിലൊന്നുംതന്നെ ലൈബ്രറികൾ പ്രവർത്തിക്കുന്നില്ല. പഞ്ചായത്ത് ലൈബ്രറി കൂടി നിർത്തലാക്കേണ്ടി വന്നു.

സാംസ്കാരിക കേരളത്തിന്റെ സാഹിത്യരംഗത്ത് എലപ്പുള്ളി പഞ്ചായത്തിന്റെ സംഭാവനകൾ എന്നും സ്മരിക്കേണ്ടതാണ്. "അമ്മായി " "പഞ്ചതന്ത്രം " "വിരുതൻ ശങ്കു " തുടങ്ങിയ നോവലുകൾക്ക് ജന്മം നല്കിയ പ്രമുഖ നോവലിസ്റ്റ് കാരാട്ട് അച്യുതമേനോനും (1867 – ൽ ജനിച്ച് 1913 – ൽ മരിച്ചു), "വൃക്ഷം സാക്ഷി ", "ചന്ദ്രഹാസ ചരിതം ", "ഭക്തമാല " എന്നീ കൃതികളുടെ കർത്താവായ ശ്രീ. കുട്ടികൃഷ്ണ മേനോനും എലപ്പുള്ളി നിവാസികളായിരുന്നു എന്നു പറയുന്നതിൽ അഭിമാനമുണ്ട്. സാഹിത്യരംഗത്ത് എന്ന പോലെ തന്നെ സിനിമാരംഗത്തും നമ്മുടെ സംഭാവന വിലമതിക്കാനാവാത്തതാണ്. പ്രശസ്ത സംഗീത സംവിധായകനും ഗായകനുമായ M. S. വിശ്വനാഥൻ എലപ്പുള്ളി പഞ്ചായത്തിലെ മേച്ചേരി തറവാട്ടിൽ ജനിച്ച ആളാണ്. വാസു ഫിലിംസ് സ്ഥാപിച്ച വാസുമേനോനും എലപ്പുള്ളിയിൽ ജനിച്ചയാളാണ്. വേംങ്ങേടി ആറ്റാഞ്ചേരി വീട്ടിൽ V. R. ഗോപിനാഥിന് "ഉണ്ണിക്കുട്ടന് ഒരു ജോലി കിട്ടി " എന്ന സിനിമക്ക് നാഷണൽ അവാർഡ് ലഭിച്ചിട്ടുണ്ട്. ശാസ്ത്രീയ സംഗീത രംഗത്തും സിനിമാ രംഗത്തും നിറഞ്ഞു നിന്നിരുന്ന K. B. സുന്ദരാംബാൾ നമ്മുടെ പഞ്ചായത്ത് സന്ദർശിച്ചതായും പഴമക്കാർ പറയുന്നു. തേനാരി മണി എന്ന തബലിസ്റ്റ് (മദിരാശി പക്ഷിരാജാ സ്റ്റുഡിയോ) അറിയപ്പെടുന്ന വാദ്യോപകരണ കലാകാരനാണ്. ഇവയെല്ലാം സാംസ്കാരിക രംഗത്തെ നമ്മുടെ പഞ്ചായത്തിന്റെ സംഭാവനകൾ എത്രയേറെയെന്ന് വെളിപ്പെടുത്തുന്നവയാണ്.

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും മൂന്ന് മത വിഭാഗങ്ങളാണ് ജീവിക്കുന്നത്. ഹിന്ദുക്കൾ, മുസ്ലീങ്ങൾ, കൃസ്ത്യാനികൾ. ഈ മത വിഭാഗങ്ങളുടെ ആരാധനാലയങ്ങളായ ക്ഷേത്രങ്ങൾ, മുസ്ലീം പള്ളികൾ, കൃസ്ത്യ ദേവാലയങ്ങൾ എന്നിവ വലിയൊരളവുവരെ നമ്മുടെ സാംസ്കാരിക ജീവിതത്തെ സ്വാധീനിച്ചിട്ടുള്ളതായി പറയപ്പെടുന്നു. ഹിന്ദു ക്ഷേത്രങ്ങളും നമ്മുടെ സംസ്കാരവുമായി ബന്ധപ്പെട്ട നിരവധി ഐതിഹ്യങ്ങൾ നിലവിലുണ്ട്. ഹൈന്ദവ ക്ഷേത്രങ്ങളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

തേനാരി ശ്രീരാമക്ഷേത്രം.

കേരളത്തിന്റെ ടൂറിസ്റ്റ് ഭൂപടത്തിൽ സ്ഥാനം പിടിച്ച ഒരു തീർത്ഥാടന കേന്ദ്രമാണ് തേനാരി. ഈ പ്രദേശത്തിന്റെ സ്വഭാവവുമായി ബന്ധപ്പെട്ടു തന്നെയാണ് ഈ പ്രദേശത്തിന് തേനാരി എന്ന് നാമകരണം നടത്തിയിരിക്കുന്നത്). തേനരുവി എന്ന പേര് ലോപിച്ച് തേനാരി എന്നതായി സ്ഥലവാസികൾ പറയുന്നു. എന്നും നിലക്കാത്ത നീർധാര പൊഴിക്കുന്ന ഈ രാമതീർത്ഥത്തിന് നമ്മുടെ ദേശീയ സംസ്കാരവുമായി ബന്ധപ്പെട്ട ഒരു ഐതിഹ്യമുണ്ട്. ഇവിടത്തെ പ്രധാന പ്രതിഷ്ഠ രാമനും, സീതയുമാണ്. കാളയുടെ വായിൽ നിന്നും വരുന്ന നീർഗമനധാര പ്രസിദ്ധമായ കാശീതീർത്ഥമെന്ന് വിശ്വസിക്കുന്നു.

ശ്രീരാമന്റെ വനവാസകാലത്ത് പത്നിയായ സീതാദേവിക്ക് ജലപാന ദാഹമുണ്ടാവുകയും സഹോദരൻ ലക്ഷ്മണനോട് വിവരം ബോധിപ്പിക്കുകയും ചെയ്തു. ഇതു കേട്ട ലക്ഷ്മണൻ ഭൂമിയിലേക്ക് ശരം എയ്തെങ്കിലും ശുദ്ധജലം ലഭിച്ചില്ല. എന്നാൽ രാമൻ എയ്ത ശരം കാശിയിൽ ചെന്ന് പതിക്കുകയും അവിടെ നിന്ന് തീർത്ഥം പൊഴിയുകയും സീതയുടെ ദാഹം തീരുകയും ചെയ്തതായാണ് ഐതിഹ്യം. വനവാസകാലത്ത് രാമനും, ലക്ഷ്മണനും, സീതയും ഈ ഭാഗത്ത് കഴിച്ചു കൂട്ടിയതായുള്ള ഐതിഹ്യത്തിന്റെ വേറൊരു ഉദാഹരണമാണ്. " ശംഖുചക്രപ്പാറ ". ഈ പാറയിൽ മൂവരും ഇരുന്ന് വിശ്രമിച്ചതായും പല്ലാംകുഴി കളിച്ചതായുമുള്ള അടയാളവും ശംഖും, ചക്രവും വരച്ച ചിഹ്നങ്ങളും ഇപ്പോഴും കാണാവുന്നതാണ്. തേനാരിയിൽ തന്നെ കാണുന്ന

ലക്ഷ്മണതീർത്ഥം ഇപ്പോഴും ജലധാര പൊഴിയുന്നുണ്ട്. എന്നാൽ കാർഷിക ആവശ്യത്തിന് കർഷകർ ഭൂഗർഭജലം ഉപയോഗിച്ചപ്പോൾ രാമതീർത്ഥത്തിന്റെ ജലധാര നഷ്ടപെട്ടു. തേനാരിയിൽ തന്നെയുള്ള ശിവക്ഷേത്രം ഇന്ന് ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്നതായികാണാം. വാസ്തുശില്പ കലയുടെ മൂർത്തീഭാവമായി ഇന്നും കിടക്കുന്ന ശിവക്ഷേത്രം ടൂറിസിറ്റുകൾക്ക് അനുഭൂതി പകരുന്നുണ്ട്. ഇതിന്നു തൊട്ടടുത്തായി തേനാരി " തൃക്കുമുഴി അമ്മ " എന്ന ദേവീപ്രതിഷ്ഠ വളരെ പ്രസിദ്ധമാണ്. കൊടുങ്ങല്ലൂർ ഭഗവതിയുടെ സഹോദരിയാണ് തൃക്കുമ്മുഴിയമ്മ. പിണങ്ങിയിരിക്കുന്ന ഈ സഹോദരിമാരുടെ " തട്ടകത്തിൽ " വസിക്കുന്ന തേനാരി പ്രദേശത്തുക്കാർ ആരും തന്നെ കൊടുങ്ങല്ലൂർ ഭരണി ഉത്സവത്തിന്നു പോവാറില്ല. മാത്രമല്ല, ഭരണിക്കു പോകുന്നവരുടെ ഭസ്മം (പ്രസാദം) ഇന്നും ഇവിടെയുള്ളവർ നിരസിക്കാറുണ്ട്.

പാറമാങ്കരയമ്മൻ ക്ഷേത്രം

പഞ്ചായത്തിലെ വളരെ പ്രധാനപ്പെട്ട വേറൊരു ക്ഷേത്രമാണ് പാറമാങ്കരയമ്മൻ ക്ഷേത്രം. ഈ ക്ഷേത്രത്തിന് ഏതാണ്ട് 900 വർഷം പഴക്കമുണ്ട്. ആദിശിൽപ്പ ഭംഗിയുടെ സംഗമ ക്ഷേത്രമായ പാറമാങ്കരയമ്മൻ ക്ഷേത്രത്തിന്ന് നമ്മുടെ ജീവിത സംസ്കാരവുമായി ബന്ധപ്പെട്ട ഒരു ഐതിഹ്യമുണ്ട്. തമിഴ്നാടിനെയും, കേരളത്തെയും ബന്ധിപ്പിക്കുന്ന നമ്മുടെ പ്രദേശം പഴമക്കാർക്ക് കച്ചവടത്താവളമായിരുന്നു എന്ന് ചരിത്രരേഖ പറയുന്നുണ്ട്. ബാർട്ടർ സമ്പ്രദായം നിലനിന്നിരുന്ന കാലത്ത് കച്ചവടക്കാരായ തമിഴ് ചെട്ടിയാർമാർ അവിടെ ധാരാളമായി വിളയുന്ന പാശിപയർ (ചെറുപയർ) കേരളത്തിൽ കൊടുത്ത് സുഗന്ധവിളയായ കുരുമുളക് പകരം വാങ്ങികൊണ്ടു പോകുന്ന പതിവുണ്ടായിരുന്നു. കാളകളുടെ ചുമലിൽ ഏറ്റികൊണ്ടു വരുന്ന പാശിപയർ വ്യാപാരികൾക്ക് പാറപ്രദേശം ഒരു ഇടത്താവളമാണ്. കേരളത്തിൽ നിന്നും കുരുമുളകുമായി തിരിച്ചു പോകുന്ന തമിഴ് വ്യാപാരികളെ സമീപിച്ച് " ഒരു സ്ത്രീ " അല്പം കുരുമുളക് ആവശ്യപ്പെടുകയും " എന്റെ തലവേദനക്ക് അരച്ചു പുരട്ടാനാണെന്ന് " അറിയിക്കുകയും ചെയ്തു. എന്നാൽ വ്യാപാരികൾ ഈ അഭ്യർത്ഥന നിരസിച്ചുകൊണ്ട് ഈ ഭാണ്ഡങ്ങളിൽ ചെറുപയർ (പാശിപയർ) ആണെന്ന് കള്ളം പറയുകയും സ്ത്രീയെ തിരിച്ചയക്കുകയും ചെയ്തതായി ഐതിഹ്യം ഉണ്ട്. എന്നാൽ അവർ ലക്ഷ്യസ്ഥാനത്തുചെന്ന് ഭാണ്ഡം അഴിച്ചു നോക്കിയപ്പോൾ യഥാർത്ഥ കുരുമുളക് പാശിപയറായി മാറിയിരിക്കുന്ന കാഴ്ചയാണ് കണ്ടത്. തങ്ങളുടെ തെറ്റ് മനസിലാക്കിയ വ്യാപാരികൾക്ക് അന്നു കണ്ട സ്വപ്നത്തിൽ പാറയിൽ ഒരു ദേവീ ക്ഷേത്രം പണിയാൻ അരുളപ്പാടുണ്ടായതായും പറയപ്പെടുന്നു. പന്നിരണ്ടാർ ചെട്ടിയാൻമാർ എന്നറിയപ്പെടുന്ന വ്യാപാരികൾ ഇന്നും അവരുടെ കച്ചവടലാഭവിഹിതത്തിന്റെ 1/12 ഭാഗം ഈ അമ്പലത്തിന്നു നല്കുന്നുണ്ട്. ഇവയെല്ലാം നമ്മുടെ ചരിത്ര പശ്ചാത്തലവും സാംസ്കാരിക ജീവിത ബന്ധവും സൂചിപ്പിക്കുന്ന രേഖാ ചരിത്രങ്ങളാണ്. ഇതുപോലെതന്നെ വളരെ പ്രാധാന്യം അർഹിക്കുന്ന ക്ഷേത്രങ്ങളാണ് പള്ളത്തേരി പുക്കഞ്ചേരി അമ്പലം തൽശലാം കോയിൽ, രാമശ്ശേരി മരുത്തു ഭഗവതി ക്ഷേത്രം, എലപ്പുള്ളി മരുത്തു ഭഗവതി ക്ഷേത്രം, ചീർമ്പ ഭഗവതിക്ഷേത്രം, എലപ്പുള്ളി ശിവക്ഷേത്രം, മാമ്പുള്ളിക്കാവ്, രാമശ്ശേരി അയ്യപ്പൻകാവ്, പടകളുടെ സൈന്യാധിപ എന്നറിയപ്പെടുന്ന പട്ടത്തലച്ചിയമ്മ ഇവയെല്ലാം ഹൈന്ദവ ക്ഷേത്രങ്ങളുടെ പട്ടികയിൽ പെടുന്നു. എന്നാൽ മുസ്ലീം വിഭാഗങ്ങളുടെ പ്രധാനപ്പെട്ട ആരാധനാലയമായ " ഏറാഞ്ചേരി പള്ളി " വളരെ പ്രസിദ്ധമാണ്. ഇതുപോലെതന്നെ എലപ്പുള്ളിയുടെ വിവിധ പ്രദേശങ്ങളിൽ പള്ളികളും മദ്രസകളും ഉണ്ട്.

നമ്മുടെ പഞ്ചായത്തിൽ കൃസ്ത്യൻ പള്ളികളിൽ പ്രധാനമായവ കോവിൽ പാളയം, പ്ലാസംപതി, കുന്നുകാട് തുടങ്ങിയ സ്ഥലങ്ങളിലാണ്. തമിഴ് കൃസ്ത്യർ എന്നറിയപ്പെടുന്ന ഇവരുടെ പേരുകൾ തമിഴ് പേരുകളുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇവരെ " വന്യർ " എന്നും വിളിക്കുന്നു.

ഉത്സവങ്ങൾ

തുലാമാസമാണ് ഉത്സവങ്ങളുടെ കാലമായി അറിയപ്പെടുന്നത്. നെല്ലു ' വിളവെടുപ്പു ' കഴിഞ്ഞുള്ള ഒഴിവു സമയങ്ങൾ ഉത്സവങ്ങളുടെ ദിവസങ്ങളാണ്. വലുതും, ചെറുതുമായ ധാരാളം ഉത്സവങ്ങൾ വിവിധ സമുദായങ്ങൾ കൂട്ടായും, വേർപിരിഞ്ഞും നടത്തി വരാറുണ്ട്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ട മാമ്പുള്ളി ഭഗവതി വേല, രാമശ്ശേരി കുമ്മാട്ടി, എലപ്പുള്ളി വിഷു വേല എന്നിവയാണ്. ഇവയിൽ മാമ്പുള്ളി വേല ഒരു പ്രത്യേക സമുദായക്കാർ മാത്രം നടത്തുന്ന വേലയാണ്. വിവിധ പ്രദേശങ്ങളിൽപെട്ട 64 ദേശങ്ങളുടെ അടിമക്കാവ് ആയാണ് മാമ്പുള്ളിക്കാവ് അറിയപ്പെടുന്നത്. ഇവർ വർഷത്തിലൊരിക്കൽ ഒത്തു ചേർന്ന് 'കൂട്ടുപൂജ' നടത്തി വരാറുണ്ട്.

നമ്മുടെ പഞ്ചായത്തിലെ പ്രബല സമുദായമായ "ഈഴുവ സമുദായം" ഉൾപ്പെടുന്ന ഈ ദേശക്കാർ പണ്ട് "ഗ്രാമസഭ" നടത്തി വന്നിരുന്നു. സാമുദായികപ്രശ്നങ്ങൾ ചർച്ച ചെയ്യാനും പരിഹാരം കാണുവാനും ഈ ഗ്രാമസഭ സഹായകരമായിട്ടുള്ളതായും പറയപ്പെടുന്നു. (64 ദേശക്കാർ നടത്തി വരാറുള്ള കൂട്ടപൂജയാണ് പിന്നീട് മാമ്പുള്ളി ഭഗവതി വേലയായി നടത്തി വരുന്നത്.) രാമശ്ശേരി കുമ്മാട്ടി ഉത്സവം പുതുശ്ശേരി വെടിയുടെ മുന്നോടിയായി നടക്കുന്ന പ്രാദേശിക ഉത്സവമാണ്. രാമശ്ശേരിയുടെ വേറൊരു പ്രത്യേകത ഇവിടെ ഉല്പാദിപ്പിക്കുന്ന "രാമശ്ശേരി ഇഡ്ഡലിയാണ്" ലോകപ്രശസ്തിയാർജിച്ച ഒരു ഉല്പന്നമായ ഈ "ഇഡ്ഡലി" രാമശ്ശേരിയിലെ തന്നെ ഒരു പരമ്പരാഗതസമുദായത്തിന്റെ സംഭാവനയാണ്. ഇവ ഇന്ന് മൂല്യശോഷണത്തിന് വിധേയമായിട്ടുണ്ട്. വിഷു വേലകൾ നമ്മുടെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഇന്നും ആചരിക്കാറുണ്ട്. എണ്ണപ്പാടം, പള്ളത്തേരി, വേങ്ങോടി, എലപ്പുള്ളി, മാണിക്കത്ത് കളം എന്നീ സ്ഥലങ്ങളിൽ വിഷു കഴിഞ്ഞ് ഏഴു ദിവസത്തിനകം ഈ ഉത്സവങ്ങൾ നടക്കാറുണ്ട്. എണ്ണപ്പാടത്തെ നടക്കുന്ന

കതിർവേല കൊയ്ത്തുത്സവമായി ഇന്നും ആചരിച്ചു വരുന്നുണ്ട്. "പൊറാട്ടുകളി' കൊയ്ത്തു കഴിഞ്ഞശേഷം നടത്താറു പതിവുണ്ട്. ഇതുകൂടാതെ എല്ലാ പ്രദേശങ്ങളിലും വർഷം തോറും മാരിയമ്മൻ പൂജകൾ നടത്തി വരാറുണ്ട്. കാർഷിക മേഖലയുടെ സംരക്ഷകരെന്നറിയപ്പെടുന്ന കുടുംബദൈവങ്ങളാണ് "കണ്ടാകർണ്ണൻ" "വെളുത്തൻ", "മല്ലൻ", "മുതിയപ്പൻ" കാളി തുടങ്ങിയ ദൈവങ്ങൾ. ഇവർക്ക് പ്രത്യേക പൂജാദികൾ മൃഗബലിയോടും, പക്ഷി ബലിയോടും കൂടി വർഷംതോറും നടത്തി വരാറുണ്ട്. ജാതി മത ചിന്തകൾക്ക് അതീതമായി നടത്തുന്ന ഇത്തരം പൂജാധികർമ്മങ്ങൾ എല്ലാ വിഭാഗക്കാരും നടത്തി വരാറുണ്ട്. മരിച്ചുപോയ പുണ്യാത്മാക്കൾക്ക് ബലിച്ചോറ് നല്കികൊണ്ട് വാവുകുളി എന്ന ഉത്സവം തേനാരി തീർത്ഥകുളത്തിൽ എല്ലാവർഷവും തുലാമാസത്തിലെ വാവു ദിവസം നടത്തി വരുന്നുണ്ട്. കർക്കിടകവാവും ഇവിടെ പ്രധാനമാണ്. ഹൈന്ദവ ക്ഷേത്രത്തിൽ ഒരു തവണ "ആണ്ടുനേർച്ച" നടത്തി വരാറുണ്ട്. കൊല്ലത്തിൽ ഒരു പ്രാവശ്യം കുന്നുകാട് ക്രിസ്റ്റ്യൻ പള്ളിയിൽ നടത്തുന്ന മൃഗ ബലി പൂജ വേണ്ടുതൽപൂജ എന്നറിയപ്പെടുന്നു. വിവിധ പ്രദേശങ്ങളിൽ നിന്നും ഈ പൂജാകർമ്മങ്ങൾക്കായി അനേകം ആളുകൾ പക്ഷിമൃഗാദികളുമായി ഇവിടെ എത്താറുണ്ട്. കോവിൽപ്പാളയം, കൊട്ടിൽപ്പാറ തുടങ്ങിയ പള്ളികളിൽ ഓരോ വർഷവും "തേരുത്സവം" നടത്തുക പതിവാണ്. നമ്മുടെ പഞ്ചായത്തിൽ ഭൂരിപക്ഷം ഹിന്ദുക്കളാണ്. ചാതുർവർണ്ണ്യ വ്യവസ്ഥയുടെ ഭാഗമായി ഇവിടെ ജാതിയും ഉപജാതിയും നിലവിലുണ്ട്. ബ്രാഹ്മണർ, നായർ, ഈഴവർ, മന്ദാടിയാർപിള്ള (പുരവരാജവംശം) കൗണ്ടർ, തെലുങ്ക് ചെട്ടി, ചെട്ടിയാർ, കൈക്കോളൻ, ചെറുമ തൊട്ടയർ, നായ്ക്കർ, പണ്ടാരം (ജംഗം) വിശ്വകർമ്മ, നായാടി, പുള്ളുവർ, വടുകൾ, കവറ കുശവൻ, കുറവർ, പറയൻ, ചക്കിലിയർ, ഒട്ടർ, പാണർ, നാടാടർ (ഹിന്ദു) മണ്ണാൻ അരുന്ധതീയർ, ഉടയാർ എന്നിങ്ങനെ 28 ഓളം ജാതികൾ ഇന്നും നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ട്. ജാതി അടിസ്ഥാനത്തിൽ തൊഴിൽ ചെയ്ത് ജീവിച്ചുപോയിരുന്ന ഇവരുടെ പിൻമുറക്കാർ അതിൽനിന്നും വ്യതിചലിക്കുന്നതായി കാണാൻ കഴിയുന്നുണ്ട്. ഉദാഹരണത്തിന് പനചെത്തുതൊഴിൽ ചെയ്ത് ജീവിച്ചു പോന്ന ഈഴുവർ ഇപ്പോൾ മാറി എല്ലാ മേഖലകളിലേക്കും നിരന്നിരിക്കുന്നു. മുസ്ലീങ്ങളിൽ തന്നെ നാലു വിഭാഗക്കാർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. മുസ്ലീങ്ങൾ, റാവുത്തർ, മാപ്പിള, പട്ടാണി ക്രിസ്ത്യാനികളിൽ വന്യാർ എന്നറിയപ്പെടുന്ന വിഭാഗമാണ് ഇവിടെ ഉള്ളത്. മറ്റു മതങ്ങളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ച വിഭാഗമാണ് ഇവർ.നമ്മുടെ പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗം കൃഷിയാണ്. ഭൂരിഭാഗവും കർഷകരും കർഷകതൊഴിലാളികളുമാണ്. എന്നാൽ അടുത്ത കാലത്തായി കാർഷികവൃത്തിയോടുള്ള ആഭിമുഖ്യം തൊഴിലാളികളിലും, കർഷകരിലും കുറഞ്ഞുവരുന്നതായി കാണുന്നുണ്ട്. നിർമ്മാണരംഗത്തേക്കാണ് തൊഴിലാളികളിൽപെട്ട പുതിയ തലമുറക്കാർ ശ്രദ്ധതിരിച്ചിരിക്കുന്നത്. പരമ്പരാഗത കൈതൊഴിൽരംഗം വളരെ സജീവമാണ്. സ്വർണ്ണപ്പണി, ആശാരിപ്പണി മൺപാത്ര നിർമ്മാണം ഇവ പുരോഗമിക്കുന്നു.

കർഷക കർഷകതൊഴിലാളി പ്രസ്ഥാനത്തിന് ഈ പഞ്ചായത്തിന്റെ സാമൂഹ്യസാംസ്കാരികരംഗങ്ങളിൽ സാരമായ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിൽ നമ്മുടെ പ്രദേശങ്ങളിൽ ഉണ്ടായിരുന്ന അനാചാരങ്ങൽ നിർമ്മാർജനം ചെയ്യുന്നതിന് ഇത്തരം പുരോഗഗമന പ്രസ്ഥാനങ്ങൾ അമൂല്യമായ സംഭാവനകൾ നല്കിട്ടുണ്ട്. സ്ത്രീധന സമ്പ്രദായം ഇന്നും നമ്മുടെ സമൂഹത്തിൽ സാമൂഹ്യദുരന്തമായി നിലനില്ക്കുന്നു. നിയമം മൂലം സർക്കാർ നിരോധിച്ചെങ്കിലും നമ്മുടെ പഞ്ചായത്തിൽ നിരവധി പെൺകുട്ടികളുടെ ജീവൻ ഈ സാമൂഹ്യ അനാചാരത്തിന്റെ പേരിൽ നഷ്ടമായി. പെൺകുട്ടികളിൽ "മ" പ്രസദ്ധീകരണങ്ങളുടെ സ്വാധീനവും നമുക്ക് ഉൽക്കണഠ ഉള്ളവാക്കുന്നവയാണ്.

പത്രങ്ങൾ

നമ്മുടെ പഞ്ചായത്തിലെ പ്രധാന പത്രങ്ങൾ മലയാള മനോരമ, മാതൃഭൂമി, കേരള കൗമുദി, ദേശാഭിമാനി തുടങ്ങിയവയാണ്. കൂടാതെ മറ്റു ചില പത്രങ്ങൾ, വാരികകൾ, മാസികകൾ എന്നിവയും പ്രചാരത്തിലുണ്ട്. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ തമിഴ് പത്രങ്ങളും വാരികകളും പ്രചാരത്തിലുണ്ട്.

വാദ്യോപകരണങ്ങൾ വായിക്കുന്ന ചെറുസംഘങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കാണാം. നാടിനെ തുയിലുണർത്തുന്ന പുള്ളുവൻ പാട്ടു പാടുന്ന പുള്ളുവർ ഈ അടുത്തകാലംവരെ നമ്മുടെ പ്രദേശത്തെ ഓരോ വീട്ടിലും കയറിയിറങ്ങി കുടംകൊട്ടി പാടുന്നത് കാണുന്ന കാഴ്ചയാണ്. ഇവർ തേനാരി ഭാഗങ്ങളിൽ ഇപ്പോഴും കാണാം. ഇന്നും വളരെ പ്രചാരത്തിലുള്ള ചെണ്ട, മുതിരം പള്ളത്ത് ഒരു സംഘം ഗ്രാമീണർ കൊണ്ടു നടക്കുന്ന "പറവാദ്യം" നൊച്ചിക്കാടു ഭാഗത്തു നിലവിലുള്ള "ഉടുക്കുപാട്ട്' എണ്ണപ്പാടത്തെ "തപ്പട്ട" എന്നിവ ഇന്നും പ്രസിദ്ധമാണ്. മണ്ണാൻപാട്ട്, തട്ടിൻമേൽ കൂത്ത് തുടങ്ങിയ നാടൻ കലാരൂപങ്ങളും കുംഭക്കളി നാദസ്വരം, തകിൽ തുടങ്ങി നാദവാദ്യോപകരണസംഘങ്ങളും നമ്മുടെ പ്രദേശത്തുണ്ട്.

കേരളത്തിന്റെ തനതു കലയായ കഥകളി സംഗീതത്തിൽ സംസ്ഥാനതല സ്ക്കൂൾ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ പ്രതിഭ നമ്മുടെ പഞ്ചായത്ത് നിവാസിയാണ്. മുദംഗത്തിൽ രാഷ്ട്രപതിയുടെ പുരസ്കാരം നേടിയ സജീവൻ ജനകീയ ദൃശ്യകലാവേദിയെന്ന കലാസംഘടനയുടെ സജീവ പ്രവർത്തകനാണ്. നൃത്തരംഗത്തും നമ്മുടെ പഞ്ചായത്തിലെ കലാകാരന്മാർ മുന്നിലാണ്. കലാപ്രവർത്തനരംഗത്ത് പ്രധാനമായും നാമമാത്രമായ കലാസമതികൾ മാത്രമാണ് പഞ്ചായത്തിൽ ഇപ്പോഴുള്ളത്. വർഷംതോറും നടക്കുന്ന കേരളോത്സവം ഈ കലാസമിതികൾക്ക് പുതുജീവൻ പകരാൻ സഹായിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ ജനകീയദൃശ്യകലാവേദി, മണ്ണുക്കാട് വായനശാല, കോവിൽപ്പാളയം

"യുവതാ" ചുട്ടിപ്പാറ "ജനശക്തി" തുടങ്ങിയ കലാസംഘടനകളാണ്. ഇതിൽ ജനകീയ ദൃശ്യകലാവേദി കേരളോത്സവത്തിന് മൂന്നുതവണ ഓവറോൾ ട്രോഫി കരസ്ഥമാക്കിയിട്ടുണ്ട്. കൂടാതെ വർഷംതോറും വാർഷികാഘോഷവും, ജനകീയ ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കാറുണ്ട്.

കായികരംഗത്ത് സജീവമായി പ്രവർത്തിക്കുന്നത് കുന്നാച്ചി ഗോൾഡൻ ബ്രദേഴ്സ് ക്ലബാണ്. ഈ ക്ലബിന്റെ കായികപ്രതിഭകൾ ഫുട്ട്ബോൾ, വോളീബോൾ തുടങ്ങിയ കായിക മത്സരങ്ങളിൽ ജില്ലാതല നിലവാരം പുലർത്തുന്നവരാണ്. വേങ്ങോടി ക്രിക്കറ്റ് ക്ലബ് വളരെ നല്ല നിലവാരം പുലർത്തുന്ന കായിക താരങ്ങളെ കണ്ടെത്താറുണ്ട്. ഒരു ഡസനോളം കലാസമിതികൾ നമ്മുടെ പഞ്ചായത്തിൽ രജിസ്ട്രർ ചെയ്തിട്ടുണ്ട്. ഇവയെല്ലാം അതാതു പ്രദേശത്തിന്റെ സാംസ്കാരികോന്നമനത്തിന് അതിന്റേതായ സംഭാവനകൾ നല്കാൻ സഹായകരമായിട്ടുണ്ട്.

ദൃശ്യമാദ്ധ്യമങ്ങളുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ രണ്ട് സിനിമാശാലകളും രണ്ട് കേബിൾ T.V. സ്റ്റേഷനുകളും ഉണ്ട്. നമ്മുടെ പഞ്ചായത്തിൽ ഏകദേശം 20% വീടുകളിൽ T.V. ഉള്ളതായി അറിയുന്നു. കായിക വിനോദ കളിസ്ഥലങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് രണ്ട് സ്ഥലങ്ങളിൽ ഉണ്ട്. കുന്നാച്ചി, തേനാരി സ്കൂളുമായി ബന്ധപ്പെട്ടാണ് അവ സ്ഥിതി ചെയ്യുന്നത്. നാടൻ കായിക വിനോദങ്ങൾ ഇന്നും നമ്മുടെ ഇടയിൽ പ്രചാരത്തിലുണ്ട്. കബടി, വടംവലി, പുള്ളുകളി, തലപന്ത്, ഗോലികളി മുതലായവയാണ് ഇവ. കൂടാതെ കയർചാട്ടം, പല്ലാങ്കുഴികളി ഇവ സ്ത്രീകൾക്കായുള്ള പ്രത്യേക കളികളാണ്.

പ്രശ്നം

ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ അതിപ്രസരം സാംസ്കാരിക നിലവാരത്തെ പുറകോട്ടു വലിക്കുന്നു. "മ" പ്രസീദ്ധീകരണ സ്വാധീനം നമ്മുടെ പൈതൃകമായ സാംസ്കാരികരംഗം തകർക്കുന്നു. വിവാഹാദിചടങ്ങുകളുടെ വർദ്ധിച്ചുവരുന്ന ആർഭാടമനോഭാവം ഇതിന്നു ദാഹരണമാണ്.

കലാസമിതികൾ

കലാസമിതികൾ ഇപ്പോൾ പ്രവർത്തനക്ഷമമല്ല. സാങ്കേതിക സാമ്പത്തിക ചിലവ് വർദ്ധിക്കുന്നതിനാൽ പരമ്പരാഗതകലകൾ നാശത്തെ അഭിമുഖീകരിക്കുന്നു.

സ്ത്രീകൾ സാംസ്കാരിക രംഗത്ത് പങ്കെടുക്കാൻ വിമുഖത കാട്ടുന്നു.പഴയകാലത്ത് സാംസ്കാരികരംഗത്ത് സ്ത്രീ പങ്കാളിത്തം കൂടുതലായിരുന്നു. പക്ഷെ ഇന്ന് തീരെ കുറവാണ്. ദൃശ്യമാദ്ധ്യമങ്ങളുടെ തെറ്റായ ആവിഷ്ക്കാരം സ്ത്രീകൾ പാരമ്പര്യകലകളെ അവഗണിക്കാൻ കാരണമായി.

തമിഴ്സംസ്കാരത്തിന്റെ സ്വാധീനം

നമ്മുടെ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും തമിഴ് സംസ്കാരത്തിൻരെ സ്വാധീനം കാണാം. എന്നാൽ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശത്ത് തമിഴ് സംസ്കാരം തികച്ചും ആഴത്തിൽ വേരൂന്നിയിരിക്കുന്നു. അതിനാൽ അവരുടെ ആചാരനുഷ്ടാനങ്ങളും ജീവിതരീതിയും അപ്പാടെ ജനജീവിതത്തിൽ പ്രകടമാവുന്നത് നമുക്ക് കാണാൻ കഴിയും. തമിഴ് നാടിനോട് ചേർന്ന പ്രദേശമായതിനാലും, തമിഴ്നാടുമായി വിവാഹബന്ധങ്ങളിലേർപ്പെടുന്നതു കാരണവും 1956 നവംബർ 1ന് മുമ്പ് നമ്മുടെ പ്രദേശം തികച്ചും തമിഴ്നാടിന്റെ ഭാഗമായിരുന്നതുകൊണ്ടുമാണ് നമ്മുടെ പഞ്ചായത്തിൽ ഇത്തരത്തിൽ തമിഴ് സംസ്കാരത്തിന് വേരോട്ടമുണ്ടായത് എന്ന് കരുതപ്പെടുന്നു.

സാദ്ധ്യതകൾ

പഞ്ചായത്തിലെ സാംസ്കാരിക കേന്ദ്രം, ലൈബ്രറി, നാമമാത്രമായ വായനശാലകൾ എന്നിവ പുനരുജ്ജീവിപ്പിക്കാൻ കഴിയണം. ജനപങ്കാളിത്തത്തോടെ (തേനാരി, പാലച്ചിറ, രാമശ്ശേരി) വീഡിയോക്ലബുകൾ രൂപികരിക്കണം. കായികരംഗം മെച്ചപ്പെടുത്താൻ പഞ്ചായത്ത് തലത്തിലും പ്രാദേശികമായും മത്സരങ്ങൾ സംഘടിപ്പിക്കണം. മതസൗഹാർദ്ദം ഊട്ടി ഉറപ്പാക്കാൻ എല്ലാ വിഭാഗക്കാരേയും ഉൾപ്പെടുത്തി ഉത്സവങ്ങൽ സംഘടിപ്പിക്കുക. പ്രാദേശിക ഉത്സവങ്ങൾക്ക് എല്ലാ വിഭാഗക്കാരേയും ഉൾപ്പെടുത്തി കമ്മിറ്റികൾ ഉണ്ടാക്കുക. നാടൻ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുവാൻ ഉത്സവകാലങ്ങളിലും പൊതുപരിപാടികളിലും വെച്ച് അവരെ ആദരിക്കുക. ഗ്രാമസഭകളിൽ ഉയർന്നുവന്ന അഭിപ്രായങ്ങളെ മാനിച്ച് എല്ലാ വാർഡുകളിലും ഗ്രന്ഥശാലകൾ സ്ഥാപിക്കുക എന്നിവ സ്വീകരിച്ചാൽ നമ്മുടെ പഞ്ചായത്തിനെ സാംസ്കാരികമായി ഉന്നതനിലവാരത്തിൽ എത്തിക്കുവാൻ കഴിയുമെന്ന വിശ്വാസത്തോടുകൂടി അവസാനിപ്പിക്കട്ടെ.

5.9 വനിത

സ്ത്രീക്ക് സമൂഹത്തിൽ ആദരണീയമായ സ്ഥാനം നൽകി ബഹുമാനിച്ചിരുന്ന ഒരു സംസ്കാരമാണ് നമുടേത്. എന്നാൽ ഇന്നോ?..... പരസ്ത്രീയെ മാതാവായി സങ്കൽപ്പിച്ചിരുന്ന ഒരു ആദർശത്തിൽ നിന്ന്, സ്വന്തം സ്ത്രീകളെപ്പോലും വിൽപ്പന ചരക്കാക്കുന്ന ആദർശന ശൂന്യതയിലേക്ക് നമ്മുടെ സംസ്കാരം അധഃപതിച്ചിരിക്കുന്നു. ഇതിനർത്ഥം ആദ്യകാല സ്ത്രീകളെല്ലാം എല്ലാരംഗങ്ങളിലും മുൻപന്തിയിലായിരുന്നു എന്നല്ല. വിദ്യാഭ്യാസം, തൊഴിൽ, സാമൂഹ്യസേവനം എന്നീ രംഗങ്ങളിലെല്ലാം സ്ത്രീകൾ പിന്നിൽത്തന്നെയായിരുന്നു. കുടിപ്പള്ളിക്കുടങ്ങളിലൂടെ ഒരു ചെറിയ ന്യൂന പക്ഷത്തിന് അക്ഷരാഭ്യാസം ലഭിച്ചിരുന്നുവെങ്കിലും, മഹാഭൂരിപക്ഷത്തിനും ഈ അവകാശം നിഷേധിക്കപ്പെട്ട സാമൂഹ്യവ്യവസ്ഥിതിയായിരുന്നു ആദ്യകാലത്ത് നില നിന്നിരുന്നത്.

വനിതാ വിമോചന പ്രസ്ഥാനം നാടെങ്ങും സജീവമായി മുന്നേറുന്ന ഇക്കാലത്തു പോലും അടുക്കളയുടെ നാലതിരുകൾക്കുള്ളിൽ ഒതുങ്ങി കഴിയേണ്ട ഗതികേടിലാണ് ബഹുഭൂരിപക്ഷം സ്ത്രീകളും. നമ്മുടെ പഞ്ചായത്തിലെ വനിതകളുടെ സ്ഥിതിയും വ്യത്യസ്തമല്ല. എലപ്പുള്ളി പഞ്ചായത്ത് പ്രസിഡണ്ട് ഒരു വനിതയാണെന്ന് നമുക്കഭിമാനിക്കാമെങ്കിലും, പഞ്ചായത്തീരാജ് നഗരപാലികാ ബിൽ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയില്ലായിരുന്നുവെങ്കിൽ ചരിത്രഗതി മറ്റൊരു ദിശയിലാകുമായിരുന്നു എന്ന് നിസ്സംശയം പറയാം.

പൊതുവെ സാമ്പത്തിക-സാമൂഹ്യ രംഗങ്ങളിൽ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് എലപ്പുള്ളി. പുരുഷന്മാരേക്കാൾ, സ്ത്രീകൾ എണ്ണത്തിൽ കൂടുതലാണെങ്കിലും, സാമൂഹ്യപദവിയുടെ കാര്യത്തിൽ അവർ പിന്നിൽത്തന്നെ. സാമ്പത്തിക-സാമൂഹ്യ പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ സ്ത്രീകളെ മൂന്നു വിഭാഗമായി തരം തിരിക്കാം. 1. വരേണ്യവർഗ്ഗം, 2. മദ്ധ്യവർഗ്ഗം, 3. കീഴ്ത്തട്ട്

ആകെ സ്ത്രീകളിൽ വിരലിലെണ്ണാവുന്ന ഒരു ചെറു ന്യൂനപക്ഷം മാത്രമാണ് ആദ്യത്തെ വിഭാഗത്തിൽ ഉൾപ്പെടുന്നത്.

എങ്കിലും വിദ്യാഭ്യാസപരമായും, സാമ്പത്തികമായും, സാമൂഹ്യമായും, തൊഴിൽപരമായും മുൻനിരയിൽ നില്ക്കുന്നവരാണവർ. അതുകൊണ്ടുതന്നെ ഉയർന്ന ജീവിത നിലവാരത്തിന്റെ ഉടമകളാകാനുള്ള സൗഭാഗ്യവും അവർക്ക് ലഭിച്ചിട്ടുണ്ട്. എങ്കിലും ഭൂപരിഷ്കരണ നിയമവും, തന്മൂലമുണ്ടായ സാമൂഹ്യമാറ്റവും ഇവരിൽ ഒരു വിഭാഗത്തെ സാമ്പത്തികമായി അവശരാക്കി. ഈ പ്രതികൂല സാഹചര്യത്തിലും തങ്ങളുടെ പഴയ പ്രൗഢി നിലനിർത്താനുള്ള ശ്രമം ഇപ്പോഴും ചിലർ ഉപേക്ഷിച്ചിട്ടില്ല. മൊത്തം സ്ത്രീകളിൽ 40 ശതമാനം വരുന്ന മദ്ധ്യവർഗ്ഗക്കാരിൽ ഭൂരിപക്ഷം പേരും സാമാന്യ വിദ്യാഭ്യാസം നേടിയവരാണ്. എങ്കിലും അവരിൽ ഒരു ചെറിയ വിഭാഗത്തിനുമാത്രമേ സാമ്പത്തികഭദ്രതയും, സാമൂഹ്യസുരക്ഷിതത്ത്വവും അവകാശപ്പെടാൻ കഴിയൂ. 60 ശതമാനത്തോളം വരുന്ന അടിത്തട്ടുകാരാകട്ടെ സാമ്പത്തികമായും, സാമൂഹ്യമായും, വിദ്യാഭ്യാസപരമായും, തൊഴിൽപരമായും അവശതയനുഭവിക്കുന്നവരാണ്.

ഒരു കുടുംബത്തിന്റെ അസ്തിവാരമാണ് സ്ത്രീ. ശാന്തിയുടേയും, ഐശ്വര്യത്തിന്റേയും പ്രതീകമാണവൾ. സ്ത്രീയുടെ സ്നേഹവും, ക്ഷമയും വിനയവുമാണ് കുടുംബബന്ധത്തിന്റെ പ്രധാന കണ്ണികൾ. എന്നാൽ സമ്പത്തിന്റെ അധിപൻ പുരുഷനാണെന്ന സമൂഹത്തിന്റെ കാഴ്ചപ്പാട് മൂലം സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ നിസ്സാരമല്ല. വീട്ടമ്മയായി ജീവിക്കേണ്ടിവരുന്ന സ്ത്രീകൾ അടിമകളെപോലെ കൂലിയില്ലാ വേല ചെയ്യുന്നു. നിസ്സാരമായ സ്വന്തം ആവശ്യങ്ങൾക്കുപോലും പുരുഷനെ ആശ്രയിക്കേണ്ടിവരുന്നു. വിവാഹ സമയത്തു നൽകുന്ന സ്ത്രീധനവും, തനിക്കുമാത്രം അവകാശപ്പെട്ട ഓഹരിയുമെല്ലാം താൻ കൂടി ഉൾപ്പെട്ട കുടുംബത്തിന്റെ പൊതു സ്വത്തായി കണക്കാക്കുന്നതിനുപകരം ഭർത്താവിനുമാത്രം അവകാശപ്പെട്ട സമ്പത്തായി കണക്കാക്കുന്ന സാമൂഹ്യനീതിയാണ് ഇന്നും നിലനിൽക്കുന്നത്. സർവ്വസ്വവും ഭർത്താവിന് സമർപ്പിച്ച്, എന്നും അദ്ദേഹത്തിന്റെ ആശ്രിതത്വത്തിൽ ജീവിക്കുന്ന സ്ത്രീയുടെ പദവിക്കാണ് "വീട്ടമ്മ" എന്ന ഓമനപ്പേർ നൽകിട്ടുള്ളത്. ഇത്തരം ത്യാഗങ്ങളെമാത്രം ഉത്തമ കുടുംബിനിയുടെ ലക്ഷണങ്ങളായി സമൂഹം വ്യാഖ്യാനിക്കുകയും ചെയ്യുന്നു.

തൊഴിലെടുക്കുന്ന സ്ത്രീകളുടെ കാര്യമാണ് ഇതിലേറെ കഷ്ടം. സ്ത്രീകളുടെ മാനസികവും, ശാരീരികവുമായ ബലഹീനതകളെ തൊഴിലുടമ ചൂഷണം ചെയ്യുന്നു. ഫലമോ? പുരുഷന്മാരുടെ ജോലിക്ക് സമാനമായ ജോലി ചെയ്യുന്ന സ്ത്രീകൾക്കുപോലും കുറഞ്ഞ കൂലി. ഈ കൂലി വീട്ടിലെത്തുമ്പോൾ അതിന്റെ വിനിമയാധികാരം പുരുഷന്. ഉദ്യോഗസ്ഥയായാലും, വീട്ടമ്മയായാലും വീട്ടുജോലി അവളുടെ മാത്രം 'അവകാശം'.

സ്ത്രീകളുടെ ഈ അവശതക്ക് സമൂഹത്തെ മാത്രം പഴിച്ചിട്ടെന്തു കാര്യം? സ്വന്തം പരാധീനതകൾക്ക് പരിഹാരം കാണുന്നതിനും, നല്ലൊരു ഭാവിക്കുവേണ്ടി പ്രയത്നിക്കുന്നതിനും മുന്നിട്ടിറങ്ങേണ്ട സ്ത്രീ സദാചാരപ്പുതപ്പിനുള്ളിൽ ഇപ്പോഴും ഗാഢനിദ്രയിലാണ്. അവളെ രാഷ്ട്രീയവും, പ്രത്യയശാസ്ത്രവും പഠിപ്പിക്കുന്ന പുരുഷനാകട്ടെ, അവളുടെ മോചനത്തിന്റെ പ്രത്യയ ശാസ്ത്രം മാത്രം അവളിൽ നിന്ന് മറച്ചുവെക്കുന്നു.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടന്ന വിശേഷാൽ ഗ്രാമസഭകളിൽ സ്ത്രീകളുടെ ഒത്തുചേരലും ചോദ്യംചെയ്യലും നടന്നിരിക്കുന്നു എന്ന വസ്തുത പ്രതീക്ഷക്കു വക നൽകുന്നു. അനീതികൾക്കെതിരെ ഗ്രാമസഭകളിൽ ഉയർന്നുവന്ന ചെറിയ ചെറിയ ശബ്ദങ്ങൾ സിംഹഗർജ്ജനങ്ങളായി സമൂഹത്തിന്റെ സമസ്ത മേഖലകളിലേക്കും വ്യാപിക്കുന്ന കാലം വിദൂരമല്ല.

സമൂഹത്തിന്റെ കുറ്റപ്പെടുത്തലുകളെ നേരിട്ടുകൊണ്ട്, സാദ്ധ്യമായ എല്ലാ രംഗങ്ങളിലേക്കും അവരെ കൈപിടിച്ചുയർത്തി, സ്ത്രീ പുരുഷസമത്വം എന്ന ലക്ഷ്യം നേടുന്നതിനുള്ള ബോധപൂർവ്വമായ ശ്രമത്തിലൂടെ മാത്രമേ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ.

ഈ പ്രതികൂല സാഹചര്യങ്ങളെയെല്ലാം തൃണവൽഗണിച്ചുകൊണ്ട്. സ്വപ്രയത്നത്താൽ പഞ്ചായത്തിന്റെ തന്നെ അഭിമാനസ്തംഭങ്ങളായുയർന്നു നില്ക്കുന്ന രണ്ടു വനിതകളെ സ്പർശിക്കാതെ കടന്നു പോകുന്നത് അവരോടുചെയ്യുന്ന കടുത്ത അനീതിയായിരിക്കും. സ്വന്തമായി കരംകൊടുക്കുന്ന വ്യക്തി എന്ന നിലയിൽ എക്കണത്ത് വീട്ടിൽ കുഞ്ഞുക്കുട്ടിയമ്മ എന്ന മഹതി 1919ൽ അന്നത്തെ ഡിസ്ട്രിക്ട് ബോർഡിലെ ഏക വനിതാമെംബർ എന്ന പദവി അലങ്കരിച്ചിരുന്നു. അതുപോലെ തന്നെ ഇന്ത്യയിലെ ആദ്യത്തെ വനിതാ മേജർ ജനറൽ എന്ന ബഹുമതിയും, രാഷ്ട്രപതിയുടെ പുരസ്കാരവും നേടിയ ശ്രീമതി രാജമ്മ എലപ്പുള്ളി പഞ്ചായത്തിലെ ഒരു വനിതയാണെന്ന വസ്തുതയും ഏവർക്കും അഭിമാനകരമാണ്.

പ്രശ്നങ്ങൾ

വനിതാരംഗം നേരിടുന്ന ചില പ്രശ്നങ്ങൾ പരിശോധിക്കാം.

1. സേവന സന്നദ്ധമായ മഹിളാ സമാജങ്ങളുടെ അഭാവവും, നിലവിലുള്ള മഹിളാ സമാജങ്ങളുടെ കാര്യക്ഷമതയില്ലായ്മയും.
2. സഹകരണാടിസ്ഥാനത്തിലോ, യൂണിറ്റടിസ്ഥാനത്തിലോ ഉള്ളതും, സ്ത്രീകൾക്കുമാത്രം ചെയ്യാവുന്നതുമായ തൊഴിലവസരങ്ങളുടെ കുറവ്.
3. സ്ത്രീകളുടെ ആനുകൂല്യങ്ങൾ, അവർക്കുള്ള വിവിധ പദ്ധതികൾ എന്നിവയെക്കുറിച്ചുള്ള അജ്ഞത.
4. സ്ത്രീധനത്തിനെതിരെയുള്ള ബോധവൽക്കരണം, അശ്ലീല പോസ്റ്ററുകൾക്കെതിരെയുള്ള നിയമനടപടികൾ, സ്ത്രീകളുടെ നേർക്കുള്ള അക്രമം തടയൽ എന്നിവയിലെ പോരായ്മകൾ.
5. സ്ത്രീകൾ കുടുംബനാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന ലഭിക്കാത്തത്.
6. തുല്യജോലിക്ക് തുല്യവേതനം എന്ന തത്ത്വം എല്ലാ തൊഴിൽ മേഖലകളിലേക്കും വ്യാപിപ്പിക്കാത്തതുകൊണ്ടുള്ള വിവേചനം.
7. മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവൽക്കരണത്തിന്റെ കുറവ്.
8. സമ്പൂർണ്ണ മദ്യനിരോധന നിയമത്തിന്റെ അഭാവം.
9. കർഷകതൊഴിലാളി പെൻഷൻ, അഗതി പെൻഷൻ, വിധവാ പെൻഷൻ എന്നിവയുടെ വിതരണത്തിലുള്ള ക്രമക്കേടുകളും കാലതാമസവും.
10. സ്ത്രീ വിദ്യാഭ്യാസത്തിൻറെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ കുറവ്
11. അംഗൻവാടികളുടെ കുറവും, അവയുടെ കാര്യക്ഷമതയില്ലായ്മയും
12. തൊഴിൽ പരിശീലനത്തിനുള്ള പദ്ധതികളുടെ അഭാവം
13. സ്ത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളുടെ അപര്യാപ്തത
14. പുതിയ തലമുറയിലെ സ്ത്രീകൾക്ക് (പ്രത്യേകിച്ച് യുവതികൾക്ക്) കാർഷികമേഖലയിലേക്കു കടന്നുവരാനുള്ള വിമുഖത
15. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക്.
16. ആരോഗ്യകേന്ദ്രങ്ങളിൽ സ്ത്രീകളുടെ തനതായ രോഗ നിർണ്ണയത്തിനും ചികിത്സക്കുമുള്ള സൗകര്യമില്ലായ്മ.

മേൽപ്പറഞ്ഞ പ്രശ്നങ്ങളുടെ പരിഹാര നിർദ്ദേശങ്ങളിലേക്ക് കടക്കുന്നതിനു മുമ്പ് നിലവിലുള്ള ചില സാഹചര്യങ്ങൾ വിലയിരുത്താം.

ഗ്രാമപഞ്ചായത്തിന്റെ പ്രസിഡണ്ടുപദം അലങ്കരിക്കുന്നത് ഒരു വനിതയാണെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നുവല്ലോ. കൂടാതെ കൃഷി ഓഫീസർ, വെറ്ററിനറി ഡോക്ടർ, ഒരു ഷെഡ്യൂൾഡ് ബാങ്ക് മാനേജർ എന്നീ സ്ഥാനങ്ങൾ വഹിക്കുന്നതും വനിതകളാണ്. ഇതിനും പുറമെ ഒരു ഹൈസ്കൂൾ ഉൾപ്പെടെയുള്ള 12 വിദ്യാലയങ്ങളിൽ 8 എണ്ണത്തിന്റേയും ഭരണസാരഥ്യം വനിതകൾക്കാണ്. സ്കൂൾ അദ്ധ്യാപകരിൽ 85 ശതമാനവും വനിതകളാണെങ്കിലും തദ്ദേശവാസികൾ വളരെ കുറവാണ്. അദ്ധ്യാപക ജോലിയിലും മറ്റും കാണുന്ന സ്ത്രീകളുടെ മുന്നേറ്റത്തിന്റെ ഒരംശംപോലും സാമൂഹ്യ പ്രവർത്തനരംഗത്ത് കാണുന്നില്ല എന്നത് ഒരു ദുഃഖസത്യമാണ്. കാർഷികരംഗവും, കെട്ടിടനിർമ്മാണരംഗവുമാണ് മറ്റ് പ്രധാന തൊഴിൽ മേഖലകൾ. ഇവിടെ നൽകുന്ന കൂലിയിൽ സ്ത്രീ-പുരുഷ അന്തരം വളരെ കൂടുതലാണ്. വനിതകൾക്കു മാത്രമായി ഒരു കൈത്തറി നെയ്ത്ത് സംഘവും, ഒരു ക്ഷീര സഹകരണസംഘവും, ഒരു കറി പൗഡർ നിർമ്മാണയൂണിറ്റും പഞ്ചായത്തിൽ സഹകരണമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. റജിസ്റ്റർ ചെയ്ത 19 മഹിളാസമാജങ്ങളിൽ ഒരെണ്ണത്തിന്റെ പ്രവർത്തനം മാത്രമേ എടുത്തു പറയത്തക്കതായിട്ടുള്ളൂ. കുടുംബാസൂത്രണരംഗത്ത് പഞ്ചായത്ത് പുരോഗതി നേടിയിട്ടുണ്ടെന്നു പറയാം.

പരിഹാര നിർദ്ദേശങ്ങൾ

1. തൊഴിലാളി സ്ത്രീകളുടെ കുട്ടികൾക്കായി സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം ക്രഷ് (Creche) സൗകര്യം ഏർപ്പെടുത്തുക
2. അംഗൻവാടി ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുക
3. അംഗൻവാടികളുടേയും മഹിളാസമാജങ്ങളുടേയും പ്രവർത്തനം കാര്യക്ഷമമാക്കുക.
4. ശിശുസംരക്ഷണം, ആരോഗ്യപരിപാലനം എന്നിവയെ അടിസ്ഥാനമാക്കി വിപുലമായ ചർച്ചാ ക്ലാസ്സുകളും, ബോധവൽക്കരണ സെമിനാറുകളും സംഘടിപ്പിക്കുക.
5. മൂന്നു മാസത്തിലൊരിക്കലെങ്കിലും സ്കൂളുകളിൽ മാതൃസംഗമങ്ങൾ നടത്തുക.
6. സ്കൂൾ കുട്ടികളുടേയും, തൊഴിലിനു പോകുന്ന സ്ത്രീകളുടേയും യാത്ര പ്രശ്നം പരിഹരിക്കുന്നതിന് ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക.
7. സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകളെ കുറിച്ചും സർക്കാർ പദ്ധതികളെക്കുറിച്ചും ഉള്ള കാര്യങ്ങൾ അറിയുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.
8. കാർഷികമേഖലയും അനുബന്ധതൊഴിലുകളും ആകർഷകമാക്കുകയും വനിതകളെ ഈ മേഖലയിലേക്കാകർഷിക്കാൻ ബോധവൽക്കരണം നടത്തുകയും ചെയ്യുക.
9. തൊഴിലില്ലാത്ത ഇടത്തരക്കാർക്കും, തൊഴിലാളി സ്ത്രീകൾക്കും വീടിനോടനുബന്ധിച്ച് സഹകരണാടിസ്ഥാനത്തിൽ ചെറുജോലികൾ ചെയ്യാനുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
10. DWCRA, വനിതാ ക്ഷേമ ബോർഡ് എന്നിവ മുഖേന വൈവിധ്യങ്ങളായ പ്രോജക്ടുകൾ തെരഞ്ഞെടുത്ത് നടപ്പിലാക്കുക.
11. സ്ത്രീകൾക്ക് നേതൃത്വപരിശീനലനം നൽകുക.
12. സ്ത്രീകളുടെ സൊസൈറ്റികൾ നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്ക് വിപണന സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുക.
13. പച്ചക്കറി സൗകര്യം, പാലുൽപ്പന്നങ്ങൾ, കോഴി വളർത്തൽ, കൊണ്ടാട്ടം, അച്ചാർ എന്നിവയുടെ നിർമ്മാണം, കൂൺകൃഷി, മീൻ വളർത്തൽ, ആടുവളർത്തൽ, റെഡിമെയ്ഡ് ഗാർമെന്റ്സ് നിർമ്മിക്കൽ എന്നീ മേഖലകളിലേക്ക് വനിതകളെ ആകർഷിക്കുകയും, അവർക്കു വേണ്ട പരിശീലനം നൽകുകയും, വിപണനസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുക.
14. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണം നടത്തുക.

ഇനി സാദ്ധ്യതയുള്ള വനിതാതൊഴിൽ മേഖലകൾ ഏതെല്ലാമാണെന്നു നോക്കാം.

1. ഗ്രാമീണ വനിതകൾ അംഗങ്ങളായി വലിയൊരു പാൽ സൊസൈറ്റി ആരംഭിക്കാം. ഇതോടനുബന്ധിച്ച് ഒരു പാസ്ചറൈസേഷൻ പ്ലാൻഹും സ്ഥാപിക്കാവുന്നതാണ്.
2. പാൽ ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് പേഡ, രസഗുള എന്നിവയുടെ നിർമ്മാണവും വിപണനവും പാൽ സൊസൈറ്റി മുഖേനയോ മഹിളാസമാജങ്ങൾ മുഖേനയോ നടത്താം.
3. രാമശ്ശേരി ഇഡ്ഡലി വ്യാവസായികാടിസ്ഥാനത്തിൽ തയ്യാറാക്കി വിപണനം നടത്താം.
4. കൊണ്ടാട്ടം, അച്ചാർ എന്നിവയുടെ നിർമ്മാണത്തിനും, പഴം-പച്ചക്കറി സംസ്കരണത്തിനും ഇവയുടെ വിപണനത്തിനും യൂണിറ്റുകൾ ആരംഭിക്കാം.
5. സാമ്പത്തിക സൗകര്യമുള്ള പത്തോ പതിനഞ്ചോ വനിതകൾ ചേർന്ന് ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ് ആരംഭിക്കാം. ഇതിന് സാമൂഹ്യക്ഷേമ വകുപ്പിന്റെ ഗ്രാമീണ വനിതാ-ശിശു ക്ഷേമ പദ്ധതിയിൽ നിന്ന് ധനസഹായം ലഭ്യമാക്കാം.
6. പത്തോ പതിനഞ്ചോ വനിതകൾ ചേർന്ന് രൂപീകരിക്കുന്ന ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു പശു വളർത്തൽ കേന്ദ്രം ആരംഭിക്കാം. ഇതിന് DWCRAയിൽ നിന്ന് ധനസഹായം ലഭ്യമാക്കാം.
7. കാടക്കോഴി വളർത്തൽ

   കാടമുട്ട, ഇറച്ചി എന്നിവയുടെ വാണിജ്യപരമായ സാദ്ധ്യതകൾ കണക്കിലെടുത്ത്, മഹിളാസമാജങ്ങളുടെ ആഭിമുഖ്യത്തിൽ, 30-40 കാടകൾ ഉൾപ്പെടുന്ന കാട വളർത്തൽ യൂണിറ്റുകൾ ആരംഭിക്കാം. ഇവർക്ക് ആവശ്യമായ പരിശീലനവും നൽകണം.
8. ആടുവളർത്തൽ

   തിരഞ്ഞെടുക്കപ്പെടുന്ന കുറച്ചു പേർക്ക് മലബാറി ആടുകൾ മൂന്നെണ്ണം വീതം വിതരണം ചെയ്തു ആടുവളർത്തൽ പ്രോൽസാഹിപ്പിക്കാം.
9. കോഴിവളർത്തൽ

   അടുക്കളമുറ്റത്ത് 5 കോഴികളെ വീതം വളർത്തി മുട്ട വീട്ടാവശ്യത്തിനും ബാക്കി വില്പനക്കും ഉപയോഗിക്കാം.
10. മുയൽ വളർത്തൽ

    വാണിജ്യാടിസ്ഥാനത്തിലുള്ള മുയൽ വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കാം.
11. അലങ്കാര മത്സ്യകൃഷി

    മത്സ്യ കർഷക വികസന ഏജൻസിയുടെ സഹായത്തോടെ അക്വേറിയം ഉപകരണങ്ങൾ, അക്വേറിയം മത്സ്യങ്ങൾ, തീറ്റകൾ എന്നിവ കർഷകർക്ക് വിതരണം ചെയ്യാം.
12. അടുക്കളത്തോട്ടം

    ഓരോ വീടിനും അനുയോജ്യമായ അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കാം. വെണ്ട, വഴുതിന, തക്കാളി തുടങ്ങി വിവിധ ഇനം പച്ചക്കറികൾ നട്ടു വളർത്താം.

വേലിക്കുപയോഗിക്കുന്ന ശീമക്കൊന്ന തോട്ടത്തിന് വളമാക്കാം. ഇതിനുവേണ്ട വിത്ത് കൃഷി ഭനനിൽ നിന്ന് ലഭ്യമാക്കാം.

13. വിത്തുൽപാദനം

സ്വന്തമായി സ്ഥലമുള്ളവർക്ക് പച്ചക്കറി വിത്തുകൾ, മാവ്, മാതളം, പേര തുടങ്ങിയ ഒട്ടതൈകൾ എന്നിവ തയ്യാറാക്കി വിപണനം നടത്താം.

14. കുറ്റിമുല്ല – പൂന്തോട്ടകൃഷി

കുറ്റിമുല്ല, റോസ്, ഓർക്കിഡ്, ആന്തൂറിയം എന്നീ പുഷ്പങ്ങൾ ഒറ്റക്കും, കൂട്ടായും കൃഷി ചെയ്ത് ഫെഡറേഷൻ ഓഫ് ഫ്ളോറി കൾച്ചർ മുഖേന സമീപ നഗരങ്ങളിൽ വിൽപന നടത്താം.

15. കൂൺ കൃഷി

ചിപ്പിക്കൂൺ, വൈക്കോൽ കൂൺ എന്നിവയുടെ കൃഷി കുടിൽ വ്യവസായാടിസ്ഥാനത്തിൽ നടത്താം.

16. മണ്ണിര കമ്പോസ്റ്റ്

മഹിളാ സമാജങ്ങളുടെ നേതൃത്ത്വത്തിൽ ഒറ്റക്കോ, കൂട്ടായോ വീടുകളിൽ മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കാം. ഇവ ഒരുമിച്ച് ശേഖരിച്ച് 1 കിലോ പാക്കറ്റുകളാക്കി വിപണനം ചെയ്യാം.

17. നാടൻ ഭക്ഷണ പദാർത്ഥങ്ങളായ അപ്പം, അട, ചീഡ, മുറുക്ക് മുതലായവ നിർമ്മിച്ച് ടൂറിസ്റ്റ് കേന്ദ്രങ്ങളായ മലമ്പുഴ പോലുള്ള സ്ഥലങ്ങളിൽ വിൽപന നടത്താം. ഇതിനുവേണ്ട പരിശീലനവും ഉപദേശങ്ങളും ടി.ബി.ജി.ആർ.ഐ. വഴി ലഭിക്കുന്നതാണ്.

18. ടെയ്ലറിംഗ്, ഏംബ്രോയ്ഡറി എന്നിവ പരിശീലിപ്പിക്കുന്നതിനും, റെഡിമെയ്ഡ് ഗാർമെന്റ് നിർമ്മിച്ച് വിപണനം നടത്തുന്നതിനും ഒരു വനിതാ സൊസൈറ്റി രൂപീകരിക്കാവുന്നതാണ്.

19. വീട്ടുജോലി ആധുനികവൽക്കരിക്കുക

വീട്ടുജോലിക്ക് തയ്യാറുള്ളവരെല്ലാം ഒരു കേന്ദ്രത്തിൽ റജിസ്റ്റർ ചെയ്യുക. കേന്ദ്രത്തിൽ നിന്ന് ആവശ്യമുള്ള വീടുകളിലേക്ക് ജോലിക്കാരെ ലഭിക്കാം. ജോലിക്കാർ ഒന്നോ രണ്ടോ മണിക്കൂർ കൊണ്ട് ഒരു വീട്ടിലെ ജോലി പൂർത്തിയാക്കി അടുത്ത വീട്ടിലെക്ക് പോകാം. സമയ നിഷ്ഠ പാലിക്കാൻ സൈക്കിൾ, സ്ക്കൂട്ടർ എന്നീ വാഹനങ്ങൾ ഉപയോഗിക്കാവുന്നതാണ്.

20. കേറ്ററിങ്ങ്

വിവാഹം, പിറന്നാൾ എന്നിവയോടനുബന്ധിച്ചുള്ള പാർട്ടികൾക്ക് ആവശ്യമായ വിഭവങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് ഒരു സംഘം രൂപീകരിക്കാം. യൂണിഫോമിട്ട വിളമ്പുക്കാരേയും സംഘത്തിൽ നിന്ന് ലഭ്യമാക്കണം.

21. സോപ്പ്, മെഴുകുതിരി, പുൽപായ, പനമ്പ് എന്നിവ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് ഒരു വനിതാ സൊസൈറ്റി രൂപീകരിക്കാം.

22. കേരളത്തനിമ നിറഞ്ഞ തിരുവാതിരക്കളി, കൈകൊട്ടിക്കളി, മറ്റു കലാരൂപങ്ങൾ, നാടകങ്ങൾ, സംഗീതം, നൃത്തരൂപങ്ങൾ എന്നിവ അഭ്യസിപ്പിക്കുന്നതിന് ഒരു കേന്ദ്രം ആരംഭിക്കാം. കുട്ടികൾക്കും താൽപര്യമുള്ള യുവതികൾക്കും പരിശീലനം നൽകാൻ ഈ സംവിധാനം ഉപയോഗപ്പെടുത്തണം. മഹിളാ സമാജങ്ങളുടെ വാർഷികങ്ങളിൽ ഇത്തരം പരിപാടികൾ ഉൽപ്പെടുത്തണം.

23. മഹിളാ സമാജങ്ങളുടെ കീഴിൽ വായനശാലകൾ ആരംഭിക്കണം. കൂടാതെ ചർച്ചാ ക്ലാസ്സുകൾ, സംവാദങ്ങൾ, പഠനക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കാം.

24. എല്ലാ മഹിളമാരേയും ദേശീയ സമ്പാദ്യപദ്ധതിയിൽ അംഗങ്ങളാക്കണം.

25. പെൺകുട്ടികൾക്ക് സൈക്കിൾ സവാരി, കളരിപ്പയറ്റ്, കരാട്ടേ എന്നിവ പരിശീലിപ്പിക്കണം. ആരോഗ്യസംരക്ഷണത്തിനാവശ്യമായ കായിക പ്രവർത്തനങ്ങളിലും പരിശീലനം നൽകാം. കൂടാതെ പരമ്പരാഗത കളികൾ പ്രോത്സാഹിപ്പിക്കണം.

26. പെൺകുട്ടികളിലെ കായിക പ്രതിഭകളെ കണ്ടെത്തി അവർക്ക് ശാസ്ത്രീയമായ പരിശീലനം നൽകണം.

27. പൊതു സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യം ഏർപ്പെടുത്തണം.

28. സ്ത്രീ – പുരുഷ സമത്വ ബോധം വളർത്തുന്നതിനും അനാചാരങ്ങൾക്കെതിരേയും ബോധവൽക്കരണം നടത്തണം.

29. അച്ചാർ നിർമ്മാണം, പിക്കിൾ മാനുഫാക്ചറിങ്ങും, സദ്യ ഒരുക്കൽ കേറ്ററിങ്ങും ആയതുപോലെ കാർഷികവൃത്തിയും ആധുനികവൽക്കരിച്ച് യുവതീയുവാക്കളെ ഈ രംഗത്തേക്ക് ആകർഷിക്കണം

5.10 സഹകരണം

"ചൂഷണവിമുക്തം"
"സമത്വസുന്ദരം"
"അന്യോന്യബദ്ധം'

സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം എലപ്പുള്ളിയിൽ ആരംഭിച്ചതും 1938ലാണ്. കൈത്തറി നെയ്ത്തുകാരുടെ ക്ഷേമത്തിനും അവരുടെ ഉല്പന്നങ്ങൾ ന്യായമായ വിലക്കുവാങ്ങി വിതരണം നടത്തുന്നതിനുമായി 1932ലെ മദിരാശി സംസ്ഥാന സഹകരണ നിയമമനുസരിച്ച് "എലപ്പുള്ളി കൈത്തറി നെയ്ത്ത് സഹകരണസംഘം" രൂപികരിച്ചു. ഇതാണ് എലപ്പുള്ളിയിലെ ആദ്യത്തെ സഹകരണസംഘം. തേനാരി, എലപ്പുള്ളി, വേങ്ങോടി, പള്ളത്തേരി, പുതുശ്ശേരി എന്നീ അംഗങ്ങളായിരുന്ന പ്രവർത്തനപരിധി. ശ്രിമാന്മാർ എം.കെ. ഹരിഹരയ്യർ, വി. പൊന്നൻപിള്ള, എ. രാമനാഥ മുതലി, ചിതംബരമുതലി, വെള്ളങ്ങട്ടിമുതലി എന്നിവരായിരുന്നു സംഘം രൂപീകരണത്തിന് നേതൃത്വം കൊടുത്തത്. വാടകകെട്ടിടത്തിൽ പ്രവർത്തിച്ച സംഘത്തിന് 1966ൽ സ്വന്തം കെട്ടിടമുണ്ടായി. 200 രൂപ ഓഹരി അടച്ച 549 അംഗങ്ങളാണ് നിലവിലുള്ളത്. ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സംഘങ്ങളിൽ സംസ്ഥാനാടിസ്ഥാനത്തിൽ തന്നെ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമായി വളരാൻ ഇതിന് കഴിഞ്ഞു എന്നത് എടുത്തു പറയാവുന്നതാണ്. നെയ്ത്തുകാരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ വിപുലമായ പ്രവർത്തന മേഖല ലക്ഷ്യം വച്ചുകൊണ്ട് ആരംഭിച്ച ഈ സ്ഥാപനം പ്രവർത്തനമേഖല ചുരുങ്ങി തേനാരിയിൽ ഒരു സമുദായത്തിൽ മാത്രമായി ഒതുങ്ങിനിൽക്കുന്നു. ആധുനിക രീതികളും വൈവിദ്ധ്യവൽക്കരണവും കൊണ്ടുവന്നാൽ ഒട്ടേറെ സാദ്ധ്യതകളുണ്ട്. കൈത്തറി സാരികളും ബഡ്ഷീറ്റും മറ്റും ഉല്പാദിപ്പിക്കുന്നത് ലാഭകരമായിരിക്കും. ഈ രംഗത്തേക്ക് വരാൻ ആഗ്രഹിക്കുന്നവർക്ക് വിദഗ്ധമായ പരിശീലനം നൽകുന്ന ഒരു കേന്ദ്രം ആരംഭിക്കാവുന്നതാണ്. ഏറെ വിപണനസാദ്ധ്യതയുള്ള ഒരു മേഖലയായതിനാൽ ഒട്ടേറെ മുന്നോട്ടുപോകുവാൻ ഈ വ്യവസായത്തിനു കഴിയും. തൊഴിൽപരവും സാമൂഹ്യവുമായ പുരോഗതിക്ക് അനുഗുണമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഒട്ടേറെ സാദ്ധ്യതകളുണ്ട്.

1959ൽ പഞ്ചായത്തിൽ രൂപികൃതമായ P.C.C. സൊസൈറ്റിയാണ് ആദ്യത്തെ വായ്പാസഹകരണ സംഘം. വിവിധ മേഖലകളിലായി 17 സഹകരണസംഘങ്ങൾ രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു. 3 വ്യവസായ സഹകരണസംഘങ്ങളും 1 വായ്പാസംഘവും 6 പാൽ സഹകരണസംഘങ്ങളും 3 സ്കൂൾ സഹകരണസംഘങ്ങളും രോഗചികിത്സാരംഗത്ത് 1ഉം ഉപഭോകൃതരംഗത്ത് 3 ഉം സംഘങ്ങൾ ചേർന്നതാണ് ഈ പഞ്ചായത്തിലെ സഹകരണശൃംഘല. ഇതിൽ എലപ്പുള്ളി സർവ്വീസ് സഹകരണബാങ്ക് നല്ല നിലയിൽ പ്രവർത്തിക്കുന്നു. മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന പാൽ സഹകരണ സംഘങ്ങൾ നല്ലനിലയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നു. ഉപഭോക്തൃസംഘങ്ങളിൽ കുന്നാച്ചിയിൽ ആരംഭിച്ചത് നിർജീവമായി. പാറയിലുള്ളത് വളരെ പരിമിതമായ തോതിൽ പ്രവർത്തിക്കുന്നു. വ്യവസായ സഹകരണസംഘങ്ങളിൽ എടുത്തുപറയാവുന്നതാണ് ചിറ്റൂർ ഷുഗർ ഫാക്ടറി. ചകിരി, നെയ്ത്ത്, സംഘങ്ങളായി രൂപീകരിച്ചത് 2 എണ്ണം ഉല്പാദന രംഗത്തേക്ക് കടന്നിട്ടില്ല. സ്കൂൾ സഹകരണസംഘങ്ങൾ പുസ്തകം മാത്രം വിതരണം നടത്തുന്നു.

എലപ്പുള്ളി സർവ്വീസ് സഹകരണബാങ്ക്

പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണ്. നാടൻ കർഷകനെ സംബന്ധിച്ചിടത്തോളം ജനിക്കുന്നതും, മരിക്കുന്നതും കടത്തിലാണെന്നാണ് പഴമൊഴി. ഈ പഞ്ചായത്തും ഇതിൽ നിന്നും വ്യത്യസ്ഥമായിരുന്നില്ല. ആദ്യകാലഘട്ടങ്ങളിൽ സഹായിക്കാൻ മുന്നോട്ടു വന്നവർ കൈവശ കൃഷിയും കുടിയിരുപ്പും പണയാടിസ്ഥാനത്തിൽ കൈവശപ്പെടുത്തിയ കഥകൾ നിരവധിയാണ്. ഈ അവസ്ഥയിൽ കഷ്ടപ്പെട്ടിരുന്ന കർഷകരെ സഹായിക്കാൻ ഉതകത്തക്ക രീതിയിൽ ഒരു സഹകരണ സ്ഥാപനം ഉണ്ടാക്കുന്നതിനുവേണ്ടി മുൻകൈയ്യെടുത്തത് ശ്രീമാന്മാർ ശിവശങ്കരമേനോൻ ഇ.സി. സെയ്തുമുഹമ്മദ്, റാവുത്തർ, കൃഷ്ണമേനോൻ, ശിവശങ്കരൻ, കെ. ശിവശങ്കരമേനോൻ എന്നിവരാണ്. ഇവരുൾപ്പെടെ 25 പേർ ചേർന്ന് പഞ്ചായത്തിലെ ആദ്യത്തെ വായ്പാസഹകരണസംഘം 1946ൽ രൂപീകരിച്ചു പ്രവർത്തനം തുടങ്ങി. 5 രൂപയാണ് ഓഹരിവില. ഈ സംഘം മദിരാശി സഹകരണനിയമമനുസരിച്ചാണ് രൂപീകരിച്ചത്. ആദ്യത്തെ പ്രസിഡണ്ട് ശ്രീ. കൃഷ്ണമേനോനും വൈ. പ്രസി. കെ.വി. ശിവശങ്കരമേനോനും ആദ്യത്തെ സെക്രട്ടറി ശ്രീ. കെ.എൻ. രാവുണ്ണിമേനോനായിരുന്നു പി.സി.സി. സൊസൈറ്റിയായി രൂപീകൃതമായ ഈ സംഘം 1959ൽ എലപ്പുള്ളി സേവന സഹകരണ ബാങ്കായി നിയമം മൂലം മാറ്റുകയുണ്ടായി. 1960 ന് ശേഷം സംഘത്തിന്റെ അംഗസംഖ്യയിൽ കാര്യമായ വർദ്ധനവുണ്ടായി. ഇപ്പോൾ 11188 അംഗങ്ങളുണ്ട്. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 11, 77, 890 രൂപയാണ്. കാർഷികരംഗത്ത് പഞ്ചായത്തിലെ ജനങ്ങളെ സഹായിക്കുന്നതിനുള്ള ഏക സ്ഥാപനം ഇതുമാത്രമാണ്. കാർഷികവായ്പകൾ, കാർഷികേതരവായ്പകൾ, സ്വർണ്ണപണ്ടത്തിന്മേൽ പണം കൊടുക്കൽ, വിദ്യാഭ്യാസ വായ്പകൾ, നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിനും മറ്റും വായ്പകൾ എന്നിങ്ങനെ നാനാമേഖലകളിൽ പ്രവർത്തിക്കുന്നു. കൂടാതെ കൃഷിക്കാവശ്യമായ രാസവളം, കീടനാശിനി എന്നിവയും വിപണനം ചെയ്തുവരുന്നു. നിയ

ന്ത്രിതവിലക്ക് തുണി വ്യാപാരം ചെയ്യുന്ന 'യമുന' എന്ന തുണിക്കടയും നിത്യോപയോഗ സാധനങ്ങൾ മിതമായ വിലക്ക് വിൽക്കുന്ന ഒരു കൺസ്യൂമർ സ്റ്റോറും നടത്തി വരുന്നു. ഈ ജില്ലയിലെ ബാങ്കുകളിൽ ഏറ്റവും മെച്ച പ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഈ ബാങ്കിന് ഇപ്പോൾ ഹെഡാഫീസിനുപുറമെ പള്ളത്തേരിയിലും വെന്തപാളയത്തും സ്വന്തമായ കെട്ടിടത്തിൽ ശാഖകൾ പ്രവർത്തിക്കുന്നു. മൊത്തം 21 ജീവനക്കാരുണ്ട്. ഈ കൊയ്ത്ത്കാലത്ത് നെല്ലു സംഭരണം നടത്തിക്കൊണ്ട് വിളവെടുപ്പു സമയത്ത് കാർഷികോല്പന്നങ്ങൾക്ക് കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനുവേണ്ടി സംഭരണമേഖലയിലേക്കും കടന്നിരിക്കുന്നു. പഞ്ചായ ത്തിലെ ജനങ്ങളുടെ പുരോഗതിക്കുവേണ്ടി പുതിയ പദ്ധ തികൾ ആവിഷ്ക്കരിച്ചുകൊണ്ട് പ്രവർത്തിക്കുവാൻ കഴിയും.

എലപ്പുള്ളി സേവന സഹകരണബാങ്ക് നല്കിയ കാർഷിക വായ്പാവിവരം

നമ്പർ	ഇനം	92–93	93–94	95–95	95–96
1.	നെല്ല്	1505570	1476110	1192620	1175030
2.	കരിമ്പ്	75600	185870	285800	203100
3.	തെങ്ങ്	5440	–	–	–
4.	പച്ചക്കറി	14500	30000	15000	5000

വ്യവസായ സഹകരണസ്ഥാപനങ്ങളിൽ പ്രധാനം പഞ്ചായത്തിന്റെ വടക്കുകിഴക്കൻ മേഖലയായ മേനോ മ്പാറയിൽ പ്രവർത്തിച്ചു വരുന്ന ഷുഗർ ഫാക്ടറിയാണ്. ആദ്യ പ്രസിഡണ്ട് സി.പി. കരുണാകരമേനോൻ ഇത് ഒരു വൻകിട വ്യവസായ സ്ഥാപനമാണെന്നു പറയാം. കരിമ്പാണ് അസംസ്കൃതവസ്തു. പഞ്ചസാരയാണ് പ്രധാന ഉല്പന്നം. 670 പേർ ജോലി ചെയ്തു വരുന്നു. കരിമ്പ് കൃഷിക്ക് പ്രോത്സാഹനവും ഉപദേശവും വായ്പവും നൽകുന്നു. എങ്കിലും ആവശ്യമായത്ര കരിമ്പ് ഉല്പാദിപ്പിക്കുന്നില്ല. കരിമ്പിന്റെ വിലക്കുറവാണ് കർഷ കർ കരിമ്പ് കൃഷിക്ക് കൂടുതൽ താല്പര്യം കാണിക്കാ ത്തത് എന്ന് പറയപ്പെടുന്നു. ഫാക്ടറിക്കാവശ്യമായ കരിമ്പ് കിഴക്കൻ മേഖലയിൽ നിന്നും തമിഴ് നാട്ടിൽ നിന്നുമാണ് ലഭിക്കുന്നത്. ഉപഉല്പന്നം എന്ന നിലയിൽ ഫാക്ടറിയിൽ ലാഭകരമായി ചാരായം ഉല്പാദിപ്പിക്കാ നാവശ്യമായ സ്പിരിട്ട് ഉണ്ടാക്കുന്നു. ചാരായം നിരോ ധിച്ചപ്പോൾ ഇത് വിദേശമദ്യം ഉണ്ടാക്കുവാൻ ഉപയോ ഗിക്കുന്ന ENA (Extra natural Alechohol) ഉല്പാദിപ്പി ക്കുന്നു.

സഹകരണസംഘങ്ങൾ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	പേര്	ആരംഭിച്ച വർഷം	ഓഹരി കളുടെ എണ്ണം	ഓഹരി വില	പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം
1	നെയ്യങ്കാളി സ്മാരക പട്ടികജാതി കൈത്തറി നെയ്ത്ത് സഹകരണസംഘം	1993	31	2000 രൂപ	6200 രൂപ
2	മലമ്പുഴ ബ്ലോക്ക് മാർക്കറ്റിങ്ങ് സഹകരണസംഘം	1992	300	105 രൂപ	30000 രൂപ
3	എലപ്പുള്ളി കൈത്തറി നെയ്ത്ത് സഹകരണസംഘം എഫ് 1019	1938	553	200 രൂപ	1630516 രൂപ
4	എലപ്പുള്ളി കോ.ഓപ്പറേറ്റീവ് സ്റ്റോർ എഫ്. 1166	1946	182	5 രൂപ	16645 രൂപ
5	തേനാരി യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണസംഘം	1992	57	1000 രൂപ	100000 രൂപ
6	എലപ്പുള്ളി സർവ്വീസ് സഹകരണബാങ്ക്	1946	11188	5 രൂപ	1177890 രൂപ
7	പട്ടികജാതി സഹകരണ സംഘം പി. 898	1985	496	10 രൂപ	4960 രൂപ

ക്ഷീരസഹകരണ സംഘം									
	പേര്	ആരംഭിച്ച വർഷം	പ്രവർത്തന മേഖല വാർഡ്	അംഗങ്ങൾ		പാൽ			
				ആകെ	പാലൊഴിക്കുന്നവർ	സംഭരണം ലിറ്റർ	ലോക്കൽ വില്പന ലിറ്റർ	കയറ്റി അയക്കുന്നത് ലിറ്റർ	ഉല്പാദകന് ലഭിക്കുന്ന ശരാശരി വില
1	എണ്ണപ്പാടം ക്ഷീരോല്പാദക സഹകരണസംഘം	1989	6.8	340	120	600	180	420	8.5
2	എലപ്പുള്ളി ക്ഷീരോല്പാദക സഹകരണ സംഘം	1990	4.7		75	450	160	290	8.5
3	തേനാരി ക്ഷീരോല്പാദക സഹകരണ സംഘം	1991	111213	391	135	590	147	443	8.2
4	ചേരുങ്കാട് ക്ഷീരോല്പാദക സഹകരണസംഘം	1992	910	538	65	300	30	370	7.9
5	എടുപ്പുക്കുളം ക്ഷീരോല്പാദക സഹകരണ സംഘം	1992	12	174	75	375	15	360	8.00
6	നെയ്തല വനിതാ ക്ഷീരോല്പാദക സഹകരണസംഘം	1995	3	37	70	150	10	340	8.4

പഞ്ചായത്തിൽ ആകെ 6 ക്ഷീരോല്പാദക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പാലുല്പാദകരുമായി ദൈനംദിന ഇടപെടുന്ന ജനകീയ സ്ഥാപനങ്ങളാണ് ക്ഷീരസഹകരണസംഘങ്ങൾ. ഉല്പാദിപ്പിക്കുന്ന പാലിന് ന്യായവില കിട്ടുന്നതിനു പുറമെ ന്യായമായ വിലക്ക് കാലിത്തീറ്റയും ലഭ്യമാക്കുന്നു. സംഘംമുഖേന കുന്നുകാലികൾക്ക് സൗജന്യ വൈദ്യ പരിശോധനയും വിദഗ്ദ്ധ ഉപദേശവും ലഭിക്കുന്നതിനു പുറമെ ബാങ്കിൽ നിന്നും കറവ ഉരുപ്പടികളെ വാങ്ങാൻ വായ്പയും തരപ്പെടുത്തുന്നു. സർവ്വോപരി സംഘത്തിനുണ്ടാകുന്ന ലാഭത്തിന്റെ നല്ലൊരു വിഹിതം പാലുൽപ്പാദകൻ ബോണസ്സായി നല്കുന്നു. ഇക്കാര്യങ്ങൾ പാലുല്പാദകരിൽ താല്പര്യവും ആത്മവിശ്വാസവും വളർത്തുന്നു. കൂടാതെ സംഘങ്ങൾ മുഖേനെ ധാരാളം ക്ഷേമപ്രവർത്തനങ്ങളും നടത്തിവരുന്നു. ഇപ്പോൾ 2 വാർഡിന് 1 എന്ന നിലയിലാണ് സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. വാർഡുകളുടെ ഭൂമിശാസ്ത്രപരമായ കിടപ്പുമൂലം എല്ലാവർക്കും സംഘങ്ങളിൽ പാലൊഴിക്കുന്നതു സൗകര്യപ്രദമല്ല. ഇങ്ങനെ നിലവിലുള്ള സംഘങ്ങളിൽ പാലൊഴിക്കാൻ ദൂരം മൂലം കഴിയാത്തവർക്കുവേണ്ടി പാലുല്പാദനത്തിന് സൗകര്യമുള്ള കേന്ദ്രങ്ങളിൽ പുതിയ സംഘങ്ങൾ രൂപീകരിക്കാൻ ഇന്നത്തെ നിയമ തടസ്സം നീക്കം ചെയ്യണം. കാർഷിക വൃത്തി പ്രധാനതൊഴിലായ ഈ പാലുല്പാദനത്തിന് പഞ്ചായത്തിൽ ഇനിയും വൻ സാദ്ധ്യതയുണ്ട്. കഞ്ചിക്കോട് വ്യവസായമേഖലയോടും പാലക്കാട് പട്ടണത്തോടും ഏറ്റവും അടുത്തുകിടക്കുന്നു എന്നതാണ് ഏറെ സാദ്ധ്യതക്കടിസ്ഥാനം. ഈ സൗകര്യം ഉപയോഗപ്പെടുത്തികൊണ്ട് ഈ രംഗത്ത് ഇനിയും വളരെ മുന്നോട്ടുപോകാൻ കഴിയും.

മലമ്പുഴ മാർക്കറ്റിങ്ങ് സഹകരണസംഘം ബ്ലോക്ക് പരിധിയാക്കിക്കൊണ്ട് രൂപീകരിച്ചതാണ്. കാർഷിക മേഖലയിൽ ഒട്ടേറെ സാദ്ധ്യതകൾ മുന്നിൽ കണ്ടുകൊണ്ടാണ് പ്രവർത്തനമാരംഭിച്ചത്. എന്നാൽ ഈ ഉദ്ദേശങ്ങൾ സഫലമാകത്തക്കവിധത്തിൽ അല്ല ഇന്ന് ഇതിന്റെ പ്രവർത്തനം. മുഴുവൻ കർഷകരും ഇതിൽ അംഗങ്ങളല്ലതാനും. ഇതിന്റെ പ്രവർത്തനം വ്യാപിപ്പിച്ചാൽ കൂടുതൽ ആളുകൾക്ക് ജോലി ലഭിക്കാൻ സാധിക്കും. കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായ വില ലഭിക്കാനും കാർഷികോപകരണങ്ങൾ മിതമായ വിലക്ക് ലഭ്യമാക്കാനും കഴിയും.

വ്യവസായ സഹകരണസംഘങ്ങളായ അയ്യങ്കാളി സ്മാരക പട്ടികജാതി കൈത്തറി നെയ്ത്ത് സഹകരണസംഘവും തേനാരി യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണസംഘവും ഇനിയും ഉല്പാദനപ്രവർത്തനം ആരംഭിച്ചിട്ടില്ല.

സ്കൂൾ സഹകരണസംഘങ്ങൾ :

ഈ പഞ്ചായത്തിൽ ഹൈസ്ക്കൂൾ, എലപ്പുള്ളി ജി.യു.പി. സ്കൂൾ എന്നിവ കേന്ദ്രീകരിച്ച് ഓരോന്നും പഞ്ചായത്തിലെ 8 എൽ.പി. സ്കൂളുകൾക്കും തേനാരി, പുതുശ്ശേരി യു.പി. സ്കൂളുകൾക്കും കൂടി ഒന്നും അങ്ങനെ മൊത്തം 3 സ്കൂൾ സഹകരണസംഘങ്ങൽ പ്രവർത്തിക്കുന്നുണ്ട്. പാഠപുസ്തകവിതരണമാണ് പ്രധാനമായും ചെയ്യുന്നത്. കുട്ടികൾക്കാവശ്യമുള്ള എല്ലാ സാധനങ്ങളും ന്യായവിലക്ക് വിതരണം ചെയ്യുന്ന സ്ഥാപനമായി ഇതിനെ മാറ്റണം. മുഴുവൻ കുട്ടികളും അദ്ധ്യാപകരും സംഘത്തിൽ അംഗമാകാൻ നിർദ്ദേശിക്കണം. ചാർജ് വഹിക്കുന്ന അദ്ധ്യാപകന് സ്ക്കൂൾ തുറന്ന് 3 മാസക്കാലത്തേക്ക് പ്രത്യേക അലവൻസ് അനുവദിക്കുകയും ക്ലാസ്സ് ചാർജിൽ ഇളവനുവദിക്കുകയും വേണം.

ഉപഭോക്തൃസംഘങ്ങൾ

എലപ്പുള്ളി പഞ്ചായത്തിലെ ഉപഭോക്തൃസംഘത്തിന് അരനൂറ്റാണ്ടിലേറെ പ്രവർത്തന പാരമ്പര്യമുണ്ട്. 1946ൽ പാറയിൽ പ്രവർത്തനമാരംഭിച്ചു എങ്കിലും കാര്യമായൊന്നും ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയുള്ള ഈ സംഘത്തിൽ 182 അംഗങ്ങളുണ്ട്. തുടക്കത്തിൽ ഓഹരി വില 5 രൂപയായിരുന്നു. ഇപ്പോൾ 10 രൂപയാണ്. പൊതുവിതരണരംഗത്ത് കാര്യമായി ഇടപെടുവാൻ കഴിയുന്ന സ്ഥാപനമാണ്. ഉപഭോക്താക്കളിൽ നിന്നും ട്രേഡ് ഡെപ്പോസിറ്റ് സ്വീകരിച്ച് ഡോർ ഡെലിവറി സിസ്റ്റം നടപ്പിലാക്കാവുന്നതാണ്.

കുന്നാച്ചിയിൽ അടുത്തു ആരംഭിച്ച കൺസ്യൂമർ സ്റ്റോറ്റും തീരെ പ്രവർത്തിക്കുന്നില്ല.

വായ്പാസഹകരണസംഘങ്ങളെ പ്രതിസന്ധിയിലാക്കുന്നത് തിരിച്ചടവിന്റെ അഭാവമാണ്. തിരിച്ചടവ് യഥാസമയം നടത്താൻ വളരെ ശക്തമായ ബോധവൽക്കരണം ആവശ്യമാണ്. ജില്ലയിലെ ഏറ്റവും നല്ല ബാങ്ക് എന്ന് പേര് സമ്പാദിച്ച എലപ്പുള്ളി സർവ്വീസ് സഹകരണബാങ്കിന് ഇന്ന് ക്ഷീണമുണ്ടാക്കുന്നത് വായ്പകുടിശികയാണ്. പിരിഞ്ഞുകിട്ടാനുള്ള തുക കൂടുന്നത് ബാങ്കിന്റെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്.

നിർദ്ദേശങ്ങൾ

1. നിലവിലുള്ള ക്ഷീരസഹകരണസംഘങ്ങൾ മിക്കതും 2 വാർഡുകൾ പ്രവർത്തന പരിധിയുള്ളതാണ്. ഇതു കാരണം ഈ വാർഡുകളിലെ മുഴുവൻ പാലും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. സംഘം ആ സ്ഥാനത്തുനിന്നും ദൂരെയുള്ളവർക്ക് സംഘത്തെ ഉപയോഗപ്പെടുത്തുവാനും കഴിയുന്നില്ല. അതുകൊണ്ട് ആവശ്യമായ കേന്ദ്രങ്ങളിൽ പാൽ സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുന്നത് സൗകര്യമായിരിക്കും. അല്ലാത്തപക്ഷം അത്തരം കേന്ദ്രങ്ങളിൽ പുതിയ സംഘങ്ങൾ ഉണ്ടാക്കാനുള്ള നടപടിളാരംഭിക്കണം.
2. എലപ്പുള്ളി സേവന സഹകരണബാങ്കിന്റെ ഒരു ശാഖ 11, 12, 13 വാർഡുകൾക്ക് ഗുണകരമായി തേനാരി കേന്ദ്രീകരിച്ച് ആരംഭിക്കണം.
3. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം.
4. വനിതകൾക്കായി സഹകരണാടിസ്ഥാനത്തിൽ ഒരു റെഡിമെയ്ഡ് യൂണിറ്റ് ആരംഭിക്കണം.
5. മുറുക്ക്, അച്ചാർ തുടങ്ങിയവ ഉണ്ടാക്കി വിപണനം നടത്താൻ ഒരു വനിതാ സഹകരണസംഘം രൂപീകരിക്കുക
6. മൺപാത്രനിർമ്മാണം, കുട്ട, വട്ടി, പനമ്പ്, നെയ്ത്ത്, പപ്പടം എന്നീ പരമ്പരാഗത തൊഴിലിലേർപ്പെട്ടിരിക്കുന്നവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് സംഭരണ വിതരണമേഖലയിൽ സഹായിക്കുക. ആധുനിക യന്ത്രസംവിധാനം ഉപയോഗിച്ച് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് വിതരണം ചെയ്യുന്നതിനും ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനും ഇതുമൂലം സാധിക്കും.
7. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സഹകരണ കോളേജ് ആരംഭിക്കുക. ഒരു വാർഡിൽ നിന്നും ചുരുങ്ങിയത് 100 പേരെ അംഗങ്ങളാക്കുകയും 1000 രൂപ ഷെയർ പിരിക്കുകയും ചെയ്തുകൊണ്ട് നല്ല നിലയിൽ പ്രവർത്തിക്കുവാൻ കഴിയും.
8. പഞ്ചായത്തിലെ ഒരു പ്രധാന കാർഷിക ഉല്പന്നമായ പുളി ശേഖരിച്ച് സംസ്കരിച്ച് കയറ്റി അയക്കുന്ന ഒരു യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കാവുന്നതാണ്.
9. സഹകരണാടിസ്ഥാനത്തിൽ ഒരു വനിതാ പ്രിന്റിംങ്ങ് പ്രസ് ആരംഭിക്കാവുന്നതാണ്.
10. സഹകരണാടിസ്ഥാനത്തിൽ കോഴി വളർത്തൽ ആരംഭിക്കാവുന്നതാണ്.
11. സോപ്പ്, കുട, ചെരുപ്പ് ഇവ നിർമ്മിക്കുന്ന ഒരു യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ വനിതകൾക്കായി രൂപീകരിക്കണം.
12. കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന ഒരു വ്യവസായ സ്ഥാപനം സഹകരണാടിസ്ഥാനത്തിൽ രൂപീകരിക്കാം.
13. അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ പഞ്ചായത്തിലുണ്ട്.

ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘം രൂപീകരിക്കാം. പഞ്ചായത്ത് നേരിട്ട് നടത്തുന്ന പ്രവർത്തികൾ ഈ സംഘം മുഖേന നടത്താവുന്നതും കൂടാതെ പഞ്ചായത്തിലെ മറ്റു നിർമ്മാണ പ്രവർത്തനങ്ങളും ഈ സംഘത്തിന് ഏറ്റെടുത്തു നടത്താവുന്നതാണ്.

14. പുഷ്പകൃഷി, പട്ടുനൂൽപുഴു വളർത്തൽ, ഓട്, ഇഷ്ടിക നിർമ്മാണം, കാലിത്തീറ്റ നിർമ്മാണഫാക്ടറി, നവീന രീതിയിലുള്ള റൈസ്മിൽ, അലങ്കാര മത്സ്യം വളർത്തൽ, വൊക്കേഷണൽ ട്രെയിനിങ്ങ് സെന്റർ ഇവ സഹകരണാടിസ്ഥനത്തിൽ രൂപീകരിക്കുക.

15. സഹകരണാടിസ്ഥാനത്തിൽ ഇൻഡസ്ട്രിയൽ സംഘങ്ങൾ രൂപീകരിക്കുക

16. പാഴ് വസ്തുക്കൾ ശേഖരിച്ച് കൗതുക വസ്തുക്കൾ ഉണ്ടാകുന്ന ഒരു യൂണിറ്റ് ആരംഭിക്കാം.

17. നല്ലയിനം കറവമാടുകളെ അംഗങ്ങൾക്ക് ലഭിക്കുന്നതിന് ഏർപ്പാട് നിലവിലുള്ള ക്ഷീരസഹകരണസംഘങ്ങൾ ചെയ്യുക

18. എലപ്പുള്ളി സഹകരണബാങ്കിന് ഒരു ഗൊഡൗൺ നിർമ്മിക്കുക

19. തേനാരി കേന്ദ്രീകരിച്ച് ഒരു കൈത്തറി നെയ്ത്ത് സഹകരണസംഘം ആരംഭിക്കുക. സാരി, ബഡ്ഷീറ്റ് ഇവ നിർമ്മിക്കുന്നതിനും പരിശീലനം നൽകാം.

20. കുനാച്ചിയിലെ സഹകരണ സ്റ്റോർ പുനരുജീവിപ്പിക്കുക

21. നിലവിലുള്ള ഹരിജൻ സഹകരണ സംഘത്തിന്റെ പ്രവർത്തനം കുറെക്കൂടി വിപുലപ്പെടുത്തുക.

PT

PRABU TRADERS

Dealers in Hardware, Paints & Electricals

Panchayat Shopping Complex, Elapully, Palakkad - 678 622.

863513 PP

സന്ദർശിക്കുക

സൂരജ് ഫാൻസി സ്റ്റോഴ്സ്

&

സൂരജ് മെറ്റൽസ്

പഞ്ചായത്ത് ഷോപ്പിംങ്ങ് കോംപ്ലക്സ്
പാറ, എലപ്പുള്ളി

ഫോൺ : 863393
റസി : 520219

5.11 പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

എലപ്പുള്ളി പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 1981ലെ സെൻസസ് പ്രകാരം 5129ഉം 91ലെതു പ്രകാരം 5664ഉം ആണ്. പട്ടികജാതി ജനസംഖ്യയിൽ 10.5% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതിൽ 2805 പുരുഷന്മാരും 2859 സ്ത്രീകളുമാണ്. പട്ടികജാതി വകുപ്പിന്റെ രേഖപ്രകാരം 36 പട്ടികജാതി കോളനികളാണുള്ളത്.

സാമൂഹ്യമായി ഏറ്റവും പിന്നിൽ കിടന്നിരുന്നവരും കഠിനാദ്ധ്വാനികളുമായ ഒരു വിഭാഗമായിരുന്ന ഇവർ വിദ്യാഭ്യാസസാമൂഹ്യമേഖലകളിൽ ഒട്ടേറെ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക രംഗത്ത് വളരെക്കാലം ചൂഷണത്തിനും അടിച്ചമർത്തലിനും വിധേയരായിരുന്നു ഈ വിഭാഗത്തിന് കുടികിടപ്പവകാശവും, മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യപുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ച ഉച്ചനീചത്വങ്ങളിൽ നിന്ന് പൂർണ്ണമായും മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മതസ്ഥരുടെയും എല്ലാതരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തുവരുന്നുണ്ട്. സർക്കാർ നൽകിവരുന്ന ലംസംഗ്രാന്റ് പഞ്ചായത്തിലെ പട്ടികജാതി-വർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്കുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ അടുത്ത കാലത്ത് ഈ സ്ഥിതിയിൽ മാറ്റം ഉണ്ടായിട്ടുണ്ട്. സർക്കാർ തലത്തിൽ നടപ്പിലാക്കുന്ന നിരവധി പദ്ധതികളുടെ ഭാഗമായി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പല പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടെണ്ടതുണ്ട്. അംഗീകൃത കോളനികളുടെ വിവരം പട്ടിക 1ൽ

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര

ശ്രദ്ധ ചെലുത്തുന്നില്ല. കുടുംബ ബാദ്ധ്യത ഏറ്റെടുക്കേണ്ടി വന്നതുകൊണ്ട്

പഠനം തുടരാൻ കഴിയാത്തവരുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്താൻ ഇനിയും ബോധവൽക്കരണം ആവശ്യമാണ്. സ്ത്രീകളിൽ കൊഴിഞ്ഞുപോക്ക് ഏറ്റവും കൂടുതൽ കാണുന്നത് ഈ വിഭാഗത്തിലാണെന്ന് കാണാം. എസ്.എസ്.എൽ.സിക്കു മുകളിൽ വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വിരലിലെണ്ണാവുന്നത് മാത്രമാണ്. ഈ അവസ്ഥ മാറ്റി എടുക്കേണ്ടതുണ്ട്.

തൊഴിൽ :- പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷികമേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചുവന്നിരുന്നവരാണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിലെ തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മറ്റു മേഖലകളിലേക്ക് പോകുവാൻ നിർബന്ധിതരാകുകയും ചെയ്തു.

ഇവരിൽ ഭൂരിഭാഗവും നിർമ്മാണരംഗത്താണ് എത്തിച്ചേർന്നത്. ഈ മേഖലയിൽ പുരുഷന് 100 രൂപയും സ്ത്രീക്ക് 50 രൂപയും കൂലി ലഭിക്കുന്നുണ്ട്.

സാമാന്യം ഭേദപ്പെട്ട കൂലി ഈ മേഖലയിൽ ലഭിക്കുന്നതിനാൽ പുതിയ തലമുറ കാർഷിക മേഖലയിൽ നിന്നും പൂർണ്ണമായി മാറി എന്നു തന്നെ പറയാം. സ്ത്രീകൾ മാത്രം ചെയ്തിരുന്ന നടീൽ തുടങ്ങിയ കാർഷിക പ്രവൃത്തികൾക്ക് യഥാസമയം തൊഴിലാളികളെ കിട്ടാൻ വളരെ പ്രയാസമാണ്. തൊഴിൽ എന്നതിന് അപ്പുറം ഭക്ഷ്യധാന്യ ഉൽപാദനവർദ്ധനവിന്റെ ആവശ്യകത കൂടി കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. കാർഷിക മേഖലയിൽ സീസണുകളിലാണ് തൊഴിൽ എന്നതുകൊണ്ട് പലരും പായ്നെയ്ത്ത്, കുട്ട, വട്ടി, പനമ്പ് നിർമ്മാണം, കയർ നിർമ്മാണം തുടങ്ങിയ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരുന്നു. എന്നാൽ ഇന്ന് ഇതെല്ലാം അന്യം നിന്നുപോയിരിക്കുന്നു. കൂലിവേല ചെയ്തുമാത്രം ഉപജീവനം കഴിച്ചു വരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

പാർപ്പിടം : -

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഇന്ന് മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങളാണെങ്കിലും ചെറുകുടിലുകളിൽ നിന്നും മോചനമായിട്ടുണ്ട്. വസ്തുവിന്റെ കൈവശരേഖയുടെ അഭാവം മൂലം ചിലർക്ക് ആനുകൂല്യങ്ങൾ കിട്ടാൻ കാലതാമസം ഉണ്ടാകുന്നുണ്ട്. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത മൂലം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീടു വയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലവും ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുവാനാകും.

പട്ടിക - 1

അംഗീകൃത പട്ടികജാതി കോളനികളുടെ വിവരം

ക്രമനമ്പർ	കോളനിയുടെ പേര്	വാർഡ്	ആകെ വീട്	പട്ടയമുള്ള	ഭൂരഹിതർ	ഭവനരഹിതർ	ജനസംഖ്യ പു.	സ്ത്രീ	ആകെ	കുടിവെള്ളത്തിന്റെ ലഭ്യത	കക്കൂസ്	റോഡ്	വൈദ്യുതി
1	കൈതക്കുഴി	2	27	9		10	46	48	94	-	-	Mud	
2	ചാലക്കുളം	2											
3	എടുപ്പുകുളം	2	14	3	2		22	25	47		-	Tar	
4	കുന്നമ്പാറ	4	31	7		5	52	65	117		-	Mud	
5	ചോഴിയമ്പാക്ക്	3	13										
6	നെയ്തല	3	14										
7	ചെറോട്ടുവെളി	4	22	7		5	61	50	111		-	Met.	
8	ചുട്ടിപ്പാറ	4	18	6		5	44	48	92		-	Mud	
9	ഒമയതുകളം	4	13	5				41			-	Mud	
10	പാലച്ചിറ	4	20	8			68	61	129	-	-	"	
11	കണ്ണിയോട്	6	13	4			27	21	48	-	-	"	
12	വടക്കുകാട്	6	12	2								-	
13	മടച്ചിപ്പാടം	7	51	6			87	111	198		-	-	
14	പച്ചിരിക്കുതമ്പ്	7	38	8			50	55	105		-	Mud	
15	ഉറപ്പാടം	7	27	3			40	45	85		-	"	
16	കള്ളാത്തോട്	7	31	7			60	80	140		-	"	
17	നെല്ലിക്കാകോളനി	7	21	3			15	21	36		-	"	
18	ചേവൽക്കാട്	8	22	11			53	40	93		-	Mud	
19	എണ്ണപ്പാടം	8											
20	ചക്കിലിയത്തറ	8											
21	കപ്പടത്തുകളം	8											
22	മണ്ണിൽകളം	8	25	1		1	59	51	110		-	Mud	
23	മൂന്നൂർ കോട്ടുകളം	9	12	3			25	39	59		-	"	
24	തറക്കളം	9	38	17		2	75	100	175	-	-	"	
25	പാണത്തറ	9	22	4		2	37	52	89		-	"	
26	മുതിരസളം	10	12				21	18	39		-	"	
27	ലക്ഷംവീട് കോളനി	10	18				21	29	50		-	"	
28	പൂളച്ചുവട്	10	26	4		1	59	49	108		-	"	
29	കാക്കത്തോട്	10	59	11			154	148	302		-	"	
30	പട്ടച്ചക്കാവ്	10	21	4							-	"	
31	നോമ്പിക്കോട്	11	21										
32	തോട്ടക്കര	14											
33	മാണിക്കത്തകളം	15											
34	പ്ലായമ്പള്ളം	10											
35	നായാടി കോളനി	38					70	60	130			Mud	

അംഗീകാരം കിട്ടേണ്ട കോളനികൾ

കുണ്ടമ്പാടം, അരമനക്കളം, ചോറക്കോട്, കാര്യക്കാർകളം, ചെടയങ്കാട്, മുണ്ടുനീർക്കാട്, മന്നത്തുപറമ്പ്, മുണ്ടങ്കാട്, മോഡങ്കാട്, ചാലായ്, മുപ്പെട്ടി, ചെട്ടികളം, കളളിലമ്പാറ, പാറക്കളം

പല കോളനികളിലും കക്കൂസ് നിലവിലില്ല. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ചുകൊടുത്ത് ഈ പ്രശ്നം പരിഹരിക്കേണ്ടതാണ്.

1. വിദ്യാഭ്യാസപുരോഗതി വേണ്ടത്ര കൈവരിച്ചിട്ടില്ല. കോളനികളിൽ ചെറിയയ തോതിലെങ്കിലും നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.
2. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു. ഈ മേഖലയിൽ നിന്നും തൊഴിലാളികൾ ഒഴിഞ്ഞു പോകുന്നു. തൊഴിൽ സാദ്ധ്യത കുറഞ്ഞു വരുന്നു.
3. സ്വന്തമായി വീടില്ലാത്തവരുണ്ട്. വീടുവെയ്ക്കാൻ സ്ഥലം ഇല്ലാത്തവരുണ്ട്. വീടുവെയ്ക്കാൻ കിട്ടുന്ന ധനസഹായം കൊണ്ട് വീടുനിർമ്മിക്കാൻ കഴിയാതെ വരുകയും കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുകയും ചെയ്യുന്നു. പ്രാഥമിക സൗകര്യങ്ങൾ ഇല്ല.
4. കോളനികളിൽ മിക്കതിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും വൈദ്യുതീകരിക്കാത്ത നിരവധി വീടുകളുണ്ട്.
5. കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തവരുണ്ട്.
6. ആരോഗ്യ സംരക്ഷണസംവിധാനം മെച്ചപ്പെട്ടതല്ല.
7. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
8. പട്ടികജാതി വികസന കോർപ്പറേഷനും ഹരിജനക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.

ഗ്രാമസഭാനിർദ്ദേശങ്ങൾ

കൈതക്കുഴി, ചാലക്കുളം, ഉപ്പുത്തോട്, കുന്നസാറ എന്നീ കോളനികളിൽ അംഗൻവാടി അനുവദിക്കണം.

വടക്കോട് നെയ്താരക്കോട്, കാക്കത്തോട്, എണ്ണപ്പാടം ലക്ഷംവീട് കോളനികളിലെ വീടുകൾ കേടുവന്നതാണ്. അടിയന്തിരമായി കേടുപാട് തീർക്കണം. വീടുകൾ ഓരോന്നും പ്രത്യേകമാക്കണം.

വീടില്ലാത്തവർക്കും കുടിലിൽ താമസിക്കുന്നവർക്കും വീട് വക്കുന്നതിനുള്ള സമഗ്ര പദ്ധതി തയ്യാറാക്കണം. വീടിന്റെ ധനസഹായത്തുക വർദ്ധിപ്പിക്കണം. കൈതക്കുഴി, ചാലക്കുളം, ഉപ്പുതോട്, കണ്ണിയോട്, മുണ്ടക്കോട്, അരമനക്കളം, മാണികത്തുകുളം, തറക്കുളം, കളവിലമ്പാറ, എടുപ്പുകുളം, എന്നീ കോളനികളിലെ റോഡ് വീതികൂട്ടി മെറ്റൽ ചെയ്യണം.

എല്ലാ കോളനികളിലും വീടുകൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് ഒരു സമഗ്ര പദ്ധതി തയ്യാറാക്കണം.

എല്ലാ കോളനികളിലും ശുദ്ധജലം എത്തിക്കാനുള്ള പദ്ധതി നടപ്പിലാക്കണം

പടിഞ്ഞാക്കര ബോർവെല്ലിൽ പമ്പ് സ്ഥാപിച്ച് ടാങ്ക് കെട്ടി ജലവിതരണം നടത്തണം.

വടക്കോട് ലക്ഷംവീട് കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകുക

വീടുകളുടെ അറ്റകുറ്റപണിക്ക് ധനസഹായം അനുവദിക്കുക.

നെയ്തല, പൂങ്ങോട്, കോളനികൾ IHDP കോളനികളാക്കണം.

കുന്നമ്പാറ കോളനി നിവാസികൾക്ക് കുളിക്കുവാനുള്ള സൗകര്യത്തിനായി കന്നിമാർകുഴി ആഴംകൂട്ടി കെട്ടുക.

5.12 വിഭവസമാഹരണം

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രതിസന്ധികളിൽ പ്രധാനപ്പെട്ടവ വ്യാവസായിക മേഖലയിലേക്കുള്ള പുരോഗതിക്കുറവും പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയും, കാർഷികരംഗത്തെ മുരടിപ്പുമാണ്. വ്യവസായമേഖലയായ കഞ്ചിക്കോടിനോട് തൊട്ടടുത്തു കിടക്കുന്ന പഞ്ചായത്താണെന്ന ഖ്യാതി അല്ലാതെ വ്യാവസായികമായ വലിയൊരു മുന്നേറ്റം ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. സ്വകാര്യമേഖലയിലും പൊതുമേഖലയിലും ഓരോ വൻകിട വ്യവസായങ്ങളും ഏതാനും ചെറുകിട വ്യവസായങ്ങളുമാണുള്ളത്. ഈ രംഗത്ത് മുന്നേറ്റം നടത്തിക്കൊണ്ട് വിഭവസമാഹരണത്തിന് പുതിയ പാത വെട്ടിത്തുറക്കുവാൻ കഴിയണം.

ധാരാളം ഭൂമിയും മറ്റു സൗകര്യങ്ങളുമുള്ളതിന് പുറമെ ഹൈടൻഷൻ വൈദ്യുതലൈനുകളും ഇതിലെ കടന്നുപോകുന്നുണ്ട്. എന്നാൽ വേണ്ടത്ര വൈദ്യുതി ഇവിടെ ലഭിക്കാത്ത പ്രശ്നം നിലനിൽക്കുന്നു. 66 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിച്ചുകൊണ്ട് മറ്റു സൗകര്യങ്ങളും ഉപയോഗപ്പെടുത്തിയാൽ വ്യവസായ വികസനത്തിനും അതിലൂടെ വിഭവസമാഹരണത്തിനും സാദ്ധ്യത വളരെ കൂടുതലാണ്.

പ്രധാന വരുമാന മാർഗ്ഗമായ കാർഷികരംഗം മുരടിച്ചു നിൽക്കുകയാണ്. കൃഷിനിലങ്ങൾ താമസത്തിനായി ഉപയോഗിക്കുന്ന പ്രവണത ഇവിടെയും തുടങ്ങിയിരിക്കുന്നു. ഉല്പാദനക്ഷമത അനുദിനം കുറയുന്നു. ചെറുകിട കർഷകർ കർഷക തൊഴിലാളികളായി മാറുന്ന അവസ്ഥ. രാസവള പ്രയോഗത്തിന്റെ ദൂഷ്യവശങ്ങൾ മനസിലാക്കി ജൈവവളം കൂടുതലായി ഉപയോഗിക്കണം. അതിനുള്ള ബോധവൽക്കരണം നടത്തി കൃഷിക്കാരുടെ മനോഭാവം മാറ്റിയെടുക്കണം. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിച്ച് ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ട പരിശീലനം കൃഷിക്കാർക്ക് നൽകണം. ഉല്പാദന വർദ്ധനവിന് തടസ്സമായി നിൽക്കുന്ന ഒരു പ്രധാന കാര്യം ജലലഭ്യതക്കുറവാണ്. കൃഷിയുണക്കം ഈ പഞ്ചായത്തിൽ ഒരു സാധാരണ സംഭവമാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ ഈ രംഗത്ത് വിഭവസമാഹരണത്തിന് കഴിയില്ല. മേൽപറഞ്ഞ മേഖലകളിൽ ശക്തിയായി ഇടപെടാനുള്ള പൂർണ്ണമായ അധികാരം ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയാൽ വളരെ മെച്ചപ്പെട്ട ഗുണഫലങ്ങൾ വേഗത്തിലുണ്ടാകും.

നിലവിലുള്ള വായ്പാ സൗകര്യം മെച്ചപ്പെടുത്തുകയും ഉദാരവൽക്കരിക്കുകയും ചെയ്തുകൊണ്ട് ഇറച്ചി, മുട്ടക്കോഴി, ആട്, മുയൽ എന്നിവയെ വ്യവസായിക്കാടിസ്ഥാനത്തിൽ വളർത്താം. വർദ്ധിച്ചുവരുന്ന ആവശ്യം പരിഗണിക്കുമ്പോൾ ഈ മേഖലയിൽ വലിയ സാദ്ധ്യതയുണ്ട്.

കന്നുകാലി പരിപാലനം ലാഭകരമാക്കാൻ ന്യായമായ വിലക്ക് തീറ്റകളും വിദഗ്ധ ഉപദേശങ്ങളും ലഭ്യമാക്കാം.

നമ്മുടെ സ്ക്കൂളുകളിൽ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഫർണീച്ചർ നേരാക്കുന്നതിനും ഉച്ചക്കഞ്ഞി മുടക്കം കൂടാതെ നടത്തുന്നതിനും P.T.A.യുടെ പ്രവർത്തനം ശക്തിപ്പെടുത്തിക്കൊണ്ട് കഴിയും.

പ്രാദേശിക ജലസ്രോതസ്സുകളും കുഴൽക്കിണറുകളും ഉപയോഗിച്ചുകൊണ്ട് ജനങ്ങളുടെ പൂർണ്ണമായ സഹകരണത്തോടെ ചെറിയ ജലവിതരണ പദ്ധതികളാരംഭിക്കാം. പൈപ്പുകളുടെയും ടാപ്പുകളുടെയും സംരക്ഷണം പ്രാദേശിക കമ്മറ്റികളെ ഏൽപ്പിക്കാം.

വിവിധ സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തി സൗജന്യ രോഗനിർണ്ണയക്യാമ്പുകളും മരുന്നു വിതരണവും നടത്താം.

സാമൂഹ്യവനവൽക്കരണം വ്യാപകമാക്കാം. മിച്ച ഭൂമി, പുറമ്പോക്കുഭൂമി ഇവ കണ്ടെത്തി മരം വച്ചുപിടിപ്പിക്കാം. തോടുവരമ്പുകളിലും ചാൽവരമ്പുകളിലും രാമച്ചം തുടങ്ങിയവ വച്ചുപിടിപ്പിക്കാം. തോടരുകിൽ മണ്ണിടിച്ചിൽ തടയുന്നതിനുകൂടി പ്രയോജനപ്പെടത്തക്കവിധത്തിൽ കൈത, മുള, ഈറ, ചൂരൽ ഇവ വച്ചുപിടിപ്പിക്കാം.

പഞ്ചായത്തിൽ ലഭ്യമാകുന്ന ചപ്പുചവറുകൾ സംസ്കരിച്ച് ഊർജ്ജ ഉല്പാദനത്തിന് കഴിയുമോ എന്നു പരിശോധിക്കാം. വൈദ്യുത ലൈനുകളിൽ മുട്ടിക്കിടക്കുന്ന ചെടികളും മരക്കൊമ്പുകളും വെട്ടിമാറ്റി പ്രസരണനഷ്ടം ഒഴിവാക്കുന്നതിന് പ്രാദേശിക കമ്മറ്റികളുണ്ടാക്കി ജനങ്ങളെ കൊണ്ട് ചെയ്യിക്കുന്നത് വളരെ പ്രയോജനം ചെയ്യും. ഗോബർ/ബയോഗ്യാസ് കഴിയുന്നത്ര ഉല്പാദിപ്പിച്ചുകൊണ്ടും ദക്ഷതയേറിയ അടുപ്പുകൾ വ്യാപകമായി ഉപയോഗിച്ചുകൊണ്ടും ഊർജ്ജം നഷ്ടം ഒഴിവാക്കാം.

വിഭവ സമാഹരണത്തിന് സഹകരണരംഗത്തിന് ഒട്ടേറെ സംഭാവനകൾ ചെയ്യാൻ കഴിയും. അസംസ്കൃത പദാർത്ഥങ്ങൾ ശേഖരിച്ച് മിതമായ വിലക്ക് നൽകാനും ലഭ്യത ഉറപ്പുവരുത്താനും കഴിയും. വിഭവങ്ങൾ സമാഹരിച്ച് വിതരണം ചെയ്യുന്നതുമൂലം ഉല്പാദകന് ന്യായമായ വില ലഭിക്കുന്നതിനും വാങ്ങുന്നവർക്ക് മിതമായ വിലക്ക് ഗുണമേന്മയുള്ള സാധനങ്ങൾ ലഭിക്കുന്നതിനും സഹായകമാകും. ഇന്ദിരാവികാസ് പത്രം പോലുള്ള ദേശീയ സമ്പാദ്യപദ്ധതിയിൽ കൂടുതൽ ആളുകളെ പങ്കാളികളാക്കി കൊണ്ട് നല്ലൊരു സമാഹരണം നടത്താനും അതുവഴി രാഷ്ട്ര പുനർനിർമ്മാണ പ്രക്രിയയിൽ ജനങ്ങളെ ഭാഗഭാക്കാക്കാനും കഴിയും.

വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ സമ്പാദ്യം ഉല്പാദന മേഖലകളിൽ വിനിയോഗിക്കുന്നതിന് സൗകര്യം ചെയ്തുകൊണ്ട് പ്രേരണ ചെലുത്താം. പഞ്ചായത്തിലെ പരമ്പരാഗത തൊഴിലുകളെയും കലാരൂപങ്ങളെയും പുനരുദ്ധരിച്ചുകൊണ്ട് അത്തരം കുടുംബങ്ങളെ കൈപിടിച്ചുയർത്താം. ഇത്തരത്തിൽ വിഭവ സമാഹരണത്തിന് ഒട്ടേറെ സാദ്ധ്യതകൾ പരിഗണിക്കാവുന്നതായിട്ടുണ്ട്.

സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന ഗ്രാന്റുകളാണ് പഞ്ചായത്തിന്റെ ഒരു പ്രധാന വരുമാനും. ഇത് മുൻകാലങ്ങളിൽ മുടക്കം കൂടാതെ ലഭിച്ചിരുന്നില്ല. പിരിക്കുന്ന മേഖലയിൽ വച്ചുതരുന്ന ഗ്രാന്റുകൾ പഞ്ചായത്തിന് കൈമാറുന്നത് കൂടുതൽ ഗുണകരമാകും. ഉദാ. സ്റ്റാമ്പ് ഡ്യൂട്ടി, വാഹനനികുതി മുതലായവ. ജനസംഖ്യ ദാരിദ്രരേഖക്കടിയിലെ ജനസംഖ്യ പട്ടികജാതി ജനസംഖ്യ, സ്ത്രീകളുടെ എണ്ണം, ജനങ്ങളുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ എന്നിങ്ങനെ ജനസംഖ്യാനുപാതികമായിട്ടായിരിക്കണം ഗ്രാന്റിന്റെ വിതരണം

പഞ്ചായത്തിന്റെ വരുമാനം

നമ്പർ	ഇനം	തുക
1.	കെട്ടിടനികുതി	3,13,856
2.	തൊഴിൽ നികുതി	2,80,000
3.	വിനോദനികുത	2,54,914
4.	ലൈസൻസ് ഫീസ്	19,642
5.	സർക്കാർ ഗ്രാന്റുകളും, വസ്തു കൈമാറ്റനികുതിയും	10,86,211
6.	മറ്റുവരവുകൾ	1,27,135
	ആകെ	21,08,537

പഞ്ചായത്തിലെ ഭരണച്ചെലവും തെരുവുവിളക്ക്, ജലവിതരണത്തിന് വാട്ടർ അതോറിറ്റിക്ക് കൊടുക്കേണ്ട തുക തുടങ്ങിയ ആവർത്തന ചെലവുകളും കഴിച്ച് മറ്റു വികസന പ്രവർത്തനങ്ങൾ നടത്താൻ വളരെ പരിമിതമായ ഫണ്ട് മാത്രമെ ലഭ്യമാകുന്നുള്ളു. ആവശ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ വരുമാനം വളരെ തുച്ഛമാണ്. ഈ സ്ഥിതിക്ക് മാറ്റം വരുത്താതെ വികസന പ്രവർത്തനങ്ങളിൽ പുരോഗതി ഉണ്ടാക്കുവാൻ സാദ്ധ്യമാക്കു.

നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടെതായ പങ്ക് നിർവഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നത് എന്നത് ജനങ്ങളെ മനസിലാക്കുകയും ചെയ്താൽ ആ ഇനത്തിൽ വരുമാനം കൂട്ടാൻ കഴിയും.

നിർദ്ദേശങ്ങൾ

നികുതികുടിശിക പൂർണ്ണമായും പിരിച്ചെടുക്കാൻ കഴിയണം.

വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും ഒരു നിശ്ചിത ശതമാനം നികുതി പിരിക്കാൻ കഴിഞ്ഞാൽ അതൊരു വരുമാന മാർഗ്ഗമാകും.

നികുതി കൊടുക്കുന്നതുവഴി തങ്ങളുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കു ചേരുകയാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. ചെലവിന്റെ കണക്കിൽ സുതാര്യത ഉണ്ടാകണം.

നികുതി പിരിക്കാൻ വാർഡ് പ്രതിനിധികളും വാർഡ് വികസന സമിതികളും സഹായിക്കണം. ഇതും വികസന പ്രവർത്തനത്തിന്റെ ഭാഗമാണെന്ന് ധാരണ പഞ്ചായത്തിലെ ബഹുജനനേതാക്കൾക്ക് ഉണ്ടാകണം.

കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അത് ജനങ്ങളെ ബോദ്ധ്യപ്പെടുത്താനും ഉള്ള സംവിധാനമുണ്ടാകണം.

കെട്ടിടനികുതി ചുമത്തുന്നതിന് തറ വിസ്തീർണ്ണം മാത്രമല്ല ആഡംബരവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിലായിരിക്കണം നികുതി ചുമത്തുന്നത്. നികുതി കാലോചിതമായി പരിഷ്കരിക്കണം.

നികുതി പിരിക്കുന്ന സംവിധാനം ശക്തിപ്പെടുത്തണം. ഓരോ വാർഡിലെയും നികുതി പിരിക്കുന്ന ദിവസവും സമയവും മുൻകൂട്ടി അവിടെയുള്ള വാർഡുകമ്മറ്റികളെ അറിയിക്കുന്നത് നന്നായിരിക്കും. അവരുടെ സഹകരണത്തോടെ കുടിശ്ശിക ഇല്ലാതാക്കാൻ കഴിയും.

ഇപ്പോൾ സർക്കാർ ജീവനക്കാരിൽ നിന്നും കമ്പനികളിലെ സ്ഥിര ജീവനക്കാരിൽ നിന്നും മാത്രമെ തൊഴിൽ നികുതി ലഭിക്കുന്നുള്ളു. തൊഴിൽ ചെയ്യുന്ന മുഴുവനാളുകളിൽ നിന്നും തൊഴിൽ നികുതി വസൂലാക്കണം. കമ്പനികളിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളിൽ നിന്നും നികുതി വസൂലാക്കാം. വേനൽക്കാലത്ത് ധാരാളമായി നടത്തുന്ന ഇഷ്ടിക നിർമ്മാണത്തിന് നികുതി വസൂലാക്കാം.

നമ്മുടെ പഞ്ചായത്തിലെ പുഴ, തോട് ഇവയോട് ചേർന്ന് പുറമ്പോക്ക് ഭൂമിയുണ്ട്. മുഴുവൻ പുറമ്പോക്ക് ഭൂമിയും അളന്ന് തിട്ടപ്പെടുത്താനുള്ള നടപടിയുണ്ടാകണം. ഇത്തരം ഭൂമി ഏറ്റെടുത്ത് കൃഷിക്ക് വാടകക്ക് കൊടുക്കാം. കൃഷിക്ക് ഉപയുക്തമല്ലാത്ത സ്ഥലത്ത് മരങ്ങൾ വച്ചു പിടിപ്പിക്കണം. പ്രകൃതി ഒരുക്കിയ ഒരു വരുമാനമാണിത്. പച്ചക്കറി, കൂൺ, പൂക്കൾ ഇവയുടെ കൃഷി വ്യാപകമാക്കാം.

മണൽ പ്രകൃതിദത്തമായ ഒരു വിഭവമാണ്. മണലിൽ നിന്നുള്ള വരുമാനം തുലോം കുറവാണ്. താരതമ്യേന കുറഞ്ഞ നിരക്കിലാണ് ലേലം പോകുന്നത്. മണൽ എടുക്കുന്നതിൽ പരിതസ്ഥിതി പ്രശ്നങ്ങൾ ഉയർന്നുവരുന്നുണ്ട്. എടുക്കുന്ന മണലിന്റെ അളവിന് ഒരു നിയന്ത്രണവും ഇല്ല. പരിതസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ടുള്ള നിയന്ത്രണരഹിതമായ ചൂഷണം അവസാനിപ്പിച്ച് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കണം.

പ്രധാന നിർദ്ദേശങ്ങൾ

തെങ്ങിന്റെ ഓല, ചകിരി, പനയുടെ ചകിരി, ചിരട്ട, വേപ്പിൻകുരു, പുളിങ്കുരു മുതലായവ ശേഖരിച്ച് സംസ്കരിക്കുക.

ഔഷധ സസ്യങ്ങൾ വളർത്തുന്നത് വലിയൊരു മുതൽകൂട്ടാകും.

ഉല്പാദനക്ഷമതയുള്ള വിത്തുകൾ യഥാസമയം വിതരണം ചെയ്യുകയും ശാസ്ത്രീയമായ കൃഷിരീതികൾ പ്രചരിപ്പിക്കുകയും ചെയ്യുക.

ജലലഭ്യതക്കനുസൃതമായ കൃഷിരീതികൾ അവലംബിക്കുക. വണ്ടിത്തോട്ടിലും, കോരയാറ്റിലും സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ തടയണ കെട്ടി ജലലഭ്യത വർദ്ധിപ്പിക്കുക.

ഇറച്ചി, മുട്ട, കോഴി, ആട് മുതലായവ വ്യവസായികാടിസ്ഥാനത്തിൽ വളർത്താനുള്ള സൗകര്യം ഒരുക്കുക, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ ഉദാരമാക്കാൻ നടപടി സ്വീകരിക്കുക.

തീറ്റപ്പുൽകൃഷി, വൈക്കോൽ സസഷ്ടീകരണം ഇവക്ക് വലിയ പ്രചരണം കൊടുക്കുക.

കാലിത്തീറ്റ - കോഴിത്തീറ്റ ഇവ വിലകുറച്ച് കിട്ടാൻ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു ഫാക്ടറി തുടങ്ങുക

നിർദ്ധന പിന്നോക്ക വിഭാഗത്തിൽ പെട്ടവർക്ക് കൊടുക്കുന്ന ഗ്രാന്റുകളും വായ്പയും അതതു കാര്യങ്ങൾക്കായി ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

സ്ക്കൂൾ, കോളേജ് കുട്ടികളെ സേവന/ശ്രമദാന പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക.

റോഡ്, കുളം, കിണർ, സ്കൂൾ കെട്ടിടം, ചുറ്റുമതിൽ മുതലായ നിർമ്മണ പ്രവർത്തനങ്ങൾക്ക് സംഭാവനവഴിയും ശ്രമദാനം വഴിയും ജനസഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തുക.

വിദേശത്ത് ജോലിയുള്ളവരുടെ വരുമാനം ഉല്പാദന മേഖലയിലേക്ക് തിരിച്ചുവിടാനുള്ള പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

നമ്മുടെ പഞ്ചായത്തിൽ ഒരു സഹകരണബാങ്കും കനറാബാങ്കിന്റെയും സൗത്ത് ഇന്ത്യൻ ബാങ്കിന്റെയും ഓരോ ശാഖയുമുണ്ട്. കൂടാതെ മഹാസുദർശൻ ചീട്ടി ഫണ്ട് എന്ന സ്ഥാപനത്തിന്റെ ഒരു ശാഖ ഈ അടുത്ത കാലത്തായി പഞ്ചായത്തിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. സഹകരണബാങ്ക് മാത്രമാണ് സ്വീകരിക്കുന്ന നിക്ഷേപം മുഴുവനായും ഇവിടെത്തന്നെ വായ്പകളായി കൊടുക്കുന്നത്.

വൈദ്യുത ലൈനിലെ മരക്കമ്പുകളും മറ്റും സന്നദ്ധ പ്രവർത്തനം വഴി വെട്ടിമാറ്റുക.

പുകയില്ലാത്ത അടുപ്പ്, വോൾട്ടത കുറഞ്ഞ ബൾബ് തുടങ്ങിയവയുടെ ഉപയോഗം പ്രചരിപ്പിക്കുക. അതിനായി അനർട്ടിന്റെ ഒരു ഉപകേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കുക.

ദേശീയ സമ്പാദ്യപദ്ധതിയിൽ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങളെയും അംഗങ്ങളാക്കുക.

ഓരോ വാർഡിലും സന്നദ്ധയുവജന കർമ്മസമിതികൾ രൂപീകരിക്കുകയും അവയുടെ മേൽനോട്ടത്തിൽ അതത് വാർഡിലെ റോഡ് റിപ്പയർ അടക്കമുള്ള പണികൾ നടത്തുകയും ചെയ്യുക.

ചെലവുകൾ : -

പഞ്ചായത്തിലെ വിഭവങ്ങൾ ചെലവഴിച്ചിരുന്നത് തീരെ പ്രത്യല്പാനദപരമല്ലാത്ത രീതിയിലായിരുന്നു.

തനതുവരുമാനത്തിന്റെ 76% ഭരണച്ചെലവുകൾക്കാണ് ചെലവഴിച്ചത്. പിന്നീട് ഏറ്റവും കൂടുതൽ പൊതുമരാമത്തിനും. പഞ്ചായത്തിന്റെ വിഭവ ചോർച്ച തടയുന്നതിന് റോഡ് സംരക്ഷണം അനിവാര്യമാണ്. മണ്ണുറോഡുകളുടെ സംരക്ഷണചുമതല പൂർണ്ണമായും അതാത് പ്രദേശത്തെ ജനങ്ങൾക്കായിരിക്കണം.

നികുതി ചില തത്വങ്ങൾ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്നതിനും അത് പിരിച്ചെടുക്കുന്നതിനും പഞ്ചായത്തിനെ ചുമതലപ്പെടുത്താം.

ഇപ്പോൾ നിലവിലുള്ള നിരക്ക് വർദ്ധിപ്പിക്കാം. ഭൂമിയുടെ തരമനുസരിച്ച് നിരക്കിൽ വ്യത്യാസം വരുത്താം. തരിശിട്ടിരിക്കുന്ന കൃഷിയോഗ്യമായ ഭൂമിക്കും വയൽ നികത്തിയുണ്ടാക്കുന്ന പുരയിടത്തിനും പരമാവധി നിരക്കും പാടങ്ങൾക്ക് ഏറ്റവും കുറവുമാക്കണം.

പാറയിൽ ബസ്സ്റ്റാന്റും ടാക്സി സ്റ്റാന്റും ഉണ്ടാക്കിയാൽ വരുമാനം വർദ്ധിപ്പിക്കാം. നിലവിലുള്ള ചന്തയുടെ സ്ഥാനത്ത് ചന്തയും കമ്മ്യൂണിറ്റിഹാളുമായി സംവിധാനം ചെയ്ത് നിർമ്മിച്ചാൽ അധികവരുമാനമാകും.

തേനാരി ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുക.

മനുഷ്യാദ്ധ്വാനം നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയ വിഭവമാണ്. എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും വികസന പ്രവർത്തനങ്ങൾക്ക് മനുഷ്യാദ്ധ്വാനവും സ്ഥലം സംഭാവന ചെയ്യുവാനും ഉള്ള പ്രഖ്യാപനങ്ങളുണ്ടായിട്ടുണ്ട്. അത് ഉപയോഗപ്പെടുത്തുക.

പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ വാർഡ് കമ്മറ്റികൾക്ക് വളരെയേറെ ചെയ്യാൻ കഴിയും. ഇതിനായി അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ ഉപയോഗിക്കാം.

ബഹുജനസംഘടനകൾക്ക് വളരെ ശക്തിയുള്ള പഞ്ചായത്താണിത്. അതുകൊണ്ട് തന്നെ അത്തരം ഇടപെടൽ ഈ മേഖലയിൽ വളരെ ഗുണം ചെയ്യും.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. കൊട്ട, വട്ടി, പനമ്പ് ഇവ ഉണ്ടാക്കുന്നവരെ സംഘടിപ്പിച്ച് ഒരു സഹകരണസംഘ്യമുണ്ടാക്കി അതിലൂടെ അസംസ്കൃത പദാർത്ഥങ്ങൾ വിതരണം ചെയ്യുക.
2. കളിമൺ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക. അസംസ്കൃത വസ്തുശേഖരിച്ചു വിതരണം ചെയ്യുക. ഉല്പന്നം ശേഖരിച്ചു വിപണനം നടത്തുക.
3. പഞ്ചായത്തിലെ ചെറിയ തോതിലുള്ള മരാമത്ത് പണികൾ കരാറുക്കാരെ ഒഴിവാക്കി ജനകീയ കമ്മറ്റികളെ ഏൽപ്പിക്കുക.
5. താല്പര്യമുള്ള യുവജനങ്ങളെ ഉൾപ്പെടുത്തി മുട്ടക്കോഴി വളർത്തലിനും ഇറച്ചിക്കോഴി വളർത്തലിനും സഹകരണാടിസ്ഥാനത്തിൽ ഫാമുകൾ സ്ഥാപിക്കുകയും സംഭരണവും വിതരണവും നടത്തുകയും ചെയ്യുക.
6. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വിത്തുല്പാദനയൂണിറ്റ് സ്ഥാപിച്ച് ഉല്പാദന വർദ്ധനവിന് സഹായിക്കുക.
7. തേങ്ങോടി മുതലിയാർത്തറയിൽ സ്ഥലവാസികൾ വാഗ്ദാനം ചെയ്ത സ്ഥലവും സാമ്പത്തികവും ഉപയോഗിച്ചുകൊണ്ട് ഒരു പൊതു കക്കൂസ് നിർമ്മിക്കുക.
8. രാമശ്ശേരിയിൽ പഞ്ചായത്തുവക സ്ഥലത്ത് നാട്ടുകാരുടെ സംഭാവനക്കൂടി ഉപയോഗിച്ചുകൊണ്ട് ഒരു സാംസ്കാരിക കേന്ദ്രം പണിയുക.
9. നെടുമ്പകുളത്ത് നാട്ടുകാർ വാഗ്ദാനം ചെയ്ത പകുതിചെലവ് സ്വീകരിച്ചുകൊണ്ട് ഒരുബസ് വെയിറ്റിങ്ങ് ഷെഡ് നിർമ്മിക്കുക
10. കുളങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് പരിശീലനവും സൗകര്യവും ചെയ്തുകൊടുക്കുക.
11. പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിച്ച് തീറ്റകൾ ന്യായമായ വിലക്ക് ലഭ്യമാക്കുക.
12. സന്നദ്ധസംഘടനകൾ, സഹകരണസംഘങ്ങൾ, ഉദാരമതികളായ നാട്ടുകാർ എന്നിവരുടെ സഹകരണത്തോടെ സ്ത്രീകളിലെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
13. ബയോഗ്യാസ്, ഗോബർഗ്യാസ്, ദക്ഷതയേറിയ അടുപ്പുകൾ ഇവയുടെ ഉപയോഗം കൂട്ടാനുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.
14. ദേശീയ സമ്പാദ്യപദ്ധതിയിൽ മുഴുവൻ കുടുംബങ്ങളെയും ചേർത്തുക. ഇന്ദിരാവികാസ് പത്രത്തിന് കഴിയുന്നത്ര നിക്ഷേപകരെ കണ്ടെത്തി 25% പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക.
15. സഹകരണാടിസ്ഥാനത്തിൽ വനിതകൾക്കായി പ്രിന്റിംങ്ങ് പ്രസ്, ബുക്ക് ബയന്റിംങ്ങ്, അച്ചാർ, സോപ്പ്, പപ്പടം തുടങ്ങിയ വ്യവസായങ്ങൾ ആരംഭിക്കുക.
16. വൻകിട വ്യവസായങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ ഉണ്ടാക്കിക്കൊടുക്കാനുള്ള അനുബന്ധവ്യവസായങ്ങൾ തുടങ്ങുക
17. വാഗ്ദാനം ചെയ്തിട്ടുള്ള മനുഷ്യാദ്ധ്വാനം ഉപയോഗിച്ച് തേനാരി സ്കൂളിന് ഷെഡ് നിർമ്മിച്ച് ഷിഫ്റ്റ് അവസാനിപ്പിക്കുക.

ഗ്രാമസഭകളിലെ റിപ്പോർട്ടുകളിൽ റോഡുണ്ടാക്കുന്നതിനും റോഡുകൾ സംരക്ഷിക്കുന്നതിനും പരിസരമലിനീകരണം ഇല്ലാതാക്കുന്നതിനും, ഊർജ്ജനഷ്ടം ഒഴിവാക്കുന്നതിനും, വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും, ആരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും, കുടിവെള്ളനഷ്ടം ഇല്ലാതാക്കുന്നതിനും, കിണർ അംഗൻവാടി ഇവ നിർമ്മിക്കുന്നതിനും സ്ഥലം സൗജന്യമായി ലഭ്യമാക്കുന്നതിനും മനുഷ്യാദ്ധ്വാനവും മറ്റു വിഭവങ്ങളും വാഗ്ദാനം ചെയ്തിട്ടുള്ളത് നടപ്പിലാക്കുക.

പടിത്താറേക്കര ബോർവെല്ലിൽ പമ്പ് സ്ഥാപിച്ച് ടാങ്ക് കെട്ടി ആ പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നതിനുള്ള ചെലവിന്റെ 50% ഗ്രാമസഭയിൽ നിന്നും വാഗ്ദാനം ഉണ്ടായിട്ടുണ്ട്. ശ്രദ്ധേയമായ ഈ നിർദ്ദേശവും പ്രാവർത്തികമാക്കണം.

സാദ്ധ്യമായ സ്ഥലങ്ങളിൽ തെരുവു വിളക്കിന് സൗരോർജ്ജം ഉപയോഗിക്കുക.

തെരുവു വിളക്കുകളെല്ലാം ബൾബിന് പകരം ട്യൂബിടുക

ഉല്പാദനക്ഷമതയുള്ള സങ്കരയിനം കറവമാടുകൾ ലഭ്യമാക്കുക.

ഒരു തെങ്ങിൽ ഒരു കുരുമുളകുചെടി വീതം വച്ചു പിടിപ്പിക്കുക.

ഓരോ വർഷവും നിശ്ചയിക്കപ്പെടുന്ന ഒരു ദിവസം ഓരോ വീട്ടിലും 2 വൃക്ഷതൈകൾ വീതം വച്ചു പിടിപ്പിക്കുക.

ഉപസംഹാരം

1995 സെപ്തംബർ 30 നാണ് എലപ്പുള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്. അന്നുമുതൽ അഴിമതിരഹിതമായതും ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പര്യാപ്തമായതുമായ പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

വരൾച്ചയും കുടിവെള്ളക്ഷാമവും കൊണ്ട് പൊറുതിമുട്ടുന്ന ഒരു പഞ്ചായത്താണിത്. അതുകൊണ്ട് തന്നെ ഏറെ ശ്രദ്ധ ആ വഴിക്കാണ് തിരിഞ്ഞത്. 9 കി.മീ. ദൂരെ കൊടുമ്പിൽ നിന്നുള്ള വെള്ളം ഉപയോഗിച്ചാണ് പ്രധാന ശുദ്ധജലവിതരണപദ്ധതി രൂപകല്പന ചെയ്തത്. ഈ പദ്ധതിയുടെ രൂപകല്പനയിൽ വന്ന തകരാറുകൊണ്ടായിരിക്കാം ജലവിതരണം തുടങ്ങി വർഷങ്ങൾ കഴിഞ്ഞിട്ടും അത് ശരിയായ വിധത്തിൽ പ്രവർത്തിക്കുന്നില്ല. മറ്റൊരു ചെറിയ പദ്ധതി തേനാരിയിൽ നിന്നുള്ളതാണ്. ഇതുരണ്ടും വാട്ടർ അതോറിട്ടിയുടെ പൂർണ്ണനിയന്ത്രണത്തിലായതിനാൽ ജലവിതരണം കാര്യക്ഷമമാക്കാൻ അവരുമായി സഹകരിക്കുകയും ശക്തമായ സമ്മർദ്ദം ചെലുത്തുകയും ചെയ്യുകയെ പഞ്ചായത്തിനു കഴിയൂ. അത്തരം നിരന്തര സമ്മർദ്ദങ്ങളുടെയും ബന്ധപ്പെടലുകളുടെയും ഫലമായി വളരെയെറെ അറ്റകുറ്റപ്പണികൾ നടത്തി. പക്ഷെ അതുകൊണ്ടൊന്നും ഉദ്ദേശിച്ച ഫലം ലഭിച്ചില്ല. ഈതരുണത്തിൽ സൂപ്രണ്ടിങ്ങ് എഞ്ചിനീയർ തലത്തിലും എക്സിക്യൂട്ടീവ് എഞ്ചീനീയർ തലത്തിലും നടത്തിയ നിരന്തര ചർച്ചയുടെ ഫലമായി ഇപ്പോൾ സമഗ്രമായ ഒരു പുനരുദ്ധാരണ പരിപാടിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരിക്കുകയാണ്. ചില മിനിപദ്ധതികൾക്കും മറ്റ രു മേജർ പദ്ധതിക്കും നിർദ്ദേശിച്ചിട്ടുണ്ട്.

കൃഷി പ്രധാന തൊഴിലായ ഒരു പഞ്ചായത്താണിത്. കാർഷികരംഗത്തുണ്ടായ മുരടിപ്പ് സമ്പദ്ഘടനയെ തകർക്കുന്നു. കൊടുംവരൾച്ചമൂലം കൃഷിക്കാർ പാപ്പരായി കർഷകതൊഴിലാളികൾ തൊഴിൽ രഹിതരായി. ഇതുവരെ കാർഷികരംഗത്ത് കാര്യമായി പ്രവർത്തിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിരുന്നില്ല. ഇപ്പോഴാണ് അതിന് അവസരം കൈവന്നത്. ജലസേചനസൗകര്യം വർദ്ധിപ്പിച്ചുകൊണ്ടും പുതിയ കൃഷി രീതികൾ അവലംബിച്ചുകൊണ്ടും ഈ രംഗത്ത് പുതിയൊരു ഉണർവുണ്ടാക്കാൻ ശ്രമം ആരംഭിച്ചുകഴിഞ്ഞു. ചിങ്ങം 1ന് കർഷകദിനം പുനരർപ്പണദിനമായി ആചരിച്ചു. കൃഷി ഡിപ്പാർട്ടുമെന്റിലെ വിദഗ്ദർ ആദരിക്കുന്ന ചടങ്ങ് സംഘടിപ്പിച്ചു. പാടശേഖരസമിതി കൺവീനർമാരുടെ യോഗം വിളിച്ചുകൂട്ടി കാര്യങ്ങൾ വിലയിരുത്തി. കാർഷിക വികസന സമിതി രൂപീകരിച്ചു. പുനരർപ്പണദിനത്തിൽ ഏറ്റെടുത്ത പദ്ധതികളിലൊന്ന് കാർഷികമേഖലയെ പുഷ്ടിപ്പെടുത്താനാണ്. ജനങ്ങളുടെ നിർലോഭമായ സഹായസഹകരണത്തോടെ ഈ രംഗത്ത് ഒരു വലിയ കുതിച്ചുച്ചാട്ടം നടത്താം എന്ന ശുഭാപ്തി വിശ്വാസത്തിലാണ് ഞങ്ങൾ.

വിദ്യാഭ്യാസരംഗത്തും മാറ്റത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. സ്ക്കൂൾകോപ്ളക്സ് രൂപീകരിച്ചു. വിപുലമായ രീതിയിൽ രക്ഷാകർതൃസമിതികൾ വിളിച്ചുകൂട്ടാൻ നിർദ്ദേശിച്ചു. കൊല്ലത്തിൽ 3 പ്രാവശ്യം മാതൃസമ്മേളനങ്ങൾ സ്കൂളടിസ്ഥാനത്തിൽ നടത്താൻ തീരുമാനിച്ചു. അപ്രകാരം നടന്നുവരുന്ന പഞ്ചായത്തിലെ മുഴുവൻ അദ്ധ്യാപകരുടെ യോഗം ചേർന്നു ചർച്ചു ചെയ്തു. അദ്ധ്യാപകർക്കായി 2 പരിഹാര ബോധനാക്ലാസ്സുകൾ നടത്തി സ്ഥലസൗകര്യമില്ലായ്മയാണ് മിക്ക സ്രോതസ്സുകളുടെയും പ്രധാന പ്രശ്നം. ചുറ്റുമതിൽ, കുടിവെള്ളം, കത്തിപ്പുര ഇവ രണ്ടാം സ്ഥാനത്തു വരുന്നു. മുഴുവൻ ജനങ്ങളുടെയും പിന്തുണയോടുകൂടി ഈ വെല്ലുവിളികൾ ഏറ്റെടുക്കൽ കഴിയുമെന്ന പ്രത്യാശയിലാണ് ഞങ്ങൾ.

ആരോഗ്യരംഗത്തും ആരോഗ്യപ്രവർത്തകരും പഞ്ചായത്തും സഹകരിച്ചുകൊണ്ട് കോളറ നിർമ്മാർജ്ജന പരിപാടി നടപ്പിലാക്കി. മിക്ക കിണറുകളും ക്ലോറിനേറ്റ് ചെയ്തു. കൊതുകിനെ നശിപ്പിക്കാൻ ഓടകളും മറ്റും വൃത്തിയാക്കി. ജനങ്ങളിൽ ബോധവൽക്കരണം നടത്തി. പോളിയൊ നിർമ്മാർജ്ജനയഞ്ജം വിജയിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ആദ്യഘട്ടം വിജയകരമായി പൂർത്തിയാക്കി.

വ്യാവസായികമായി വളരെ പിന്നിൽ നിൽക്കുന്ന പഞ്ചായത്താണ്. വ്യവസായങ്ങൾ വരുന്നതിന് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനും അനുകൂല സാഹചര്യം ഒരുക്കി കൊടുക്കുന്നതിനും ശ്രമിക്കുന്നു. ചില വ്യവസായങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ കീഴിലേക്ക് മാറ്റിയിട്ടുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഇതിനകം കഴിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണ പ്രവർത്തനങ്ങളാണ് ഇതിന് സഹായിച്ചത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിലെക്ക് ഒരു മുന്നൊരുക്കവുമില്ലാതെ കടന്നുവന്നത് പ്രയാസങ്ങളുണ്ടാക്കി. എന്നാൽ ജനങ്ങളുടെ സഹകരണത്തോടെ അത് ഏറ്റെടുക്കുവാൻ കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യത്തോടെ പറയാം.

റോഡിന്റെയും, തെരുവു വിളക്കിന്റെയും കാര്യത്തിൽ ഇനിയും ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതായിട്ടുണ്ട്. ചെയ്തതിന്റെ എത്രയൊമടങ്ങാണ് ഇനി ചെയ്യാനുള്ളത് എന്ന തിരിച്ചറിവ് ഗ്രാമസഭകൾ നൽകി. ആവശ്യങ്ങൾ പറയൽ മാത്രമല്ല അതിന് പരിഹാരം കാണുന്നതിന് തങ്ങളുടെതായ എല്ലാവിധ സഹായസഹകരണങ്ങളും ഉണ്ടാകണം എന്ന പുതിയ കാഴ്ചപ്പാട് ജനങ്ങൾ ഉൾക്കൊണ്ടു എന്നത് വളരെ ആശ്വാസം പകരുന്നു. പഞ്ചായത്തിന്റെ വരുമാനവും ആവശ്യങ്ങളും

തമ്മിൽതട്ടിച്ചു നോക്കുമ്പോൾ ആനയും കൊതുകും പോലുള്ള സാമ്യമാണ് കാണുന്നത്. ഇതുകൊണ്ട് ഞങ്ങൾ അധീരരാകുന്നില്ല. താഴെ തട്ടിൽ നിന്നുള്ള ആസൂത്രണവും ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനവും ഇതിനെല്ലാം ഒരു പരിധിവരെ പരിഹാരമാകും. മുൻപരിചയമില്ലാത്തതിനാലും പെട്ടന്ന് തയ്യാറേക്കേണ്ടി വന്നതുകൊണ്ടും ഈ റിപ്പോർട്ട് കുറ്റമറ്റതല്ല. പോരായ്മകൾ ചൂട്ടികാണിക്കുമല്ലോ.

പണമില്ലെന്നു കരുതി, പണിയെടുക്കാതിരിക്കുന്ന രീതിക്കുപകരം ബഹുജനസഹകരണത്തോടെ നിരന്തരവും ശീഘ്രവുമായി പ്രവർത്തിക്കുക എന്ന ശൈലിയാണ് ഭരണസമിതി സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ സന്നദ്ധ സേവകരുടെ ത്യാഗമനോഭാവമാണിതിന്റെ വിജയത്തിനടിസ്ഥാനം. അതുകൊണ്ട് തന്നെ ശോഭനമായ ഒരു ഭാവിക്കുവേണ്ടി പ്രവർത്തിക്കാൻ നമുക്കൊന്നിക്കാം.

എം. അമ്പിളി
പ്രസിഡണ്ട്
എലപ്പുള്ളി ഗ്രാമപഞ്ചായത്ത്.

Time Chart		
	വർഷം	എലപ്പുള്ളി പഞ്ചായത്തിലെ പ്രധാന സംഭവങ്ങൾ
1	1898	തപാലാഫീസ് സ്ഥാപിതമായി
2	1898	ആദ്യത്തെ സ്ക്കൂൾ ആരംഭിച്ചു
3	1892	2 വില്ലേജ് ആരംഭിച്ചു
4	1920	ഹൈസ്കൂൾ ആരംഭിച്ചു
5	1920	ഹൈസ്കൂളിന് സ്ഥലവും കെട്ടിടവും ശ്രീ അപ്പാവു പിള്ള സംഭാവന ചെയ്തു
6	1929	ലോക്കൽ ഫണ്ട് റൂറൽ ഡിസ്പൻസറി സ്ഥാപിച്ചു
7	1929	എലപ്പുള്ളി ആശുപത്രിയും എലപ്പുള്ളി തറ റോഡും വിക്ടർ പൈ ഐ.സി.എസ്. ഉൽഘാടനം ചെയ്തു
8	1930	ആദ്യബസ് സർവ്വീസ് ആരംഭിച്ചു
9	1936	എ.കെ.ജി. ആദ്യമായി പഞ്ചായത്തിൽ സന്ദർശനം നടത്തി
10	1938	എലപ്പുള്ളി കൈത്തറി നെയ്ത്ത് സഹകരണ സംഘം രൂപീകരിച്ചു
11	1939	പഞ്ചായത്ത് സംവിധാനം നിലവിൽ വന്നു
12	1939	ഇന്ത്യയിൽ ആദ്യം വൈദ്യുതീകരിച്ച വില്ലേജ് എന്ന ബഹുമതി ലഭിച്ചു
13	1940	പാറയിൽ ആദ്യത്തെ തീയേറ്റർ സ്ഥാപിച്ചു
14	1940	പഞ്ചായത്തിലേക്ക് ആദ്യ തെരഞ്ഞെടുപ്പ് നടന്നു
15	1946	ശ്രീ രാജഗോപാലാചാരി പഞ്ചായത്ത് സന്ദർശിച്ചു
16	1946	എലപ്പുള്ളി പ്രൈമറി ക്രഡിറ്റ് സൊസൈറ്റി രൂപീകരിച്ചു
17	1951	മദ്രാസ് മുഖ്യമന്ത്രി കുമാര സ്വാമി രാജ പഞ്ചായത്ത് സന്ദർശിച്ചു
18	1952	വാളയാർ ഡാം നിർമ്മാണം പൂർത്തിയാക്കി
19	1953	ജനങ്ങൾ നേരിട്ട് പഞ്ചായത്ത് പ്രസിഡണ്ടിനെ തെരഞ്ഞെടുത്തു
20	1956	ടെലിഫോൺ സ്ഥാപിതമായി
21	1957	വിനോബഭാവെ ഭൂദാന പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സന്ദർശിച്ചു
22	1957	ഏറ്റവും നല്ല പഞ്ചായത്തിനുള്ള അവാർഡ് ഇന്ത്യൻ യൂണിയൻ പ്രസിഡണ്ടിൽ നിന്നും ലഭിച്ചു
23	1957	ഇപ്പോഴത്തെ ആസ്പത്രി കെട്ടിടത്തിന്റെ ഉൽഘാടനം ശ്രീ. കെ.ആർ. മേനോൻ നിർവഹിച്ചു.
24	1957	1 ചാക്ക് സിമന്റിന്റെ വില 3 രൂ
25	1957	എലപ്പുള്ളിയിൽ ആദ്യ മഹിളാസമാജം രൂപീകരിച്ചു
26	1957	ഇപ്പോഴത്തെ മൃഗാശുപത്രി ശ്രീ. പൊന്നൻപിള്ള സംഭാവന ചെയ്ത കെട്ടിടത്തിൽ ആരംഭിച്ചു

Time Chart		
	വർഷം	എലപ്പുള്ളി പഞ്ചായത്തിലെ പ്രധാന സംഭവങ്ങൾ
27	1957	കമ്മ്യൂണിറ്റി പ്രൊജക്ടിന്റെ ഏറ്റവും നല്ല വികസന പ്രവർത്തനത്തിനുള്ള അവാർഡ് അന്നത്തെ പ്രധാനമന്ത്രി ശ്രീ. ജവഹർലാൽ നെഹ്രുവിൽ നിന്ന് ലഭിച്ചു
28	1957	എലപ്പുള്ളി പി.സി.സി. സൊസൈറ്റിയെ എലപ്പുള്ളി സേവന സഹകരണ ബാങ്കായി മാറ്റി
27	1962	പഞ്ചായത്താഫീസ് കെട്ടിടം പഞ്ചായത്ത് ഡയറക്ടർ ശ്രീ. എം.കെ. രാഘവൻ ഉൽഘാടനം ചെയതു.
28	1965	ചിറ്റൂർ ഷുഗർ ഫാക്ടറി രൂപീകരിച്ചു
29	1966	എലപ്പുള്ളി കൈത്തറി നെയ്ത്ത് സഹകരണ സംഘം പുതിയ കെട്ടിടത്തിൽ ആരംഭിച്ചു
30	1978	പഞ്ചായത്തിൽ ലൈബ്രറി കെട്ടിടം നിർമ്മിച്ചു
31	1989	എണ്ണപ്പാടം ക്ഷീരോല്പാദക സഹകരണസംഘം രൂപീകരിച്ചു
	1989	ഐ. & എസ്. പുതിയ കെട്ടിടം രൂപീകരിച്ചു
	1989	സാംസ്കാരിക നിലയം രൂപീകരിച്ചു
	1990	എലപ്പുള്ളി ക്ഷീരോല്പാദക സഹകരണസംഘം രൂപീകരിച്ചു
	1991	എലപ്പുള്ളിയിൽ
	1991	തേനാരി ക്ഷീരോല്പാദക സഹകരണസംഘം രൂപീകരിച്ചു
	1991	ഇലക്ട്രിസിറ്റി സെക്ഷൻ ആഫീസ് മന്ത്രി ശിവദാസ് മേനോൻ ഉൽഘാടനം ചെയ്തു
	1992	ചേരുങ്കാട് ക്ഷീരോല്പാദക സഹകരണസംഘത്തിന്റെ രൂപീകരണം
	1992	എടപ്പുകുളം ക്ഷീരോല്പാദക സഹകരണസംഘം രൂപീകരണം
	1992	തേനാരി യന്ത്രവൽകൃത ചകിരി വ്യവസായ സഹകരണസംഘം രൂപീകരണം
	1993	അയ്യങ്കാളി സ്മാരക പട്ടികജാതി കൈത്തറി നെയ്ത്ത് സഹകരണസംഘം രൂപീകരണം
	1995	നെയ്കല വനിതാ ക്ഷീരോല്പാദക സഹകരണസംഘം രൂപീകരണം

പഞ്ചായത്ത് തല പരിശീലനം				
ഇനം	ഒന്നാംഘട്ട പരിശീലനം		രണ്ടാം ഘട്ട പരിശീലനം	
	പു	സ്ത്രീ	പു	സ്ത്രീ
പ്രധിനിധി	67	5	69	14
കെ. ആർ. പി.	1	0	1	0
ഡി. ആർ. പി	4	1	5	1
ഉദ്യോഗസ്ഥർ	5	2	11	8
മെമ്പർമാർ	8	5	8	5
ആകെ	87	13	94	28

ഗ്രാമസഭ

പങ്കാളിത്തം

വാർഡ്	തിയ്യതി	സമയം	പു	സ്ത്രീ	ആകെ	ഉദ്യോഗസ്ഥർ
1.	29. 8 . 96	9. 30 - 1.30	68		68	1
2.	28. 9. 96	"	84	16	100	3
3.	2. 1. 96	1.30-6.30	57	39	96	7
4	2. 10. 96	9.30 - 1.30	135	41	176	5
5	6.10.96	9.30 - 1.30	72	16	88	17
7.	6.10.96	1.30 - 6.30	92	9	101	5
8.	5.10.96	1.30 - 6.30	223	121	344	19
9.	28.9.96	1.30 - 6.30	145	76	221	39
10.	22. 9. 96	9. 30 - 10.30	84	30	114	
11	5.10.96	9.30 - 10.30	119	33	152	2
12.	4.10. 96	1.30. - 6.30	100	55	ഒ155	7
13.	4.10.96	9.30 - 1.30	150	72	222	3
			1447	522	1969	122

വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പ്

1. സി. ഗോപാലകൃഷ്ണപിള്ള (കൺവീനർ)
2. വൈ. കല്യാണ കൃഷ്ണൻ. കെ. കെ. പി.
3. എം. അംബളി
4. ഡാക്ടർ സുഷമ
5. പി. രാധാകൃഷ്ണൻ
6. ടി. കെ. അറുമുഖൻ
7. ചെന്താമരാക്ഷൻ

} ഡി.ഡി.ആർ

കൃഷി ജലസേചനം

1. സി. സതീശൻ
2. പ്രമീള ജോൺ
3. രാജാമണികണ്ഠൻ
4. ടി. ആർ. രാമനാരായണൻ
5. കേശവൻകുട്ടി . ആർ
6. ശങ്കരൻ നായർ
7. വിശ്വനാഥൻ
8. സഹദേവൻ. സി.
9. രാമകൃഷ്ണൻ
10. അഴകൻ എ.

വിദ്യാഭ്യാസം

1. ബി. മുരുകേശൻ മാസ്റ്റർ
2. ശിവദാസൻമാസ്റ്റർ
3. വസന്തകുമാരി ടീച്ചർ
4. നാരായണസ്വാമി
5. ഗിരിജിടീച്ചർ
6. വി. ശിവശങ്കൻ മാസ്റ്റർ

ഗതാഗതം ഊർജ്ജം

1. ശിവകുമാർ
2. മുരളി കെ. ആർ.
3. രവി. കെ
4. മണി. കെ.
5. ഗോപലകൃഷ്ണൻ. പി.
6. പി. എ. രവീന്ദ്രൻ
7. ആർ. ഉണ്ണാല

പൊതുജനാരോഗ്യം കുടിവെള്ളം

1. പി. രാധാകൃഷ്ണൻ
2. കൃഷ്ണൻ
3. സുന്ദരൻ. പി. വി
4. രവീന്ദ്രൻ
5. കരുണാകരൻ. എം.

സാമൂഹ്യക്ഷേമം പാർപ്പിടം

1. പ്രേമാനന്ദൻ
2. കൃഷ്ണകുമാരി. ടി. എസ്
3. മോഹൻദാസ് എൻ. ജി.
4. സുന്ദരൻ. എം.
5. കെ. എം. ചന്ദ്രൻ

പട്ടികജാതി പട്ടികവർഗ്ഗം

1. വൈ. കല്ല്യാണകൃഷ്ണൻ
2. പി. മണി
3. രവി. കെ.
4. എ.ടി. ശാഹുൽ ഹമീദ്
5. സുനിൽകുമാർ എസ്സ്
6. ചെല്ലമുത്തു ആർ.
7. വിജയരാഘവൻ. കെ.

സഹകരണം

1. പാർത്ഥന
2. സഹദേവൻ
3. എം. ഹരിദാസ്
4. ചന്ദ്രൻ. എ
5. കൃഷ്ണമതി. പി.
6. സരസ്വതി. പി.
7. പത്മാവതി. സി.

സംസ്കാരം

1. ടി. കെ. അറുമുഖൻ
2. പി. ഗംഗാധരൻ
3. ചാത്തുണ്ണി
4. ശാന്തകുമാരി. എസ്.
5. സി. വേലായുധൻ
6. മുരുകേശൻ മാസ്റ്റർ
7. ജോർജ്ജ് വിൻസൻറ്

വിഭവസമാഹരണം

1 ശ്രീധരൻ
2. രവീന്ദ്രനാഥ്
3. മുരളിധരൻ. ആർ.
4. കെ. എസ്.മണി

കാരണവൽ ചർച്ച

സി. ഗോപാലകൃഷ്ണ പിള്ള
വി. ഗംഗാധരൻ
ടി. കെ അറുമുഖൻ
കെ. ആർ. മോഹനൻ
കെ. എസ്. മണി
കെ. മണി

വ്യവസായം

1. കെ. എസ്. മണി
2. കെ. കണ്ണൻകുട്ടി
3. മുരുകേശൻ. ടി. എ.
4. കെ. ഹരിദാസ്
5. എം. ദിനേഷ്
6. ദേശബന്ധു
7. കെ. കണ്ണൻകുട്ടി

കണ്ടറിവ് കേട്ടറിവ്

(പഠനപര്യടനം)
വൈ. കല്യാണകൃഷ്ണൻ
പ്രേമാനന്ദൻ
ശ്രീധരൻ
കെ. പി. രമേഷ്
പി. മണി
കെ. മണി

ദ്വിതീയ സ്ഥിതി വിവരക്കണക്ക്

നന്ദകുമാർ. എം. പി.
ഗംഗാധരൻ. വി.
മണി. പി.മുത്തു.
പി. വി. സുന്ദരൻ
സി. മോഹൻകുമാർ

മൃഗസംരക്ഷണം, മത്സ്യബന്ധനം

ഡോക്ടർ സുഷമ
ഡോക്ടർ. ശുദ്ധോതനൻ
സഹദേവൻ
രജാമണികണ്ഠൻ
ജോസ് പ്രകാശ്
എൻ. വേലായുധൻ
മൊയ്തീൻകുട്ടി

ARYA

BOILED RICE

K.P.R. RICE MILL
PALLATHERI

ഗ്യാരണ്ടിയുള്ള 22 കാരറ്റ് സ്വർണ്ണാഭരണങ്ങൾക്കും
വെള്ളി ആഭരണങ്ങൾക്കും സമീപിക്കുക

65
വർഷത്തെ
സേവന
പാരമ്പര്യം

രാമകൃഷ്ണ ജ്വല്ലറി

പാറ, എലപ്പുള്ളി. പി. ഒ.
പാലക്കാട് ജില്ല.

പ്രൊ. ആർ. ശിവദാസ്
ഫോൺ : SHOP : 863235, RESI : 863260

ദി എലപ്പുള്ളി
സേവന സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ എഫ്. 1193

എലപ്പുള്ളി . പാലക്കാട് ജില്ല.ഫോൺ. 863228

ബ്രാഞ്ചുകൾ: പള്ളത്തേരി. ഫോൺ : 863253, വെന്തപാളയം, ഫോൺ : 372269

എല്ലാ വിധ ബാങ്കിംഗ്
ബിസിനസ്സുകളും നടത്തിവരുന്നു.

▲

നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശനിരക്കുകൾ.

▲

സിമൻറ്, രാസവളങ്ങൾ, കീടനാശിനികൾ,
ജവുളിത്തരങ്ങൾ, മാവേലിസ്റ്റോർ എന്നിവയുടെ
വ്യാപാരം നടത്തി വരുന്നു.

▲

മിതമായ പലിശനിരക്കിൽ സ്വർണ്ണപണ്ടത്തിനു വായ്പ
നൽകുന്നു. കൂടാതെ 3 മാസത്തെ കലാവധിക്ക് 50,000/ ക
വരെ പ്രത്യേക വായ്പ സ്വർണ്ണപണ്ടത്തിനു
നൽകിവരുന്നു.

▲

ലോക്കർ സൗകര്യം ലഭ്യമാണ്.
പാലക്കാട് ജില്ലയിലെ ഒരു
'എ' ക്ലാസ് സ്ഥാപനം

സഹദേവൻ. സി.
പ്രസിഡണ്ട്

ആനന്ദകുമാർ എം.
സെക്രട്ടറി

PRINTED AT IMPRESSIONS PLKD., PH : 539785